ഒമ്പതാം പദ്ധതി
നമ്മുടെ പദ്ധതി



1996

ജനകീയാസൂത്രണ പ്രസ്ഥാനം

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്

വികസനരേഖ



എന്റെ ജീവിതമാണ് എന്റെ സന്ദേശം

ഒമ്പതാം പദ്ധതി
നമ്മുടെ പദ്ധതി





1996

ജനകീയാസൂത്രണ പ്രസ്ഥാനം

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്

വികസനരേഖ

കേരളം




വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ പ്രസ്ഥാനം


1996



പാലക്കാട് ജില്ല


N
തമിഴ്നാട്
മലപ്പുറം
തമിഴ്നാട്
To കോയമ്പത്തൂർ
NH 47
വടക്കഞ്ചേരി
ഗ്രാമ പഞ്ചായത്ത്
NH 47
To തൃശ്ശൂർ
തമിഴ്നാട്
തൃശ്ശൂർ

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്




സമർപ്പണം

സ്വന്തം അവകാശങ്ങളെപ്പറ്റി തിരിച്ചറിവില്ലാത്ത,
സ്വന്തം ആവശ്യങ്ങൾ ഉന്നയിക്കാൻപോലും
വളർച്ചയെത്തിയിട്ടില്ലാത്ത,
പദ്ധതികൾ എന്നും മുഖം തിരിച്ചു നിന്ന
അടിസ്ഥാന ദുർബ്ബല ജനവിഭാഗങ്ങൾക്കുവേണ്ടി
ഈ വികസനരേഖ ആദരപൂർവ്വം സമർപ്പിക്കുന്നു.

പഞ്ചായത്ത് റോഡുകൾ

1. കോൺക്രീറ്റ് റോഡ്.
2. ടാർ റോഡ്
3. മെറ്റൽ റോഡ്.
4. മൺ റോഡ്.






ഇ.എം.എസ്. നമ്പൂതിരിപ്പാട്:
ജനകീയാസൂത്രണ ഉന്നതതലമാർഗ്ഗദർശക കമ്മറ്റി അദ്ധ്യക്ഷൻ



ഇ.കെ. നായനാർ
ചെയർമാൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്



N.N. KRISHNADAS
Member of Parliament
(Lok Sabha)

"THE NEST"
College Road,
Palakkad - Kerala
Phone : 0491 - 520001

412, V.P. House,
New Delhi
Phone: 011 - 3736378

പാലക്കാട്
25-11-'96


പ്രസിഡണ്ട്
വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

പ്രിയസുഹൃത്തേ,

വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് വികസന സെമിനാർ 1996 ഡിസംബർ ഒന്നിന് നടക്കുന്നതറിഞ്ഞു. ജനപങ്കാളിത്തത്തോടെയുള്ള വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ വികസനമുന്നേറ്റത്തിനും സെമിനാറിനും എന്റെ ഹൃദയപൂർവ്വകമായ ആശംസകൾ.

സ്നേഹപൂർവ്വം,

(ഒപ്പ്)
എൻ.എൻ. കൃഷ്ണദാസ്



C.K. RAJENDRAN
(ALATHUR)
MEMBER
KERALA LEGISLATIVE ASSEMBLY
KARUMANASSERY
P.O. KIZHEKKENCHERY
PALAKKAD

PHONE:
VADAKKANCHERY-255494
THIRUVANANTHAPURAM-443970/230

CAMP : കിഴക്കഞ്ചേരി


DATE : .....

ആശംസ സന്ദേശം


ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ നിലവിൽ വന്ന പഞ്ചായത്തിരാജ് സംവിധാനം അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തന പഥത്തിലാണല്ലോ? ജനാധിപത്യവ്യവസ്ഥയിൽ ഭരണസംവിധാനങ്ങളുടെ ഭരണപരിഷ്കാരങ്ങളുടെ നുണഫലം എത്തേണ്ട കൈകളിൽ എത്തണമെങ്കിൽ ആ വിഭാഗത്തിൽപ്പെട്ട അശരണരും പാവപ്പെട്ടവരുമായവരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. ഈ ലക്ഷ്യം വെച്ചുകൊണ്ട് ഒൻപതാം പദ്ധതി ജനകീയ പദ്ധതി ആക്കുന്നതിനും ആസൂത്രണ പ്രക്രിയയിൽ മുൻപ് പറഞ്ഞ ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും, തുടങ്ങിയിട്ടുള്ള പ്രവർത്തന പരിപാടി സമാപന ഘട്ടത്തിലേക്ക് കടക്കുകയാണല്ലോ? രാഷ്ട്രീയത്തിനും, സങ്കുചിത ബോധങ്ങൾക്കും അതീതമായി വൻതോതിൽ ജനപങ്കാളിത്തം തെളിയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇതിന്റെ ഒരു ഘട്ടം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ ചർച്ചക്കു വിധേയമാക്കാൻ പോരുന്ന വികസന സെമിനാറിനും, അതിനു തയ്യാറാക്കുന്ന ചരിത്രരേഖയ്ക്കും എല്ലാവിധ ആശംസകളും അറിയിക്കുന്നു.

സ്നേഹപൂർവ്വം,


(ഒപ്പ്)
സി.കെ. രാജേന്ദ്രൻ




എഡിറ്റോറിയൽ ബോർഡ്



സി. തമ്പു
പ്രസിഡണ്ട്, ഗ്രാമപഞ്ചായത്ത്



എം.ആർ. ബാലൻ
വൈസ് പ്രസിഡണ്ട്



ആർ. വേണുഗ്രാപാൽ
ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മറ്റി

എഡിറ്റേഴ്സ്:

എൻ. രവിദാസൻ

കെ.കെ. നരേന്ദ്രൻ നായർ


ആർ. സുദർശൻ

എഡിറ്റർ-ഇൻ-ചീഫ്:

എം.വി. അപ്പുണ്ണി നായർ




ആലീസ് മാത്യു
ചെയർപേഴ്സൺ
വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി
പാലക്കാട് ജില്ലാ പഞ്ചായത്ത്



എൻ. വിജയൻ
ചെയർമാൻ
ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി
ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്


വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് അംഗങ്ങൾ



വാസുദേവൻ നായർ



വിദ്യ ഉണ്ണികൃഷ്ണൻ



വി.എ. കാസിം




ഇന്ദിര പ്രഭാകരൻ



വി. ഭാരതി




വർക്കി ഉലഹന്നാൻ




ചന്ദ്രൻ മുത്തു



ഉഷ സുകുമാരൻ



എം. സേതുമാധവൻ നായർ




ഗ്രാമപഞ്ചായത്ത് അംഗങ്ങൾ

നമ്പർ	നിയോജകമണ്ഡലത്തിന്റെ പേര്	ഗ്രാമപഞ്ചായത്ത് അംഗത്തിന്റെ പേര്	പൊതു വിവരണം
1	വടക്കഞ്ചേരി ഗ്രാമം	ശ്രീ. ആർ. വേണുഗോപാൽ	ജനറൽ സീറ്റ്
2	ചന്തപ്പുര	ശ്രീ. വാസുദേവൻ നായർ	"
3	വടക്കഞ്ചേരി	ശ്രീമതി വിദ്യ ഉണ്ണികൃഷ്ണൻ	വനിത സംവരണം
4	പള്ളിക്കാട്ട്	ശ്രീ. വി.എ. കാസിം	ജനറൽ സീറ്റ്
5	പരുമാശ്ശേരി	ശ്രീമതി ഇന്ദിര പ്രഭാകരൻ	"
6	ആയക്കാട്	ശ്രീ. സി. തമ്പു	"
7	മംഗലം	ശ്രീമതി വി. ഭാരതി	പട്ടികജാതി സംവരണം വനിത
8	വടക്കേത്തറ	ശ്രീ. എം.ആർ. ബാലൻ	ജനറൽ സീറ്റ്
9	കുറുവായ്	ശ്രീ.വർക്കി ഉലഹന്നാൻ	"
10	മലപ്പുറം	ശ്രീ. ചന്ദ്രൻ മുത്തു	പട്ടികജാതി സംവരണം
11	പ്രധാനി	ശ്രീമതി ഉഷ സുകുമാരൻ	വനിത സംവരണം
12	പന്നിയങ്കര	ശ്രീ. എം. സേതുമാധവൻ നായർ	ജനറൽ സീറ്റ്

പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

പഞ്ചായത്തിന്റെ പേര്		വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ		വടക്കഞ്ചേരി I, വടക്കഞ്ചേരി II
ബ്ലോക്ക് പഞ്ചായത്ത്		ആലത്തൂർ
ജില്ലാ പഞ്ചായത്ത്		പാലക്കാട്
താലൂക്ക്		ആലത്തൂർ
ജില്ല		പാലക്കാട്
അസംബ്ലി നിയോജകമണ്ഡലം		ആലത്തൂർ
ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലം		വടക്കഞ്ചേരി, ആയക്കാട്
അതിരുകൾ:	വടക്ക്	കണ്ണമ്പ്ര പഞ്ചായത്ത്
		കാവശ്ശേരി പഞ്ചായത്ത്
		ആലത്തൂർ പഞ്ചായത്ത്
	കിഴക്ക്	മേലാർക്കോട്ട പഞ്ചായത്ത്
		ആലത്തൂർ പഞ്ചായത്ത്
	തെക്ക്	വണ്ടാഴി പഞ്ചായത്ത്
		കിഴക്കഞ്ചേരി പഞ്ചായത്ത്
	പടിഞ്ഞാറ്	കണ്ണമ്പ്ര പഞ്ചായത്ത്
ജനസംഖ്യ		31470
	പുരുഷന്മാർ	15343
	വനിതകൾ	16127
ജനസാന്ദ്രത		831/ച.കി.മീ.
സാക്ഷരത		80.37
നിയോജകമണ്ഡലങ്ങൾ		12
പ്രസിഡണ്ടിന്റെ പേര്		ശ്രീ. സി. തമ്പു
വൈസ് പ്രസിഡണ്ടിന്റെ പേര്		ശ്രീ. എം.ആർ. ബാലൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ പേര്		ശ്രീ. ആർ. വേണുഗോപാലൻ



ജനകീയാസൂത്രണ പ്രസ്ഥാനത്തെപ്പറ്റി

ജനകീയാസൂത്രണം എന്നത് ഒരു പുതിയ വാക്കോ, ജനകീയാസൂത്രണ പ്രസ്ഥാനം അറിയപ്പെടാത്ത ഒരു നൂതനപ്രസ്ഥാനമോ അല്ല. നിലവിലുള്ള ഭരണവ്യവസ്ഥയെ തകിടംമറിക്കാനോ, അതിന് പകരം വെക്കാനോ പാകത്തിൽ ചികഞ്ഞെടുത്ത ഒരു പ്രത്യേക പദ്ധതിയുമല്ല. ഇന്നത്തെ ഭരണനിർവ്വഹണ ശ്രേണിയിൽ നിന്ന് ആരെയെങ്കിലും ഒഴിച്ചുനിർത്താനും ഉദ്ദേശമില്ല. മറിച്ച്, പദ്ധതികളും പലത് കഴിഞ്ഞിട്ടും, പരിപാടികളും പലതും നടപ്പിലാക്കിയിട്ടും ആസൂത്രണം അതിന്റെ ശരിയായ അർത്ഥത്തിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. പതിനായിരക്കണക്കിലും ലക്ഷക്കണക്കിലും കോടികളാണ് കഴിഞ്ഞ എട്ട് പഞ്ചവത്സരപദ്ധതികളിലായി, രാഷ്ട്രപുനർനിർമ്മാണപ്രവർത്തനങ്ങൾക്കായി ഒഴുക്കിയത്. രാജ്യത്തെ പാവപ്പെട്ടവരിൽ നിന്ന് നികുതിയിനത്തിൽ ഞെക്കിപ്പിഴിഞ്ഞുണ്ടാക്കിയതും അഭ്യന്തര കട-നിക്ഷേപ പദ്ധതികളിലൂടെ ഒരുക്കൂട്ടിയതും വിദേശരാജ്യങ്ങളിൽ നിന്ന് കടമായും സഹായമായും സ്വരൂപിച്ചതുമാണ് ഒഴുകിപ്പോയ ഈ കോടികൾ. ഇത്രയും ഭീമമായ തുകകൾ വികസനരംഗത്തേക്കൊഴുമ്പോൾ ദരിദ്രഭാരതത്തിന്റെ മുഖഛായ തന്നെ മാറിപ്പോകും, അവിടെ വികസനത്തിന്റെ, സമ്പത്തിന്റെ, ജീവിതസൌകര്യങ്ങളുടെ, പുതിയ കാവടങ്ങൾ തെളിഞ്ഞുവരും എന്നായിരുന്നു ആസൂത്രകരുടെയും രാഷ്ട്രീയ നേതൃത്വത്തിന്റെയും പ്രത്യാശ.

എന്നാൽ സംഭവിച്ചതോ? ഏത് അടിസ്ഥാന-ദുർബ്ബല ജനവിഭാഗങ്ങളുടെയൊക്കെ ഉന്നമനത്തിലും ജീവിതനിലവാര പുരോഗതിയിലും ഊന്നിയാണോ പദ്ധതികൾ ആസൂത്രണം ചെയ്തത്, ആ വിഭാഗങ്ങളൊക്കെത്തന്നെ കടന്നുപോയ പദ്ധതികളെ നിർന്നിമേഷരായി നോക്കിക്കൊണ്ട് ഒരടി മുന്നോട്ടു നീങ്ങാതെ നിൽക്കുന്നു. ഇതിനർത്ഥം പഞ്ചവത്സര പദ്ധതികൾ കൊണ്ട് ഈ നാട്ടിൽ ഒരു മാറ്റവും ഉണ്ടായില്ല എന്നല്ല. രാജ്യത്ത് ഒരുപാട് മാറ്റങ്ങൾ വന്നു. ഒരു വിഭാഗം ആളുകളുടെ ജീവിതശൈലിയിൽ തന്നെ കാതലായ മാറ്റമുണ്ടായി. പടിഞ്ഞാറൻ ജീവിതത്തിന്റെ യാന്ത്രികതയും സുഖലോലുപതയും പേറുന്ന ഒരു മേൽത്തട്ട് ഇവിടെയുണ്ടായി. ആധുനിക ജീവിത സൌകര്യങ്ങളും സുഖസമ്പന്നതയുമുണ്ടായി. പണം ഒരു വശത്ത് കുന്നുകൂടി - ഒരു ചെറിയ വിഭാഗത്തിന്റെ. അളവില്ലാതെ വന്നുകൂടിയ ഈ സമ്പത്ത് എന്തുചെയ്യണമെന്നറിയാതെ അവർ പകച്ചുനിൽക്കുമ്പോൾ, ആസൂത്രണത്തിന്റെ അർത്ഥവും സ്വഭാവവും താളംതെറ്റുകയായിരുന്നു.


സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം - ഇതാണ് ആസൂത്രണത്തിന്റെ അടിസ്ഥാനതത്വം തന്നെ. സമ്പത്ത് ഇഷ്ടംപോലെയുണ്ടെങ്കിൽ ആസൂത്രണം അത്ര പ്രസക്തമാവുകയില്ല. സമ്പത്ത് കുറവും ആവശ്യക്കാർ കൂടുതലുമാവുമ്പോഴാണ് ആസൂത്രണം വേണ്ടിവരുന്നത്. നീതി നടപ്പാക്കുന്നതിനുവേണ്ടിയുള്ള രീതിയാണ് ഇവിടെ ആസൂത്രണം. സാമ്പത്തിക സമതുലിതാവസ്ഥ കൈവരിക്കൽ അതിന്റെ ലക്ഷ്യവും.

എന്നാൽ ആസൂത്രണംകൊണ്ട് ഇവിടെസംഭവിച്ചതോ? ധനികന്റെ ധനികവല്ക്കരണം; ദരിദ്രന്റെ ദരിദ്രവൽക്കരണവും. പണക്കാരൻ കൂടുതൽ പണക്കാരനും പാവപ്പെട്ടവൻ കൂടുതൽ പാവപ്പെട്ടവനുമായിമാറുന്ന അവസ്ഥയാണ് എട്ടാം പഞ്ചവത്സരപദ്ധതി അവസാനിക്കാൻ പോകുന്ന ഈ സായംസന്ധ്യയിലും നമുക്കു കാണാൻ കഴിയുന്നത്. നേടിയ പുരോഗതിയൊക്കെ ചെറിയൊരു വിഭാഗം കൈപ്പിടിയിലൊതുക്കി. അടിസ്ഥാനവർഗ്ഗങ്ങളെയും ദുർബ്ബല ജനവിഭാഗങ്ങളെയും ലക്ഷ്യം വെച്ച് തയ്യാറാക്കിയ പുരോഗമനപദ്ധതികളുടെയെല്ലാം ഗുണഫലങ്ങൾ ദിശമാറി ഒഴുകി. മാന്യമായി ജീവിക്കാനാഗ്രഹിക്കുന്ന മദ്ധ്യവർഗ്ഗവിഭാഗങ്ങൾ വിണ്ണിലേക്കുയരാനും പാതാളത്തിലേക്ക് താഴാനും പറ്റാത്ത അവസ്ഥയിൽ ശ്വാസം

മുട്ടിക്കഴിയേണ്ടിവന്നു. വികസനമേഖലകളിൽ ഉൽപ്പാദന മുരടിപ്പും തൊഴിലില്ലായ്മയും അനുഭവപ്പെട്ടു. സേവനമേഖലകളിൽകാര്യമായ മൂല്യച്യുതിയും അപചയവും അനുഭവപ്പെട്ടു. സേവനം അതിന്റെ മുഖമുദ്രയല്ലാതായി. ജീവിതാവശ്യങ്ങൾക്കൊക്കെയും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടുന്ന ഒരവസ്ഥയിലേക്ക് നമ്മുടെ സംസ്ഥാനം വീണുകൊണ്ടിരിക്കുന്നു. ഈയൊരു പരിതഃസ്ഥിയിലാണ് പുതിയൊരു വികസനസംസ്ക്കാരത്തെപ്പറ്റി ചിന്തിക്കാനിടയായത്. അങ്ങനെയാണ് ജനപങ്കാളിത്തത്തോടെയുള്ള വികേന്ദ്രിതാസൂത്രണം എന്ന ഇന്നത്തെ പരിപാടി ഒൻപതാം പദ്ധതി രൂപീകരണ പ്രക്രിയയിൽ പരീക്ഷിച്ചുനോക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ഉയർന്നുവന്നത്. ഇവിടെ ആരും ആരെയും നയിക്കുകയല്ല. ആരെയും ഒഴിവാക്കുന്നുമില്ല. സ്വയം തീരുമാനിച്ചുറപ്പിക്കുന്ന പങ്കാളിത്തവും ആത്മാർത്ഥതയോടെയുള്ള സഹകരണവും ഉറപ്പുവരുത്തുന്നതിലൂടെ ഇന്നത്തെ പ്രശ്നങ്ങൾക്ക് പരിഹാരമാകാവുന്നതരത്തിൽ ഒമ്പതാം പഞ്ചവത്സരപദ്ധതിക്ക് രൂപം നൽകുക എന്നതാണ് ലക്ഷ്യം.

പദ്ധതി സംബന്ധിച്ച കാര്യങ്ങളൊക്കെ ഇത് വരെയും നിർവ്വഹിച്ചിരുന്നത് ഉദ്യോഗസ്ഥന്മാരാണ്. ആസൂത്രണം, പ്രയോഗത്തിൽ, ഉന്നതശ്രേണിയിലുള്ളവരുടെ മാത്രം കൈപ്പിടിയിലൊതുങ്ങുന്ന ഒരു കാര്യമായാണ് നിലനിന്നിരുന്നത്. ജനപങ്കാളിത്തം കാര്യമായുണ്ടായിരുന്നില്ല. അല്പസ്വല്പം ഉള്ളത് തന്നെ ഏറ്റവും മുകൾതട്ടിൽ. താഴത്തെതട്ടുകളിൽ ജനപങ്കാളിത്തം എന്നത് ഒരു സങ്കല്പം പോലുമായിരുന്നില്ല. താഴെതട്ടിലുള്ള ഉദ്യോഗസ്ഥർക്കും പങ്കാളിത്തം തീരെകുറവായിരുന്നു. നടത്തിപ്പിലും പുനരവലോകനത്തിലും ഒക്കെ ഇത്തന്നെ സ്ഥിതി. ചുരുക്കത്തിൽ പദ്ധതികളുടെ രൂപീകരണവും നടത്തിപ്പുമൊക്കെത്തന്നെ ബ്യൂറോക്രാറ്റിക് സംവിധാനത്തിൽ ഒതുങ്ങിനിന്നു. പദ്ധതികൾ ഏറ്റവും മുകൾതട്ടിൽനിന്ന് 'സ്വർണ്ണനൂലിൽ' ഇറങ്ങിവന്നപ്പോൾ, അതിന്റെ വർണ്ണപ്രഭയിൽ ഗുണഭോക്താക്കൾ അമ്പരന്ന്നിന്നു. പക്ഷെ, ഒന്നും അവനിലേക്കിറങ്ങിവന്നില്ല. 'ഗുണം' മുഴുവനും വഴിക്ക്വെച്ച് ചോർന്നുപോയി. അധികാരം ഒരു പ്രത്യേക വിഭാഗത്തിന്റെ കയ്യിലൊതുങ്ങിപ്പോയതോടെ, കാലതാമസം, അഴിമതി മുതലായവ എല്ലാ സീമകളും വിട്ട് രംഗപ്രവേശം ചെയ്തു. വഴിപിഴച്ച ഈ പോക്ക് പരിമിതപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ്, ജനപ്രതിനിധികളുടെ നേതൃത്വത്തിൽ, ബഹുജനസംഘടനകളുടെയും, വിദഗ്ധരുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായനേതൃത്വത്തിൽ പ്രാദേശിക വിഭവങ്ങൾകൂടി കോർത്തിണക്കിക്കൊണ്ട് ഒമ്പതാം പദ്ധതി ഒരുക്കൂട്ടുക എന്ന സമീപനം സ്വീകരിച്ചത്. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് പകരമുള്ളതോ, നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനത്തെ - എന്തെല്ലാം പരിമിതികളുണ്ടെങ്കിലും - ഒഴിവാക്കുന്നതോ അല്ല, ഈ പുതിയ സമീപനം. പ്രത്യുത, എല്ലാ സംവിധാനങ്ങളും ഒന്നിക്കുന്നതാണ്. ഒരു പുതിയ കൂട്ടായ്മയാണ് ഇതിന്റെ മുഖമുദ്ര. പ്രാദേശിക വിഭവങ്ങൾ പദ്ധതിച്ചെലവുമായി സംയോജിപ്പിച്ച്, ഇടത്തട്ടുകളിൽ ചോർച്ച സംഭവിക്കാത്തവിധം, കൃഷി, ചെറുകിടവ്യവസായങ്ങൾ തുടങ്ങിയ ഉല്പാദനമേഖലകളിൽ നിക്ഷേപിക്കുമ്പോൾ ഉൽപ്പാദനവും ഉല്പാദനക്ഷമതയും തീർച്ചയായും വർദ്ധിക്കും. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ ഗുണനിലവാരം മെച്ചപ്പെടുത്താനും സ്ത്രീകൾ അടക്കമുള്ള ദുർബ്ബലജനവിഭാഗങ്ങളുടെ അടിസ്ഥാനപുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു വികസന പ്രക്രിയയ്ക്ക് തുടക്കം കുറിക്കാനും കഴിയും. പദ്ധതി രൂപീകരണത്തിലും, നടത്തിപ്പിലും, അവലോകനത്തിലും ജനപങ്കാളിത്തവും മേൽനോട്ടവും ഉറപ്പാക്കുമ്പോൾ, കാലതാമസം, അഴിമതി, ഡിപ്പാർട്ടുമെൻറലിസം പോലെയുള്ള ഇന്നത്തെ സംവിധാനത്തിലെ കുരുക്കുകൾ, എന്നിവയ്ക്കൊക്കെ ഏറെ അറുതിവരുത്താൻ കഴിയും.


ഈ നൂതനപ്രക്രീയയിൽ ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തെപ്പറ്റി പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. പരിപാടിയുടെ ഒന്നാംഘട്ടമായ ഗ്രാമസഭാ നിർവ്വഹണത്തിൽ വിവിധ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥനമാർ നിരീക്ഷകർ മാത്രമായിരുന്നു. രണ്ടാംഘട്ടമായ വികസനസെമിനാറിലും അതിന്റെ മുന്നൊരുക്കങ്ങളിലും ഉദ്യോഗസ്ഥർ സഹായികളാണ്. തുടർന്ന് വരുന്ന മൂന്നാംഘട്ടത്തിൽ ഗ്രാമസഭാനിർദ്ദേശങ്ങൾ പദ്ധതിരൂപത്തിലാക്കുന്നപ്രവർത്തനത്തിൽ നേതൃത്വപരമായ പങ്കാണ് അവർക്കുള്ളത്. പദ്ധതികൾ നടപ്പിലാക്കുക പൂർണ്ണമായും ഉദ്യോഗസ്ഥർ തന്നെയാണ്. ഒരു വ്യത്യാസം മാത്രം. പദ്ധതിരൂപീകരണം, നടത്തിപ്പ്, അവലോകനംചെയ്യൽ എന്നിങ്ങനെ, എല്ലാഘട്ടങ്ങളിലും ഇപ്പോഴുള്ളത് ഉദ്യോഗസ്ഥതലത്തിൽ മാത്രമുള്ള മേൽനോട്ടമാണ്. അതോടൊപ്പം ഇനിമുതൽ ജനകീയ മേൽനോട്ടവും ഉണ്ടാവും. പദ്ധതി നിർവ്വഹണത്തിലും മറ്റും ഉദ്യോഗസ്ഥരെ സഹായി



ക്കുക, പ്രാദേശിക വിഭവങ്ങൾ സമാഹരിക്കുക, ജനപങ്കാളിത്തം ഉറപ്പാക്കുക, കാലതാമസവും മറ്റ് ഔദ്യോഗിക നൂലാമാലകളും ഒഴിവാക്കുക, നടത്തിപ്പിന്റെ വിവിധഘട്ടങ്ങളിലുണ്ടായേക്കാവുന്ന ചോർച്ചകൾ ഒഴിവാക്കുക, സർവ്വോപരി പദ്ധതിപ്രവർത്തനം സുതാര്യമാക്കുക എന്നിങ്ങനെ വിവിധങ്ങളായ സദുദ്ദേശ്യങ്ങളോടെ ഈ പരിപാടി മൂന്നേറുമ്പോൾ ആർക്കും തന്നെ അതിനെ തടയാനോ അതിന് തടസ്സം നൽക്കാനോ അവസരമുണ്ടാവില്ല. അങ്ങനെ ചിന്തിക്കുന്നവർ സമൂഹത്താൽ നിന്നും ജനങ്ങളിൽ നിന്നും ഒറ്റപ്പെട്ടുപോവും. ഈ ശക്തിയും ലക്ഷ്യബോധവുമാണ് ജനപങ്കാളിത്തത്തോടെയുള്ള വികേന്ദ്രിതാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രസ്കതിയും ധവളിമയും. സ്വന്തം നാടിനുവേണ്ടി, സ്വന്തം സമൂഹത്തിനും, തനിക്ക് തന്നെയുംവേണ്ടി, എന്തെങ്കിലും ചെയ്യാൻ, ഈ അവസരം പ്രയോജനപ്പെടുത്തി എല്ലാവരും മുന്നോട്ടുവരുമെന്നും പരിപാടിയുടെ എല്ലാ ഘട്ടങ്ങളിലും സർവ്വാത്മനാ സഹകരിക്കുമെന്നും നമുക്ക് പ്രത്യാശിക്കാം.

സി. തമ്പു,
പ്രസിഡണ്ട്,
വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്.

ജനകീയാസൂത്രണ പ്രസ്ഥാനം-ഘടന



ജനകീയാസൂത്രണ പ്രസ്ഥാനം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ

ജനകീയാസൂത്രണ പ്രസ്ഥാനം - അതിന്റെ ലക്ഷ്യത്തെക്കുറിച്ച് ആർക്കും യാതൊരു സംശയവുമുണ്ടായിരുന്നില്ല. എന്നാൽ അതെന്താണ്? എങ്ങനെയാണ് നടപ്പിലാക്കുന്നത്? ആരാണ് നടപ്പിലാക്കുന്നത്? തുടക്കത്തിൽ ആർക്കും ഒരെത്തുംപിടിയും കിട്ടിയിരുന്നില്ല. വ്യക്തിഗത വീക്ഷണങ്ങൾ പലതരത്തിൽ. രാഷ്ട്രീയ വീക്ഷണങ്ങൾ വിവിധ കാഴ്ചപ്പാടുകളിൽ. എല്ലാം കൂടി കുഴഞ്ഞുമറിഞ്ഞുകിടക്കുന്നതിനിടയിലാണ് ഒന്നാംഘട്ടപരിശീലനം ആരംഭിക്കുന്നത്. ജില്ലാതലപരിശീലകരെ തെരഞ്ഞെടുക്കാൻ പഞ്ചായത്ത് ബോർഡ് യോഗം ചേരുന്നതോടെയാണ് ഈ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ജീവൻ വെക്കുന്നതെന്ന് പറയാം. ..... പഞ്ചായത്ത് ബോർഡ് ചേർന്ന് താഴെപറയുന്നവരെ ജില്ലാതല പരിശീലകരായി തെരഞ്ഞെടുത്തു.

1. ശ്രീ. എം.വി. അപ്പുണ്ണിനായർ, ആയക്കാട്.
2. ശ്രീ. എൽ. രവിദാസൻമാസ്റ്റർ, മംഗലം.
3. ശ്രീ. സി.ജെ. ആൻറണിമാസ്റ്റർ, വടക്കഞ്ചേരി.
4. ശ്രീമതി വിദ്യാ ഉണ്ണികൃഷ്ണൻ, കറ്റുകോട്
5. ശ്രീമതി ലളിതാ രാമകൃഷ്ണൻ, മംഗലം
6. ശ്രീ. വി. ഗംഗാധരൻ, ചുവട്ടുപാടം.

ജില്ലാ ആസൂത്രണബോർഡിന്റെ പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടവർ.

7. ശ്രീ. പി.കെ. വിശ്വനാഥൻ
8. ശ്രീമതി കെ.ആർ. കമലാക്ഷി

കൂടാതെ പഞ്ചായത്ത്ബോർഡ് പ്രസിഡണ്ടും സെക്രട്ടറിയും. പത്തുപേർ ഉൾപ്പെട്ട ഈ ടീം ഒന്നാംഘട്ടപരിശീലനത്തിന് ആലത്തൂർ പഞ്ചായത്ത് കമ്യൂണിറ്റിഹാളിൽ സെപ്റ്റമ്പർമാസം 12, 13, 14 തീയതികളിൽ നടത്തിയ പരിശീലനകളരിയിൽ പങ്കെടുത്തു. പരിശീലനത്തിനുശേഷം ശ്രീ. എം. വി. അപ്പുണ്ണിനായരെ ജില്ലാതലപരിശീലകരുടെ കൺവീനറായും പദ്ധതിയുടെ കോ-ഓർഡിനേറ്ററായും തെരഞ്ഞെടുത്തു.

പരിശീലനം കഴിഞ്ഞ ദിവസംതന്നെ പരിശീലകർ യോഗംചേർന്ന് തുടർപരിപാടികൾക്ക് രൂപം കൊടുത്തു. ഗ്രാമസഭകളുടെ സംഘാടനമായിരുന്നു അടുത്ത ഘട്ടം. അതിന്നായി പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ വിദ്യാലയങ്ങളിലെയും പ്രധാനാദ്ധ്യാപകരുടെയും രാഷ്ട്രീയ പാർട്ടികൾ, ബഹുജനസംഘടനകൾ, സാമൂഹ്യപ്രവർത്തകർ എന്നിവരുടെയും ഒരു യോഗം സെപ്റ്റമ്പർ 16ന് രാവിലെ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന് ഒന്നാംഘട്ടശില്പശാല നടത്തുന്നതിനെക്കുറിച്ച് ചർച്ചചെയ്യുകയും അതിന്റെ വിജയത്തിനായി വിപുലമായ പ്രാതിനിധ്യമുള്ള ഒരു സ്വാഗതസംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. 18-9-96ന് ഇതേ കാര്യത്തിന് ഉദ്യോഗസ്ഥരുടെ ഒരു യോഗവും ചേർന്നു. 19-9-96ന് വടക്കഞ്ചേരി വ്യാപാരി ഭവനിലാണ് ആസൂത്രണശില്പശാല നടന്നത്. രാവിലെ 8-30 മുതൽ വൈകുന്നേരം 6-30 വരെ നീണ്ട ഏകദിനക്യാമ്പിൽ തെരഞ്ഞെടുക്കപ്പെട്ട 97 ലോക്കൽ റിസോഴ്സ് പേഴ്സൺസ് അടക്കം 106 പേർ പങ്കെടുത്തു. 13 വനിതകളുമുണ്ടായിരുന്നു. വാർഡ്തലത്തിൽ തിരഞ്ഞെടുത്ത് പരിശീലനം നല്കിയ ലോക്കൽ റിസോഴ്സ് പേഴ്സൻസിന്റെ നേതൃത്വത്തിൽ ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതാണ് അടുത്ത പരിപാടി. അതിനുവേണ്ടി വിപുലമായ ചർച്ചകളും ആസൂത്രണവും ശില്പശാലയിൽ വെച്ച് നടന്നു. ഓരോ വാർഡിലും എൽ. ആർ.പി.മാരെ സംയോജിപ്പിക്കാൻ ഒരു കൺവീനറെ ചുമതലപ്പെടുത്തി. ഗ്രാമസഭകളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാൻ വിവിധ മാർഗ്ഗങ്ങൾ ചർച്ചചെയ്ത് അംഗീകരിച്ചു. ഗ്രാമസഭ ചേരുന്നതിന്റെ തലേ ദിവസം വാർഡിലെ എല്ലാ ഭവനങ്ങളിലും ഗ്രാമജ്യോതി തെളിയിക്കുന്നതിനും ഗ്രാമസഭ ചേരുന്ന ദിവസം അതിരാവിലെ പ്രഭാതഭേരി നടത്തുന്നതിനും തീരുമാനിച്ചു. സെപ്റ്റമ്പർ 21ന് ആരംഭിച്ച് ഒക്ടോബർ 2ന് അവസാനിക്കുംവിധം ഗ്രാമപഞ്ചായത്തിലെ 12 നിയോജകമണ്ഡലങ്ങളിലും വിശേഷാൽ ഗ്രാമസഭകൾ വിളിച്ച് കൂട്ടുന്നതിന് തീരുമാനമായി. ഗ്രാമസഭകൾ ചേർന്ന തീയതി, സ്ഥലം, പങ്കാളിത്തം എന്നിവയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ താഴെ ചേർക്കാം:

ഗ്രാമസഭാപ്രവർത്തനം

തീയതി	വാർഡ്	സ്ഥലം	പങ്കാളിത്തം		
			വനിത	പുരുഷൻ	ആകെ
21-9-96	1	എസ്.വി.യു.പി. സ്കൂൾ, കമ്മാന്തറ	45	130	175
"	9	ഗവ: യു.പി. സ്കൂൾ, കണക്കൻ തുരുത്തി	7	76	83
22-9-96	6	സി.എ. ഹൈസ്കൂൾ, ആയക്കാട്	21	112	133
"	3	വിദ്യാനികേതൻ, ആമക്കുളം	22	60	82
28-9-96	7	ഗാന്ധി സ്മാരക യു.പി. സ്കൂൾ, മംഗലം	59	70	129
"	4	എ.എം.എം.എൽ.പി. സ്കൂൾ, വടക്കഞ്ചേരി	7	58	65
29-9-96	11	ശ്രീരാമ തിയറ്റർ, കമ്മാന്തറ	20	122	142
"	2	എസ്.എൻ. പബ്ലിക് സ്കൂൾ, ചന്തപ്പുര	38	168	206
"	5	പരുവാശേരി എ.എൽ.പി. സ്കൂൾ	43	124	167
30-9-96	8	ഗവ:എൽ.പി. സ്കൂൾ, മംഗലം	88	163	251
2-10-96	10	ജി.വി.എൽ.പി. സ്കൂൾ, മംഗലം	24	108	132
"	12	ഗവ: എൽ.പി. സ്കൂൾ, പന്നിയങ്കര	22	146	168
			396	1337	1733

ഗ്രാമസഭകളിൽ മൊത്തം 1733 പേർ പങ്കെടുത്തു. 396 വനിതകളും 1337 പുരുഷന്മാരും. എല്ലാ ഗ്രാമ സഭകളിലും കൂടി ആകെ 70 ഗ്രൂപ്പ് ചർച്ചകൾ നടന്നു. ഗ്രൂപ്പ് പ്രതിനിധികളായി 140 പേരെ വികസന സെമിനാറിലേക്ക് തെരഞ്ഞെടുത്തു. അതിൽ 65 വനിതകളും ഉൾപ്പെടുന്നു.

ഗ്രാമസഭകളുടെ നിർവ്വഹണത്തെയും വിലയിരുത്തലിനെയും തുടർന്ന് രണ്ടാംഘട്ടം വിവരശേഖരണ നടപടികൾ ആരംഭിച്ചു. ഓരോ സർവേ നമ്പറിലും ഓരോ ഭവനത്തിലും സന്ദർശനം നടത്തി തയ്യാറാക്കേണ്ട ഒന്നാംഘട്ടം വിവരശേഖരണം നടത്താൻ സമയമില്ലാത്തതിനാലാണ് രണ്ടാം ഘട്ടം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നത്. പഞ്ചായത്തിനകത്തും പുറത്തുമുള്ള 24 വകുപ്പുകളിൽപ്പെട്ട 67 സ്ഥാപനങ്ങളിൽനിന്ന് അത്യാവശ്യ വിവരശേഖരണത്തിന് 26 ടീമുകളിലായി 52 സന്നദ്ധപ്രവർത്തകരെ ചുമതലപ്പെടുത്തി. പഞ്ചായത്ത് തല പരിശീലകരും ജില്ലാ തല പരിശീലകരും പഞ്ചായത്ത് മെമ്പർമാരും ഏതാനും ഉദ്യോഗസ്ഥരും ഉൾപ്പെട്ട സന്നദ്ധ സംഘം 136 പ്രവർത്തിദിവസങ്ങൾ ചിലവഴിച്ചിട്ടും ലഭ്യമായ കണക്കുകൾ എഴുപത് ശതമാനത്തിൽ ഒതുങ്ങി. കണക്കുകൾ പൂർണ്ണമാക്കാൻ പിന്നീട് നടത്തിയ ശ്രമങ്ങൾ ഒട്ടൊക്കെ വിജയിച്ചു. കിട്ടിയ വിവരങ്ങൾ യഥാവിധി ക്രോഡീകരിച്ചപ്പോൾ 90 ശതമാനം സ്ഥിതിവിവരക്കണക്കുകളായി. 5-10-96ന് ചേർന്ന ജില്ലാതല പരിശീലകരുടെയും പഞ്ചായത്ത് തല പരിശീലകരുടെയും യോഗം സ്ഥിതിഗതികൾ അവലോകനം ചെയ്തു.

രണ്ടാംഘട്ട പരിശീലനം ഒക്ടോബർ 22, 23, 24 തീയതികളിൽ ആലത്തൂർ കമ്മ്യൂണിറ്റി ഹാളിൽ നടന്നു. ആദ്യഘട്ടത്തിൽ ജില്ലാതല പരിശീലകനായിരുന്ന സി.ജെ. ആൻറണി മാസ്റ്റർ രണ്ടാംഘട്ടത്തിൽ പിന്മാറുകയും പകരം കെ.കെ. നരേന്ദ്രൻ നായർ പരിശീലനത്തിന് ചേരുകയും ചെയ്തു. ഒക്ടോബർ 25ന് ചേർന്ന ജില്ലാതല പരിശീലകർ, പഞ്ചായത്തംഗങ്ങൾ എന്നിവരുടെ യോഗം തുടർ പരിപാടികൾ ആസൂത്രണം ചെയ്തു.

1. രണ്ടാംഘട്ട ശില്പശാല 30-10-96ന് നടത്തുക.
2. നവമ്പർ 1 പുനരർപ്പണദിനമായി ആചരിക്കുക.
3. നവമ്പർ 2ന് ഭൂപഠനയാത്ര നടത്തുക.
4. നവമ്പർ 4ന്പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ എല്ലാവരും ഒത്ത് ചേർന്ന് ഗ്രാമസഭാ റിപ്പോർ

ട്ടുകയും ക്രോഡീകരിക്കുക. ഇതിന്നായി പന്ത്രണ്ട് വാർഡുകളിലെയും എൽ.ആർ.പി. കൺവീനർമാരെക്കൂടി സഹകരിപ്പിക്കാനും നിശ്ചയിച്ചു.

5. അഞ്ചാം തീയതിമുതൽ തുടർച്ചയായി വികസന റിപ്പോർട്ടുകളെക്കുറിച്ച് ചർച്ച ആരംഭിക്കാനും പത്ത് ദിവസംകൊണ്ട് ചർച്ചകളും പൂർത്തിയായി റിപ്പോർട്ടുകളും എഴുതി തുടങ്ങേണമെന്നും തീരുമാനമെടുത്തു. അതനുസരിച്ചുള്ള അറിയിപ്പുകളും കോർ ഗ്രൂപ്പുകൾക്ക് നല്കി.

പുനരർപ്പണദിനത്തിലെ നിർമ്മാണ പ്രവർത്തനം ഉൽഘാടനം ചെയ്തത് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.വി. വിജയദാസായിരുന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്, ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ജില്ലാപഞ്ചായത്ത് വികസനസമിതി ചെയർ പേഴ്സൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, രാഷ്ട്രീയ കക്ഷി പ്രതിനിധികളും, ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ എന്നിവരൊക്കെ പങ്കെടുത്തു.

നവമ്പർ രണ്ടാം തീയതിയിലെ ഭൂപഠന പര്യടനസംഘത്തിൽ നിർദ്ദിഷ്ടമായ എല്ലാ വിഭാഗങ്ങൾക്കും പ്രാതിനിധ്യം ലഭിച്ചിരുന്നു. സംഘാംഗങ്ങൾ:


1. ശ്രീ. എം.ആർ. ബാലൻ, വൈസ് പ്രസിഡണ്ട്, ഗ്രാമപഞ്ചായത്ത് (ടീം ലീഡർ)
2. ശ്രീ. പി.കെ. വിശ്വനാഥൻ, ജില്ലാതല പരിശീലകൻ.
3. ശ്രീമതി വിദ്യാ ഉണ്ണികൃഷ്ണൻ, ജില്ലാതല പരിശീലക (ഗ്രാമപഞ്ചായത്ത് മെമ്പർ)
4. ശ്രീ. എൻ. രവിദാസൻ മാസ്റ്റർ, ജില്ലാതലപരിശീലകൻ
5. ശ്രീമതി ഉഷാ സുകുമാരൻ, ഗ്രാമപഞ്ചായത്ത് മെമ്പർ
6. ശ്രീമതി വി. ഭാരതി, ഗ്രാമപഞ്ചായത്ത് മെമ്പർ
7. ശ്രീ. എം. ചന്ദ്രൻ, ഗ്രാമപഞ്ചായത്ത് മെമ്പർ
8. ശ്രീമതി ഇന്ദിരാ പ്രഭാകരൻ, ഗ്രാമപഞ്ചായത്ത് മെമ്പർ
9. ശ്രീമതി ലളിതാ രാമകൃഷ്ണൻ, ജില്ലാ തല പരിശീലക
10. ശ്രീ. പി. സത്യനാഥൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ
11. ശ്രീ. സി. പൊന്നുമണി, കൃഷി അസിസ്റ്റൻറ്
12. ശ്രീ. ബാലകൃഷ്ണൻ, വില്ലേജ് അസിസ്റ്റൻറ്, വടക്കഞ്ചേരി 1
13. ശ്രീമതി വിശാലാക്ഷി, വില്ലേജ് അസിസ്റ്റൻറ്, വടക്കഞ്ചേരി 2
14. ശ്രീ. യേശുദാസൻ, ഓവർസിയർ, ഗ്രാമപഞ്ചായത്ത്
15. ശ്രീ. എം.വി. അപ്പുണ്ണി നായർ, ജില്ലാതല പരിശീലകൻ (കൺവീനർ ആൻറ് കോ-ഓർഡിനേറ്റർ)

നവമ്പർ നാലാം തീയതി രാവിലെ 8-30 മതുൽ ഗ്രാമസഭാ റിപ്പോർട്ടുകളും ക്രോഡീകരിക്കുന്ന ജോലി ആരംഭിച്ചു. 16 പേർ വൈകീട്ട് 7-30 വരെ തുടർച്ചയായി ജോലി ചെയ്ത് ആ ജോലി പൂർത്തിയാക്കുമ്പോൾ, 165 മണിക്കൂർ മനുഷ്യപ്രയത്നം അതിന് വേണ്ടി ചിലവഴിക്കപ്പെട്ടുകഴിഞ്ഞിരുന്നു.


അഞ്ചാംതീയതി മുതൽ വികസനറിപ്പോർട്ടുകളുടെ ചർച്ചയും തുടർന്ന് റിപ്പോർട്ടുകളും എഴുതി തയ്യാറാക്കുന്ന ജോലിയും ആരംഭിച്ചു. 24-ാം തീയതി രാത്രി 11 മണിവരെ തുടർച്ചയായി ജോലി ചെയ്തിട്ടാണ് വികസനറിപ്പോർട്ടുകളും അച്ചടിക്കുന്നതിന് തയ്യാറായത്. കോർ ഗ്രൂപ്പുകളുടെ പ്രവർത്തനത്തിന് പുറമെ നാട്ടിലെ പഴമയെക്കുറിച്ചറിയുന്നവരും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും എല്ലാം ഇതിൽ പങ്കാളികളാണ്. തുടർച്ചയായ 21 ദിവസങ്ങളിൽ 114 പേർ 1126 മണിക്കൂർ നേരത്തെ ശാരീരികവും ബുദ്ധിപരവുമായ അദ്ധ്വാനം ചിലവഴിച്ചതാണ് ഈ വികസനറിപ്പോർട്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയടക്കമുള്ള എല്ലാ ഉദ്യോഗസ്ഥരും, കൃഷിഭവനിലെ ജീവനക്കാരും ഗ്രാമപഞ്ചായത്ത് മെമ്പർമാരും ഒരുപാട് അദ്ധ്വാനവും സമയവും സംഭാവന നല്കിയിട്ടുള്ള ഒരു പ്രവർത്തനമായിരുന്നു ഇത്. യാതൊരു മുൻപരിചയവും ഇല്ലാത്ത ആളുകളാണ് കോർ ഗ്രൂപ്പുകളിൽ പ്രവർത്തിച്ചത്. അതിനാൽ പൂർണ്ണത അവകാശപ്പെടുന്നതേയില്ല. വികസനത്തിലേക്കുള്ള ഒരു ചുവട് – ആദ്യത്തെ ചുവട് – മാത്രമായ ഈ വികസനറിപ്പോർട്ട്, വികസനത്തിൻെറ പാതയിൽ ബഹുദൂരം മുന്നോട്ടു പോവാൻ ഈ ഗ്രാമപഞ്ചായത്തിനും, വികസനത്തിനുവേണ്ടി, വേഴാമ്പലുകളെപ്പോലെ കാത്തിരിക്കുന്ന ജനതയ്ക്കും, ചെറിയൊരു അളവിലെങ്കിലും പ്രയോജനപ്രദമാവും.

എം.വി. അപ്പുണ്ണി നായർ
കൺവീനർ & കോ-ഓർഡിനേറ്റർ

മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ




വീരരാഘവ അയ്യർ




അഡ്വ. വി.എസ്. ശങ്കരൻ



കെ. മാധവൻ



കെ.എ. ചാമി നായ്ക്കൻ
(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)




പഞ്ചായത്തിന്റെ ഭൂമിശാസ്ത്രവും ചരിത്രവും - ഒരു പഠന പര്യടനം

തൃശൂർ പട്ടണത്തിൽനിന്നും പാലക്കാട് പട്ടണത്തിൽനിന്നും ഏതാണ്ട് തുല്യദൂരത്തിൽ, താലൂക്ക് ആസ്ഥാനമായ ആലത്തൂരിനെയും കവച്ച് വെച്ച് വികസനത്തിന്റെ ചവിട്ടുപടികൾ ഓരോന്നായി ചവിട്ടിക്കയറുന്ന വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്, ഒരു പട്ടണത്തിന്റെ പ്രൌഢിയിലേക്ക് അതിവേഗം കുതിക്കുകയാണ്. അവസാനത്തെ സെൻസസ് കണക്കുകളനുസരിച്ച് 31470 ആണ് ജനസമ്പത്ത്. ഭൂസമ്പത്താവട്ടെ 37.88 ചതുരശ്ര കിലോമീറ്റർ വരുന്ന ഭൂപ്രദേശവും. ജനസാന്ദ്രത ഏറ്റവും കൂടുതലും. സംസ്ഥാനത്തിന്റെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 749ഉം ജില്ലയിലേത് 456ഉം മാത്രമായിരിക്കുമ്പോൾ, ജില്ലയിലേതിന്റെ ഇരട്ടിയോളം വരുന്ന 831 ആണ് പഞ്ചായത്തിലെ ജനസാന്ദ്രത. ഉയർന്ന ഈ ജനസാന്ദ്രത വികസനപരിപാടികളെ തളർത്തുകയും വികസനാവശ്യങ്ങളെ വളർത്തുകയും ചെയ്യുന്നു. സാക്ഷരതാനിരക്ക് 80.37 ആണ്. സാക്ഷരതാരംഗത്ത് സ്ത്രീകൾ പുരുഷന്മാരോളം ഉയർന്നു നില്ക്കുന്നില്ല. പുരുഷ സാക്ഷരത 87.28 ആവുമ്പോൾ സ്ത്രീ സാക്ഷരത 73.89ൽ എത്തി നിൽക്കുന്നതേയുള്ളു. 35 ശതമാനം പേർ വിവിധ ജോലികളിലേർപ്പെട്ട് 65 ശതമാനത്തെ പോറ്റുന്നതാണ് സാമ്പത്തികരംഗം. 11494 പേർ ജോലിയുള്ളവരും 19976 പേർ അവരെ ആശ്രയിച്ച് ജീവിക്കുന്നവരുമാണ്. 4.2 ശതമാനം വരുന്ന 1313 പേർ കാർഷികവൃത്തിയിലേർപ്പെട്ടവരും 13.6 ശതമാനത്തോളം വരുന്ന 4281 പേർ കർഷകതൊഴിലാളികളുമാണ്. അനുബന്ധമേഖലകളിൽ തൊഴിൽ തേടുന്നവർ 1.5 ശതമാനത്തോളമേ വരൂ. ഭൂമിയുടെ പ്രതിശീർഷ ലഭ്യത: 29.21 സെൻറ് മാത്രം.

വികേന്ദ്രിതാസൂത്രണപരിപാടി പഞ്ചായത്ത് തലത്തിൽ ആരംഭിച്ചപ്പോൾ, ഒൻപതാം പദ്ധതിയുടെ ശാസ്ത്രീയമായ രൂപപ്പെടുത്തലിന് വേണ്ടി ഒട്ടേറെ മുന്നറിവുകൾ ആവശ്യമായി വന്നു. ഈ തലത്തിൽ കാര്യമായ ശ്രമങ്ങളൊന്നും മുൻകാലങ്ങളിൽ നടക്കാതിരുന്നതിനാൽ, ഭൂപഠന-ചരിത്രപഠന മേഖലകളിൽ അറിവുകളും സ്ഥിതിവിവരക്കണക്കുകളും തുലോം കുറവായിരുന്നു. സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിവേണം പദ്ധതികൾ രൂപകല്പന ചെയ്യാൻ. അതിനായി നീണ്ട് നിൽക്കുന്ന സമഗ്രപഠനവും മനുഷ്യാദ്ധ്വാനവും അത്യാവശ്യമാണ്. സാദ്ധ്യമായ അവസരങ്ങൾ ഉപയോഗപ്പെടുത്തി, എത്രയും വേഗത്തിൽ ഒൻപതാം പദ്ധതി രൂപപ്പെടുത്തേണ്ടതുള്ളതിനാൽ സ്ഥിതിവിവരക്കണക്കുകൾക്ക് നിലവിലുള്ള സർക്കാർ സംവിധാനത്തെ ആശ്രയിക്കേണ്ടി വന്നു. ഫലം അത്ര ആശാവഹമായിരുന്നില്ല. കൃഷി, മൃഗസംരക്ഷണം, വിദ്യാലയങ്ങൾ, വില്ലേജ് ഓഫീസുകൾ മുതലായി നന്നായി സഹകരിച്ച വകുപ്പുകളോടൊപ്പം തന്നെ, പദ്ധതിയുമായി ബന്ധമില്ലെന്ന് നടിച്ച് മുഖം തിരിച്ചുനിന്ന ചിലരുമുണ്ടായിരുന്നു. ചില 'കട'കളിൽ 'കച്ചവടം' നടക്കുന്നുണ്ടായിരുന്നെങ്കിലും കണക്കുകൾ ഉണ്ടാവാതിരിക്കുകയോ,തരംതിരിക്കുകയോ ചെയ്തു. കണക്കുകൾ സൂക്ഷിക്കാൻ കടലാസും പുസ്തകവും കാലാകാലങ്ങളിൽ ലഭിക്കാത്ത വകുപ്പുകളുമുണ്ടെന്ന്, ഈ ശ്രമം തെളിയിച്ചു. അപൂർണ്ണമായ ഈ വിവരശേഖരം കൈമുതലാക്കിക്കൊണ്ട്, ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശങ്ങളുമായി പരിചയപ്പെടാൻ ഒരു ഏകദിനഓട്ടപ്രദക്ഷിണപഠനം നടത്താൻ തീരുമാനിച്ചു.

നവമ്പർ 2 ആയിരുന്നു ആ സുദിനം - ശനിയാഴ്ച. സംസ്ഥാന ആസൂത്രണബോർഡ് നിർദ്ദേശിച്ചവിധത്തിൽ പൂർണ്ണപ്രാതിനിധ്യമുള്ള ഒരു പര്യടനസംഘത്തെ നേരത്തെ തന്നെ തെരഞ്ഞെടുത്ത് തയ്യാറാക്കിയിരുന്നെങ്കിലും ഈ സാഹസകൃത്യത്തിന് ആരെല്ലാം എത്തിച്ചേരും എന്ന് ആശങ്കയുണ്ടായിരുന്നു. പോരാത്തതിന് തലേദിവസം പെട്ടെന്ന് പൊട്ടിവീണ ഒരു ബസ്സ് സമരവും. പക്ഷേ എല്ലാ ആശങ്കകളെയും കാറ്റിൽ പറത്തിക്കൊണ്ട് രാവിലെ ഏഴരമണിയാവുമ്പോഴേക്കും ടീമംഗങ്ങൾ എല്ലാവരും 'കുളിച്ചുകുറിതൊട്ട്' തികഞ്ഞ ആഭിമുഖ്യത്തോടും വർദ്ധിച്ച ആവേശത്തോടും എത്തിച്ചേർന്നു.



പ്രഭാതഭക്ഷണത്തിനുശേഷം സംഘാംഗങ്ങൾ ഒരുമിച്ച്, പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറെ അതിർത്തിയിലേക്ക് യാത്രയായി. അതിർത്തിക്കിപ്പുറത്ത് ഒരു കിലോമീറ്ററോളം അകലംവരെ വാഹനത്തിലാണ് പോയത്. അവിടന്ന് തെക്കോട്ട് നടന്ന് അതിർത്തി പ്രദേശമായ താമരപ്പള്ളിയിൽ എത്തിയപ്പോൾ രാവിലെ മണി ഒൻപത്. അതിരും അതിരിലെ വീടും രേഖപ്പെടുത്തി വടക്കോട്ട് നീങ്ങി. കുത്തനെ ചരിവില്ലാത്ത കുന്നിൻ പ്രദേശം. പൊന്ന് വിളയുന്ന ഫലപുഷ്ടിയുള്ള മണ്ണ്. മുഴുവൻ റബ്ബർ കാടുകൾ. കാടുകൾക്കിടയിൽ വീടുകൾ. വീട്ടുമുറ്റത്തും പറമ്പിലും നിറയെ പച്ചക്കറികൾ. കർഷകസുഹൃത്തുക്കളുടെ കണ്ണും മനസ്സും നിറയുന്ന മനോഹര കാഴ്ചകൾ. പഞ്ചായത്തിന്റെ ഒൻപതാം വാർഡിൽ പെട്ട, കുടിയേറ്റ കർഷകരുടെ ആവാസസ്ഥാനമായ ഈ കാർഷികമേഖല, സാവധാനം ഒലിച്ചിറങ്ങുന്ന കാട്ടരുവികളുടെ മന്ദ്രസംഗീതത്തിന്റെ അകമ്പടി ആസ്വദിച്ചുകൊണ്ട് താണ്ടിക്കഴിയുമ്പോൾ ഒന്നരമണിക്കൂർ പിന്നിട്ട് കഴിഞ്ഞിരുന്നു. റബ്ബർക്കാടുകൾ വിട്ടുകഴിഞ്ഞപ്പോൾ, തെങ്ങും, കവുങ്ങും, വാഴയും, നെല്ലും, ചേമ്പും, കപ്പയും, പലവിധം പച്ചക്കറികളും നികന്ന ഓരോ തുണ്ടു ഭൂമിയ്ക്കും ഇടയിലുള്ള നടവരമ്പുകളിലൂടെ നടന്ന് നീങ്ങിയപ്പോൾ പ്രായവും പ്രയാസവും വെയിലും എല്ലാവരും മറന്നു. ഒലക്കപ്പാത്തിയും വെട്ടിക്കൽ കുളമ്പും പൊത്തപ്പാറയും കടന്ന് കാളാംകുളത്തും കുറുവായിലുമെത്തുമ്പോൾ അല്പസ്വല്പം ക്ഷീണം ശരീരത്തെ ബാധിച്ചുതുടങ്ങുന്നു എന്ന് മനസ്സിലാക്കിയിട്ടെന്നവണ്ണം പി. ഗംഗാധരനും, കെ. എം. തോമസ്സും വഴിയരികിൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു. തുടർന്ന്, പോയ കാലത്തിന്റെ പ്രഗത്ഭ ആയുർവ്വേദ വൈദ്യൻ കുഞ്ഞു ആശാന്റെ മകനും സംഘാംഗങ്ങളിൽ പലരുടെയും സഹപ്രവർത്തകനുമായ കൃഷ്ണന്റെ വീട്ടുകാരുടെ നിറഞ്ഞ പുഞ്ചിരിയും സ്വാഗതവും. അപ്പോൾ കിട്ടിയ ഇളനീരിന് ഏറെ മധുരവും ആസ്വാദ്യതയും. വിശ്രമം വെട്ടിച്ചുരുക്കി യാത്ര പറഞ്ഞിറങ്ങുമ്പോൾ ഏറെ ആശ്വാസം. വീണ്ടും യാത്ര. കൃഷിഭൂമികളും വയലേലകളും റോഡുകളും മുറിച്ചുകടന്ന് ദൂരമത്രയും ചവിട്ടിത്തള്ളി മുല്ലപ്പള്ളിയും പൈലിപ്പിള്ളയും വഴിയിലെ ഓർമ്മകളായി, തേനിടുക്കിലെ തേനിനേക്കാൾ മധുരമുള്ള പൂവൻ പഴത്തിന്റെ മധുരം നുണഞ്ഞ് പരുവശ്ശേരി ഹരിജൻ കോളനിക്കരികിലൂടെ, പാണ്ടാം കുളത്തിന്റെ ജലസമൃദ്ധി കൺകുളിർക്കെ ആസ്വദിച്ച്, നെല്ലിയമ്പാടവും ചെറുകണ്ണമ്പ്രയും കടന്ന് പള്ളിയാർക്കാവ് ശിവക്ഷേത്രസന്നിധിയിലെത്തുമ്പോൾ സൂര്യൻ മൊട്ടത്തലക്ക് മുകളിൽ പൂർണ്ണപ്രഭാവത്തിൽ, എന്നാലും ചൂട് കുറവ്. ചുണ്ടക്കാടും പടിഞ്ഞാറോട്ട് നീണ്ട് കിടക്കുന്ന ചെക്കിണി റോഡും കടന്ന്, 110 കെ.വി. ലൈനിനു വേണ്ടി ആകാശത്തിലേക്ക് തലയെറിഞ്ഞ് നിവർന്നു നില്ക്കുന്ന സ്തൂപങ്ങളുടെ ഔന്നത്യം മനസ്സ് കൊണ്ടളന്ന് നേരെ കേറി വന്നപ്പോൾ കണ്ടത് എന്നോ പണി തീരേണ്ടിയിരുന്ന വൈദ്യുത സ്റ്റേഷന്റെ ഏകാന്തമായ കെട്ടിടം. തൊട്ടടുത്ത് മരണത്തിൽനിന്നും ഊർന്നിറങ്ങിയ ആരോഗ്യം തിരിച്ചെടുത്ത് കൊണ്ടിരിക്കുന്ന കേരളാ റോഡ് ട്രാൻസ്പോർട്ടു കോർപ്പറേഷന്റെ ഓപ്പറേറ്റിംഗ് സെൻററും. സമയം 2.10.

മദ്ധ്യാഹ്നവിശ്രമം ഏറെ നീണ്ടില്ല. പത്ത് മിനിട്ടുകൊണ്ട് ഉച്ചഭക്ഷണം. ഇരുപത് മിനുട്ട് നടുനിവർത്തിയശേഷം വീണ്ടും കാൽനടയാത്ര. ഒന്നാം വാർഡും രണ്ടാം വാർഡും കടന്ന് വടക്കഞ്ചേരിയുടെ ചരിത്രമുറങ്ങുന്ന, അസ്തമിച്ചുപോയ, പുഴക്കലിടം രാജകുടുംബത്തിന്റെ രാജവീഥികളിലൂടെ, കൊടിക്കാട്ട് ഭഗവതീക്ഷേത്രസന്നിധിയിലൂടെ മൂന്നാം വാർഡിലെത്തിയപ്പോൾ സംഘാംഗങ്ങളിലൊരാൾ വഴിയിൽ അപ്രത്യക്ഷയായിരുന്നു. അവരെ തിരഞ്ഞ് മനോഹരമായ പുത്തൻ ഭവനത്തിലെത്തിയപ്പോൾ ശീതളപാനീയങ്ങളുടെ ഊഷ്മള സ്വീകരണം. ക്യാമറയുടെ മിന്നിമറയുന്ന വെളിച്ചം. വീണ്ടും യാത്ര. നായർതറയിലൂടെ ചെമ്പിളിയാം കുന്നിലേക്ക്. കണ്ണമ്പ്രപഞ്ചായത്തിന്റെ കർമ്മഭൂമിയിൽ കാലൂന്നി നിൽക്കുന്ന വടക്കഞ്ചേരി ടെലികോം സ്റ്റേഷൻ. മംഗലംപാലവും ചുറ്റുവട്ടത്തെ കർഷകരുടെ മനസ്സുണർത്തുന്ന പുഴയും. പുഴയിൽ ഏറെ വെള്ളം. എപ്പോഴും കാണാനാവാത്ത സുന്ദരദൃശ്യം. തുടർന്ന് വടുകൻതൊടിയും വടക്കേത്തറയും. യക്ഷി പണ്ടെങ്ങോ കുടിയൊഴിഞ്ഞുപോയ യക്ഷിപ്പാലയെ തൊട്ടുരുമ്മിക്കൊണ്ട്, സമൂഹത്തിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അനാശാസ്യപ്രവണതകൾക്കെതിരെയും പോയ കാലത്ത് സ്ത്രീകൾക്കുണ്ടായിരുന്ന നഷ്ടൈശ്വര്യങ്ങൾ തിരിച്ചെടുക്കുന്നതിനുവേണ്ടിയും ഏറെ ശബ്ദമുയർത്തിയ അർച്ചനാമഹിളാസമാജം കെട്ടിടത്തിന്റെ ഓരത്തൂടെ അംഗീകാരത്തിന്വേണ്ടി കാത്തുനിൽക്കുന്ന റോസി സ്കൂളും കടന്ന്, കുറെ പ്രഗത്ഭന്മാരുടെ കാലൊച്ച കേട്ട ഗ്രാമത്തിലെത്തുമ്പോൾ, പ്രായത്തിന് കടന്നുചെല്ലാനാവാത്ത ആവേശത്തിന്റെ കോട്ടയിൽ, സാമൂഹ്യസേവനം പടുത്തുയർത്തിയ ജീവിതശൈലിയുടെ ഉടമ – സംഘാംഗം

കൂടിയായ, എല്ലാവരുടെയും 'മാമി' ശ്രീമതി ലളിതാ രാമകൃഷ്ണന്റെ ഭർത്താവ് ആതിഥ്യത്തിന്റെ നിറഞ്ഞ സൌഹൃദവുമായി മുന്നിൽ. ലഘു ഭക്ഷണം – അല്പം വിശ്രമവും. നാടിന്റെ ഭൂമിശാസ്ത്രവും ചരിത്രവും വികസനത്തിന്റെ വെല്ലുവിളികളും പ്രതിസന്ധികളുമെല്ലാം ടീം അംഗങ്ങളുടെ മനസ്സുകളിൽ തറച്ചുകയറിയിരുന്നു. കുറിപ്പുകൾക്ക് ഏറെ നീളം. വിവിധ വിവരങ്ങളടങ്ങുന്ന 5 മാപ്പുകൾ ഏതാണ്ട് തയ്യാർ. സമയം 5 മണി. വൈദ്യുതി വന്നും പോയും കൊണ്ടിരുന്നതിനിടയിൽ പത്തുമിനിറ്റ് വിശ്രമം. പരിചയപ്പെടലും സൌഹൃദം കൈമാറലും. വീണ്ടും യാത്ര. ഇരുവശത്തും നീണ്ട് പരന്നുകിടക്കുന്ന വിസ്തൃതമായ നെൽപ്പാടങ്ങൾ. എങ്ങും സമൃദ്ധിയുടെ പച്ചപ്പുമാത്രം. തളർന്ന് തുടങ്ങിയ കാലുകൾ. തളരാത്ത മനസ്സുകൾ. എല്ലാം കണ്ടും അറിഞ്ഞും ചർച്ചചെയ്തും ഗ്രാമപഞ്ചായത്തിന്റെ തെക്ക് കിഴക്കെ അതിരിലെത്തുമ്പോൾ സൂര്യനും വെളിച്ചവും യാത്ര പറഞ്ഞു കഴിഞ്ഞിരുന്നു. വിളിപ്പാടകലെ കർഷകസമരങ്ങളുടെ വീരപുളകമണിഞ്ഞ വീഴ്മല, 1202 അടി ഉയരത്തിൽ തലയുയർത്തി നില്ക്കുന്നു. മലയിൽ നിഗൂഢതകളുടെ 'അയ്യർമട'. അയ്യർമടയിൽ നിക്ഷേപിക്കുന്ന വസ്തുക്കൾ, പടിഞ്ഞാറ് ഭാഗത്ത് 5 കിലോ മീറ്റർ അകലെയുള്ള അഞ്ചുമൂർത്തിക്ഷേത്രസന്നിധിയിലെ അഞ്ചുമൂർത്തിക്കുളത്തിൽ കുതിച്ചെത്തുന്ന അത്ഭുതങ്ങളുടെ നാട്ടറിവുകൾ. ആംപ്പാർപ്പിന്റെ അവശിഷ്ടങ്ങളും ആരാധനാലയത്തിന്റെ ഓർമ്മകളും വെച്ച്നീട്ടുന്ന വീഴ്മലയുടെ ഉയരങ്ങളിൽ കാട്ടുശ്ശേരിയിൽ കാലൂന്നിക്കൊണ്ട് പടിഞ്ഞാറോട്ട് തിരിഞ്ഞ് വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിനുമേൽ ഐശ്വര്യവർഷം ചൊരിഞ്ഞുകൊണ്ട് നില്ക്കുന്ന ശാസ്താവ്. ചീക്കോട്ട് ബസ്സ് വെയ്റ്റിംഗ് സ്റ്റേഷനിൽ കാലുമടക്കുമ്പോൾ, പ്രദേശത്തിന്റെ കാർഷികസഹകരണ മേഖലകളിൽ നിറഞ്ഞു നില്ക്കുന്ന അപ്പു ഏട്ടൻ. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ബാലേട്ടന്റെ നേതൃത്വത്തിൽ കർഷകനും കൃഷിവകുപ്പുദ്യോഗസ്ഥനും, ജനപ്രതിനിധികളും വനിതകളും വടക്കഞ്ചേരി 1, 2 വില്ലേജുകളിലെ ഉദ്യോഗസ്ഥരും പഞ്ചായത്തിലെ ഓവർസിയറും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും നാല് ഡി.ആർ.പി. മാരുമടങ്ങിയ പതിനഞ്ചംഗ സംഘം 32 കിലോമീറ്റർ താണ്ടി സായംസന്ധ്യയിൽ പഠനയാത്ര പൂർത്തിയാക്കുമ്പോൾ, പഞ്ചായത്തിന്റെ വികസനാവശ്യങ്ങളുടെയും ഒരപൂർണ്ണചിത്രം സംഘാംഗങ്ങളിൽ എല്ലാവരുടെയും മനസ്സിൽ രൂപംകൊണ്ട് കഴിഞ്ഞിരുന്നു.

വടകഞ്ചേരി ഗ്രാമ പഞ്ചായത്ത്

ഭൂമിയുടെ ചെരിവ്

N
W
E
S

കാവശ്ശേരി ഗ്രാമ പഞ്ചായത്ത്

തൃത്താല ഗ്രാമ പഞ്ചായത്ത്

കണ്ണനൂർ ഗ്രാമ പഞ്ചായത്ത്

കുമ്പിടി ഗ്രാമ പഞ്ചായത്ത്

കൂടല്ലൂർ ഗ്രാമ പഞ്ചായത്ത്

കിള്ളിക്കുറിശ്ശി ഗ്രാമ പഞ്ചായത്ത്

TO പാലക്കാട്

TO തൃശ്ശൂർ

വടക്കേത്തറ VIII

മേപ്പറമ്പ് VII

പരുതൂർ V

ആനക്കര VI

പട്ടിത്തറ IV

പന്നിയങ്കര XII


കുമ്പിടി III

കൂടല്ലൂർ IX

ചാലിശ്ശേരി I

ചാലിശ്ശേരി II

പ്രിയാനി XI




ചരിത്രം തേടി, പോയകാലങ്ങളിലേക്ക്

വീഴ്മലയുടെ ചെരിവുകളിൽനിന്ന് തുടങ്ങി തെന്മലവാരങ്ങളുടെ അടിവാരങ്ങൾ പുൽകി പരന്ന് കിടക്കുന്ന ഇന്നത്തെ വടക്കഞ്ചേരി പഞ്ചായത്തിന്റെ പൂർവ്വകാല ചരിത്രം തമിഴ് സംഘകാലത്തോളം പിന്നോട്ടുള്ള വിസ്മൃതികളിൽ ലയിച്ചുകിടക്കുന്നു. കൊച്ചിരാജവംശവും, തൃപ്പൂണിത്തുറ കോവിലകവുമായി ഇപ്പോഴും 'പുല'ബന്ധം പുലർത്തുന്ന പഴയ പാലക്കാട്ടുശ്ശേരി എന്ന പാലക്കാട് രാജകുടുംബവുമായി ബന്ധമുള്ള പുഴക്കലീടം തറവാട്, ചരിത്രമുറങ്ങുന്ന ഈ പഞ്ചായത്തിൽ ഒരു കാലത്ത് സമസ്ത ഐശ്വര്യപ്രതാപങ്ങളോടും കൂടി തലയുയർത്തി നിന്നിരുന്നതാണ്. കല്ലിന്മേൽ കല്ല് ശേഷിക്കാതെ പോയ വീര്യപ്രതാപങ്ങളുടെ പൊലിഞ്ഞുപോയ കഥകൾ ഇന്നും ഇവിടത്തെ ആയിരങ്ങളുടെ പഴയമനസ്സുകളിൽ ജ്വലിച്ചു നിൽക്കുന്നു. വടക്കൻ ചേരി എന്ന സ്ഥലനാമം ദിക്കൃത നാമങ്ങളിൽ ഉൾപ്പെട്ട് ഉത്ഭവിച്ചതാണെന്ന് കിഴക്കഞ്ചേരിയെകൂടി സാക്ഷിനിർത്തി സ്ഥലനാമ ചരിത്രകാരന്മാർ സമർത്ഥിക്കുന്നു. ചരിത്രരഹസ്യങ്ങളെ അടക്കം ചെയ്ത പേടകങ്ങളാണ് സ്ഥലനാമങ്ങൾ. പ്രൊഫ. ഡി.ജെ. ഗൌഡയുടെ അഭിപ്രായം സാർത്ഥകമാകുംവിധം പുരാവസ്തുപഠനത്തിന് സഹായകമായ മൃതാവശിഷ്ടങ്ങൾ (ഫോസിലുകൾ) ഈ ഗ്രാമപ്രദേശത്തിന്റെ നിധികുംഭങ്ങളിലെവിടെയെങ്കിലും മറഞ്ഞ്കിടപ്പുണ്ടാകാം. ദ്രാവീഡസംസ്കാരത്തിന്റെ പൈതൃകവും ബുദ്ധ-ജൈന മതങ്ങളോടുള്ള ബന്ധവും പ്രഖ്യാപിക്കുന്ന വേല,പൂരം ആഘോഷങ്ങളും ക്ഷേത്രാനുഷ്ഠാനങ്ങളും ഇന്നും നിലനിൽക്കുന്ന പഴമയുടെ സാക്ഷിപത്രങ്ങളാണ്. എ. ശ്രീധരമേനോന്റെ 'എ സർവ്വേ ഓഫ് കേരള ഹിസ്റ്ററി' എന്ന പുസ്തകത്തിൽ 'തൃശൂരിൽനിന്ന് 21 നാഴിക കിഴക്കുമാറി സ്ഥിതിചെയ്യുന്ന പരുവാശ്ശേരിയിലെ ദുർഗ്ഗാക്ഷേത്രവും അതിനകത്തുള്ള ബുദ്ധവിഗ്രഹവും' പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അഞ്ചാം നിയോജകമണ്ഡലമായ പരുവാശ്ശേരിയിൽ ദുർഗ്ഗാക്ഷേത്രവും ബുദ്ധവിഗ്രവും ഇന്നുമുണ്ട്. സംസ്ഥാന പുനഃസംഘടനവരെയും പഴയ മലബാർ ജില്ലയിലും മദിരാശി സംസ്ഥാനത്തിലും (ഇന്നത്തെ തമിഴ്നാട്) ഉൾപ്പെട്ടിരുന്ന ഈ പ്രദേശത്തിന്റെ മലബാർ കലക്ടറും ജില്ലാ മജിസ്ട്രേറ്റും വിഖ്യാത ചരിത്രകാരനുമായിരുന്ന വില്യം ലോഗൻ സായിപ്പിന്റെ മലബാർ മാനുവലിലും പരാമർശിച്ചിട്ടുണ്ട്. ചരിത്രാതീതകലാത്ത് വേട്ടയാടി ഭക്ഷിച്ച് കാടുകളിൽ താമസിച്ചിരുന്ന മനുഷ്യരുടെ ശക്തിസ്രോതസ്സുകളായിരുന്ന മലദൈവങ്ങൾ, കാടുകൾ കൃഷിയിടങ്ങളായി രൂപം പ്രാപിച്ചുതുടങ്ങിയപ്പോൾ വയൽ നടുവിലേക്കും കുളക്കരകളിലേക്കും നീങ്ങിയെന്നും, 'നെല്ലി'യും 'പള്ളി'യുമായി ബന്ധപ്പെട്ട ഇത്തരം സ്ഥലങ്ങളുടെയും കാവുകളുടെയും ചരിത്രം നിർണ്ണയിക്കുക എളുപ്പമല്ലെന്നും ചരിത്രകാരന്മാർ പറയുന്നു. അക്കൂട്ടത്തിലുള്ളതാണ് പഞ്ചായത്തിലെ നെല്ലിയേമ്പാടവും പള്ളിയാർകാവും. ഇതേപോലെ ഒട്ടേറെ സ്ഥലനാമങ്ങളും കാവുകളും വേറെയുമുണ്ട്. (ഉദാ: മുടപ്പല്ലൂരിലെ നെല്ലിക്കുളംതോട്ടം). കോഴിക്കോട്ടെ സാമൂതിരിരാജവംശത്തിന്റെ തിലകക്കുറിയായ തിരുന്നാവായ മാമാങ്കം നടന്നിരുന്ന നിളാനദീതീരത്തോടൊപ്പം നിളാനദിയിൽ അലിഞ്ഞുചേരുന്ന മംഗലം പുഴ പഞ്ചായത്തിലെ ഒരേ ഒരു പുഴയാണ്. നിള എന്ന പേരിനൊപ്പം മംഗലം എന്ന പേരും ആര്യസംസ്കാരത്തിന്റെ സംഭാവനയത്രെ. പെരുമ്പടപ്പ് സ്വരൂപത്തിലെ ഒരു രാജകുമാരൻ ഗിരിവർഗ്ഗകന്യകയെ വിവാഹം കഴിച്ചതിനെ തുടർന്ന് സ്ഥാനഭ്രഷ്ടനായപ്പോൾ ആരംഭിച്ചതാണ് പാലക്കാട് രാജവംശമെന്നും കാലക്രമത്തിൽ രാജവംശം വടക്കേതാവഴിയും തെക്കെതാവഴിയുമായി വേർതിരിഞ്ഞപ്പോൾ തെന്മലവാരം കേന്ദ്രമായി ആരംഭിച്ച 4 'എട'ങ്ങളിൽ പെട്ടതാണ് പുഴക്കലിടം എന്ന് ചരിത്രം പറയുന്നു. കൊച്ചി രാജവംശത്തിലെ 'പിഴച്ചുപോയ' രാജകുടുംബാംഗത്തിനുവേണ്ടി ആദ്യം സ്ഥാപിച്ച 'പിഴച്ചയിടം' പിൽക്കാലത്ത് പുഴക്കലിടമായി രൂപാന്തരപ്പെട്ടതാണെന്നും പഴമക്കാർ പറയുന്നു. എന്തായാലും കുടുംബത്തിലെ പുരുഷന്മാരെ 'അച്ചൻ' എന്നും സ്ത്രീകളെ 'നേത്യാരമ്മ' എന്നും വിളിക്കുന്നു.

ഏറ്റവും തലമൂപ്പുള്ള അച്ചനെ 'ശേഖരി വർമ്മ വലിയരാജ' എന്ന സ്ഥാനപ്പേരോടെ അരിയിട്ട് വാഴ്ച നടത്തി രാജസ്ഥാനം നൽകി ബഹുമാനിക്കുന്നു. ഈ ചടങ്ങുകളിലൊക്കെ ദേശത്തിന്റെ പരദേവത യായ കൊടിക്കാട് ഭഗവതിക്ക് പ്രധാന സ്ഥാനമുണ്ട്. പുഴക്കലിടം താവഴിയിൽനിന്ന് രാജസ്ഥാനം ലഭിച്ച തമ്പുരാൻകുട്ടി അച്ചൻ 1960 ൽ ശേഖരിവർമ്മ വലിയ രാജാവായി സ്ഥാനമേറ്റു. അദ്ദേഹം ഇപ്പോഴില്ല. കൊ ടിക്കാട് ക്ഷേത്രത്തിന് പുറമെ, അഞ്ചുമൂർത്തിമംഗലം ക്ഷേത്രം, പള്ളിയറ ഭഗവതിക്ഷേത്രം, ആയക്കാട് ശിവ ക്ഷേത്രം തുടങ്ങി ഒട്ടേറെ പുരാതന ആരാധനാ ലയങ്ങളും പഞ്ചായത്തിലുണ്ട്. രണ്ട് നൂറ്റാണ്ടിനപ്പുറം തമിഴകത്ത് നിന്ന് കുടിയേറിയ 'റാവുത്തർ' വിഭാ ഗത്തിൽ പെടുന്ന മുസ്ലീങ്ങളും പണിതീർത്ത ജുമാ അത്ത് പള്ളിയാണ് മുസ്ലീം ദേവാലയങ്ങളിൽ ഏറ്റവും പഴയത്. ക്രിസ്ത്യൻ കുടിയേറ്റ മേഖലകളിൽ ഒട്ടേറെ ക്രിസ്ത്യൻ പള്ളികളും ഇന്ന് നിലവിലുണ്ടെങ്കിലും ഏറെ പഴക്കം അവകാശപ്പെടുന്നവ ഒന്നുമില്ല. മത സൌഹാർദ്ദം എല്ലാ അർത്ഥത്തിലും മുഖമുദ്രയാക്കിയ, സമാധാനകാംക്ഷികളായ ജനസമൂഹങ്ങളുടെ നാടാണ് കാർഷിക പ്രധാനമായ ഈ ഗ്രാമപഞ്ചായത്ത്.

ഇന്നത്തെ പീച്ചി മുതൽ മംഗലം ഡാം പ്രദേശം വരെ വ്യാപിച്ചുകിടക്കുന്ന, 18675 ഏക്കറോളം വരുന്ന വിസ്തൃതമായ മലവാര പ്രദേശങ്ങളും പുഴക്കലിടം തറവാടിന്റെ ഭരണത്തിൽപ്പെട്ടതായിരുന്നു; മഞ്ഞപ്ര മുതൽ വണ്ടാഴിവരെയുള്ള ഗ്രാമപ്രദേശങ്ങളും ക്ഷിപ്ര പ്രസാദികളും ശുദ്ധഗതിക്കാരുമായ ചില കാരണവ ന്മാർ ഭൂസ്വത്തുകളും പലർക്കുമായി പാട്ടത്തിന് നൽ കുകയും പിൽക്കാലത്ത് ഭൂപരിഷ്കരണനിയമങ്ങ ളുടെ ചുവട്പറ്റി ഭൂപ്രദേശങ്ങളും മിക്കതും നഷ്ടപ്പെട്ട് പോവുകയും ചെയ്തു. 1938 മുതൽ 1964 വരെ നടന്ന ഭാഗവ്യവഹാരക്കേസുകളുടെ അന്ത്യത്തോടെ തറ വാടിന്റെ അന്ത്യവിധിയുമായി. പ്രതാപൈശ്വര്യ ങ്ങളുടെ നിലവറയായിരുന്ന, നാടിന്റെ നിത്യജീവി തത്തിൽ നിറഞ്ഞുനിന്നിരുന്ന, ആ അധികാര സ്ഥാനം, എഴുപത് കഴിഞ്ഞവരുടെ മനസ്സുകളിൽ മാത്രമായി ഇന്ന് നിലനിൽക്കുന്നു.

വന്യമൃഗങ്ങളും ധാരാളമായി വിഹരിച്ചിരുന്ന, വൻ കാനന പ്രദേശമായിരുന്നു വടക്കഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ തെക്കും,കിഴക്കും, പടിഞ്ഞാറും ഉൾപ്പെട്ട പ്രദേശം. വടക്കുഭാഗത്തും കാട്ടുപ്രദേശങ്ങളും ഉണ്ടായിരുന്നതിന് തെളിവായി ആയക്കാടും, ആനക്കു ഴിപ്പാടവും കരടിയളയും നരിയളയും കലമാൻ കുളമ്പും പോത്തുപാടിയുമെല്ലാം ഇന്നും പേര് മാറാതെ നിൽ ക്കുന്ന പഴയ ഭൂപ്രദേശങ്ങളുടെ പ്രകൃതിവെളിവാക്കുന്ന സാക്ഷ്യപത്രങ്ങളാണ്. വ്യവഹാരാവസാനത്തിൽ മലവാരം പൊതുലേലത്തിൽ വെക്കുകയും പൊള്ളാ ച്ചിയിലെ യൂണിയൻ ടിമ്പർ ട്രെഡേഴ്സ് അതിന്റെ ഉട മസ്ഥത നേടിയെടുക്കുകയും ചെയ്തപ്പോൾ, മലവാരം യൂണിയൻ കാടുകളായി മൊഴിമാറി. ഇന്നത്തെ മണ്ണാമ്പറമ്പിൽ ശ്രീരാമതിയറ്ററിന് സമീപം വരെ ഒരു കാലത്ത് ഇടതൂർന്ന വൻ കാടുകളായിരുന്നുവെന്നും ആ കാടുകളിൽ നിന്ന് മുറിച്ച് ആന വലിച്ചെത്തിച്ച, പിടിച്ചാൽ പിടികിട്ടാത്ത തേക്ക് മരങ്ങളും മറ്റ് പല തര ത്തിലുള്ള വിലപിടിച്ച മരത്തടികളും മംഗലംപുഴയി ലൂടെ ചങ്ങാടം കെട്ടി, ഭാരതപ്പുഴ വഴി കൊടുങ്ങല്ലൂരും, അന്ന് വികാസം പ്രാപിച്ച തീരദേശ പട്ടണവും തുറമുഖ വുമായിരുന്ന കൊടുങ്ങല്ലൂരിൽ നിന്ന് കടൽ വഴി വിദേ ശത്തേക്കും പോയിരുന്നതായിട്ടാണ് ചരിത്രം. കൊടു ങ്ങല്ലൂർ തുറമുഖം വഴി ഇന്നത്തെ 'ഗൾഫ്' നാടുകളും എന്ന് പ്രഖ്യാതമായ അറേബ്യൻ നാടുകളുമായി അതിപുരാതന വ്യാപാരബന്ധം ഭാരതത്തിനുണ്ടായി രുന്നതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ നമ്മുടെ ഈ കൊച്ചു ഗ്രാമവും ചരിത്രത്തിന്റെ – ഭാരതത്തിന്റെ വിദേശവ്യാപാരചരിത്രത്തിന്റെ – അറ്റു പോകാത്ത കണ്ണിയായിത്തീരുന്നു. ഇന്ന് തിരക്ക് പിടിച്ച വ്യാപാരകേന്ദ്രമായി മാറിപ്പോയ മന്ദമൈതാനം, കാട്ടിൽ നിന്നെത്തിയ വൻമരത്തടികൾ 'ആളോളം പൊക്കത്തി'ൽ അടുക്കി അട്ടിയിട്ടിരുന്ന മരപ്പേട്ടയായി രുന്നെന്നും, ഗ്രാമത്തിലെ മരവ്യാപാരത്തിന്റെ കേ ന്ദ്രബിന്ദു പരേതനും ജുമാ അത്ത് പള്ളിക്കാരണവരും, ഒരു കാലത്ത് വടക്കഞ്ചേരി പ്രദേശത്തിന്റെ പൊതു ജീവിതത്തിൽ എല്ലാ അർത്ഥത്തിലും നിറഞ്ഞുനി ന്നിരുന്ന മാന്യദേഹവുമായിരുന്ന, തമ്പീറാവുത്തരുടെ 'വാപ്പ'യായിരുന്നു എന്ന ഓർമ്മ ഇപ്പോഴും പ്രായം ചെന്ന ആർക്കുമുണ്ട്. എടത്തിലെ സ്കൂൾ എന്നറിയ പ്പെടുന്ന എ.വി.എൽ.പി. സ്കൂളിന് സമീപം വലി യൊരു ആനപ്പന്തി ഉണ്ടായിരുന്നതും അവിടെ ഒട്ടേറെ കാട്ടാനകളെ കൊണ്ടുവന്ന് മെരുക്കിയതും കാട്ടാനക ളെ കാട്ടിൽ നിന്ന് പന്തിയിലെത്തിക്കുന്നതിലും മെരുക്കുന്നതിലും ഏർപ്പെട്ടിരുന്ന താപ്പാനകളിൽ കൊല്ലങ്കോട് കൊച്ചയ്യപ്പനേയും സുന്ദരിയായ വണ്ടാഴി കുറുമാലീയെന്ന പിടിയാനയേയും പറ്റി പല കഥകളും പല പഴമക്കാർക്കും പറയാനുണ്ട്. അതുപോലെ പഴമക്കാരായ മറ്റ് പലർക്കും. അതിവേഗം പട്ടണമായി മാറിക്കൊണ്ടിരിക്കുന്ന മണ്ണാമ്പറമ്പ്, സമീപപ്ര ദേശമായ കരിങ്കുന്ന് എന്നിവിടങ്ങളൊക്കെ നരിയും പുലിയും വിഹരിച്ചിരുന്ന കാനനപ്രദേശങ്ങളായിരുന്നു.



കാലം എന്തെല്ലാം മാറ്റങ്ങളാണ് മണ്ണിലും മനുഷ്യ നിലും വരുത്തിയത്! അതും എത്ര വേഗത്തിൽ. ഇന്ന ത്തെ തലമുറക്ക് കൈമാറിയെത്തുന്ന വായ്മൊഴികളി ലൂടെയല്ലാതെ നാടിന്റെ ഈ സമീപകാലചരിത്രങ്ങ പോലുമറിയാൻ വഴിയെന്തുണ്ട്?

ദേശത്തിന്റെ ദേവതയായ 'കൊടിക്കാട്ട്മുത്തി' ജാതിമതഭേദമെന്യേ ഗ്രാമവാസികളായ, വിശ്വാസികം ഏവർക്കും, ആശ്വാസം ചൊരിഞ്ഞുകൊണ്ട് ഐശ്വര്യം നഷ്ടപ്പെടാതെ നിൽക്കുന്നു. ഇന്നും പുഴക്കലിടം തറ വാട്ടിലെ ഇളമുറക്കാരിൽ ഒരാളാണ് ക്ഷേത്രം ട്രസ്റ്റി. മീനമാസത്തിലെ കാർത്തികതിരുനാം വേല ഇന്നും ഈ നാടിന്റെ മഹോത്സവമായി നിലനിൽക്കുന്നു. നൂറ്റാണ്ടുകംക്കുമുമ്പ് നിബിഡവനമായിരുന്നു ഇന്ന ത്തെ നായർതറ, കറ്റുകോട്, കവറത്തറ, കമ്പാരത്തറ, ചെമ്പിളിയാംകുന്ന് പ്രദേശങ്ങളെന്നും, മേയാൻ വിട്ട പശുക്കളെ തിരഞ്ഞുപോയ ചിലരാണ് കാട്ടിനുള്ളിൽ സ്ഥിതിചെയ്തിരുന്ന ഈ ക്ഷേത്രശില്പം കണ്ടെത്തി യതെന്നും, വിവരമറിഞ്ഞ, പുഴക്കലിടത്തിലെ അന്ന ത്തെ കാരണവർ ദേവപ്രശ്നത്തിലൂടെയും സ്വന്തം സ്വപ്നത്തിലൂടെയും ദേവിയുടെ സാന്നിദ്ധ്യമറിഞ്ഞ് പണികഴിപ്പിച്ചതാണ് ഇന്നത്തെ ക്ഷേത്രമെന്നും ഐതിഹ്യമുണ്ട്. കന്നിനെ തെരയാൻ പോയവർ കാട്ടി ലൂടെ വഴിതെളിക്കുമ്പോം കല്ലിൽ തട്ടിയ ആയുധ ത്തിൽ ചോരപുരണ്ടതായികണ്ട് പരിഭ്രമിച്ചെത്തി വിവരം പുഴക്കലിടം തറവാട്ട് കാരണവരെ അറിയിച്ചു വെന്നും, ആയുധം തട്ടിയ ആ കല്ല് ദേവിയുടെ സ്വയം ഭൂപ്രതിഷ്ഠയായിരുന്നുവെന്നും പക്ഷാന്തരമുണ്ട്. പശുവിന്റെ കരച്ചിൽ കേട്ട സ്ഥലത്ത് ഒരു ഓലക്കുട കണ്ടുവെന്നും ആ സ്ഥലത്താണ് ഇന്നത്തെ ക്ഷേത്രം പണികഴിച്ചതെന്നും ചിലർ പറയുന്നു. ക്ഷേത്രത്തിന്റെ നിത്യനിദാനച്ചിലവുകംക്കായി പുഴക്കലിടം തറവാ ട്ടിൽപ്പെട്ട ഒട്ടേറെ സ്ഥലം ക്ഷേത്രത്തിന്റെ പേരിൽ നൽകപ്പെട്ടിരുന്നു. വേലയ്ക്ക് മുന്നോടിയായ ആശ്വ തി കുമ്മാട്ടിയും തൃശൂർ നാഷണൽ ഹൈവേ ഓരത്ത് ഇന്നുമുള്ള ഉണ്ണിയാലും 'മന്ദ'വുമെല്ലാം കൊടിക്കാട്ടു ഭഗവതിക്കും കൊടുങ്ങല്ലൂർ ഭഗവതിക്കുമുള്ള ചേർ ച്ചബന്ധങ്ങളെ ഐതിഹ്യങ്ങളുടെ സുവർണ്ണനൂലു കളിലൂടെ കോർത്തിണക്കുന്നതാണ്. ദാരികവധം കഴിഞ്ഞ ആലസ്യത്തിൽ വിശ്രമം തേടി പോയ കാലത്തിന്റെ ഏതോ നൂറ്റാണ്ടിൽ ഇവിടെയെത്തിയ കൊടുങ്ങല്ലൂർ ദേവി, ഇന്നും ഭരണി കഴിഞ്ഞ് ഈ വഴി വരുന്നതായാണ് സങ്കല്പവും വിശ്വാസവും. അതി നോടനുബന്ധിച്ചാണ് ഉത്സവങ്ങളും കലാനുഷ്ഠാ നങ്ങളും ഇന്നും നടത്തുന്നതും.

തമിഴ്വംശജരായ ബ്രാഹ്മണരുടെ ആവാസ കേന്ദ്രങ്ങളായിരുന്നു 'ഗ്രാമ'ങ്ങം. വടക്കഞ്ചേരി പട്ടണത്തിന് സമീപമുള്ള ഗ്രാമവും ലക്ഷ്മീപെരു മാം കോവിലും ഗണപതി കോവിലും പ്രധാന ആരാ ധനാ കേന്ദ്രങ്ങളാണ്. മംഗലം, ആയക്കാട്ട് പ്രദേശങ്ങളി ലുള്ള ഗ്രാമങ്ങളോടനുബന്ധിച്ചും ആരാധനാലയങ്ങ ളുണ്ട്. കൂടാതെ പ്രസിദ്ധങ്ങളായ ഒട്ടേറെ പുരാതന ഹിന്ദുക്ഷേത്രങ്ങളും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. വിവിധ വിഭാഗം ജനങ്ങംക്കും അവ രുടേതായ പ്രത്യേകം ആരാധനാമൂർത്തികളും ആരാ ധനാക്രമങ്ങളും ഉണ്ടായിരുന്നു.

ചെട്ടിസമുദായക്കാരുടെ മാരിയമ്മൻ കോവിലും കുംഭമാസത്തിലെ പൊങ്കൽ ഉത്സവവും, ഉത്സവ ത്തിന്റെ സവിശേഷതയായ 'പൂക്കുഴി' ചാട്ടവും ഇന്നും ആയിരങ്ങളെ ആകർഷിക്കുന്നു. പാളയത്തിലെ ക്രിസ്ത്യൻ പള്ളി, ബാസൽ മിഷൻ ചർച്ച്, പട്ടണത്തിൽ തലയുയർത്തി നിൽക്കുന്ന ലൂർദ്ദ് മാതാ ചർച്ച് എന്നി വയൊക്കെ വിവിധ വിഭാഗം ക്രൈസ്തവരുടെ ആചാ രങ്ങളും സംസ്ക്കാരവിശേഷങ്ങളും നാട്ടുകാരിൽ സന്നിവേശിപ്പിക്കുന്നവയാണ്. ക്രൈസ്തവദേവാല യങ്ങം പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമായി ഒട്ടേറെ കുടിയേറ്റ മേഖലകളിൽ ഉയർന്നുവന്നിട്ടുണ്ട്. എത്രയെല്ലാം ദേവാലയങ്ങം എവിടെയെല്ലാം ഉയർ ന്നുവന്നാലും വിവിധ മതവിഭാഗങ്ങം ഇടകലർന്ന് ജീവിക്കുന്നതും സ്വന്തം ആചാരങ്ങളിലും വിശ്വാസ ങ്ങളിലും ചുവടുറപ്പിച്ചുകൊണ്ടു തന്നെ അന്യരെയും അന്യവിശ്വാസങ്ങളെയും ആദരിക്കാനും അംഗീകരി ക്കാനും കാണിക്കുന്ന വ്യഗ്രതയും മതസൌഹാർദ്ദ ത്തിന്റെയും സമുദായ മൈത്രിയുടെയും ഉത്തമോദാ ഹരണങ്ങളാണ്. അതുതന്നെയാണ് ഈ കാർഷിക ഗ്രാമത്തിന്റെ മുഖമുദ്രയും. പാളയം മയ്യത്താങ്കര പള്ളി യിൽ സർവ്വമതാരാധന നിലവിലുണ്ടായിരുന്നു വെന്നത് ഇതിനൊരുദാഹരണമാണ്.


ഇന്നത്തെ തൃശൂർ റോഡും വ്യാപാരസ്ഥാ പനങ്ങളും സ്ഥിതിചെയ്യുന്ന, പട്ടണത്തിന്റെ ഹൃദയം പൂവൽ കൃഷിയിടങ്ങം രൂപം പ്രാപിച്ചുണ്ടായതാണ്. രണ്ടാം ലോകമഹായുദ്ധകാലത്ത് പട്ടാളക്കാർക്ക് സുഗമമായി യാത്രചെയ്യാൻ പറ്റാത്ത സ്ഥിതി വന്ന പ്പോം പുതുതായി പണിതീർത്തതാണ് നഗരമദ്ധ്യ ത്തിലുള്ള ഇന്നത്തെ പാത. കാർഷിക ഗ്രാമമായിരുന്ന വടക്കഞ്ചേരി പ്രദേശത്തെ വ്യാവസായിക-വ്യാപാര ശൃംഖലയുടെ സമ്പന്നതയിലേക്കുയർത്താൻ ശ്രമി ച്ചവരുടെ കൂട്ടത്തിൽ ആദ്യത്തേ പേരായി പറഞ്ഞു

കേൾക്കുന്നത് തൃശൂർക്കാരൻ 'നസ്രാണി'യായ പെരിഞ്ഞേരി ദേവസ്സിയുടേതാണ്. ഇന്നത്തെ പോലീസ് സ്റ്റേഷൻ നിൽക്കുന്നതിന് സമീപത്തുണ്ടായിരുന്ന കെട്ടിടത്തിൽ അദ്ദേഹം ആരംഭിച്ച ഓയിൽ മിൽ ഇന്നാട്ടിലെ ആദ്യത്തെ 'ആധുനിക വ്യവസായ' സംരംഭമായിരുന്നു എന്നാണ് അഭിപ്രായം. തുടർന്നുവന്ന തെമ്മലപ്പുറം റൈസ്മില്ലും തെമ്മലപ്പുറം ബസ്സ് ട്രാൻസ്പോർട്ടുമെല്ലാം നാടിന്റെ പേരുമായി ബന്ധം നിലനിർത്തിയ വ്യാവസായിക ശ്രമങ്ങളാണ്. നാടിന്റെ വ്യാവസായിക-വ്യാപാരാഭിവൃദ്ധിക്ക് വേണ്ടി തീർത്ത ശ്രേണിയിൽ 'കൊളന്തയ്യരും' (വി.വി. രാമസ്വാമി അയ്യർ) കുടുംബവും മുൻപന്തിയിൽ തന്നെയുണ്ടായിരുന്നു; ഇന്നുമുണ്ട്. സ്മരണീയരായ മറ്റു പലരും പിൽക്കാലങ്ങളിൽ രംഗപ്രവേശം ചെയ്തതോടെയാണ് വെറും അൻപത് വർഷം കൊണ്ട് ഇന്നത്തെ നിലയിൽ പട്ടണം വളർന്നത്. നാല്പതുകളിൽ വടക്കഞ്ചേരിക്കൊപ്പം നിന്ന വ്യാപാരകേന്ദ്രമായിരുന്നു ആയക്കാടെന്നും, തൃശൂർ-പാലക്കാട് പാതയുടെ ഉദയമാണ് ആയക്കാടിന്റെ പ്രാധാന്യം അസ്തമിപ്പിച്ച് ഇന്നത്തെ പട്ടണപ്രദേശത്തിന് ഉയിർപ്പ് നൽകിയതെന്നുമുള്ള സത്യം, സത്യമായിത്തന്നെ നിലകൊള്ളുന്നു.

ഗ്രാമഭരണചരിത്രം പരിശോധിക്കുമ്പോൾ, വടക്കഞ്ചേരിക്ക് ഒപ്പംതന്നെ ആയക്കാട്, മംഗലം ഗ്രാമപഞ്ചായത്തുകളുടെ ചരിത്രവും പൊങ്ങിവരുന്നുണ്ട്. ഇന്നത്തെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ കുറെ പ്രദേശങ്ങളും, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ സമീപപ്രദേശങ്ങളും ഉൾപ്പെട്ട, ഈ പ്രദേശത്തെ ആദ്യത്തെ പഞ്ചായത്തായിരുന്നു മദിരാശി. ലോക്കൽ ബോഡീസ് ആക്റ്റ് പ്രകാരം നിലവിൽ വന്ന വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്. വടക്കഞ്ചേരി-കിഴക്കഞ്ചേരി പ്രദേശത്തെ പ്രഗത്ഭരായ പലരും ഈ പഞ്ചായത്തിന്റെ സാരഥ്യം വഹിച്ചവരിൽ ഉൾപ്പെടും. 'മുഖത്ത് നോക്കി' കൈപൊക്കാൻ ധൈര്യമില്ലാതിരുന്നവരുടെ 'കൈപൊക്കി വോട്ടവകാശം' വഴിതെറ്റിവന്ന് പലരിലും അധികാരം സന്നിവേശിപ്പിച്ചിരുന്നു എന്നതാണ് അന്നത്തെ വോട്ടുചെയ്യലിന്റെ പ്രധാന ന്യൂനത. ഗ്രാമപഞ്ചായത്തിന്റെ സാരഥ്യം വഹിച്ച അന്നത്തെ പ്രഗത്ഭരിൽ, പരേതരായ ശിവരാമയ്യരും, നരസിംഹയ്യരും ഉൾപ്പെടുന്നു. ശിവരാമയ്യരുടെ സ്മാരകമായി നഗരഹൃദയത്തിൽ തലയുയർത്തിനിൽക്കുന്നതാണ്, പുതിയ ബസ്സ്റ്റാൻറിന് സമീപമുള്ള, നെഹ്റു മണ്ഡപവും പഞ്ചായത്ത് സാംസ്കാരിക നിലയവും ജിംനേഷ്യവും എല്ലാം ഉൾക്കൊള്ളുന്ന ശിവരാമ പാർക്ക്.

ഇന്നത്തെ പുനഃസംയോജിപ്പിക്കപ്പെട്ട ഗ്രാമപഞ്ചായത്ത് നിലവിൽ വന്ന 1960ൽ വടക്കഞ്ചേരി പഞ്ചായത്തിന്റെ പ്രസിഡൻറായിരുന്ന ശ്രീ. നരസിംഹയ്യർ ഇന്നില്ല. എന്നാൽ ആയക്കാട് പഞ്ചായത്തിന്റെ പ്രസിഡണ്ടായിരുന്ന ചല്ലിപ്പറമ്പിലെ ശ്രീ. പി.വി. സുദേവനും മംഗലം പഞ്ചായത്തിന്റെ പ്രസിഡണ്ടായിരുന്ന ശ്രീ. സി.വി. ശങ്കരനാരായണൻ നായരും ഇന്നും നമ്മോടൊപ്പമുണ്ട്. ഈ മൂന്ന് പഞ്ചായത്ത് പ്രദേശങ്ങളും സംയോജിപ്പിച്ചാണ് ഇന്നത്തെ ഭൂപ്രദേശങ്ങളോടുകൂടിയ പുതിയ വടക്കഞ്ചേരി പഞ്ചായത്ത് 1960ൽ നിലവിൽ വന്നത്. 1964ൽ നടന്ന പൊതു തിരഞ്ഞെടുപ്പിനെ തുടർന്ന് അധികാരത്തിൽ വന്ന ബോർഡിന്റെ പ്രസിഡണ്ട് ശ്രീ. വീരരാഘവ അയ്യരായിരുന്നു. അദ്ദേഹത്തെ തുടർന്ന് അനന്തിരവനും ഇപ്പോൾ ആലത്തൂർ ബാറിൽ പ്രാക്ടീസ് ചെയ്യുന്ന പ്രഗത്ഭ അഭിഭാഷകനുമായ ശ്രീ. ശങ്കരയ്യർ പ്രസിഡണ്ട് സ്ഥാനമേറ്റു. പതിനാറ് വർഷങ്ങളോളം നീണ്ട ഈ അധികാരസ്ഥാനം തുടർന്നുവന്ന തിരഞ്ഞെടുപ്പിനുശേഷം, നീണ്ടകാലം സഹപ്രവർത്തകനായിരുന്ന ശ്രീ. മാധവേട്ടന് കൈമാറി. മാധവേട്ടന്റെ ഭരണകാലഘട്ടമാണ് കേരളത്തിലെ ആയിരത്തോളം പഞ്ചായത്തുകളെ പിൻതള്ളി, ഏറ്റവും നല്ല പഞ്ചായത്തായി ഉയരാൻ, ഈ പഞ്ചായത്തിന് അവസരം ലഭിച്ചത്. പിന്നീട് നടന്ന തിരഞ്ഞെടുപ്പിൽ, സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡണ്ട് കൂടിയായ ശ്രീ. കെ.എ. ചാമിനായ്ക്കൽ നേതൃത്വം നൽകിയ ഭരണസമിതി അധികാരമേറ്റു. ആറുവർഷക്കാലത്തോളം നീണ്ട ആ ഭരണകാലത്തിനിടെ, ഗ്രാമപഞ്ചായത്തുകൾ ഭരണഘടനയിൽ സ്ഥാനം നേടുകയും 73, 74 ഭരണഘടനാഭേദഗതികളിലൂടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളോടൊപ്പം അധികാരവും സ്ഥാനവും നേടിക്കൊണ്ട് ഗ്രാമപഞ്ചായത്തുകൾ, ഗ്രാമങ്ങളുടെ ജനകീയ ഗവർമ്മെണ്ടുകളായി രൂപപ്പെടുകയും ചെയ്തു. ഭരണഘടനാവ്യവസ്ഥകളെത്തുടർന്ന് കേരള നിയമസഭ പാസാക്കിയ പഞ്ചായത്ത്രാജ് തിരഞ്ഞെടുപ്പുകൾ 1995 സപ്തമ്പർ മാസത്തിൽ നടന്നതിനെത്തുടർന്ന് ശ്രീ. സി. തമ്പു പ്രസിഡണ്ടായി നിലവിലുള്ള ഭരണസമിതി 1995 ഒക്ടോബർ 4ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറി.

നൂറ്റാണ്ടുകളോളം പഴക്കമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. എടത്തിലെ സ്കൂൾ എന്ന് ദേശവാസികൾ വിളിക്കുന്ന എ.വി.എൽ.പി. സ്കൂൾ ഏറ്റവും ആദ്യം സ്ഥാപിതമായതാണെന്ന് കരുതപ്പെടുന്നു. ആയിഷാ മെമ്മോറി



യൽ എൽ.പി. സ്കൂളിനും, ബി.ഇ.എം. എൽ.പി. സ്കൂളിനും പല ദശകങ്ങളുടേയും ചരിത്രമുണ്ട്. സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ആരും അനുസ്മരിക്കാതിരുന്ന കാലത്ത് സ്ഥാപിക്കപ്പെട്ട പെൺപള്ളിക്കൂടമാണ് കാലാന്തരത്തിൽ മാറ്റം വന്ന് ഇന്നത്തെ സരസ്വതീവിലാസം യു.പി. സ്കൂളായി മാറിയത്. വിദ്യാഭ്യാസരംഗത്തെക്കുറിച്ചോർക്കുമ്പോൾ ആ രംഗം കയ്യടക്കി ജില്ലയിലെങ്ങും നിറഞ്ഞുനിന്നിരുന്ന 'ഗുരുകുല'സ്ഥാപകൻ ശ്രീ. ചാമി അയ്യരെ ഒരിക്കലും വിസ്മരിക്കാനാവില്ല. സി.എ. ഹൈസ്കൂളുകളുടെയും സമീപ പഞ്ചായത്തടക്കമുള്ള പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഒട്ടേറെ യു.പി., എൽ.പി. വിദ്യാലയങ്ങളുടേയും ശൃംഖല തന്നെ സ്ഥാപിക്കാൻ മുന്നോട്ടു വന്നത് 'വിദ്യാതപോനിധി'യായ ശ്രീ. ചാമി അയ്യരാണ്. നാടിന്റെ സാംസ്കാരിക നവോത്ഥാനത്തിൽ ഈ വിദ്യാലയങ്ങൾക്ക് നല്ലൊരു പങ്കുണ്ട്. അദ്ദേഹത്തെ തുടർന്ന് ഗുരുകുലങ്ങളുടെ ചുമതലയേറ്റ മകൻ ശ്രീ.സി.പി. ശർമ്മ, ദേശീയതലത്തിൽ അദ്ധ്യാപക അവാർഡുകൾ നിർണ്ണയിക്കപ്പെട്ടപ്പോൾ ആദ്യപരിഗണനയിൽ ഉൾപ്പെട്ട പ്രഗത്ഭരിൽ ഒരാളാണ്. വിദ്യാഭ്യാസ രംഗത്തുള്ള ഈ കുടുംബപാരമ്പര്യം ഇന്നും സജീവമാണ്. പെൺകുട്ടികൾക്ക് മാത്രമായുള്ള ഒരു ഹൈസ്കൂളടക്കം ഒട്ടേറെ വിദ്യാലയങ്ങൾ ഇന്ന് പഞ്ചായത്ത് പ്രദേശത്തുണ്ടെങ്കിലും ഇനിയും പുരോഗതി കൈവരിക്കേണ്ട മേഖലയാണിത്. പരുവാശ്ശേരിയിലെ ആദ്യകാല പ്രൈമറി വിദ്യാലയം ഇന്നും 'പ്രൈമറി'യായിത്തന്നെ നിലനിൽക്കുന്നുവെന്നത് ഒരുദാഹരണം മാത്രം. സാങ്കേതികവിദ്യാഭ്യാസരംഗവും തൊഴിൽബന്ധ വിദ്യാഭ്യാസവും വികസിക്കണമെന്ന് പറയുമ്പോൾ സമീപകാലത്താരംഭിച്ച 'കോളേജ് ഓഫ് അപ്ലൈഡ് സയൻസസി'നെയും 'മേരി [redacted]വാസ് സുനോ' യിലൂടെ മലയാണ്മക്ക് ദേശീയാംഗീകാരം നേടിത്തന്ന അതിലെ അദ്ധ്യാപകൻ ശ്രീ. പ്രദീപ് സോമസുന്ദരത്തെയും വിസ്മരിക്കുകയല്ല. അദ്ധ്യാപനരംഗത്ത് വ്യക്തിമുദ്രപതിപ്പിച്ച പഴയകാല അദ്ധ്യാപകരിൽ ശ്രീ. സി.പി. ശർമ്മക്കുപുറമെ ശ്രീ. എം. കുമാരൻ മാസ്റ്റർ, ലാസർ മാസ്റ്റർ, ടി.പി. മാധവമേനോൻ തുടങ്ങി ഒരുപാട് പേരുകളുമുണ്ട്. അതിൽ അവസാനം പറഞ്ഞ രണ്ടുപേരും ഇന്ന് നമ്മോടൊപ്പമില്ല. പ്രശസ്ത അഭിഭാഷകനും ഹൈക്കോടതി അഡ്വക്കേറ്റുമായിരുന്ന പരേതനായ ഈശ്വരയ്യരുടെ പിതാവ് ഇ. സുബ്രഹ്മണ്യ അയ്യരാണ് ഈ പഞ്ചായത്ത് പ്രദേശത്തെ ആദ്യത്തെ ബിരുദധാരിയും നിയമബിരുദധാരിയും. മംഗലം വടക്കെഗ്രാമവാസിയായിരുന്ന അദ്ദേഹം എം.എ., എം.എൽ. ബിരുദം നേടി മദിരാശിയിൽ പ്രാക്ടീസു ചെയ്തു. മദിരാശി സംസ്ഥാനത്തെ ആരോഗ്യവകുപ്പിൽ ഉന്നത സ്ഥാനത്തെത്തി വിരമിച്ച, മംഗലം തെക്കെ ഗ്രാമത്തിലെ ഡോ. രാമയ്യരും, വെറ്റിനറി ഡോക്ടർ രങ്കസ്വാമി അയ്യരും, ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന മംഗലം കുമരംകണ്ടത്ത് സേതുമാധവമേനോനും കൊച്ചി സംസ്ഥാനത്ത് പോലീസ് കമ്മീഷണറായിരുന്ന മങ്ങാട്ട് നാരായണമേനോനും നമ്മെ വിട്ടുപോയിട്ട് ദശകങ്ങൾ കഴിഞ്ഞു. ദേശത്തിന്റെ പ്രാഗത്ഭ്യം പുറംനാട്ടുകളിലെത്തിച്ച ഒട്ടേറെ പേർ ഇനിയുമുണ്ട്. അവരുടെ കൂട്ടത്തിൽ, ദളിത വിഭാഗത്തിൽ നിന്ന് വിദ്യാഭ്യാസം നേടി സമൂഹത്തിലുയർന്നുവന്ന്, എം.എൽ.എ.യും., എം.പി.യും, പല തവണ മന്ത്രിയും ഒക്കെയായ പരേതനായ വെള്ള ഈച്ചരന്റെ പേർ മുൻപന്തിയിലാണ്. ഈ വിഭാഗത്തിൽനിന്നുയർന്നുവന്ന ആദ്യത്തെ ബിരുദധാരി ഇപ്പോൾ സംസ്ഥാനപോലീസ് സേനയിൽ സേവനമനുഷ്ഠിക്കുന്ന, ആയക്കാട്ട് കൂമാങ്കോട്ടിലെ ശ്രീ. രാജനാണ്. ചികിത്സാരംഗത്തെ പരാമർശിക്കുമ്പോൾ, 1951-ൽ തന്നെ വടക്കഞ്ചേരി പ്രാഥമികാരോഗ്യകേന്ദ്രത്തിന് എല്ലാ സൌകര്യങ്ങളും സ്വന്തം ചിലവിൽ ഏർപ്പെടുത്തിയ മുൻ മദ്രാസ് മേയർ രാമനാഥയ്യരുടെ പേര് മുൻപന്തിയിലാണ്. ചികിത്സകരിൽ ഡോ. ചാത്തു അച്ചനും പിന്നീട് ഡോ. കെ.എസ്. നായരും നാടിന്റെ എല്ലാമായിരുന്നു. ഏതാനും വർഷങ്ങൾക്കുശേഷം ആ സ്ഥാനം ഏറ്റെടുത്തതും ഇന്നും നിലനിർത്തുന്നതും ഡോ. വി.എസ്. മീനാക്ഷിസുന്ദരം ആണ്. നാട്ടുചികിത്സാരംഗത്ത് പ്രഗത്ഭരായിരുന്ന മംഗലം വീരൻ വൈദ്യരേയും കുറുവായ് കുഞ്ചു വൈദ്യരേയും പോലുള്ളവരെ ഇവിടെ വിസ്മരിക്കുന്നില്ല.

ദേശീയപ്രസ്ഥാനത്തിന്റെ അലയൊലികൾ ഏറ്റുപിടിച്ച് പ്രവർത്തിച്ച ഒരു പ്രദേശമാണ് ഈ ഗ്രാമപഞ്ചായത്ത്. ദേശീയപ്രസ്ഥാനത്തിലൂടെ ഉയർന്നുവന്നവരിൽ പലരും പിൽക്കാലത്ത് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലൂടെ തൊഴിലാളി സമരപ്രസ്ഥാനത്തിലെത്തുകയും കാർഷികപ്രധാനമായ ഈ ഗ്രാമപഞ്ചായത്തിന്റെ അഭിവൃദ്ധി നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുകയും ചെയ്തു. മണ്ണിനെയും മനുഷ്യനെയും സ്നേഹിച്ച ഈ നേതാക്കളുടെ പരമ്പരയിൽ കർഷകപ്രസ്ഥാനങ്ങളുടെയും കാർഷികമേഖലയുമായി ബന്ധപ്പെട്ട ഒട്ടനവധി സമരമുഖങ്ങളുടേയും മുൻപന്തിയിൽനിന്ന ആലത്തൂർ ആർ. കൃഷ്ണൻ, കുഞ്ഞിരാമൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ

പ്രവർത്തിച്ച ഒട്ടേറെ സമരസഖാക്കളുടെ ജന്മനാടാണ് ഈ ഗ്രാമപഞ്ചായത്ത്. അവരിൽ സഖാക്കൾ എ.പി. കണ്ടുമാസ്റ്ററും പി.സി. വേലായുധനും ഇന്നില്ല. പള്ളിക്കാട് മാധവേട്ടൻ എന്ന കെ. മാധവൻ ഇന്നും നമ്മോടൊപ്പം തന്നെയുണ്ടെന്നത് ഒരിക്കൽക്കൂടി, ഭീകരസ്വപ്നങ്ങളായിരുന്ന അക്കാലത്തെ സമരമുഖങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. അന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയിൽ, സമൂഹത്തിന്റെ സമ്പത്ത് മുഴുവനും കയ്യടക്കിവെച്ചിരുന്ന ജന്മിത്വം, ഭരണാധികാരി വർഗ്ഗങ്ങളുടെ എല്ലാ പിന്തുണയോടുംകൂടി, പാവപ്പെട്ട കർഷകനും കർഷകതൊഴിലാളിക്കും നേരെ അഴിച്ചുവിട്ട ക്രൂരമർദ്ദനങ്ങളുടെ നാടൻശീലുകൾ ഓർമ്മയുള്ള ചിലരെങ്കിലും ഇന്നും നമ്മുടെ നാട്ടിൻപുറത്തുണ്ടാവും. അയിത്തത്തിനെതിരായ പ്രക്ഷോഭവും അണിൽമാർക്ക് ബീഡി സമരവും ഓർമ്മയിൽ സൂക്ഷിക്കുന്നവർ ഇന്നും ഒട്ടേറെയുണ്ടാവും. എല്ലാം പഴങ്കഥകളായി മാറി. കേരളസംസ്ഥാനം നിലവിൽ വന്നശേഷം നടപ്പിലായ ഭൂപരിഷ്കരണ നിയമങ്ങൾ എല്ലാറ്റിനേയും മാറ്റിമറിച്ചു.

സാംസ്കാരികമേഖലകളിൽ ഏറെ നാട്യങ്ങളൊന്നുമില്ലെങ്കിലും ഏതാനും തനത് നാടൻകലകളുടെ പൈതൃകവും സിനിമാ-നാടക കലകളിൽ ഔന്നത്യവും അവകാശപ്പെടാൻ ഈ ഗ്രാമപഞ്ചായത്തിന് കഴിയും. ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ടു കിടക്കുന്ന കുമ്മാട്ടി, കണ്യാർകളി, മലമക്കളി എന്നീ കളികൾ മുന്നോക്ക വിഭാഗങ്ങളുടെ കൈപ്പിടിയിലൊതുങ്ങിയപ്പോൾ, വട്ടക്കളി, ആര്യമാലക്കളി, പൊറാട്ടുനാടകം, തോറ്റൻപാട്ട്, പുള്ളുവൻപാട്ട്, പറവാദ്യം തുടങ്ങിയവ,സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരുടെ കലാവിരുന്നുകളായി ഇന്നും തുടരുന്നു. 1952-53 കാലഘട്ടത്തിൽ 'നിധി' എന്ന മലയാളസിനിമയിൽ അഭിനയിച്ച കെ.ആർ. അറുമുഖൻ എന്ന സിനിമാതാരം ഈ പഞ്ചായത്തിൽപ്പെട്ട കൊളക്കോട് പ്രദേശത്തുള്ള ആളായിരുന്നു എന്ന കാര്യം അഭിമാനത്തോടെ സ്മരിക്കാവുന്നതാണ്. അതേപോലെതന്നെ, ചലച്ചിത്ര വിഹായസ്സിൽ ഒരു വെള്ളിനക്ഷത്രം പോലെ മിന്നിമറഞ്ഞുപോയ ഉർവ്വശി ശോഭയുടെ അമ്മയും ചലച്ചിത്രതാരവുമായിരുന്ന പ്രേമ ഈ പഞ്ചായത്തിലെ ചല്ലിപ്പറമ്പിൽ ജനിച്ചുവളർന്ന് കലാരംഗത്തേക്കുയർന്ന് വന്നതാണെന്നതും ഏറെ സന്തോഷത്തോടെ നമുക്ക് അയവിറക്കാവുന്ന, പോയ കാല ചരിത്രങ്ങളാണ്. ഇന്നലെകളുടെയും ഇന്നിന്റെയും പ്രഗത്ഭ നടനും, നാടകസംവിധായകനും, ഗായകനുമായ പൊരുവായിലെ വി. അപ്പു കുട്ടിമാസ്റ്റർ ഇന്നും നമ്മോടൊപ്പമുണ്ടെന്നതും അതിരറ്റ ആഹ്ലാദത്തോടെ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഇരുപത്തിനാല് കലാസാംസ്കാരിക സംഘടനകൾ പഞ്ചായത്തിന്റെ വിവിധ നിയോജകമണ്ഡലങ്ങളിൽ ഇപ്പോൾ നിലവിലുണ്ടെങ്കിലും അവയിൽ പതിനൊന്നെണ്ണം ഒഴിച്ച് ബാക്കിയുള്ളവ വർഷാന്തകലാപരിപാടികളിൽ ഒതുങ്ങുന്നവയാണ്. പുരോഗമനകലാസാഹിത്യസംഘം, പാലക്കാട് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ഇക്കഴിഞ്ഞ ഒക്ടോബർ മാസത്തിൽ വടക്കഞ്ചേരി സരസ്വതീവിലാസം യു.പി. സ്കൂളിൽ നടത്തിയ ചെറുകഥാ ക്യാമ്പ് ഈ രംഗത്തിന്റെ 'റിവൈവൽ' ലക്ഷ്യംവെച്ച് നടത്തിയ ഏറ്റവും ഫലപ്രദവും വിപുലമായ പങ്കാളിത്തവുമുള്ള നടപടിയായിരുന്നു.

കായികകലാരംഗത്ത് എടുത്തുപറയത്തക്ക ഏറെപേരുകളോ പ്രശസ്തിയോ ഇല്ലെങ്കിലും, ഷോട്ട്പുട്ടിൽ ജൂനിയർ നാഷനൽ താരവും കറ്റുകോട് നിവാസിയുമായ രാജേഷ്, ശരീര സൌന്ദര്യമത്സരങ്ങളിൽ ദേശീയ താരമായ കൊളക്കോട് ആർ.എൻ. പ്രദാസ്, വോളിബോളിൽ ദേശീയ താരമായ വടക്കഞ്ചേരി ഗോപീകൃഷ്ണൻ എന്നിവരുടെ പേരുകൾ എടുത്ത് പറയാം. സംസ്ഥാനതലത്തിലും യൂണിവേഴ്സിറ്റി തലത്തിലുമുള്ള താരങ്ങൾ നാല് ഡസനോളം വരും.

വിവിധ തലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഏതാനും പേർ കൂടി ഈ പഞ്ചായത്തിലുണ്ട്.

1. ചെസ്സിൽ സംസ്ഥാനതാരമായ, വടക്കഞ്ചേരി ഗ്രാമത്തിലെ രാജശ്രീ സുന്ദരം (ഇപ്പോൾ അമേരിക്കയിൽ ജോലി ചെയ്യുന്നു).
2. അദ്ധ്യാപനത്തിൽ ദേശീയ അവാർഡ് നേടിയ ആയക്കാട് മോഹനൻ മാസ്റ്റർ (ഇപ്പോൾ കണ്ണാടി ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ).
3. എം. എസ്. സി. യിൽ യൂണിവേഴ്സിറ്റി റാങ്ക് നേടിയ മുകുന്ദൻ.
4. ബി.എസ്.സി. (കെമിസ്ട്രി) യിൽ യൂണിവേഴ്സിറ്റി റാങ്ക് നേടിയ ലക്ഷ്മീബാലഗോപാൽ. (ആയക്കാട്)
5. യൂണിവേഴ്സിറ്റി റിസർച്ച് സ്കോളർ ഡോ. ലാസർ എം.എസ്.സി. (പി.എച്ച്.ഡി.)

ഇന്ന് പന്ത്രണ്ട് നിയോജകമണ്ഡലങ്ങളിലായി 37.88 ചതുരശ്രകിലോമീറ്ററിൽ പരന്ന് കിടക്കുന്ന ഈ പഞ്ചായത്ത് പ്രദേശം ഒരു സ്പെഷൽ ഗ്രേഡ് പഞ്ചാ

യത്താണ്. വടക്കഞ്ചേരി 1, വടക്കഞ്ചേരി 2, എന്നിങ്ങനെ ആലത്തൂർ താലൂക്കിൽപ്പെട്ട രണ്ട് റവന്യൂ വില്ലേജുകളും ഉൾക്കൊള്ളുന്ന പ്രദേശമാണിത്. 1, 2, 4, 6, 9, 11, 12 നിയോജകമണ്ഡലങ്ങളും പൂർണ്ണമായും മൂന്നാം നിയോജകമണ്ഡലം ഭാഗികമായും വടക്കഞ്ചേരി 1 റവന്യൂവില്ലേജിലും ബാക്കിയുള്ളവ വടക്കഞ്ചേരി 2 റവന്യൂവില്ലേജിലും ഉൾപ്പെടുന്നു. തെന്മലയുടെ അടിവാരങ്ങളിൽനിന്ന് തുടങ്ങി വീഴ് മലയുടെ താഴ്വാരങ്ങളോളം നീണ്ടുനിവർന്ന് കിടക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ ഉയർന്ന മലകളില്ല. രണ്ടറ്റത്തും മലകളുടെ കാവൽ മാത്രമേയുള്ളു - മല ദൈവങ്ങളുടേയും. ഗായത്രീപ്പുഴയോട് ചേരാൻ വേണ്ടി കുണുങ്ങിയൊഴുകുന്ന മംഗലം പുഴ പഞ്ചായത്ത് പ്രദേശത്തെ, അരഞ്ഞാണം കെട്ടിയ പോലെ രണ്ടായി വിഭജിക്കുന്നു. ഗ്രാമപഞ്ചായത്തിലെ രണ്ട് മൂന്ന് വാർഡുകളെ തഴുകിയൊഴുകുന്ന ഈ പുഴ മാത്രമാണ് കാർഷികമേഖലയിൽ ജലസേചന സൌകര്യങ്ങളുടെ പ്രധാനപ്പെട്ട ഒരേയൊരു ഉറവിടം. മംഗലം പുഴയിൽ നിർമ്മിച്ചിട്ടുള്ള മംഗലം ജലസേചന അണക്കെട്ടിന്റെ ഇടത് കനാലിലൂടെ ഒഴുകിയെത്തുന്ന ജലമാണ്,പഞ്ചായത്തിന്റെ ഭൂരിഭാഗ പ്രദേശങ്ങളെയും ഫലസമൃദ്ധി ഉറപ്പ് വരുത്തുന്നത്.

വനമേഖലയുടെ കാര്യമാണ് ഏറ്റവും പരിതാപകരം. 3788 ഹെക്ടർ ഭൂവിസ്തൃതിയുള്ള ഈ ഗ്രാമ പഞ്ചായത്തിൽ റിസർവ് വനങ്ങളില്ല. 168 ഹെക്ടർ നിക്ഷിപ്ത വന ഭൂമി മാത്രമാണുള്ളത്. വെറും 4.4 ശതമാനം മാത്രം. പ്രകൃതി സമതുലനാവസ്ഥ നില നിർത്താൻ വേണ്ടതോ, ചുരുങ്ങിയത് 30 ശതമാനവും. ഈ കുറവ് പരിഹരിക്കാനുള്ള അടിയന്തരശ്രമങ്ങൾ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉയർന്ന് വരുമെന്നത് തീർച്ച.

തുടർവിദ്യാഭ്യാസപദ്ധതിയിൽ വയോജന വിദ്യാഭ്യാസക്ലാസ്സുകളോ ജനവിദ്യാകേന്ദ്രങ്ങളോ ഒന്നും ഇടക്കാലത്ത് സജീവങ്ങളല്ല. സമ്പൂർണ്ണസാക്ഷരത നേടിയ നമ്മുടെ സംസ്ഥാനത്ത് 80.37 ശതമാനം സാക്ഷരതയും 73.89 ശതമാനം മാത്രം സ്ത്രീ സാക്ഷരതയും മാത്രം എത്തിപ്പിടിക്കാൻ കഴിഞ്ഞ ഈ ഗ്രാമപഞ്ചായത്ത് അല്പം പിറകിലാണ്. വികസന സെമിനാർ കഴിയുന്നതോടെ ഈ പിന്നോക്കാവസ്ഥ മാറ്റാനുള്ള പ്രായോഗിക നിർദ്ദേങ്ങളും നടപ്പിലാക്കാനാവും.

മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, ദീപിക, കേരളകൌമുദി, മാദ്ധ്യമം, മംഗളം, ചന്ദ്രിക, ജന്മഭൂമി, എക്സ്പ്രസ്സ് എന്നീ മലയാള പ്രഭാതദിനപത്രങ്ങളും ഹിന്ദു, ഇൻഡ്യൻ എക്സ്പ്രസ്സ് എന്നീ ഇംഗ്ലീഷ് ദിനപത്രങ്ങളും, ദിനമണി, ദിനതന്തി എന്നീ രണ്ട് തമിഴ് ദിനപത്രങ്ങളും ചിത്രദേശം, രാഷ്ട്രദീപിക എന്നീ സായാഹ്നദിനപത്രങ്ങളും പഞ്ചായത്ത് പ്രദേശത്ത് പ്രചാരത്തിലുണ്ട്. പഞ്ചായത്ത് പ്രദേശത്തിന് സ്വന്തമായ പ്രസിദ്ധീകരണം 'മീറ്റ് ദി പ്രസ്സ്' എന്ന സായാഹ്നദിനപത്രം മാത്രമാണ്. പ്രഭാതദിനപത്രങ്ങളുടെ 2500 കോപ്പികളാണ് ദിവസേന വിതരണം നടക്കുന്നത് സായാഹ്നപത്രങ്ങളുടെ 140 കോപ്പികളും, ഇംഗ്ലീഷ് പത്രങ്ങളും 50 ഉം തമിഴ് പത്രങ്ങളും 30 കോപ്പിയും മാത്രം വിതരണത്തിലുണ്ട്. മാസികകളും, വാരികകളും എന്നിവ തൊണ്ണൂറോളം വരും.

കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ

ക്രമനമ്പർ	സ്ഥാപനം	ജീവനക്കാരുടെ എണ്ണം		
		1986	1991	1996
1.	ടെലിഫോൺ എക്സ്ചേഞ്ച് വടക്കഞ്ചേരി	18		
2.	സബ്ബ് പോസ്റ്റ് ഓഫീസ്, വടക്കഞ്ചേരി	13	11	13
3.	സബ്ബ് പോസ്റ്റ് ഓഫീസ്, അഞ്ചുമൂർത്തിമംഗലം	5	5	5
4.	ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, പന്നിയങ്കര	3	4	4
5.	ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, പരുവാശ്ശേരി	4	2	2
6.	ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, ആയക്കാട്	2	2	2
7.	ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, കനക്കൻതുരുത്തി	-	-	2

സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ

ക്രമനമ്പർ	സ്ഥാപനം	ജീവനക്കാരുടെ എണ്ണം		
		1986	1991	1996
1.	വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ആഫീസ്	25	26	21
2.	വില്ലേജ് ഓഫീസ് No. I	4	4	4
3.	വില്ലേജ് ഓഫീസ് No. II	4	5	4
4.	വെറ്ററിനറി ആശുപത്രി, വടക്കഞ്ചേരി	5	4	3
5.	കനാൽ സെക്ഷൻ, വടക്കഞ്ചേരി	10	8	10
6.	ഗാന്ധി സ്മാരക നിധി സെൻറർ, മംഗലം	5	2	2
7.	പൊതുമരാമത്ത് വകുപ്പ് വക റെസ്റ്റ് ഹൌസ്, വടക്കഞ്ചേരി	1	1	2
8.	പോലീസ് സ്റ്റേഷൻ, "	33	34	37
9.	സബ്ബ് റജിസ്ട്രാർ ഓഫീസ്, "	–	7	6
10.	വി.ഇ.ഓ. വടക്കഞ്ചേരി	–	1	1
11.	ഫോറസ്റ്റ് റെയിഞ്ച് ഓഫീസ്,	–	6	5
12.	ഫയർ സ്റ്റേഷൻ,	–	–	15
13.	റബ്ബർ ബോർഡ്,	–	4	2
14.	മാവേലി സ്റ്റോർ,	–	–	2
15.	അസ്സിസ്റ്റൻറ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, മംഗലം	–	–	6
16.	സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, വടക്കഞ്ചേരി	–	–	1
17.	കൃഷി ഭവൻ, വടക്കഞ്ചേരി	–	4	4
18.	കേരള വാട്ടർ അതോറിറ്റി പമ്പ് ഹൌസ്	–	5	4
19.	ഇലക്ട്രിക്കൽ മേജർ സെക്ഷൻ, വടക്കഞ്ചേരി	39	41	31
20.	കെ.എസ്.ആർ.ടി.സി., വടക്കഞ്ചേരി	–	108	55
21.	ഗവ: ആയുർവേദാശുപത്രി	–	–	4
22.	ഗവ: ഹോമിയോ ആശുപത്രി	–	3	3

വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സർക്കാർ സ്ഥാപനങ്ങൾ



കൃഷി

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് കാർഷിക വൃത്തിക്ക് മുൻതൂക്കമുള്ള പ്രദേശമാണ്. ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്നു.

ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതോടെ ജന്മി കുടിയാൻ വ്യവസ്ഥയിൽ മാറ്റം വന്നു. കർഷകന് കൃഷിഭൂമി സ്വന്തമായി. ജലസേചനപദ്ധതികളും പുതിയ നെൽവിത്തുകളും രാസവളങ്ങളും നിലവിൽ വന്നു. ഉല്പാദനം പതിന്മടങ്ങ് വർദ്ധിച്ചു. അത് കാർഷിക വിപ്ലവത്തിന് തുടക്കം കുറിച്ചു.

1970- ന് മുൻപ് ജന്മികുടിയാൻ വ്യവസ്ഥ നില നിന്നിരുന്നു. 1957-ന് മുൻപ് ഉണ്ടായിരുന്ന മലബാർ കുടിയായ്മ നിയമം, 1957-ഏപ്രിൽ മാസത്തിൽ കേരളത്തിൽ അധികാരത്തിൽവന്ന ആദ്യത്തെ സർക്കാർ നടപ്പാക്കിയ ഒഴിപ്പിക്കൽ നിരോധനനിയമം എന്നിവയാണ് കൃഷിക്കാരെ ഭൂമിയിൽ ഉറപ്പിച്ചുനിൽക്കുന്നതിന് ഒരു പരിധിവരെ സഹായിച്ചത്. കവളപ്പാറ മൂപ്പിൽ നായർ, കണ്ണമ്പ്രനായർ വീട്ടുകാർ, പുഴയ്ക്കൽ ഇടം മുതലായവ ഭൂപ്രഭുക്കളും കൊച്ചിൻ ദേവസ്വം, മറ്റു ദേവസ്വങ്ങൾ എന്നിവയും ആയിരുന്നു ഭൂമിയുടെ ഉടമകൾ എങ്കിലും കാണാരികളായ ജന്മിമാരുടെ നേരിട്ടുള്ള കീഴിലായിരുന്നു ഭൂരിപക്ഷം കൈവശകൃഷിക്കാരും.

വളരെയധികം ബുദ്ധിമുട്ടി വിളയിക്കുന്ന നെല്ല് പാട്ടം കൊടുക്കുവാനെ തികഞ്ഞിരുന്നുള്ളൂ. പത്തും പന്ത്രണ്ടുമായിരുന്നു പാട്ടതോത്. പ്രത്യേക വലിപ്പമുള്ള പാട്ടപ്പറയുണ്ടായിരുന്നു. ഓരോ പുകലിലും വിളവെടുപ്പുകഴിഞ്ഞാൽ ഉണക്കിയനെല്ലും കാഴ്ചദ്രവ്യങ്ങളും ജന്മിക്ക് നേരിട്ട് എത്തിച്ചുകൊടുക്കുകപതിവായിരുന്നു. അതിനു താമസം വന്നാൽ ജന്മിയുടെ കാര്യസ്ഥൻ കുടിയാന്റെ വീട്ടിൽ വന്ന് കുടിയിറക്ക് ഭീഷണി മുഴക്കും. കിട്ടിയ നെല്ലുമുഴുവൻ പാട്ടത്തിനളന്നാലും പാട്ടം ബാക്കിനില്ക്കും. കുടിയാന് വൈയ്ക്കോൽ നെല്ല് മാത്രമാണ് ആശ്രയം.

ഓരോ പന്ത്രണ്ടുവർഷം കഴിയുമ്പോഴും പൊളിച്ചെഴുത്ത് പതിവായിരുന്നു. എല്ലാവർഷവും മകരകൊയ്ത്തു കഴിയുന്നതോടുകൂടി കൈവശകൃഷിക്കാരന്റെ പാട്ടതോത് വർദ്ധിപ്പിക്കുകയും ജന്മിയുടെ വരുതിയിൽ നില്ക്കാത്ത പാട്ടക്കുടിയാന്മാരെ ഒഴിപ്പിക്കുകയും ചെയ്യുന്ന സമ്പ്രദായം നിലവിൽ ഉണ്ടായിരുന്നു. ചപ്പും ചവറും പാടത്തു കൊണ്ടുപോയിട്ട് തീ കത്തിച്ച് അടുത്ത വർഷം കൃഷിചെയ്യാനുള്ള സമ്പ്രദായത്തിന് "ഉച്ചാറൽ പൂട്ടൽ" എന്നു പറയുന്നു. ഇത് ചെയ്യുന്ന കുടിയാനാണ് അടുത്ത വർഷം കൃഷിയിറക്കുവാനുള്ള അവകാശം.

വിഷുസംക്രമത്തോടെ വിഷുപക്ഷിയുടെ "വിത്തും കൈക്കോട്ടും"..... എന്ന ഉണർത്തുപാട്ട് ഉയരുന്നു. ഇതുകേട്ട് കർഷകൻ കൈക്കോട്ടും തോളിൽ വച്ച് പാടത്തേക്ക് ഇറങ്ങുന്നു. ആ വിഷുപുലരിയിൽ ചാലിട്ട് വിത്തിറക്കുന്നതോടെ കാർഷികവൃത്തിയുടെ ഒരു പുതുവർഷത്തിന് നാന്ദികുറിക്കുന്നു. കർഷകനും കർഷക തൊഴിലാളിയും ഒരുമിച്ച് തോളോടു തോളുരുമി ജോലിചെയ്യുന്നു. ചിങ്ങമാസം ആരംഭിക്കുന്നതോടുകൂടി ഒന്നാംവിള കൊയ്തെടുക്കുന്നതിന് പാകമാകുന്നു. വിളവെടുപ്പിന്റെ ആ പൊന്നോണ നാളുകളിൽ കർഷകന്റെയും കർഷകതൊഴിലാളികളുടേയും മനസ്സ് ആഹ്ലാദഭരിതമാകുന്നു. വയലേലകളിൽ നാടൻപാട്ടുകളുടെ ശീലുകൾ മുഴങ്ങുന്നു. ഓണക്കാലത്ത് ജന്മിക്ക് കൃഷിക്കാരൻ കാഴ്ചക്കുല കൊണ്ടുപോകുകയും പകരം ജന്മികുടിയാന് ഓണക്കോടിയും ഓണസദ്യയും നൽകുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. കന്നിമാസത്തിലെ കൊയ്ത്തും നടീൽ പണിയും കഴിഞ്ഞാൽ

"ചേറ്റൊടുക്കം" എന്ന ചടങ്ങിലൂടെ സദ്യയുണ്ടാക്കി കഴിക്കുന്ന സമ്പ്രദായം നിലനിന്നിരുന്നു. ഇന്ന് അതെല്ലാം ഓർമ്മകൾ മാത്രമായി അവശേഷിക്കുന്നു.

കൂലി ഇനത്തിൽ, നെല്ലും മറ്റു ധാന്യങ്ങളും നൽകിയിരുന്നു. പുരുഷന് മൂന്ന് ഇടങ്ങഴിയും സ്ത്രീക്ക് രണ്ടര ഇടങ്ങഴിയും ആയിരുന്നു കൂലി നൽകിയിരുന്നത്. നിലമുഴുതൽ ഏത്തം തേകൽ എന്നിവ പുരുഷന്മാരുടെ പ്രത്യേക ജോലിയായിരുന്നു. ഇതിന് രണ്ടിരട്ടി കൂലി നൽകിയിരുന്നു. പാടത്ത് അടിമകളെപോലെ പണി എടുക്കുന്ന കർഷകന് ഒരു തുണ്ടു ഭൂമിപോലും സ്വന്തമായി ഇല്ലായിരുന്നു.

ആചാര്യ വിനോബാഭാവയുടെ നേതൃത്വത്തിൽ ഭാരതത്തിൽ ഭൂദാനപ്രസ്ഥാനം നടന്നിരുന്ന കാലത്ത് 1957 മെയ് 25-ന് വിനോബാഭാവ അനുയായികളുമായി നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോയി. അന്ന് അവർ പാടിയ ഈരടികൾ ഇന്നും കർഷകരുടെ മനസ്സിൽ തങ്ങിനിൽക്കുന്നു.

"പാടത്തെങ്ങും പകൽ മുഴുവൻ
പാടുപെടുന്ന കൃഷിക്കാരൻ
അവനാണവനാണീ നാടിൻ
അവശതയേറും സന്താനം.
അവനെ പോറ്റാൻ ഒരുഭാഗം
കനിവോടേകുക ഭൂദാനം
മണിമാളികയിൽ മയങ്ങുമ്പോൾ
പണി ചെയ്വോരെ മറക്കല്ലെ-

ഇതുമായി ബന്ധപ്പെട്ട ചില വൻകിട ജന്മിമാർ സ്വയം മുന്നോട്ടുവന്ന് ഭൂമി ദാനം ചെയ്തു. 1970-ൽ ഭൂപരിഷ്കരണം വന്നതോടെ പഞ്ചായത്തിലെ ഒട്ടേറെ കർഷകർക്ക് ഭൂമി സ്വന്തമായി ലഭിച്ചു.

കൃഷിഭൂമിയിൽ ഭൂരിഭാഗവും മണൽ കലർന്ന പശിമരാശി മണ്ണാണ്. കുറുവായ്, പന്നിയങ്കര, മലപ്പുറം, പ്രധാനി എന്നീ പ്രദേശങ്ങൾ മലമണ്ണ് അടങ്ങിയിട്ടുള്ള കുന്നും ചരിവുകളും സമതലങ്ങളും നിറഞ്ഞതാണ്. ഈ പ്രദേശങ്ങളിൽ മോടനും, തുവരയും മിശ്രിതമായി കൃഷി ചെയ്തിരുന്നു.

തെക്കുപടിഞ്ഞാറൻ കാലവർഷത്തേയും വടക്കുകിഴക്കൻ കാലവർഷത്തേയും ആശ്രയിച്ചാണ് കൃഷി ഇറക്കിയിരുന്നത്. അക്കാലത്ത് കാലിവളവും പച്ചിലവളവും ധാരാളമായി ഉപയോഗിച്ചിരുന്നു.

കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം ഹെക്ടറിൽ

	1985	1986	1987	1988	1989	1990	1991	1992	1993	1994	1995
1. നെല്ല്	1137	1135	1134	1132	1131	1131	1129	1124	1122	1112	1100
2. തെങ്ങ്	200	240	260	310	377	381	384	385	388	391	395
3. വാഴ	45	55	60	62	65	71	74	74	75	72	70
4. പയർ	57	61	59	58	56	55	50	47	45	42	40
5. എള്ള്	38	30	27	22	19	16	15	9	7	5	5
6. കുരുമുളക്	55	60	63	65	68	69	72	74	77	78	80
7. ഫലവർഗ്ഗങ്ങൾ (കശുവണ്ടി)	47	46	45	44	39	38	36	35	33	32	30
8. മറ്റിനങ്ങൾ (മാവ്, പ്ലാവ്)	25	24	23	22	20	19	18	16	15	14	14
9. പച്ചക്കറികൾ	50	45	44	41	38	36	35	33	32	31	30
10. റബ്ബർ	311	321	333	345	370	421	425	433	440	443	450


ധാന്യവിളകൾ


താഴെപ്പറയുന്ന നെല്ലിനങ്ങളാണ് പ്രധാനമായും മുമ്പ് കൃഷിചെയ്തിരുന്നത്.
(പട്ടിക 1-1)

ഒന്നാം വിള	രണ്ടാം വിള
തവളക്കണ്ണൻ, വെളുത്തരികഴമ നവര, ചമ്പാൻ, ചീര	വൃശ്ചികപാണ്ടി, ചിറ്റേനി ചെറുമണിയൻ

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്.

• മണ്ണിന്റെ ഘടന.





ഒന്നാംവിളയ്ക്ക് കൂടിയത് പത്തുമേനിയും രണ്ടാം വിളയ്ക്ക് ആറുമേനിയും ആണ് വിളവുലഭിച്ചിരുന്നത്. ബഹുഭൂരിപക്ഷം വർഷങ്ങളിലും രണ്ടാം വിള ഉണക്കം ബാധിക്കുക പതിവായിരുന്നു. കൃഷി ഉണക്കം സംഭവിച്ചാലും പാട്ടത്തിൽ ഇളവുണ്ടായിരുന്നില്ല. ബാധ്യതകൾ മുഴുവൻ കൃഷിക്കാരൻ തന്നെ ഏറ്റെടുക്കേണ്ടിയിരുന്നു. പാട്ടം ബാക്കിയുടെ പേരിൽ കടം വന്ന് ആ കടം വീട്ടാനാകാതെ കൃഷിക്കാരിൽ പലരും വയനാട്, പീരുമേട്, നിലമ്പൂർ, കുന്നൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് രായ്ക്കു രായ്മാനം ഓടിരക്ഷപ്പെട്ടിരുന്നു.

അന്ന് നെല്ലിന് രോഗബാധ താരതമ്യേന കുറവായിരുന്നെങ്കിലും ചാഴി, പുൽപ്പോന്ത് തുടങ്ങിയ കീടങ്ങളുടെ ശല്യമുണ്ടായിരുന്നു.

1965-66 കാലഘട്ടത്തിൽ കാർഷികമേഖലയിൽ ഹരിതവിപ്ലവം വന്നതോടെ ശാസ്ത്രീയകൃഷി സമ്പ്രദായങ്ങൾ നിലവിൽവന്നു. അത്യുല്പാദനശേഷിയുള്ള വിത്തുകൾ ഉപയോഗിച്ചുതുടങ്ങിയതോടൊപ്പം രാസവളങ്ങളും കീടനാശിനികളും പ്രയോഗിച്ചുതുടങ്ങി. തന്മൂലം നെല്ലുല്പാദനം ഗണ്യമായി വർദ്ധിച്ചു. ഇങ്ങനെ ഉല്പാദനക്ഷമതയിൽ നേട്ടമുണ്ടായെങ്കിലും ചില കോട്ടങ്ങൾക്കും അതു വഴിതെളിച്ചു.

കോട്ടങ്ങൾ

അമിതവും അശാസ്ത്രീയവുമായ രാസവളപ്രയോഗവും കീടനാശിനി പ്രയോഗവും മിത്രകീടങ്ങൾ നശിക്കാൻ ഇടയാക്കി. അതിൽ ശത്രുകീടങ്ങൾ വർദ്ധിച്ചു.

വേണ്ടത്ര ജൈവാംശം മണ്ണിൽ ഉപയോഗിക്കാൻ കഴിയാത്തതും രാസവളപ്രയോഗത്തിന്റെ ആധിക്യവും മണ്ണിന്റെ ഘടനയ്ക്കും സ്വഭാവത്തിനും മാറ്റമുണ്ടാക്കി.

പഞ്ചമാസങ്ങളിൽ പറമ്പുകളിലും പള്ളിയാലുകളിലും ചാമ, കോറ എന്നിവ കൃഷിചെയ്യുവാനും, ഈ സ്ഥലങ്ങൾ മറ്റു വിളയ്ക്ക് ഉപയോഗിച്ചതോടുംകൂടി ഇവയുടെ കൃഷി തീരെ ഇല്ലാതായി.

പയറുവർഗ്ഗങ്ങൾ

പണ്ട് നെൽകൃഷിക്കുള്ള പ്രാധാന്യം തന്നെ പയറുവർഗ്ഗങ്ങൾക്കും നൽകിയിരുന്നു. പറമ്പുകളിലും പള്ളിയാലുകളിലും ഒന്നാം വിളയായി ഇല്ലിപ്പയർ, ഉഴുന്ന്, ചെറുപയർ, എന്നിവ കൃഷിചെയ്തിരുന്നു. ഒരുപൂവൽ നിലങ്ങളിൽനിന്ന് വിളയെടുപ്പിനുശേഷം മുതിര സമൃദ്ധിയായി കൃഷിചെയ്തിരുന്നു. ഒന്നാം വിളയ്ക്കുശേഷം നെൽപ്പാടങ്ങളിലെ വരമ്പുകളുടെ കേടുപാടുകൾ തീർത്ത് മുതിര, ഉഴുന്ന്, ചെറു പയർ എന്നിവ കൃഷി ചെയ്തിരുന്നു.

തുവര മോടൻ നെല്ലിനോടൊപ്പം കൃഷി ചെയ്യുന്നതു കൂടാതെ എല്ലാ വയൽവരമ്പുകളിലും ഒന്നാംവിള സമയത്ത് കൃഷിചെയ്തിരുന്നു. വരമ്പുകളിൽ പയർ ഇനങ്ങളും കൃഷിചെയ്തിരുന്നു.

തെങ്ങ്

ഈ പഞ്ചായത്തിലെ മണ്ണും കാലാവസ്ഥയും തെങ്ങുകൃഷിയ്ക്ക് അനുയോജ്യമാണ്. പണ്ടുകാലത്ത് വീട്ടുവളപ്പിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ഈ കൃഷി ഇന്ന് എല്ലായിടത്തും വ്യാപിച്ചിട്ടുണ്ട്. മിക്കതും നാടൻ ഇനങ്ങളാണ്. ഒരു തെങ്ങിൽ നിന്ന് ഒരു വർഷത്തിൽ ശരാശരി 40 മുതൽ 60 വരെ നാളികേരം ലഭിക്കും. ജലസേചനസൗകര്യവും ശാസ്ത്രീയമായ അറിവും ലഭിക്കുകയാണെങ്കിൽ വിളവ് വർദ്ധിക്കുന്നു. ഈ കൃഷി വ്യാപിപ്പിക്കാനും കഴിയും. ഏതാണ്ട് 25% തെങ്ങുകൾക്ക് മാത്രമേ ജലസേചനം നൽകാൻ കഴിയുന്നുള്ളൂ. 30% തെങ്ങുകൾക്ക് വളപ്രയോഗം നടത്തുന്നുണ്ട്. രോഗങ്ങളും കീടങ്ങളും കുറവാണ്.

റബ്ബർ

കുടിയേറ്റ കർഷകരുടെ ആഗമനത്തോടുകൂടി ഈ പഞ്ചായത്തിൽ റബ്ബർ കൃഷി വ്യാപിച്ചു. ഉദ്ദേശ്യം 450 ഹെക്റ്റർ സ്ഥലത്ത് ഇത് കൃഷിചെയ്തുവരുന്നു. പഞ്ചായത്തിലെ പരുവാശ്ശേരി, പ്രധാനി, കുറുവായ്, മലപ്പുറം എന്നീ വാർഡുകളിൽ റബ്ബർ കൃഷിയുണ്ട്. RRI, M-105 എന്നീ ഇനങ്ങളാണ് പ്രധാനമായും കൃഷിചെയ്യുന്നത്.

കുരുമുളക്

കുടിയേറ്റ കർഷകർ ഇതിനെ ഒരു പ്രധാന വിളയാക്കി മാറ്റി. ഈ കൃഷിയ്ക്ക് അനുയോജ്യമായ കാലാവസ്ഥയും മണ്ണുമാണ് ഇവിടെയുള്ളത്. കുറുവായ്, പന്നിയങ്കര, പ്രധാനി എന്നീ വാർഡുകളിൽ കുരുമുളക് കൂടുതലായി കൃഷിചെയ്തുവരുന്നു. 'കരിമുണ്ട ' ഇനമാണ് പ്രധാനമായിട്ടുള്ളത്. 'പന്നിയൂർ 1ഉം' കുറഞ്ഞ തോതിൽ കൃഷിചെയ്തുവരുന്നു. ചെറിയതോതിൽ 'ദ്രുതവാട്ടം' എന്ന രോഗം കണ്ടുവരുന്നു.

കവുങ്ങ്

ഉദ്ദേശം 10 ഹെക്റ്റർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയ്തുവരുന്നു. 'മംഗള' യാണ് പ്രധാന ഇനം. ജല സേചനസൗകര്യങ്ങളും മറ്റും സഹായങ്ങളും ലഭിക്കുകയാണെങ്കിൽ വിളവ് വർദ്ധിപ്പിക്കുവാനും കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുവാനും സാധിക്കും.

വാഴ

വീട്ടുവളപ്പിലും തോട്ടങ്ങളിലുമായി ഏതാണ്ട് 110 ഹെക്റ്റർ സ്ഥലത്ത് വാഴകൃഷിയുണ്ട്. അതിൽ 70 ഹെക്റ്റർ സ്ഥലത്ത് നേന്ത്രവാഴയും 40 ഹെക്റ്റർ സ്ഥലത്ത് നാടൻ ഇനങ്ങളുമാണുള്ളത്.

കശുമാവ്

ഉദ്ദേശം 15 ഹെക്റ്റർ സ്ഥലത്ത് കൃഷിചെയ്തുവരുന്നു. പ്രധാനമായും പന്നിയങ്കര, കുറുവായ്, പരുവാശ്ശേരി, മലപ്പുറം എന്നീ പ്രദേശങ്ങളിൽ കണ്ടുവരുന്നു. കൂടുതലും നാടൻ ഇനങ്ങളാണ്. ഈ കൃഷി കൂടുതൽ വ്യാപിപ്പിക്കേണ്ടതാണ്.

ഇഞ്ചി, കച്ചോലം, മഞ്ഞൾ

തെങ്ങുകളുടെ ഇടയിലും വീട്ടുവളപ്പിലും പള്ളിയാലുകളിലും ഇവ കൃഷിചെയ്തുവരുന്നു. ഇഞ്ചികൃഷിയെ ബാധിക്കുന്ന മൂടുചീയൽ രോഗം രൂക്ഷമായി തീരുന്നതിനാൽ കർഷകർ ഈ കൃഷിയിൽനിന്നും പിൻതിരിയുന്നു.

കിഴങ്ങുവർഗ്ഗങ്ങൾ

പണ്ടുകാലങ്ങളിൽ എല്ലാ വീട്ടുവളപ്പിലും കാച്ചിൽ (കാവത്ത്), ചെറുകിഴങ്ങ്, ചേമ്പ്, ചേന, മരച്ചീനി, ശർക്കരവള്ളി കിഴങ്ങ്, കൂർക്ക എന്നിവ കൃഷി ചെയ്തിരുന്നു. ഭക്ഷ്യാവശ്യത്തിന് ഈ ഇനങ്ങൾ പ്രധാന പങ്കുവഹിച്ചിരുന്നു. ഇന്ന് കാച്ചിൽ, ചെറുകിഴങ്ങ് എന്നിവയുടെ കൃഷി നാമമാത്രമായിത്തീർന്നിരിക്കുകയാണ്.

കുടിയേറ്റ കർഷകർ ഈ പഞ്ചായത്തിൽ വന്നതോടെ വ്യാപകമായ മരച്ചീനി കൃഷിചെയ്തുതുടങ്ങി. ഇത് ധാരാളമായി അവർ ഭക്ഷണത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഉല്പാദനത്തിൽ മിച്ചം വരുന്ന നല്ലൊരു ഭാഗം തമിഴ്നാട്ടിലെ സേലത്തുള്ള മാവുമില്ലുകളിലേക്ക് കയറ്റി അയച്ചിരുന്നു.


റബ്ബർ, കുരുമുളക്, തെങ്ങ്, കവുങ്ങ് തുടങ്ങിയ വിളകൾ കൃഷി ചെയ്യലും സേലം മാവുമില്ലുകളിൽ മരച്ചീനിക്കിഴങ്ങിന്റെ ആവശ്യക്കുറവും ഈ കൃഷിയെ നിരുത്സാഹപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഈ കൃഷി ഇപ്പോൾ ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ഈ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുന്നതായാൽ ഈ അവസ്ഥയിൽനിന്നും കർഷകരെ ഒരു പരിധിവരെ മാറ്റിയെടുക്കാൻ കഴിയും.

പച്ചക്കറികൾ

മുമ്പുകാലങ്ങളിൽ ഈ പ്രദേശത്തേക്കാവശ്യമായ പച്ചക്കറി ഇനങ്ങളിൽ മിക്കതും ഇവിടെത്തന്നെ ഉല്പാദിപ്പിച്ചിരുന്നു. നാടൻ വിത്തുകളാണ് കൃഷിക്കുപയോഗിച്ചിരുന്നത്. പറമ്പുകളും പള്ളിയാലുകളുമാണ് പ്രധാന കൃഷിയിടങ്ങൾ.

നാടൻ ഇനങ്ങൾക്ക് വിളവു കുറവായിരുന്നെങ്കിലും രോഗകീടബാധ കുറവായിരുന്നു. പുതിയ ഇനങ്ങൾ കൃഷി ചെയ്യുമ്പോൾ ഉല്പാദനം കൂടുതൽ കിട്ടുന്നുണ്ടെങ്കിലും രോഗങ്ങളും കീടങ്ങളും കൂടുതലായി ബാധിക്കുന്നുണ്ട്. കൃഷി ചെയ്യുവാനുള്ള സ്ഥലക്കുറവും രോഗകീടബാധകളും പച്ചക്കറി കൃഷിയെ പ്രതികൂലമായി ബാധിച്ചു.

പഞ്ചായത്തിലുള്ള വിവിധ വിളകളുടെ വിസ്തീർണ്ണവും ഉൽപാദനവും പട്ടിക 1-2ൽ കൊടുത്തിരിക്കുന്നു.



വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് വിള വിസ്തീർണ്ണവും ഉൽപാദനവും

(1-2) ഭൂവിനിയോഗം

വിള	വിസ്തീർണ്ണം	
നെല്ല് (1-ാം വിള)	1,100 ഹെക്ടർ	4.1ടൺ/ഹെക്ടർ
നെല്ല് (2-ാം വിള)	938.5 "	3.9 ടൺ/ഹെക്ടർ
(3-ാം വിള)	Nil	Nil
പയർ	40 "	2 ടൺ/ഹെക്ടർ
പച്ചക്കറികൾ	30 "	1.25 ടൺ/ഹെക്ടർ
തെങ്ങ്	395 "	5090 nuts/ഹെക്ടർ
വാഴ	70 "	5800 Kg./ഹെക്ടർ
മരച്ചീനി	50 "	20 ടൺ/ഹെക്ടർ
കുരുമുളക്	80 "	220 Kg./ഹെക്ടർ
കശുമാവ്	30 "	765 Kg./ഹെക്ടർ
റബ്ബർ	450 "	914 Kg./ഹെക്ടർ
കവുങ്ങ്	10 "	1,83405 nuts/ഹെക്ടർ
മറ്റിനങ്ങൾ	Nil	Nil

ഈ പഞ്ചായത്തിലേക്ക് ദിവസേന ആവശ്യമുള്ള രണ്ടു ടണ്ണോളം പച്ചക്കറികൾ അയൽ സംസ്ഥാനത്തിലെ പൊള്ളാച്ചിയിൽനിന്നുമാണ് കൊണ്ടു വരുന്നത്. ഈയിനത്തിൽ കാൽലക്ഷം രൂപയോളം പഞ്ചായത്തിനു നഷ്ടമാകുന്നു. ഇത് പരിഹരിക്കാനായി പച്ചക്കറികൃഷി വേണ്ടത്ര പ്രോത്സാഹിപ്പിക്കേണ്ടതാണ്. ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

നിർദ്ദേശങ്ങൾ


1) തക്കസമയത്ത് കർഷകർക്ക് വേണ്ടത്ര വിത്തുകൾ ലഭിക്കണം. ഇതിന് ഓരോ വാർഡിലും ഒന്നു രണ്ടു സ്ഥലങ്ങളിൽ വിത്തുകൾ വിതരണം ചെയ്യണം. സന്നദ്ധസംഘടനകളെ ഇതിനായി ബന്ധപ്പെടുത്തേണ്ടതാണ്.
2) സന്നദ്ധസംഘടനകൾ വഴി കർഷകർക്ക് വിത്തു വിതരണം ചെയ്യുകയും പകരം 'വിത്തിരട്ടി' അടിസ്ഥാനത്തിൽ കർഷകരിൽ നിന്ന് വിത്ത് തിരിച്ചുവാങ്ങുകയും വേണം. ഇങ്ങനെ ശേഖരിക്കുന്ന വിത്ത് അടുത്ത വിളക്ക് വിതരണം ചെയ്യാവുന്നതാണ്.
3) എല്ലാ വീടുകളിലും 'അടുക്കളത്തോട്ടം (പച്ചക്കറിത്തോട്ടം)' ഉണ്ടാക്കാനുള്ള പ്രോത്സാഹനം നൽകുക.
4) എല്ലാ വാർഡുകളിലും മാതൃകാ പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുക.
5) നെൽവയലുകളിൽ മൂന്നാം വിളയായി പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.
6) വിദ്യാർത്ഥികൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനവും പരിശീലനവും നൽകേണ്ടതാണ്.
7) വനിതകൾക്കിടയിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട പരിശീലനങ്ങൾ നൽകേണ്ടതാണ്.
8) പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് സമ്മാനങ്ങൾ ഏർപ്പെടുത്തണം.
9) വടക്കഞ്ചേരി ടൗണിൽ സഹകരണ അടിസ്ഥാനത്തിൽ പച്ചക്കറി ന്യായവിലഷാപ്പ് ആരംഭിക്കുക.
10) കുറഞ്ഞത് പത്തു സെൻറ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാൻ താല്പര്യം കാണിക്കുന്ന കർഷകർക്ക് ബാങ്ക് വായ്പ അനുവദിക്കേണ്ടതാണ്.
11) വായ്പ, വിത്ത്, വളം എന്നിവ ലഭിക്കുന്നതിന് കൃഷിവകുപ്പിൻെറ സഹായം ലഭിക്കേണ്ടതാണ്.
12) പച്ചക്കറികൃഷിക്ക് അനുയോജ്യമായ ജല സേചനസൗകര്യം കൂടി ലഭ്യമാക്കണം.

ഔഷധസസ്യ കൃഷി

ഈ പഞ്ചായത്തിൽ കുറുവായ്, പന്നിയങ്കര, പ്രധാനി, മലപ്പുറം എന്നീ വാർഡുകൾ ഔഷധ

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്.

ഭൂവിനിയോഗം




ഓരോ വാർഡിലെയും വിളയുടെ പ്രാധാന്യമനുസരിച്ച് ക്രമനമ്പർ കൊടുത്തിരിക്കുന്നു.

- നെല്ല്
- തെങ്ങ്
- റബ്ബർ
- വാഴ
- കമുക്
- കുരുമുളക്

കെട്ടിടങ്ങൾ

- സഹകരണ പാൽ വിപണന സംഘം
- R റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി.
- വാച്ച കിടനാരിനി വിൽപന കേന്ദ്രം.



സസ്യകൃഷിക്ക് യോജിച്ച സ്ഥലങ്ങളാണ്. ഈ പ്രദേശങ്ങൾക്ക് അനുയോജ്യമായതും വിപണനസാദ്ധ്യത കൂടുതലുള്ളതുമായ ഔഷധസസ്യങ്ങളുടെ കൃഷി പ്രചരിപ്പിക്കേണ്ടതാണ്. ഇവിടെനിന്നും ശേഖരിക്കുന്ന പച്ചമരുന്നു ചെടികൾ തൃശൂരിലാണ് വിപണനം നടത്തുന്നത്. അത് ഇവിടെത്തന്നെ വിലയ്ക്കെടുക്കുവാനുള്ള ഒരു സ്ഥാപനം ഉണ്ടാവേണ്ടതാണ്.

കൂൺകൃഷി

കുറഞ്ഞ ചെലവിൽ കർഷകർക്ക് സ്വന്തം വീടുകളിൽ വെച്ചുതന്നെ ചെയ്യാവുന്ന ഒന്നാണ് കൂൺ കൃഷി. വേണ്ടത്ര പ്രോത്സാഹനവും പരിശീലനവും നൽകുന്ന പക്ഷം ഈ കൃഷി ഇവിടെ വ്യാപകമാക്കാവുന്നതാണ്.

കാർഷികമേഖലയുടെ വികസനത്തിൽ ഗ്രൂപ്പ് ഫാമിംഗിനുള്ള പങ്ക്


. 1987-ലാണ് ഗ്രൂപ്പ് ഫാമിംഗ് സമിതികൾ നിലവിൽ വന്നത്. ഭൂപ്രകൃതി അനുസരിച്ച് ഒന്നായി കിടക്കുന്ന പാടശേഖരങ്ങളെ യോജിപ്പിച്ച് ഏകീകൃതമായ രീതിയിൽ കൃഷിചെയ്യാൻ കർഷകരെ സഹായിക്കുകയും അതിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുകയുമാണ് ഇവയുടെ ലക്ഷ്യം.

ഇപ്രകാരം പ്രവർത്തിക്കുന്ന പതിനേഴ് നെല്ലുല്പാദക പാടശേഖരസമിതികൾ നിലവിലുണ്ട്. (പട്ടിക 1-3 കാണുക)

പട്ടിക 1-3

വടക്കഞ്ചേരി കൃഷിഭവൻ പാടശേഖര നെല്ലുൽപാദക സംഘങ്ങൾ

നമ്പർ	സമിതിയുടെ പേര്	വിസ്തീർണ്ണം /ഹെക്ടർ	കർഷകരുടെ എണ്ണം	പ്രസിഡണ്ട് /സെക്രട്ടറി
1	അണക്കപ്പാറ പാടശേഖര നെല്ലുൽപാദക സമിതി	116.12	180	ശ്രീ. പി. അപ്പു
2	പന്നിയങ്കര	110.98	108	" വി. കൃഷ്ണകുമാർ
3	ആയക്കാട്	79.31	148	" പി. സുദേവൻ
4	വടക്കേത്തറ	72.68	113	" വി. രാജൻ
5	പരുവാശ്ശേരി	69.78	164	" എ. മധുസൂദനൻ
6	ചെന്നക്കപ്പാടം	51	124	" വിജയ് എൻ. മേനോൻ
7	മാണിക്കപ്പാടം	49.50	71	" സുകുമാരൻ
8	മണ്ണാമ്പറമ്പ്	47.70	100	" ടി.വി. തോമസ്
9	അഞ്ചുമൂർത്തി	45.26	77	" ടി. കേശവൻ
10	വടക്കഞ്ചേരി	40.54	51	" പി.കെ ബാലൻ
11	വാക്കോട്-ചന്തപ്പുര	40.24	86	'' സിയാവുദീൻ
12	വള്ളിയോട്	40.23	63	" എം. സേതു
13	പല്ലാറോഡ്	30.72	42	" സി. മോഹനൻ
14	കറ്റുകോട്	18.10	29	" അബ്ദുൾകരിം
15	കുറുവായ്	16.60	36	" ഉണ്ണികൃഷ്ണൻ
16	തെക്കേത്തറ	16.07	27	" പ്രഭാകരൻ മാസ്റ്റർ
17	വിലങ്ങൂർ	14.30	47	" കെ.സി. രാജു
		859.13	1466	



നെല്ലുല്പാദനവുമായി ബന്ധപ്പെട്ട ജല സേചനം, നിലം ഉഴൽ, രാസവളപ്രയോഗം, കീട രോഗനിയന്ത്രണം തുടങ്ങിയ കാർഷികപ്രവർത്ത നങ്ങളെ ഏകോപിപ്പിച്ച് നടത്തുകയാണ് ഈ സമിതി കൾ ചെയ്യേണ്ടത്. ഈ മേഖലയുമായി ബന്ധപ്പെട്ട സ്കീമുകൾ മിക്കവയും പാടശേഖര സമിതികൾ വഴിയാണ് കൃഷിവകുപ്പ് നടപ്പിലാക്കുന്നത്.

ഇങ്ങനെയൊക്കെയാണെങ്കിലും ഈ സമിതി കൾ വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല. അതു കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യത്തിലെത്താൻ കഴിയുന്നില്ല.

പാടശേഖര സമിതികളുടെ പ്രവർത്തനം സജീ വമാക്കി കർഷകർക്ക് കൂടുതൽ ഗുണകരമാക്കാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്ന താണ്.

1) പാടശേഖര സമിതികളുടെ ജനറൽ ബോഡി യോഗം എല്ലാ അംഗങ്ങളെയും, വാർഡ് മെമ്പ റെയും, പഞ്ചായത്തു പ്രസിഡണ്ട് കൃഷിവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ക്കൊണ്ട് കാലാകാലങ്ങളിൽ വിളിച്ചുകൂട്ടേ ണ്ടതാണ്.
2) ജനറൽ ബോഡിയോഗത്തിൽ വെച്ച് വരവു ചെലവു കണക്ക് അവതരിപ്പിക്കുകയും, വിവിധ ആനുകൂല്യങ്ങൾ കൈപറ്റുന്ന കർഷകരുടെ പേരുവിവരം വെളിപ്പെടുത്തുകയും വേണം.
3) ആവശ്യമെങ്കിൽ തെരഞ്ഞെടുപ്പ് നടത്തണം.
4) പാടശേഖര സമിതി ഭാരവാഹികളുടെ യോഗം മാസത്തിലൊരിക്കൽ കൃഷിഭവനിൽ വിളിച്ചു കൂട്ടുകയും അതിൽ പഞ്ചായത്തിലെ ജനപ്രതി നിധികളെ പങ്കെടുപ്പിക്കുകയും ചെയ്യണം.
5) സമിതിയിലേക്കുള്ള പ്രവർത്തനഫണ്ട് ജനറൽ ബോഡി ചേർന്ന് ഒരു നിശ്ചിത ശതമാനം പിരിക്കുവാനായി തീരുമാനമെടുക്കണം.
6) പാടശേഖര സമിതികളുടെ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള ബോധവൽക്കരണ ക്ലാ സ്സുകൾ നടത്തണം.
7) എല്ലാ പണമിടപാടുകൾക്കും കൃത്യമായ രേഖ കൾ സൂക്ഷിക്കുകയും അവ വർഷത്തിൽ ഒരി ക്കലെങ്കിലും ഓഡിറ്റ് നടത്തുകയും ചെയ്യണം.

കാർഷികബന്ധം

കർഷകനും കർഷകത്തൊഴിലാളിയും ഒറ്റ ക്കെട്ടായി പ്രവർത്തിച്ചാൽ മാത്രമേ കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്താൻ കഴിയുകയുള്ളൂ. ഈ പഞ്ചായത്തിൽ 1100 നാമമാത്ര കർഷകരും, 1400 ചെറുകിട കർഷകരും, 750 വൻകിട കർഷകരുമുണ്ട്. ഇവരിൽ എഴുപതു ശതമാനത്തോളം കർഷകർ കാർ ഷിക മുറകൾ ഏറെക്കുറെ സ്വയം ചെയ്യുന്നവരാണ്.

ഈ മേഖലയിലെ 90% വരുന്ന കർഷകത്തൊഴി ലാളികളിൽ ഭൂരിഭാഗവും പരമ്പരാഗതമായി കൃഷി ത്തൊഴിൽ സ്വീകരിച്ചവരാണ്. കൃഷിത്തൊഴിൽ ഇന്ന് അന്തസ്സില്ലാത്ത ഒരു ജോലിയായി തോന്നുന്നതു കൊണ്ടും വിദ്യാഭ്യാസം സിദ്ധിച്ചവർ ഏറെക്കുറെ സർ ക്കാർ ജോലി മാത്രം ആഗ്രഹിക്കുന്നതുകൊണ്ടും, കൃ ഷിയിൽ നിന്നുള്ള ആദായം കുറഞ്ഞതുകൊണ്ടും ഈ മേഖലയിലേക്ക് കടന്നുവരാൻ വൈമുഖ്യം പ്രകടിപ്പി ക്കുന്നു.

കാർഷികമേഖലയിലെ കൂലിനിരക്ക്

കർഷകത്തൊഴിലാളികൾക്കു നൽകുന്ന കൂലി നിരക്ക് മറ്റു മേഖലകളെ അപേക്ഷിച്ച് കുറവാണ്.

പട്ടിക 1-4

കാർഷികമേഖലയിലെ കൂലിനിരക്ക്

	കൂലിനിരക്ക് (രൂപ)	
	ആൺ	പെൺ
ഉഴവ്	70 രൂപ	-
കിളയ്ക്കൽ	70 "	-
ഞാറു നടൽ	-	35 രൂപ
കളപറി	-	35 രൂപ
കൊയ്ത്ത്/മെതി	1/, പതമ്പ്	1/, പതമ്പ്
തേങ്ങ ഇടൽ	തെങ്ങിന് 3 രൂപ	-
റബ്ബർ വെട്ട്	100 തൈയ്ക്ക് 20 രൂപ	-
കീടനാശിനി തളിയ്ക്കൽ	100 രൂപ	-

പട്ടിക 1-4 a

ഭൂപരിധിയും കർഷകകുടുംബങ്ങളും

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	ശതമാനം
1	0.5 ഹെക്ടറിൽ താഴെ	2113	35.04
2	0.5 മുതൽ 1 ഹെക്ടർ വരെ	2317	38.43
3	ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനുമിടയിൽ	1335	22.14
4	രണ്ടു ഹെക്ടറിനു മുകളിൽ	149	2.47
5	ഭൂരഹിതർ	116	1.92
	ആകെ	6030	-

വളപ്രയോഗം

ഇന്ന് ജൈവവളം, കാലിവളം എന്നിവയുടെ പ്രയോഗം വളരെ കുറഞ്ഞിരിക്കുന്നു. വിളവ് വർദ്ധിപ്പിക്കാൻ അമിതമായ തോതിൽ രാസവളവും, കീടനാശിനിയും പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ രാസവളം കീടനാശിനി - എന്നിവയുടെ വിപണന കേന്ദ്രങ്ങളുടെ പട്ടിക പരിശോധിച്ചാൽ ഇത് വ്യക്തമാകുന്നതാണ്. (പട്ടിക 1-5 ശ്രദ്ധിക്കുക)

കാർഷിക ഉപകരണങ്ങൾ

പഴയ കാലത്ത് നാടൻ കലപ്പ, ഞവുരി, ചവിട്ടു മരം, പനയേരി (പനവരി), കട്ടമുട്ടി എന്നിവ ഉപയോഗിച്ചിരുന്നു. കന്നുകാലികളെ ഉപയോഗിച്ചാണ് ഇവ പ്രവർത്തിപ്പിച്ചിരുന്നത്. മേച്ചിൽ സ്ഥലങ്ങളും, കാട്ടു പ്രദേശങ്ങളും കൃഷിയ്ക്ക് ഉപയോഗിച്ചു തുടങ്ങിയതോടെ കർഷകർ കന്നുകാലികളുടെ എണ്ണം കുറച്ചു തുടങ്ങി. ട്രാക്ടർ, പവർ ട്രില്ലർ മുതലായ ആധുനിക യന്ത്രങ്ങൾ ഉപയോഗിക്കുന്നത് കർഷകർക്ക് ലാഭകരമായി തീർന്നതും കന്നുകാലികളെ പരിപാലിക്കുന്നതിനുള്ള ചെലവ് വർദ്ധിച്ചുവന്നതും കർഷകർ കന്നുകാലികളുടെ എണ്ണം കുറച്ചതിനുള്ള മറ്റു കാരണങ്ങളാണ്. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം കാർഷിക ഉപകരണങ്ങൾ ഉപയോഗിക്കാൻ പ്രേരിപ്പിച്ചുവരുന്നു.

പഞ്ചായത്തിലെ കാർഷിക ഉപകരണങ്ങളുടെ പട്ടിക ഇത് വ്യക്തമാക്കുന്നു.

നടീൽ വസ്തുക്കളുടെ വിതരണം

പണ്ടുകാലങ്ങളിൽ നടീൽ വസ്തുക്കൾ കർഷകർ തന്നെ സ്വന്തമായി ഉല്പാദിപ്പിച്ച് നടുന്ന രീതിയായിരുന്നു ഉണ്ടായിരുന്നത്. ശാസ്ത്രീയമായി വിത്തു ശേഖരിക്കുകയോ, തൈകൾ ഉല്പാദിപ്പിക്കുകയോ ചെയ്തിരുന്നില്ല. തൈകൾ നട്ട് അവ കായ്ക്കാൻ തുടങ്ങുമ്പോഴാണ് അവയുടെ മോശമായ ഉല്പാദനക്ഷമതയെപ്പറ്റി മനസ്സിലാക്കുന്നത്. അതുകൊണ്ട് കർഷകർ ശാസ്ത്രീയമായി ഉല്പാദിപ്പിച്ച തൈകൾ നടാൻ ആഗ്രഹിക്കുന്നു. പക്ഷേ ഈ പഞ്ചായത്തിന് ആവശ്യമായ നടീൽ വസ്തുക്കൾ മുഴുവനും ലഭിക്കുന്നില്ല.


പട്ടിക 1 - 6

കാർഷികോപകരണങ്ങൾ

ഉഴവുപകരണങ്ങൾ (എണ്ണം)			മരുന്നുതളി ഉപകരണങ്ങൾ (എണ്ണം)			മെതിയന്ത്രം (എണ്ണം)	തെങ്ങുകയറ്റയന്ത്രം (എണ്ണം)	പോർട്ടബിൾ പമ്പ്സെറ്റ് (എണ്ണം)
ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്കർ സ്പ്രേയർ	നാപ്സാക്ക് സ്പ്രേയർ	പവർ സ്പ്രേയർ			
15	5	40	20	110	5	ഇല്ല	2	50

പട്ടിക 1-5
രാസവള കീടനാശിനി വിപണനം

സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
	രാസവളം കി.ഗ്രാം.	കീടനാശിനി ദ്രവം	ഖരം	രാസവളം കി.ഗ്രാം.	കീടനാശിനി ദ്രവം	ഖരം	രാസവളം കി.ഗ്രാം.	കീടനാശിനി ദ്രവം	ഖരം
സഹകരണം									
1. വടക്കഞ്ചേരി കോ. ഓപ്പറേറ്റിവ് സർവ്വീസ് ബാങ്ക്	260.4 മെ.ടൺ	-	-	285.6 മെ.ടൺ	-	-	301.75 മെ.ടൺ	-	-
2. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി, വടക്കഞ്ചേരി	37 മെ.ടൺ	-	-	28.8 മെ.ടൺ	-	-	33 മെ.ടൺ	-	-
സ്വകാര്യം									
1. ഓലിയപ്പുറം, വടക്കഞ്ചേരി	68 മെ.ടൺ	-	-	73.5 മെ.ടൺ	-	-	80.15 മെ.ടൺ	-	-
2. കർഷക ഏജൻസി, വടക്കഞ്ചേരി	-	1600 Kg.	-	-	1960 Kg.	-	-	2430 Kg.	-
3. പ്രഭാകരൻ ഏജൻസീസ്, മംഗലം	14 മെ.ടൺ	-	-	10.7 മെ.ടൺ	-	-	17 മെ.ടൺ	-	-
4. കൃഷി ഏജൻസീസ്, വടക്കഞ്ചേരി	-	1280 Kg	35 Kg	-	1300 Kg	44 Kg	-	1500 Kg	50 Kg
5. സ്വാമീസ് ഏജൻസീസ്, വടക്കഞ്ചേരി	-	1720 Kg	85 Kg	-	1400 Kg	40 Kg	-	1850 Kg	65 Kg



പട്ടിക 1-7

ഇനം	എണ്ണം		
	1993-'94	1994-'95	1995-'96
തെങ്ങ്	126	509	580
കശുമാവ്	320	ഇല്ല	ഇല്ല
കുരുമുളക്	ഇല്ല	ഇല്ല	8500
കവുങ്ങ്	"	"	540
മാവ്	105	32	ഇല്ല
മാതളം	4	ഇല്ല	ഇല്ല
ചെറി	4	"	15
നെല്ലി	22	"	690
ഞാവൽ	22	"	ഇല്ല
പ്ലാവ്	ഇല്ല	16	"
വാഴ	"	1000	ഇല്ല
ഗ്രാമ്പൂ	"	ഇല്ല	100

കഴിഞ്ഞ മൂന്നു വർഷങ്ങളിലായി പഞ്ചായത്തിൽ കൃഷിവകുപ്പ് വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ പട്ടിക താഴെ ചേർക്കുന്നു.

പ്രകൃതിക്ഷോഭം

വരൾച്ച, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിക്ഷോഭം മൂലം ഓരോ വർഷവും ഈ പഞ്ചായത്തിൽ നാശനഷ്ടങ്ങൾ സംഭവിക്കാറുണ്ട്. അപ്രതീക്ഷിതമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ നഷ്ടം കർഷകരെ സാമ്പത്തികമായി തളർത്തുന്നു. ഇതിന് ആശ്വാസമായി വേണ്ടത്ര നഷ്ടപരിഹാരം കർഷകർക്ക് നൽകേണ്ടതാണ്. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാരം വളരെ കുറവാണ്. കഴിഞ്ഞ മൂന്നു വർഷത്തെ ദുരിതാശ്വാസ വിതരണ പട്ടിക ഇത് വ്യക്തമാക്കുന്നു.

ജലസേചനം

പരമ്പരാഗതമായി സ്വകാരവ്യക്തികളുടെ കുളത്തിൽനിന്നും കുഴികളിൽനിന്നും തേക്കുകൊട്ട ഉപയോഗിച്ചും ഏത്തം തേകിയും ജലസേചനം നടത്തി

പട്ടിക 1-8

ദുരിതാശ്വാസ വിതരണം

വർഷം	പ്രകൃതിക്ഷോഭം ബാധിച്ച പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)		ധനസഹായം ലഭിച്ച വരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ളപ്പൊക്കം	വരൾച്ച/കൊടുങ്കാറ്റ് ഉരുൾപൊട്ടൽ		
1993-'94	ഇല്ല	ഇല്ല	ഇല്ല	ഇല്ല
1994-'95	4.54 ഹെക്ടർ	ഇല്ല	17	3382/-
1995-'96	90 ഹെക്ടർ	ഇല്ല	156	7200 kg നെൽവിത്ത്

വന്നിരുന്നു. എന്നിരുന്നാലും മഴയെ ആശ്രയിച്ചാണ് മുഖ്യമായും അന്ന് കൃഷി ചെയ്തിരുന്നത്. മംഗലം ഡാം, പോത്തുണ്ടി ഡാം എന്നീ ജലസംഭരണികളിൽനിന്ന് നെൽകൃഷിക്കാവശ്യമായ വെള്ളം കിട്ടിത്തുടങ്ങിയതോടെ പഴയ കുളങ്ങളും കുഴികളും കർഷകർ ശ്രദ്ധിക്കാതായി. തന്മൂലം അവ മണ്ണടിഞ്ഞ് തൂർന്നുപോയി. ഇവയിൽ പലതിലും ജലസംഭരണശേഷി തീരെ ഇല്ലെന്നുതന്നെ പറയാം. ഈ കുളങ്ങളും കുഴികളും നന്നാക്കി കാർഷിക ജലസേചനത്തിന് ഉപയോഗിക്കാവുന്നതാണ്.

മഴക്കാലത്ത് പാടങ്ങളിലുള്ള ചെറുതോടുകളിൽക്കൂടി വെള്ളം കവിഞ്ഞൊഴുകി നഷ്ടപ്പെടുന്നുണ്ട്. ഇത് നെൽപാടങ്ങൾക്ക് ഭീഷണിയായി തീരുന്നു. ഇത്തരം തോടുകളിൽ ചെക്ക് ഡാം നിർമ്മിച്ച് വേനൽക്കാലത്ത് ഉപയോഗപ്രദമാക്കാവുന്നതാണ്. കൂടാതെ മൂന്നാം വിളയായി പയറുവർഗ്ഗങ്ങളും പച്ചക്കറികളും കൃഷിചെയ്യുന്നതിന് ഇത് സഹായിക്കുകയും ചെയ്യും.

മംഗലം, പോത്തുണ്ടി എന്നീ ഡാമുകളിലെ വെള്ളം ഉപയോഗിച്ച് പഞ്ചായത്തിൽ ഏതാണ്ട് ആയിരം ഹെക്ടർ നെൽക്കൃഷിയ്ക്ക് ജലസേചനം നടത്തിവരുന്നു. കൂടാതെ നിലവിലുള്ള മറ്റു ജലസേചന സൗകര്യങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 1-9

ജലസേചന സംവിധാനങ്ങൾ

പുഴ	തോട്	നീർച്ചാൽ	ഉറവ	ക്രോസ് ബാർ	കുളം		കിണർ		കുഴൽക്കിണർ	
					ആകെ	ഉപയോഗിക്കുന്നത്	ആകെ	ഉപയോഗിക്കുന്നത്	ആകെ	ഉപയോഗിക്കുന്നത്
1	2	1	1	2	103	5	1175	5	165	7

പട്ടിക 1-10

പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികൾ

പദ്ധതിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണ്ണം	മറ്റു വിവരങ്ങൾ
മംഗലം പുഴയിൽ പാലത്തിനു സമീപം ചെക്ക് ഡാം	1993-'94	1994	4 ലക്ഷം രൂപ	200 ഏക്കർ	300കുടുംബങ്ങൾക്കും ശബരിമല തീർത്ഥാടകർക്കും കുളിക്കുവാനുള്ള സൗകര്യം ജലസേചനത്തിനുള്ള സൗകര്യം
പുലിക്കോട്ടുകുളം	1970	1970	-	19.5 ഏക്കർ	ജലസേചനം
ചേർക്കുളം പുനരുദ്ധാരണം (വരൾച്ചാദുരിതാശ്വാസപദ്ധതി)	1994 ജലനിധി സ്കീം	1995	2,40,000/- രൂപ	10 എക്കർ	ടൗണിലെ കച്ചവടക്കാർക്കും, ജനങ്ങൾക്കും യാത്രക്കാർക്കും സൗകര്യം. ജലസേചന സൗകര്യം
പരണ്ടാംകുളം പുനരുദ്ധാരണം (വരൾച്ചാദുരിതാശ്വാസപദ്ധതി	1994	1995	1,85,000/- രൂപ	-	പൊതുജനസൗകര്യം
വെലങ്ങൂർ കുളം	1989-'90	1990	45000/-	60 ഏക്കർ	ജലസേചനം


മണ്ണുസംരക്ഷണം

വനനശീകരണം, മരച്ചീനികൃഷി മറ്റ് അശാസ്ത്രീയമായ കൃഷിരീതികൾ എന്നിവ മണ്ണൊലിപ്പിന് കാരണമായിത്തീരുന്നു. മണ്ണൊലിപ്പുമൂലം വളക്കൂറുള്ള മേൽമണ്ണ് ഇളകിപ്പോയി മണ്ണിന്റെ ഫലപുഷ്ടി നശിക്കുന്നു. പഞ്ചായത്തിലെ നാലിൽ ഒരുഭാഗം പ്രദേശങ്ങളിലെ മണ്ണ് ഇപ്രകാരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ആവശ്യമായ പ്രദേശങ്ങളിലെല്ലാം കോൺടൂർ ബണ്ടുകൾ നിർമ്മിച്ച് മണ്ണൊലിപ്പ് നിയന്ത്രിക്കാവുന്നതാണ്.

പട്ടിക 1-11

മണ്ണുസംരക്ഷണപദ്ധതി


ക്രമനമ്പർ	പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക ഘടകപദ്ധതി	പദ്ധതി പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)	നീർച്ചാലുകളുടെ എണ്ണം	അടങ്കൽ തുക (രൂപ)	മൊത്ത ഗുണഭോക്താക്കൾ	പദ്ധതി ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	സംരക്ഷിക്കപ്പെട്ട കൃഷിഭൂമിയുടെ വിസ്തീർണ്ണം	ചിലവായ തുക	പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം
1.	കൂമങ്കാട് ഹരിജൻ കോളനി	5.25	ഇല്ല	1,14,000/-	28	16/9/1985	31-3-1989	5.25	72,253/-	28
2.	ചെക്കിണി ഹരിജൻ കോളനി	2.48	ഇല്ല	40,200/-	24	11-2-1994	21-3-1994	1.50	24,807/-	24
3.	മൂച്ചിക്കൽ കുളമ്പ് നമ്പർ 689	95.70	ഇല്ല	2,81,000/-	26	20-8-1991	Dropped	0.70	5,577/-	26
4	ഒറക്കുന്നംകാട് ഹരിജൻ കോളനി	7.317	ഇല്ല	2,50,000/-	122	30-12-1995	Ongoing	3.20	1,71,632/-	122



പട്ടിക 1-12

കാർഷികരംഗം - ഒരു പുനരവലോകനം

വാർഡിന്റെ പേര്	മൺതരം	പ്രധാന വിള	മറ്റു വിളകൾ	ജലസേചനമാർഗ്ഗം	ജലസേചന യുക്തമാക്കാവുന്ന ജലസംഭരണികൾ
1. ഗ്രാമം	1. ചരൽ 2. മണൽ കലർന്ന പശിമ രാശി മണ്ണ്	1. നെല്ല് 2. തെങ്ങ് 3. വാഴ	1. മാവ് 2. പ്ലാവ്	മംഗലം ഡാം	ഗ്രാമക്കുളം
2. ചന്തപ്പുര	1. ചരൽ 2. മണൽ കലർന്ന പശിമ രാശി മണ്ണ്	1. നെല്ല് 2. തെങ്ങ് 3. വാഴ	1. പ്ലാവ് 2. മാവ് 3. വാളൻപുളി	മംഗലം പുഴ ലിഫ്റ്റ്	കുന്നശ്ശേരിക്കുളം
3. വടക്കഞ്ചേരി	1. ചരൽ 2. മണൽ കലർന്ന പശിമ രാശി	1. നെല്ല് 2. തെങ്ങ് 3. വാഴ 4. റബ്ബർ	1. പ്ലാവ് 2. മാവ്	മംഗലം ഡാം	
4. പള്ളിക്കാട്	1. ചരൽ 2. മണൽ കലർന്ന പശിമ രാശി	1. നെല്ല് 2. തെങ്ങ് 3. റബ്ബർ	പ്ലാവ്, മാവ് കശുമാവ് മരച്ചീനി, ചേമ്പ് ചേന	മഴയെ മാത്രം ആശ്രയിച്ച്	പള്ളിയാർക്കുളം ശിവക്ഷേത്രം അമ്പലക്കുളം
5. പരുവാശ്ശേരി	1. ചരൽ 2. മണൽ കലർന്ന പശിമ രാശി	1. നെല്ല് 2. തെങ്ങ് 3. വാഴ 4. റബ്ബർ	പ്ലാവ്, മാവ് വാളൻപുളി മരച്ചീനി	മഴയെ ആശ്രയിച്ച്	വലിയകുളം പരണ്ടാംകുളം ഉണ്ണാക്കൻ കുളം ചല്ലിപ്പറമ്പുകുളം
6. ആയക്കാട്	1. ചരൽ 2. മണൽ കലർന്ന പശിമ രാശി	1. നെല്ല് 2. തെങ്ങ് 3. കമുക് 4. വാഴ	മാവ്, പ്ലാവ് കശുമാവ് വാളൻപുളി മരച്ചീനി, ചേന, ചേമ്പ്	മംഗലം ഡാം	പാറക്കുളം, കണ്ണാർകുളം ഗ്രാമത്തിലെ ചണ്ടികുളം ആടൻചേരിക്കുളം സൂര്യപ്പാട്ടുകുളം
7. മംഗലം	1. ചരൽ 2. മണൽ കലർന്ന പശിമ രാശി	1. നെല്ല് 2. തെങ്ങ് 3. വാഴ 4. റബ്ബർ	മാവ്, പ്ലാവ് റബ്ബർ	മംഗലം ഡാം	കരുവപ്പാടം കുളം നായരങ്ങാടിക്കുളം ക്ഷേത്രക്കുളം




8. വടക്കേത്തറ	1. ചരൽ 2. മണൽ കലർന്ന പശിമ രാശി	1. നെല്ല് 2. തെങ്ങ് 3.വാഴ 4. റബ്ബർ	റബ്ബർ മാവ് പ്ലാവ്	മംഗലം ഡാം	വടക്കേ ഗ്രാമക്കുളം തെക്കേ ഗ്രാമക്കുളം ചെന്നക്കാൻ പാടംകുളം
9. കുറുവായ്	1. വനമണ്ണ് 2. ചുവന്ന പശയുള്ള മണ്ണ്	1. റബ്ബർ 2. തെങ്ങ് 3. കമുക് 4. കുരുമുളക്	വാഴ, നെല്ല് കശുമാവ് മാവ്, പ്ലാവ്	മഴയെ ആശ്രയിച്ച്	നാകേലൻ കുളം
10. മലപ്പുറം	മണൽ കലർന്ന പശിമരാശി യുള്ള മണ്ണ്	1. നെല്ല് 2. റബ്ബർ 3. തെങ്ങ് 4. വാഴ	കുരുമുളക് വാഴ കമുക്	പോത്തുണ്ടി ഡാം	അഞ്ചുമൂർത്തിക്കുളം വലിയകുളം പുത്തൻകുളം, പരപ്പൻ കുളം, പ്ലാച്ചിക്കുളം
11. പ്രധാനി	1. വനമണ്ണ് 2. ചുവന്ന മണ്ണ്	1. റബ്ബർ 2. തെങ്ങ് 3. കമുക്	കുരുമുളക് വാഴ, നെല്ല്, ചേന, ചേമ്പ്	മഴയെ ആശ്രയിച്ച്	പുതുക്കുളം, ചെറുകുളം പുഷ്പച്ചാൽ തോടിൽ ചെക്കുഡാം നിർമ്മിക്കുക
12. പന്നിയങ്കര	1. വനമണ്ണ് 2. ചുവന്ന മണ്ണ്	1. റബ്ബർ 2. തെങ്ങ് 3. നെല്ല്	കമുക് കുരുമുളക് വാഴ	മഴയെ ആശ്രയിച്ച്	പുത്തൻകുളം ചണ്ടിക്കുളം പനങ്കാവുകുളം പാറക്കുണ്ട് (തേനിടുക്ക്)

പ്രതിസന്ധികൾ

1. ധാന്യവിളക്കൃഷി ചെയ്യുന്ന ഒരുപ്പുവൽ നിലങ്ങളും പറമ്പുകളും നാണ്യവിളക്കൃഷിക്കായി ഉപയോഗിക്കുന്നു.
2. റോഡുവക്കിലുള്ള ഇരുപ്പുവൽ നിലങ്ങൾ കെട്ടിട നിർമ്മാണത്തിന്നായി വമ്പിച്ച വിലയ്ക്ക് വിൽക്കുന്നു.
3. പുഴയരുകിലും മറ്റുമുള്ള കൃഷിസ്ഥലങ്ങൾ ഇഷ്ടിക നിർമ്മാണത്തിന് ഉപയോഗിക്കുന്നു.
4. കൂടുതൽ വേതനം ലഭിക്കുന്ന മറ്റു സ്ഥിരം തൊഴിലുകളിലേയ്ക്ക് കർഷകത്തൊഴിലാളികൾ പോകുന്നു.
5. ആവശ്യമുള്ള സമയത്ത് അണക്കെട്ടുകളിൽ നിന്ന് വെള്ളം ലഭിക്കുന്നില്ല.
6. കാർഷികവായ്പ ലഭിക്കുന്നതിന്നുള്ള നിയമ തടസ്സം.
7. കാർഷിക മേഖലയുമായി ബന്ധമില്ലാത്ത വിദ്യാഭ്യാസ സമ്പ്രദായം.
8. കാർഷിക മേഖലയിലെ തൊഴിലിന് അർഹിക്കുന്ന അംഗീകാരവും പ്രാധാന്യവുമില്ലായ്മ.

പരിഹാര നിർദ്ദേശങ്ങളും സാധ്യതകളും


1. മംഗലം LBC മെയിൻ കനാലിൽ വടക്കഞ്ചേരി പെട്രോൾ ബങ്കിനു സമീപം ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഏർപ്പെടുത്തി തേനിടുക്ക്, കൊളക്കോട്, ചുവട്ടുപാടം, ചങ്ങരംകണ്ടം തോടുവരെ കനാൽ നിർമ്മിച്ച് കൃഷിയ്ക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുക.
2. കാർഷികവായ്പ സർക്കാർ ബാങ്കുകളിൽ നിന്നും, സഹകരണ സംഘങ്ങളിൽനിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് തക്കസമയത്ത് കാലതാമസം കൂടാതെ ലഭ്യമാക്കുക.



3. കർഷകത്തൊഴിലാളികൾക്കുള്ള കൂലിയും മറ്റ് ആനുകൂല്യങ്ങളും കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുക.
4. കർഷകർക്ക് പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കുക.
5. കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
6. മാസത്തിലൊരിക്കലെങ്കിലും കൃഷി ഉദ്യോഗസ്ഥന്മാർ മുൻനിശ്ചയപ്രകാരം ജനസമ്പർക്ക പരിപാടി നടത്തേണ്ടതാണ്.
7. മംഗലം ചെക്ക് ഡാമിൽ ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഏർപ്പെടുത്തിയും ആനക്കുഴിപ്പാടം, പുഷ്പച്ചാൽ എന്നിവിടങ്ങളിൽ മിനി ഇറിഗേഷൻ പ്രോജക്ടുകൾ സ്ഥാപിച്ചും ജലസേചനസൗകര്യം വർദ്ധിപ്പിക്കാം.
8. കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുക.
9. മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്ക സാമ്പത്തിക സഹായം നൽകുക.
10. ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ മൂന്നാംവിളയായി പയർ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, എള്ള് എന്നിവ കൃഷിചെയ്യാൻ പ്രോത്സാഹനം നൽകുക.
11. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ അതാതു വാർഡുകളിൽ തന്നെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കൃഷിഭവന്റെ സഹായം തേടുക.
12. നെല്ലുല്പാദക പാടശേഖര അടിസ്ഥാനത്തിൽ മണ്ണുപരിശോധന നടത്തി അതുപ്രകാരം വളപ്രയോഗം നടത്താൻ കർഷകരെ പ്രേരിപ്പിക്കേണ്ടതാണ്.
13. ആവശ്യമുള്ള പ്രദേശങ്ങളിൽ സൗജന്യമായി ചുണ്ണാമ്പ് വിതരണം നടത്തേണ്ടതാണ്.
14. ജീവാണുവളം, കമ്പോസ്റ്റ് എന്നിവയുടെ പ്രയോഗം പ്രോത്സാഹിപ്പിക്കുക.
15. പൂകൃഷി, കൂൺകൃഷി, പ്രകൃതിദത്തമായ കൃഷി എന്നിവ പ്രചരിപ്പിക്കുക.
16. പഞ്ചായത്തിൽ രജിസ്ടർ ചെയ്തിട്ടുള്ള കേരവികസനസമിതി ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നാളികേര സംസ്ക്കരണശാലയ്ക്ക് ആവശ്യമായ സ്ഥലം ലഭിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.
17. കൃഷിക്കാവശ്യമുള്ള വിത്തും വളങ്ങളും യഥാസമയത്ത് ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.
18. കേരകർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക. അതോടൊപ്പം ഒരു ഓയിൽ മിൽ സ്ഥാപിക്കുക.
19. ആവശ്യമുള്ള സ്ഥലങ്ങളിൽ ഫാം റോഡ്, പാലം, ക്രോസ് ബാർ എന്നിവ നിർമ്മിക്കുക.
20. കുറഞ്ഞത് 30 സെൻറ് തെങ്ങുകൃഷി ചെയ്യുന്ന കർഷകർക്ക് സൗജന്യമായി ജലസേചന കിണറുകളും പമ്പുസെറ്റുകളും നൽകുക.
21. പോഷകപ്രധാനമായ ഫലവൃക്ഷങ്ങളുടെ വികസനത്തിന് ഓരോ വീട്ടുവളപ്പിലേക്കും മാവ്, പ്ലാവ്, നെല്ലി, മുരിങ്ങ, സപ്പോർട്ട് എന്നിവയുടെ തൈകൾ അതാതു വാർഡുകളിൽ തന്നെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യേണ്ടതാണ്. ഇതിനായി സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗിക്കണം.
22. മാണിക്കപ്പാടത്തെ കരിംകുളം (11-ാം വാർഡ്), ആടഞ്ചേരിക്കുളം (ആയക്കാട്), വാട്ടാംകോട്ടുകുളം (പരുവാശ്ശേരി) എന്നീ കുളങ്ങൾ നന്നാക്കി ജലസേചനയോഗ്യമാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ കുളങ്ങൾ പഞ്ചായത്തിലേയ്ക്ക് വിട്ടുകൊടുത്തവയാണ്. ജലസേചനപദ്ധതിയിൽ ഉൾപ്പെടുത്തി നന്നാക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു.

23. കർഷകർക്ക് സൗകര്യപ്രദമായ സ്ഥലത്ത് കൃഷിഭവന്റെ പ്രവർത്തനത്തിനായി സ്വന്തമായ കെട്ടിടം നിർമ്മിക്കുക.
24. കാർഷികവിഭവങ്ങളുടെ വിലവർദ്ധനവും വിലക്കുറവും നിയന്ത്രിച്ച് നിർത്തുന്നതിന്നായി ഒരു നിയന്ത്രിത മാർക്കറ്റ് വടക്കഞ്ചേരിയിൽ ആരംഭിക്കണം. ഉൽപ്പാദകർക്ക് ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാനും ഉപഭോക്താക്കളെ വിലവർദ്ധനവിൽനിന്ന് വിമുക്തരാക്കാനും ഇത്തരംനിയന്ത്രിതമാർക്കറ്റ് നിലവിൽ വരുന്നതുകൊണ്ട്സാധിക്കും. ●



വടക്കഞ്ചേരി കേര വികസന സമിതി

(പട്ടിക 1-13)

ക്രമ നമ്പർ	വാർഡ് നമ്പർ	പേര്	സ്ഥാനപ്പേര്
1	V	വി.കെ. വേലപ്പൻ മാസ്റ്റർ	പ്രസിഡൻറ്
2	IX	എം.സി. തോമസ്	സെക്രട്ടറി
3	X	പി. അപ്പു	ഖജാൻജി
4	I	ഹംസ മാസ്റ്റർ	മെമ്പർ
5	II	എ.ബി. അബൂബക്കർ	"
6	III	വി.സി. യൂസഫ്	"
7	IV	ഷാജൻ ഫിലിപ്പ്	"
8	VI	കെ. ഹരിദാസ്	"
9	VII	വി. പ്രഭാകരൻ മാസ്റ്റർ	"
10	VIII	കെ.ജി. തോമസ്	"
11	XI	റ്റി.വി. തോമസ്	"
12	XII	റെജി. കെ. ഫിലിപ്പ്	"

കഴിഞ്ഞ 10 വർഷത്തെ വളർച്ച

ഇനം	1986	1987	1988	1989	1990	1991	1992	1993	1994	1995
1. പച്ചക്കറി വികസനം	5%	5%	4%	2%	2%	1%	0.5%	0.5%	0.5%	0.5%
2. കേരവികസനം-ജലസേചനം	0.5%	1%	1.5%	2%	2.5%	3%	3.5%	4%	4.5%	5%
3. രാസവളപ്രയോഗം	5%	7%	9%	11%	13%	15%	17%	19%	21%	23%
4. ഇടവിളകൃഷി	15%	14%	13%	12%	11%	10%	7%	4%	3%	2%
5. ഗോബർഗ്യാസ്	0.05%	0.06%	0.07%	0.08%	0.09%	0.1%	0.2%	0.3%	0.4%	0.5%
6. നൂതനകൃഷി										
a) ഓർക്കിഡ്										
b) ആർത്തൂറിയം	-	-	-	-	-	-	-	-	-	-
c) കുറ്റിമുല്ല										


സാമൂഹ്യ വനവൽക്കരണം


ഇരുപതിന പരിപാടിയിൽ ഉൾപ്പെടുത്തിയ പ്രധാന വികസന പ്രവർത്തനമായിരുന്നു ഇത്. രാജ്യത്തിന്റെ മൂന്നിൽ ഒരു ഭാഗം വനമായിരിക്കണം. അതിനായി വൃക്ഷങ്ങൾ, കത്തിക്കാനുപയോഗിക്കുന്ന പടുമരങ്ങൾ, കാലിത്തീറ്റയായും, പച്ചിലവളമായും ഉപയോഗിക്കുന്ന മരങ്ങൾ നട്ടുപിടിപ്പിക്കുക. അതോടൊപ്പം തന്നെ പരിസ്ഥിതി തുലനാവസ്ഥ നിലനിർത്തുക. മണ്ണിലെ വളക്കൂറും ഈർപ്പവും സൂക്ഷിക്കുകയും ഇതിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. മണ്ണൊലിപ്പുതടയൽ ഇതിന്റെ മുഖ്യ ലക്ഷ്യമാണ്. പരിസ്ഥിതി മലിനീകരണം കുറയ്ക്കുക എന്നത് സർവ്വപ്രധാന ലക്ഷ്യമാണ്. മേൽപറഞ്ഞ ലക്ഷ്യങ്ങളെ മുൻനിർത്തി സന്നദ്ധ സംഘടനകളുടെയും, സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടുകൂടി വനംവകുപ്പ് 1982-83 വർഷത്തിൽ ഈ പരിപാടി നടപ്പിലാക്കി. ഈ പരിപാടിയുടെ പൂർണ്ണ വിജയം ജനങ്ങളുടെ സഹകരണത്തിലായിരുന്നു.

മേൽപറഞ്ഞ പരിപാടിയനുസരിച്ച് വനം വകുപ്പിന്റെ കീഴിലുള്ള സ്ഥലത്തും, ഗവ. ഓഫീസ് വളപ്പുകളിലും റോഡുകളുടെയും, കനാലുകളുടെയും അരികിലും വിവിധ തരത്തിലുള്ള മരങ്ങൾ നട്ടു പിടിപ്പിച്ചു.

ഇങ്ങിനെയൊക്കെയാണെങ്കിലും പൊതു സ്ഥലങ്ങളിൽ നട്ടിരുന്ന വൃക്ഷങ്ങൾ മിക്കവാറും ജനങ്ങൾ വെട്ടി നശിപ്പിച്ചു. അതുകൊണ്ട് സാമൂഹ്യ വനവൽക്കരണത്തിന്റെ ഉദ്ദേശലക്ഷ്യത്തിൽ എത്താൻ കഴിഞ്ഞില്ല.


ഈ മേൽപറഞ്ഞ ദൃഷ്യഫലങ്ങൾ ഒഴിവാക്കിക്കൊണ്ട് ഈ പഞ്ചായത്തിൽ സൗകര്യമുള്ള സ്ഥലങ്ങളിലെല്ലാംതന്നെ വാളാംപുളി, മാവ്, പ്ലാവ്, വേപ്പ് മുതലായ മരങ്ങൾ നട്ടുവളർത്തേണ്ടതാണ്. ഈ വൃക്ഷങ്ങൾ നശിപ്പിക്കാതിരിക്കാൻ പൊതു ജനങ്ങൾക്കിടയിൽ വേണ്ടത്ര ബോധവൽക്കരണം നടത്തുകയും, സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പാക്കേണ്ടതുമാണ്. ○






കൃഷി പഞ്ചാംഗം


വിള	1. നെല്ല്	2. തെങ്ങ്	3. റബ്ബർ
ജനുവരി	20-ാം തിയ്യതി മുതൽ 31-ാം തിയ്യതി വരെ മുണ്ടകൻ വിളവെടുപ്പ്		റെയിൻ ഗാർഡ് മാറ്റുക. കുമിഴ നാശിനി തളിക്കുക.
ഫെബ്രുവരി	1-ാം തിയ്യതി മുതൽ 15-ാം തിയ്യതി വരെ വേനൽക്കാല ഉഴവ്	15 മുതൽ വിളവെടുപ്പ് ആരംഭം. ജലസേചനം തുടങ്ങുന്നു.	തൈകളുടെ തടിയിൽ ചുണ്ണാമ്പു പൂശുക.
മാർച്ച്	ഇല്ല	വിത്തുതേങ്ങ ശേഖരണം വിളവെടുപ്പ്, ജലസേചനം	വെട്ടിത്തീർത്ത പട്ടയിൽ റബ്ബർ കോട്ടിംഗ് പോലുള്ള പെട്രോളിയം ഉൽപന്നം പുരട്ടുക.
ഏപ്രിൽ	ഇല്ല	വിത്തുതേങ്ങ ശേഖരണം വിളവെടുപ്പ്, ജലസേചനം	പുതുകൃഷിക്കും ആവർത്തന കൃഷിക്കുമുള്ള പണികൾ തുടങ്ങാം. ബഡ്ഡുചെയ്യാം.
മെയ്	1 മുതൽ 15 വരെ പൊടിവിത 15 മുതൽ 25 വരെ ഞാറുപാകൽ	ജലസേചനം	കളയെടുപ്പ്, വളമിടൽ, റെയിൻ ഗാർഡ് വെക്കൽ, കുമിഴ നാശിനി തളിക്കൽ
ജൂൺ	1 മുതൽ 15 വരെ കളയെടുക്കലും ആദ്യത്തെ വളപ്രയോഗവും. 20 മുതൽ 30 വരെ കളയെടുക്കലും രണ്ടാം വളപ്രയോഗവും പറിച്ചുനടീലും.	വിത്തുതേങ്ങ പാകൽ. തൈ നടാൻ തടമെടുക്കൽ. ജൈവവളപ്രയോഗം.	ആവരണകൃഷി ചെയ്യൽ.
ജൂലായ്	പറിച്ചുനടീലും അടിവളപ്രയോഗവും.	തൈനടീൽ.	ബഡ്ഡുതൈകൾക്ക് താങ്ങു കൊടുക്കാം.
	ജൂണിൽ നട്ട നെല്ലിനുമേൽ വളപ്രയോഗം.	വളപ്രയോഗം.	റബ്ബർ വിത്ത് ശേഖരിച്ചു വെക്കാം.
ആഗസ്റ്റ്	വൈകി നട്ട കണ്ടങ്ങളിൽ ആദ്യവാരത്തിൽ മേൽ വളപ്രയോഗം.		കൂടത്തൈ നടുക. പുതിയ തൈകൾക്ക് വിത്തു മുളപ്പിക്കുക.
സെപ്തമ്പർ	1 മുതൽ 20 വരെ കൊയ്ത്ത്. 15 മുതൽ 30 വരെ മുണ്ടകൻ ഞാറുപാകൽ. വരമ്പുപൊതിയൽ.		റെയിൻ ഗാർഡു വെച്ച മരങ്ങളിൽ ടാപ്പിങ്ങ് തുടരാം.
ഒക്ടോബർ	10 മുതൽ 25 വരെ രണ്ടാം വിളയുടെ നടീൽ. അതോടൊപ്പം അടിവളപ്രയോഗവും	തെങ്ങിൻതടം പുതയിടൽ, തടം മൂടൽ. തോട്ടങ്ങളിലെ മണ്ണിളക്കൽ	റബ്ബർതൈകൾക്ക് രണ്ടാംവട്ടം വളംചെയ്യാം. മരുന്നുതളിക്കാം.
നവമ്പർ	10 മുതൽ 15 വരെ കളപറിയും ആദ്യത്തെ മേൽ വളപ്രയോഗവും 25 മുതൽ 30 വരെ കളയെടുക്കലും വളപ്രയോഗവും.		പുതിയതായി നട്ട തൈകൾക്ക് തണൽ നൽകാം. ചെടികളുടെ ചുവട്ടിൽ ചവറിടുക. നഴ്സറി നനക്കുക.
ഡിസംബർ	ഇല്ല		ഫയർ ബെൽട്ട് തെളിയിക്കുക.



വിള	4. കുരുമുളക്	5. കമുക്	6. കശുമാവ്
ജനുവരി	ചെടികൾക്കു ചുറ്റും പുതയിടുക. വിളവെടുപ്പ് തുടരാം.	വിത്തിനുള്ള അടക്ക ശേഖരിക്കൽ. ജലസേചനം തുടരാം.	
ഫെബ്രുവരി	വിളവെടുപ്പ് തുടരാം.	വിത്തടക്ക ശേഖരിക്കുക. ജലസേചനം തുടരുക.	
മാർച്ച്	തൈകൾ നട്ടുനനക്കാം.	ജലസേചനം തുടരുക.	വിളവെടുപ്പ്.
ഏപ്രിൽ	താങ്ങുമരങ്ങൾ നടുക. വള്ളി നടാനുള്ള കുഴിയെടുക്കുക.	നനയുള്ള തോട്ടങ്ങളിൽ വളപ്രയോഗം നടത്താം.	വിത്തണ്ടി ശേഖരിക്കുക.
മെയ്	കുമിൾ നാശിനി തളിക്കുക.	ഫെബ്രുവരിയിൽ മുളപ്പിച്ച തൈകൾ ഞാറ്റടിയിലേക്കു മാറ്റാം. ജലസേചനം തുടരാം.	നടാനുള്ള കുഴി തയ്യാറാക്കാം.
ജൂൺ	വള്ളികൾ നടുക.	കുമിൾ നാശിനി തളിക്കൽ. തൈ നടീൽ.	ഉണങ്ങിയ കൊമ്പുകൾ മുറിച്ചു കളഞ്ഞ് കുമിൾ നാശിനി പുരട്ടുക.
ജൂലായ്	രാസവളവും ജൈവവളവും കൊടുക്കാം.	ജൈവവളവും രാസവളവും കൊടുക്കാം.	വളം ചേർക്കുക.
ആഗസ്റ്റ്	കീടനാശിനി തളിക്കുക.	കുമിൾ നാശിനി തളിക്കുക.	തൈകൾ നടുക.
സെപ്തംബർ	രണ്ടാം രാസവളപ്രയോഗം നടത്താം.	തോട്ടം മണ്ണിളക്കുക.	
ഒക്ടോബർ	കുമിൾ നാശിനി തളിക്കുക.	ജലസേചനം തുടങ്ങാം.	കീടനാശിനി തളിക്കുക. മണ്ണിളക്കുക.
നവമ്പർ	മൂപ്പെത്തിയ കുരുമുളക് പറിച്ചെടുക്കുക	ജലസേചനം തുടരാം.	
ഡിസമ്പർ	വിളവെടുപ്പ് തുടരാം.	ജലസേചനം തുടരാം. തടിയിൽ വെള്ളപൂശുക.	കീടനാശിനി തളിക്കുക.



വിള	7(a) ഓണവാഴ (നേന്ത്രൻ)	7(b) പൊടിവാഴ (നേന്ത്രൻ)	7(c) നാടൻ വാഴ
ജനുവരി	15-ാം തിയ്യതി വരെ കളയെടുപ്പും ആദ്യത്തെ വളപ്രയോഗവും	15-ാം തിയ്യതി വരെ വിത്തുകന്ന് വേർതിരിച്ചെടുക്കൽ.	
ഫെബ്രുവരി	15-ാം തിയ്യതി മുതൽ 28-ാം തിയ്യതി വരെ കളയെടുപ്പും രണ്ടാം വളപ്രയോഗവും.	15-ാം തിയ്യതി മുതൽ 28-ാം തിയ്യതി വരെ കന്നുകാ നടുന്നു.	
മാർച്ച്			
ഏപ്രിൽ	15-ാം തിയ്യതി മുതൽ 30-ാം തിയ്യതി വരെ മൂന്നാം വളപ്രയോഗം.		15-ാം തിയ്യതി മുതൽ 30-ാം തിയ്യതി വരെ കന്നുകാ നടുന്നു.
മെയ്		15-ാം തിയ്യതി വരെ കളയെടുപ്പും ആദ്യത്തെ വളപ്രയോഗവും.	
ജൂൺ			
ജൂലായ്			
ആഗസ്റ്റ്	15 മുതൽ 30 വരെ തിയ്യതികളിൽ വിളവെടുപ്പും വിത്തുകന്ന് വേർതിരിച്ചെടുക്കലും.	15 മുതൽ 30 വരെ കളയെടുപ്പും രണ്ടാം വളപ്രയോഗവും.	
സെപ്തമ്പർ			
ഒക്ടോബർ	15-ാം തിയ്യതി മുതൽ കന്നുകാ നട്ടുതുടങ്ങുന്നു.	1 മുതൽ 15 വരെ തിയ്യതികളിൽ കളയെടുക്കലും മൂന്നാം വളപ്രയോഗവും.	
നവംബർ	20-ാം തിയ്യതി വരെ കന്ന് നടുന്നു.		
ഡിസംബർ	15-ാം തിയ്യതി മുതൽ കളയെടുക്കലും ആദ്യത്തെ വളപ്രയോഗവും തുടങ്ങുന്നു.	15 മുതൽ 30 വരെ തിയ്യതികളിൽ വിളവെടുപ്പ്.	



വിള	8. മരച്ചീനി	9. പയർ	10(a) പച്ചക്കറികൃഷി
ജനുവരി	15-ാം തീയതി മുതൽ വിളവെടുപ്പ് ആരംഭം. വിത്തുകമ്പ് ശേഖരണം.	മുണ്ടകൻ വിളയോടൊപ്പം വരമ്പിൽ കൃഷി ചെയ്തിരുന്ന പയറിനങ്ങളുടെ വിളവെടുപ്പ്.	
ഫെബ്രുവരി	15-ാം തീയതി വരെ വിളവെടുപ്പ്. വിത്തുകമ്പ് ശേഖരിക്കൽ.		
മാർച്ച്			
ഏപ്രിൽ	നിലം തയ്യാറാക്കൽ. കൂനയെടുക്കൽ. നടീൽ.		15 മുതൽ 30 വരെ തീയതികളിൽ വിത്തു നടീലും ഞാറ്റടിയിൽ വിത്തുപാകലും.
മെയ്	കമ്പ് നടീൽ.	15-ാം തീയതി വരെ നെല്പാടങ്ങളുടെ വരമ്പുകളിൽ പയർ, തുവര എന്നിവയുടെ വിത്തിടുന്നു.	15-ാം തീയതി മുതൽ 25-ാം തീയതി വരെ തൈകൃഷി നടുന്നു.
ജൂൺ	15 മുതൽ 30 വരെ തീയതികളിൽ കളയെടുക്കൽ, ആദ്യത്തെ വളപ്രയോഗം, മണ്ണിട്ടുകൊടുക്കൽ.	15-ാം തീയതി മുതൽ 20-ാം തീയതി വരെ പറമ്പുകളിൽ ഉഴുന്ന്, ചെറുപയർ എന്നിവ വിതക്കുന്നു.	10-ാം തീയതിവരെ കള നീക്കൽ, ഇട ഇളക്കൽ, വളപ്രയോഗം, മണ്ണിട്ടുകൊടുക്കൽ.
ജൂലായ്			കളയെടുക്കൽ.
ആഗസ്റ്റ്	1-ാം തീയതി മുതൽ 15-ാം തീയതി വരെ കളയെടുക്കലും രണ്ടാം വളപ്രയോഗവും.	15-ാം തീയതി മുതൽ വിളവെടുപ്പ് ആരംഭിക്കുന്നു.	15-ാം തീയതി മുതൽ വിളവെടുപ്പ് തുടങ്ങുന്നു.
സപ്തംബർ		മുണ്ടകൻ വിളയ്ക്ക് പൊതിഞ്ഞ വരമ്പുകളിൽ ഉഴുന്ന്, മുതിര, ചെറുപയർ എന്നിവ വിത്തിടുന്നു. 15-ാം തിയ്യതിമുതൽ പറമ്പിൽ കൃഷി ചെയ്തിരുന്നവരുടെ വിളയെടുപ്പ്.	വിളവെടുപ്പ് തുടരുന്നു.
ഒക്ടോബർ	15-ാം തീയതി മുതൽ 30-ാം തീയതി വരെ കള നീക്കൽ.		10-ാം തീയതി വരെ വിളവെടുപ്പ്.
നവംബർ			
ഡിസംബർ		ആദ്യവാരം മുതൽ തുവരയുടെ വിളവെടുപ്പ് തുടങ്ങുന്നു.	

വിള	10(b) വേനൽക്കാല പച്ചക്കറികൾ	11. ഇഞ്ചി	12. മഞ്ഞൾ
ജനുവരി	നിലം തയ്യാറാക്കലും വിത്തിടലും.	വിളയെടുക്കൽ	
ഫെബ്രുവരി	15-ാം തിയ്യതി മുതൽ 30-ാം തിയ്യതി വരെ കളയെടുക്കലും വളപ്രയോഗവും.	വിളയെടുക്കൽ - വിത്തിനുള്ള ഇഞ്ചി ശേഖരിക്കൽ.	വിത്തു ശേഖരിക്കാം. വിളയെടുക്കൽ.
മാർച്ച്	വിളവെടുപ്പ്	നടുന്നതിനുള്ള സ്ഥലം ശരിയാക്കുക.	നടുന്നതിനുള്ള സ്ഥലം ശരിപ്പെടുത്തുക.
ഏപ്രിൽ	വിളവെടുപ്പ്	നല്ല മഴ ലഭിച്ചാൽ നടാം.	ആവശ്യത്തിന് മഴ ലഭിച്ചാൽ നടാം.
മെയ്		വിത്ത് നടാം.	വിത്ത് നടാം.
ജൂൺ		വിത്ത് നടാം	വിത്ത് നടാം.
ജൂലായ്		ഏപ്രിൽ, മെയ് മാസങ്ങളിൽ നട്ട ഇഞ്ചിക്ക് വളം ചെയ്യാം.	ഏപ്രിൽ, മെയ് മാസങ്ങളിൽ നട്ട മഞ്ഞളിന് വളം കൊടുക്കുക.
ആഗസ്റ്റ്	കളയെടുക്കുക. വൈകി നട്ട കൃഷിക്ക് വളം ചെയ്യാം.	കളയെടുക്കലും, വൈകി നട്ടവയ്ക്ക് വളം കൊടുക്കലും.	
സപ്തംബർ		കള നീക്കം ചെയ്യുക.	കള നീക്കം ചെയ്യൽ.
ഒക്ടോബർ			
നവംബർ		വിളവെടുപ്പു തുടങ്ങാം.	വിളവെടുപ്പു തുടങ്ങാം.
ഡിസംബർ		വിളവെടുപ്പ്.	വിളവെടുപ്പ്.

ജലസേചനം

മംഗലം ഡാം ജലസേചനപദ്ധതി നടപ്പിൽ വരുന്നതിനു മുമ്പ് കൃഷി നടത്തിവന്നത് പ്രകൃതിയുടെ അനുകൂല കാലാവസ്ഥയെ ആശ്രയിച്ച് മാത്രമായിരുന്നു. കൃഷിയിടങ്ങളിലുള്ള കുളങ്ങളും, കിണറുകളും ഉപയോഗപ്പെടുത്തി കൃഷി ചെയ്തുവന്നു. കൂടാതെ തോടുകളും ഉപയോഗപ്രദമായിരുന്നു.

വെള്ളത്തിന്റെ സമൃദ്ധി കുറയുന്നകാലത്ത് കുളങ്ങളിൽനിന്നും, കിണർ, തോട് എന്നിവയിൽ നിന്നും ഏത്താ തേവിയും, കൊട്ടത്തേവ് വഴിയും, കാള തേവ് വഴിയും കൃഷിയെ സംരക്ഷിച്ചു വന്നിരുന്നു. മുൻകാലങ്ങളിൽ ഞാറ്റുവേലയുടെ അടിസ്ഥാനത്തിലാണ് കൃഷിയിറക്കി വന്നിരുന്നത്.

കുറച്ചു വർഷങ്ങളായി അതാതു സമയങ്ങളിൽ മഴ ലഭിക്കാത്തതുകൊണ്ടും സമയം തെറ്റിവരുന്ന കാലവർഷങ്ങളിൽ ലഭിക്കുന്ന വെള്ളം തടഞ്ഞു നിർത്താൻ കഴിയാതെ വരുന്നതുമൂലവും ഭൂമിയിൽ വരൾച്ച അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. അതിനുള്ള പ്രധാന കാരണം വനനശീകരണവും, അതുമൂലമുണ്ടാകുന്ന മണ്ണൊലിപ്പുമാണ്.

ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഡാമുകളുടെ പണി ആരംഭിക്കുകയും 1958-59 കാലഘട്ടങ്ങളിൽ പദ്ധതി കമ്മീഷൻ ചെയ്യുകയുമുണ്ടായി. അതോടുകൂടി കൃഷിസ്ഥലങ്ങൾക്കും, കൃഷിയിറക്കുന്ന രീതിയിലും മാറ്റം വന്നുതുടങ്ങി.

1980 വരെ മൂപ്പുകൂടിയ വിത്തുകളായിരുന്നു ഉപയോഗിച്ചിരുന്നത്. അതനുസരിച്ച് ഫെബ്രുവരി അവസാനം വരെ വെള്ളം ലഭ്യമായിരുന്നു. കാലക്രമേണ മൂപ്പുകുറഞ്ഞ വിത്ത് ഉപയോഗിച്ചു തുടങ്ങുകയും അതനുസരിച്ച് വെള്ളം വിതരണം നടത്തുന്നതിൽ മാറ്റം വരികയുമുണ്ടായി. അതുമൂലം വെള്ളം വിതരണം നടത്തുന്നതിലും കാലദൈർഘ്യം കൂടുതലുണ്ടായി. ഈ പ്രത്യേക കാരണങ്ങളാൽ ഭൂമിയിലെ വെള്ളം നേരത്തെ വറ്റി തുടങ്ങുകയും വരൾച്ചക്ക് കാരണമാവുകയും ചെയ്തു.

അകാല വിളയിറക്കൽ മൂലം ജലവിതരണത്തിൽ മാറ്റം സംഭവിച്ചു.

കാലാകാലങ്ങളിൽ കനാൽ സംരക്ഷിക്കാത്തതു കൊണ്ട് വെള്ളം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കാഡാ പദ്ധതി ഉദ്ദേശിച്ച രീതിയിൽ കർഷകർക്ക് ഗുണകരമായില്ല. അതുകൊണ്ട് കാഡാ പദ്ധതി ശരിയായ രീതിയിൽ വികസിപ്പിച്ച് കാർഷിക മേഖലയിലെ എല്ലാ ഭാഗത്തേക്കും വെള്ളം എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

ജലസേചന പദ്ധതിയേയും കൃഷിയേയും ബന്ധപ്പെടുത്തി കൃഷികാർക്കിടയിൽ ബോധവൽക്കരണം നടത്തണം. അതാതു പ്രദേശത്തെ കർഷക സമിതിയിലൂടെ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുകയും വേണം.

പ്രവർത്തനങ്ങൾ വിലയിരുത്താനും, പുനരവലോകനം നടത്താനും ഇറിഗേഷൻ വഴി വെള്ളം എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

പാഴായിപോകുന്ന ജലസ്രോതസ്സുകളെ തടയണ നിർമ്മിച്ച് തടഞ്ഞുനിർത്തി ജലസേചന സൗകര്യം ഏർപ്പെടുത്തുക.

ഉദാ:- രണ്ടാം വാർഡിൽ ചേരത്തോട് (വടക്കഞ്ചേരി കിഴക്കഞ്ചേരി പഞ്ചായത്ത് അതിർത്തി) മംഗലം പുഴയിൽ അതാതു ഭാഗത്ത് തടയണ നിർമ്മിച്ച് രണ്ട്, മൂന്ന്, ഏഴ്, എട്ട്, പത്ത് വാർഡുകളിലേക്ക് ജലവിതരണം ഉപയോഗപ്രദമാക്കുക.

ആറാം വാർഡിലുള്ള കാക്കത്തോട്, ആയക്കാട് ഭാഗത്ത് തടയണ നിർമ്മിച്ച് ഉപയോഗപ്രദമാക്കുക.

ഒമ്പതാം വാർഡിൽ കുറുവായ് ഭാഗത്തും, പതിനൊന്നാം വാർഡിൽ ആനകുഴിപാടം, മോരാംകുന്ന് മുതലായ പ്രദേശങ്ങളിൽ ജലസേചനം നടത്തുന്നതിന്

കൂട്ടകുഴി ഭാഗത്തും, പന്ത്രണ്ടാം വാർഡിൽ ചുവട്ടുപാടത്തും തടയണ നിർമ്മിച്ച് വെള്ളം പമ്പു ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തണം.

പത്താം വാർഡിൽ പയ്യക്കുണ്ടിൽ നിന്നും ഉത്ഭവിച്ച് അഞ്ചുമൂർത്തി കുളത്തിനു സമീപത്തുകൂടി ഒഴുകുന്ന തോട് നന്നാക്കി ഉപയോഗപ്രദമായ ഭാഗങ്ങളിൽ തടയണകൾ നിർമ്മിച്ച് കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുക.

പട്ടിക

പഞ്ചായത്തിലെ പ്രധാന കുളങ്ങൾ

വാർഡ്	
I	ഗ്രാമക്കുളം
II	കുനിശേരികുളം
IV	പള്ളിയാർകുളം, ശിവക്ഷേത്രത്തിലെ അമ്പലകുളം
V	ഉണ്ണാക്കൻ കുളം, വലുകുളം
VI	കണ്ണാർകുളം, ആടഞ്ചേരി കുളം, സൂര്യാപാട്ടുകുളം, പാറകുളം, ഗ്രാമം ചണ്ടികുളം
VII	കരുമപ്പാടം കുളം, നായരങ്ങാടികുളം, ക്ഷേത്രകുളം
VIII	വടക്കേഗ്രാമകുളം, ചെന്നക്കപ്പാടംകുളം (തെക്കേ ഗ്രാമക്കുളം) (പുളിശ്ശേരികുളം)
IX	നാകേലൻകുളം
X	അഞ്ചുമൂർത്തികുളം, പയ്യക്കുണ്ട് വലിയകുളം, പുത്തൻകുളം, പരപ്പൻകുളം, രക്കൻകുളം, ഇട്ടാലകുളം, പ്ലാച്ചിക്കുളം
XI	പുതുക്കുളം, ചെറുകുളം
XII	പുത്തംകുളം, ചണ്ടികുളം, പനങ്കാവുകുളം, പാറക്കുണ്ടുകുളം എന്നിവ നന്നാക്കി കൃഷിക്കും മീൻ വളർത്തുന്നതിനും, കുളിക്കുന്നതിനും ഉപയോഗപ്രദമാക്കണം.

പരുവശ്ശേരി 5-ാം വാർഡിലെ നെൽകൃഷി ഭൂരിഭാഗവും മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്നതിനാലും പ്രധാന കൃഷി നെല്ലായതിനാലും പ്രത്യേകിച്ച് രണ്ടാം വിള ഉണങ്ങി നഷ്ടം സംഭവിക്കുന്നു. കൊളത്തോട് ചല്ലിപ്പറമ്പ് ഭാഗങ്ങളിൽ കുഴൽകിണർ നിർമ്മിച്ച് കൃഷിക്ക് ഉപയുക്തമാക്കണം.

നിർദ്ദേശങ്ങൾ - പരിഹാരങ്ങൾ

ഒന്നാം വാർഡിൽ പുതുക്കുളവും, ഗ്രാമക്കുളവും ചെളി എടുത്ത് ആഴം കൂട്ടി കയ്യാല കെട്ടി നെൽകൃഷിക്കാവശ്യമായ വെള്ളം സുലഭമായി സൂക്ഷിക്കുന്നതിന് പ്രയോജനപ്പെടുത്താം.

രണ്ടാം വാർഡിൽ പാളയം കടവിൽ ഒരു തടയണ നിർമ്മിച്ച് വെള്ളം കെട്ടി നിർത്തിയാൽ വാഴ, തെങ്ങ്, പച്ചക്കറി മുതലായവ കൂടുതൽ കൃഷി ചെയ്യാൻ കഴിയും. പുലിക്കോട്ടുകുളം ആഴം കൂട്ടി ജലസേചന സജ്ജമാക്കിയാൽ അമ്പത് ഏക്കർ നെൽകൃഷിക്കും കൂടുതലായി അമ്പത് ഏക്കർ സ്ഥലത്തെ തെങ്ങ്, വാഴ, പച്ചക്കറികൾ എന്നീ കൃഷികൾക്ക് ജലസേചന സൗകര്യം ലഭിക്കും.

മൂന്നാം വാർഡിൽ കൊന്നഞ്ചേരി ഭാഗത്തുനിന്ന് കറ്റുകോട്ടിലേക്ക് എത്തുന്ന കനാൽ മണ്ണടിഞ്ഞ് തൂർന്ന് കിടക്കുന്നതുകൊണ്ട് ജലസേചനം ലഭിക്കുന്നില്ല. മണ്ണെടുത്ത് മാറ്റി കനാൽ നന്നാക്കി കൃഷിക്ക് ഉപയോഗപ്രദമാക്കണം. പൂക്കാടു പ്രദേശത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തണം. മംഗലം കനാലിന്റെ പന്ത്രണ്ടാം നമ്പർ ഡിസ്റ്റിബ്യൂട്ടറി നീളം കൂട്ടി അമ്പത് ഏക്കർ സ്ഥലത്തേക്ക് കൂടി ജലസേചനസൗകര്യം ഏർപ്പെടുത്താൻ കഴിയും.

നാലാം വാർഡിൽ എരേച്ചൻകുളം, കുന്നംകുഴികുളം, പള്ളിക്കാടുകുളം എന്നിവ വൃത്തിയാക്കി ആഴം കൂട്ടി സൈഡ് കെട്ടിയാൽ കൂടുതൽ സ്ഥലത്ത് ജലസേചനം നടത്താൻ കഴിയും.

അണ്ടിയോട്, ചെക്കിണി, ചെറുകണ്ണമ്പ്ര, ഇവ തീരെ ജലസേചനം ഇല്ലാത്ത സ്ഥലങ്ങളാണ്. മറ്റു സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് ഹോട്ടൽ ഡയാനയുടെ ഭാഗത്ത് മെയിൻ കനാലിൽ ലിഫ്റ്റ് ഇറിഗേഷൻ വഴി ജലസേചനം ഏർപ്പെടുത്തണം.

അഞ്ചാം വാർഡിൽ നെൽകൃഷി പ്രധാന കൃഷിയായാൽ മംഗലം ഡാമിൽനിന്ന് ജലസേചന സൗകര്യം ഉണ്ട്. എന്നാൽ കനാലിന്റെ മുകൾഭാഗത്തുള്ള കൃഷിഭൂമിക്ക് ജലസേചന സൗകര്യം ഇല്ല.

വലിയകുളം, മാട്ടാംകോട്ടുകുളം എന്നിവ വൃത്തിയാക്കി സംരക്ഷിക്കുകയാണെങ്കിൽ കൃഷിക്ക് ജലസേചന സൗകര്യം ലഭിക്കും. ചുണ്ടക്കാട് ഭാഗത്തുനിന്ന് ജലസേചന കനാൽ ചെറുകണ്ണമ്പ്ര, മുളന്തനോട്, കൊളക്കോട്, പരുവാശ്ശേരി ഭാഗത്തേക്ക് നീട്ടിയാൽ അഞ്ഞൂറ് ഏക്കർ സ്ഥലത്ത് ജലസേചനം നടത്തി കൃഷിയെ സംരക്ഷിക്കാൻ കഴിയും.

മംഗലം ഡാം അണക്കെട്ട് കുറച്ചുകൂടി ഉയർത്തി കൂടുതൽ വെള്ളം സംഭരിക്കാൻ കഴിവുറ്റതാക്കണം.

നെൽകൃഷി പൂർണമായും ജലസേചനത്തിന്റെ പരിധിയിൽ കൊണ്ടുവരണം. അതിനായി സുഭിക്ഷ



മായി വെള്ളം ലഭിക്കാവുന്ന തരത്തിൽ നിലവിലുള്ള കനാൽ നീട്ടുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ തീർത്ത് ഉപയോഗപ്രദമാക്കണം.

കനാൽ സൗകര്യം ഇല്ലാത്തിടത്ത് ജലസ്രോതസ്സുകളെ ഉപയോഗപ്പെടുത്തി ലിഫ്റ്റ് ഇറിഗേഷൻ സമ്പ്രദായം ഏർപ്പെടുത്തണം.

ആറാം വാർഡിൽ കൂമാംകോട് പ്രദേശത്ത് മണ്ണൊലിപ്പു മൂലം ജലസേചനത്തിന് തടസം ഉണ്ടാകുന്നുണ്ട്. മെയിൻ കനാലിൽനിന്നും സബ്ബ് കനാലിലേക്ക് വെള്ളം എത്തുന്നില്ല. കനാലിലെ മണ്ണുനീക്കി മഴവെള്ളം കനാലിലേക്ക് കുത്തിയൊലിച്ച് കനാൽ മണ്ണുമൂടി പോകാതിരിക്കാൻ ശാശ്വതമായ പരിഹാരം കാണുക.

കാക്കത്തോട് പുഴയുമായി സന്ധിക്കുന്നതിനു മുമ്പ് തടയണ നിർമ്മിച്ച് വെള്ളം തടഞ്ഞുനിർത്തി വെള്ളം ജലസേചനത്തിന് ഉപയോഗിക്കണം.

മുഖ്യമായ ജലസ്രോതസ്സുകൾ കണ്ണൻകുളവും, ആടഞ്ചേരി കുളവുമാണ്. ഇതിൽ ആടഞ്ചേരി കുളം പഞ്ചായത്തിലേക്ക് മൂന്നുവർഷം മുമ്പുതന്നെ വിട്ടു കൊടുത്തിട്ടുള്ളതാണ്. വേനൽക്കാലത്ത് വറ്റാത്തതും വാരുകുന്ന്, ചല്ലിത്തറ മുതലായ പ്രദേശങ്ങളിലെ നൂറുകണക്കിനു ആളുകൾ ദിവസവും ഉപയോഗിക്കുന്നതുമാണ്. മണ്ണും ചളിയും എടുത്തുമാറ്റി വൃത്തിയാക്കി കയ്യാല കെട്ടി പടവുകൾ നിർമ്മിച്ചാൽ പൊതുജന ആവശ്യത്തിനും, ജലസേചനത്തിനും പ്രയോജനപ്പെടും. മംഗലം പുഴയിൽ പുതിയ ചെക്ക് ഡാം നിർമ്മിച്ച് ഫിൽട്ടർ ചെയ്തെടുക്കുന്ന വെള്ളം ടാങ്കിൽ ശേഖരിക്കുകയാണെങ്കിൽ ആറാം വാർഡിലെ മുഴുവൻ പ്രദേശത്തും കുടിവെള്ളം എത്തിക്കാനും ജലസേചന സൗകര്യം ഏർപ്പെടുത്താനും കഴിയും. കൂമാംകോട്കുളം ആഴം കൂട്ടി അരിക് കെട്ടി ഉപയോഗപ്രദമാക്കണം.

മംഗലം ഡാമിന്റെ റിസർവോയറിൽ അടിഞ്ഞുകൂടിയ മണ്ണെടുത്തുമാറ്റി കൂടുതൽ ജലം സംഭരിക്കാൻ സൗകര്യം ഉണ്ടാക്കുന്ന പക്ഷം ഏഴാം വാർഡിൽ നിലവിലുള്ള ജലസേചന കനാലുപയോഗിച്ച് പാടത്ത് മൂന്നു വിളകൾ എടുക്കുന്നതിനും പച്ചക്കറികൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിക്കാനു കഴിയും. മിച്ചാരംകോടുനിന്ന് കരുവപ്പാടത്തേക്ക് വരുന്ന കനാൽ പറമ്പിനു സമീപത്ത് ബണ്ടുകെട്ടി വെള്ളം നിർത്തിയാൽ കൃഷിക്കും മറ്റും ഉപയോഗിക്കാം. ഈ വാർഡിലുള്ള വലിയകുളം, താരാകുളം, പുത്തൻകുളം, കുന്നത്ത്കുളം എന്നിവ ആഴം കൂട്ടി ജലസേചന സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

ഒന്നര ഏക്കർ വിസ്തൃതിയുള്ള പുതുശേരികുളം ഉപയോഗപ്പെടുത്തി മംഗലം വടക്കേത്തറ ഭാഗത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തണം. പാടാർകുളം, പുത്തൻകുളം എന്നിവയും ആഴം കൂട്ടി ജലസേചനത്തിനും, മത്സ്യം വളർത്താനും ഉപയോഗിക്കാവുന്നതാണ്.

മംഗലം പുഴയിൽ പുഴക്കൽ പറമ്പിൽ പാറക്കടവിൽ മംഗലം പാലത്തിനു ചുവട്ടിൽ പടിഞ്ഞാറെ പാടത്തു നാല്പതോളം ഏക്കർ ജലസേചന സൗകര്യമുണ്ട്. അടുത്ത് ജലസേചനം ഇല്ലാത്ത സ്ഥലത്തേക്ക് ചെക്ക് ഡാമിൽ നിന്നുള്ള വെള്ളം പമ്പ് ചെയ്ത് രണ്ടു പുകൽ കൃഷി സുലഭമായി എടുക്കാം.

തുലാപ്പാടം, കൊറ്റംകോട്, കുമ്മാംകോട് പ്രദേശം സുമാർ ഇരുപതേക്കറോളം വരും. കൊറ്റംകോട് കുളവും, തുലാൻകുളവും ജലസേചനയോഗ്യമാക്കി കൃഷിക്കും, പൊതുജനങ്ങൾക്ക് മറ്റു ആവശ്യങ്ങൾക്കും പ്രയോജനപ്രദമാക്കാം.

ചെന്നക്കപ്പാടത്ത് സുമാർ അമ്പത് ഏക്കർ നെൽകൃഷിയുണ്ട്. കനാൽ വെള്ളം ഇവിടേക്ക് എത്താറില്ല. പൂക്കോടുകുളം ആഴംകൂട്ടി അതിരുകെട്ടി നന്നാക്കിയാൽ ഈ സ്ഥലത്ത് ജലസേചനം നടത്താൻ കഴിയും. ഇരുനൂറ് ഏക്കറോളം വരുന്ന പണ്ടാരപാടത്തിനു നടുവിലൂടെ പുഴയിലേക്കൊഴുകുന്ന തോട് വീതി കൂട്ടി നന്നാക്കി തടയണ കെട്ടി വെള്ളം തടഞ്ഞുനിർത്തി കൃഷിക്ക് ഉപയോഗിക്കാം.

ഒമ്പതാം വാർഡിലെ ചീരക്കുഴി, കൂട്ടകുഴി പാടങ്ങളിൽക്കൂടി വരുന്ന ജലസേചന കനാലിലെ വെള്ളം പമ്പുചെയ്ത് മോരാംകുന്ന് ആലടി പ്രദേശത്തുള്ള നാല്പതു ഏക്കറോളം സ്ഥലത്തെ നെൽകൃഷിക്ക് ജലസേചനം നടത്താൻ കഴിയും.

ആനക്കുഴിപ്പാടത്തുകൂടി ഒഴുകി കുണ്ടംതോട്ടിലെത്തുന്ന വെള്ളത്തെ കൂട്ടകുഴിയിൽ തടഞ്ഞുനിർത്തുകയും ആ വെള്ളം ഉപയോഗിച്ച് മൂന്നാം വിളയായി പയറു ഇനങ്ങൾ കൃഷിചെയ്യാനും അങ്ങനെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

നാല്പതു സെന്റോളം വരുന്ന കൊറണംകോട്കുളം ആഴംകൂട്ടി അരിക് കെട്ടി ജലസേചനസജ്ജമാക്കിയാൽ ഇരുപതേക്കർ സ്ഥലത്തെ ലാഭകരമാക്കാൻ കഴിയും. മൂന്നാം വിളയായി പച്ചക്കറികൃഷി ആരംഭിക്കാനും കഴിയും.

പോത്തുണ്ടി ജലസേചന കനാൽ പയ്യക്കുണ്ട് അറ്റംവരെ നീട്ടുകയും അമ്പാഴക്കോട് മുതൽ പയ്യക്കുണ്ട് വരെയുള്ള ചോർച്ച പരിഹരിക്കുകയും വേണം. കനാലിന്റെ കേടുപാടുകൾ തീർക്കുന്നത് രണ്ടാം വിളയ്ക്കുമുമ്പ് പാടശേഖരകമ്മറ്റി മുഖേന നടത്തണം.

മംഗലം ഡാം മെയിൻ കനാലിൽ കിഴക്കേത്തറ ശാഖയിലേക്ക് പ്രവേശിക്കുന്ന ഭാഗത്ത് മെയിൻ കനാലിൽ ചീർപ്പ് നിർമ്മിച്ചാൽ കിഴക്കേതറ ഭാഗത്തുള്ള കൃഷിക്ക് വെള്ളം ലഭിക്കും.

പയ്യക്കുണ്ടിൽനിന്നും അമ്പാഴക്കോട്ടിൽനിന്നും വരുന്ന തോടുകളുടെ അരിക് കെട്ടുകയും ഈ രണ്ടു തോടുകളും സന്ധിക്കുന്ന സ്ഥലത്ത് ചീർപ്പു ഇടുകയും ചെയ്താൽ ജലസേചന സൗകര്യം കൂടും.

അഞ്ചുമൂർത്തി ക്ഷേത്രക്കുളം, രക്കൻകുളം, പ്ലാച്ചിക്കുളം, പുത്തൻകുളം, പരപ്പൻകുളം, കിഴക്കേത്തറ പുതുശേരികുളം, പാറകുളം, പയ്യക്കുണ്ട് വലിയകുളം എന്നിവ ആഴംകൂട്ടി അരികുകെട്ടി വെള്ളം ശേഖരിച്ച് പത്താം വാർഡിൽ പച്ചക്കറി കൃഷി വ്യാപകമാക്കാൻ കഴിയും.

ചെറുകിട ജലസേചന പദ്ധതിയുടെ ഭാഗമായി ഈ ഗ്രാമപഞ്ചായത്തിൽ മൂന്നു പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 1994ൽ നാലുലക്ഷം രൂപ എസ്റ്റിമേറ്റിൽ മംഗലം പുഴയിൽ മംഗലം പാലത്തിനു വടക്കുഭാഗത്തായി ഒരു ചെക്ക് ഡാം നിർമ്മിച്ചു ഇരുനൂറു ഹെക്ടർ ആയക്കെട്ട് വിസ്തീർണ്ണമുള്ള ഈ പദ്ധതികൊണ്ട് മുന്നൂറ് കുടുംബങ്ങൾക്ക് കുളിക്കാനും ജലസേചനത്തിനും കൂടാതെ ശബരിമല തീർത്ഥാടകരുടെ ഉപയോഗത്തിനും പ്രയോജനപ്പെടും എന്നാണ് പ്രതീക്ഷിച്ചത്. എന്നാൽ വേനൽക്കാലത്ത് പുഴയിൽ വെള്ളം വറ്റുന്നതോടെ ചെക്ക് ഡാമിലും വെള്ളമില്ലാതാവുന്നു.

ശബരിമല തീർത്ഥാടനകാലത്ത് കെട്ടിനില്ക്കുന്ന വെള്ളം അമിതോപയോഗം കാരണം മലിനമാകുന്നു. ഇതു പരിഹരിക്കാനായി ഡാമിലെ വെള്ളം ഇടയ്ക്കിടെ തുറന്നുവിടുന്നതുകൊണ്ട് കഴിയും. ചെക്ക് ഡാമിലെ മണ്ണും, മണലും നീക്കംചെയ്യുന്നതും പ്രയോജനകരമാകും. ഈ ചെക്ക് ഡാമിനു ചുവടെയായി മറ്റൊരു ചെക്ക് ഡാം നിർമ്മിക്കുന്നപക്ഷം ജലലഭ്യത ഉറപ്പാക്കാൻ പറ്റും.


വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടുലക്ഷത്തി നാല്പതിനായിരം എസ്റ്റിമേറ്റിൽ പണിതീർത്ത ചേർക്കുളം പുനഃരുദ്ധാരണ പദ്ധതിയും ഒരു ലക്ഷത്തി എൺപത്തി അയ്യായിരം രൂപ ചിലവാക്കി അതേ വർഷംതന്നെ പുനഃരുദ്ധാരണം നടത്തിയ പരണ്ടാംകുളം പദ്ധതിയും പൊതുജന സൗകര്യം മുൻനിർത്തി ഏർപ്പെടുത്തിയ പദ്ധതികളാണ്. ചേർക്കുളം മത്സ്യകൃഷിക്ക് വേണ്ടിയും പ്രയോജനപ്പെടുത്തുന്നുണ്ട്. ചുറ്റുപാടും വ്യാപാര സ്ഥാപനങ്ങളായതുകൊണ്ട് ജലമലിനീകരണം കൂടുതലായിട്ടുണ്ട്.

ആയിരത്തി തൊള്ളായിരത്തി എഴുപതിൽ നടപ്പിലാക്കിയ പാളയത്തെ പുലിക്കോട്ടുകുളം ജലസേചന പദ്ധതി 19.5 ഏക്കറിൽ ജലസേചനത്തിനും കൂടാതെ മത്സ്യം വളർത്തുന്നതിനും പ്രയോജനപ്പെടുന്നു. 45000 രൂപ ചിലവിൽ 1990-ൽ ഏർപ്പെടുത്തിയ കണക്കൻ തുരുത്തിയിലെ വിലങ്ങൂർകുളം പദ്ധതി 60 ഏക്കർ നിലത്തേക്ക് ജലസേചന സൗകര്യം വ്യാപിപ്പിക്കുന്നു.

പുതിയതായി മാണിക്കപ്പാടത്തെ കരിംകുളം, ആയക്കാട് ആടഞ്ചേരികുളം, പരുവാശേരി മാട്ടാംകോട്ട്കുളം എന്നിവ പൊതുആവശ്യത്തിനുവേണ്ടി പഞ്ചായത്തിലേക്ക് വിട്ടുകിട്ടിയിട്ടുണ്ട്.

ഈ ജലസ്രോതസ്സുകൾ ജലസേചനത്തിന് പ്രയോജനപ്രദമാക്കാനും പൊതുജനങ്ങൾക്ക് മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതേപോലെ ഇപ്പോൾ ആർക്കും കാര്യമായ പ്രയോജനമില്ലാതെ കിടക്കുന്ന നിരവധി ജലസ്രോതസ്സുകൾ ഇനിയും നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. ഈ ജലസ്രോതസ്സുകൾ ഓരോന്നും നാടിന്റെ പൊതുവിഭവമായി മാറ്റത്തക്കവിധം ബോധവൽക്കരണം നടത്തുന്നതിനും അങ്ങിനെ മുരടിച്ചുനിൽക്കുന്ന കാർഷികോൽപാദനരംഗത്തെ പുനഃരുത്തേജിപ്പിക്കാനും നമുക്ക് കഴിയും. ●

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്.





മൃഗസംരക്ഷണം വികസന റിപ്പോർട്ട്

ആമുഖം

മൃഗസംരക്ഷണമേഖല എന്നുവെച്ചാൽ വെറും പാലുൽപ്പാദനം മാത്രമാണെന്ന അബദ്ധധാരണ പൊതുവെ ഉണ്ട്. ജന്തുജന്യമായ മാംസ്യവും, കൊഴുപ്പും മറ്റും നൽകുന്ന പോഷകദായകമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം, കാർഷിക മേഖലക്കു വേണ്ട ജൈവവളം, നിലം ഒരുക്കുന്നതിനും, ഭാരം വലിക്കുന്നതിനും വേണ്ട മൃഗശക്തി, ഊർജ്ജ സ്രോതസ്സ് (Biogas) വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാറ്റിൻ, ഓസ്സിൻ, കൊഴുപ്പ് എന്നിവയും ഔഷധസസ്യത്തിനുവേണ്ട ഹോർമോൺ, വാക്സിൻ, എൻസൈമുകൾ മുതലായവയും, പരീക്ഷണശാലകൾക്കുള്ള മൃഗങ്ങൾ (Specific Pathogin free eggs) എന്നിവയും മൃഗസംരക്ഷണ മേഖലയുടെ മുഖ്യമായ സാദ്ധ്യതകളാണ്. ഇതിൽനിന്നും മൃഗസമ്പത്തിനെ കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ.

പൊതുജനാരോഗ്യസംബന്ധിയായ, സേവനങ്ങളായ പേവിഷബാധാ നിയന്ത്രണം, മാംസപരിശോധനയിലൂടെ ശുദ്ധമായ മാംസോൽപ്പാദനം വളരെയധികം തൊഴിൽ സാദ്ധ്യതകൾ, വരുമാന വർദ്ധനവ് എന്നിവക്ക് സാദ്ധ്യതയുള്ളതാകുന്നു. ഈ മേഖലയിൽ 60% അദ്ധ്വാനവും സ്ത്രീകൾ വഹിക്കുന്നു എന്നത് പ്രത്യേകതയാണ്. ആളോഹരി കൃഷിഭൂമിയുടെ അളവു ചുരുങ്ങിവരുന്ന ഈകാലഘട്ടത്തിൽ; കന്നുകാലി സമ്പത്തിന്റെ 94%വും ഗ്രാമപ്രദേശങ്ങളിൽ അതും സിംഹഭാഗവും ചെറുകിട നാമമാത്ര കർഷകരുടെ കയ്യിൽ ആയതുകൊണ്ടും ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശക്തമാക്കുന്നത്.

ചരിത്രം

ഏതാണ്ട് അരനൂറ്റാണ്ടു മുമ്പുവരെ തെന്മലയിൽനിന്നും ആനകളെ, ചതിക്കുഴിയിൽ ചാടിച്ച് പിടിച്ചിരുന്നു എന്നും, അവയെ വടക്കഞ്ചേരിയിലെ പുഴക്കലിടക്കാർ ചട്ടം പഠിപ്പിച്ചിരുന്നു എന്നും ചരിത്രം പറയുന്നു. കൂടാതെ കന്നുകാലികൾക്കു പുറമെ വീട്ടുമൃഗങ്ങളായി കുതിരയേയും,കഴുതയേയും വളർത്തിയിരുന്നു. ഉത്സവങ്ങൾക്ക് ആനകൾക്കു പുറമെ, കുതിരകളേയും ഉപയോഗിച്ചിരുന്നു. യാത്രക്ക് കുതിരവണ്ടിയും, കാളവണ്ടിയും ഉപയോഗിച്ചിരുന്നു. ഭാരം വലിക്കുവാൻ, പോത്തുകളേയും, കാളകളേയും, ധാന്യങ്ങൾ വഹിച്ചുകൊണ്ടുപോകുന്നതിന് പൊതിമൂരികളേയും ഉപയോഗിച്ചിരുന്നു. കന്നുതെളി മത്സരവും, കുതിരവണ്ടിയോട്ടമത്സരവും നടത്തിയിരുന്നു. കാള, പശു, ആട്, എരുമ, പോത്ത് എന്നിവയെ ഗണ്യമായി സംരക്ഷിച്ചും വന്നിരുന്നു. പ്രത്യേക സംരക്ഷണം നൽകി വിത്തുകാളകളേയും വളർത്തിയിരുന്നു.

കന്നുകാലികളുടെ ആരോഗ്യപരിപാലനത്തിൽ മനുഷ്യർക്കെന്നപോലെ തന്നെ വേണ്ടത്ര ശ്രദ്ധയും പ്രാധാന്യവും കന്നുകാലികൾക്കും നൽകിയിരുന്നു. കൃഷിപ്പണി കഴിഞ്ഞ് കന്നിമാസത്തിലെ ആയില്യം, മകം എന്നീ നാളുകളിൽ കർഷകർ വിശ്രമിക്കുന്നതോടൊപ്പം അവയെ കുളിപ്പിച്ച് ആയില്യം നാളിൽ അരിക്കുറിയും, മകം നാളിൽ മഞ്ഞൾക്കുറിയും ഇട്ട് അലങ്കരിച്ചിരുന്നു. ഉഴുവ കന്നുകൾക്കും, മൂരികൾക്കും സുഖചികിത്സ എന്ന രീതിയിൽ നാടൻ മരുന്നു ചേർന്ന ആട്ടിൻതലയും, കോഴിയും സൂപ്പാക്കി നൽകുകയും, ആവശ്യത്തിന് വിശ്രമവും നൽകിയിരുന്നു. അന്നുകാലത്ത് ഉരുക്കളെ മുഖ്യമായും വളർത്തിയിരുന്നത് കൃഷിക്കുവേണ്ട ജൈവവളം ലഭിക്കുന്നതിനായിരുന്നു. 10 ജോഡി ഉരുക്കൾ വരെ നിന്നിരുന്ന തൊഴുത്തുകൾ പല കൃഷി കളങ്ങളിലും ഒഴിഞ്ഞുകിടക്കുന്നതു കാണാം.

മേച്ചിൽ സ്ഥലങ്ങളും, കാട്ടുപ്രദേശങ്ങളും കൃഷിഭൂമിയായി ഉപയോഗിക്കുവാൻ തുടങ്ങിയതോടുകൂടി കർഷകൻ കന്നുകാലികളുടെ എണ്ണം ഗണ്യമായി കുറച്ചു. ഗതാഗതത്തിനും, യാത്രക്കും, നിലം ഉഴുതുവാനും യന്ത്രവൽക്കരണം നടപ്പായതോടുകൂടി

കന്നുകാലികളെ വളർത്തുന്നതിനുള്ള പ്രാധാന്യം കുറഞ്ഞുതുടങ്ങി. കർഷകർ പാലിന്റെ ഉപയോഗം മനസ്സിലാക്കുകയും, പാലുൽപ്പാദനശേഷിയുള്ള എരുമകളേയും, പശുക്കളേയും കൂടുതൽ വളർത്തുവാൻ തുടങ്ങുകയും ചെയ്തു. മേച്ചിൽ സ്ഥലങ്ങളുടെ കുറവ് ആടു വളർത്തുന്നതിന് ബുദ്ധിമുട്ടായിട്ടുണ്ട്. രണ്ടോ, മൂന്നോ ഗ്ലാസ് പാല് തന്നിരുന്ന നാടൻ പശുക്കളിൽ അത്യുൽപ്പാദനശേഷിയുള്ള വിദേശവർഗ്ഗ ഉരുക്കളുടെ ബീജദാനം കർഷകർ സ്വീകരിക്കുവാൻ തുടങ്ങിയത് പാലുൽപ്പാദനം പതിന്മടങ്ങ് വർദ്ധിച്ചതും ഈ അടുത്ത കാലത്താണ്. സങ്കര ഇനങ്ങളായ ജേഴ്സി, സ്വിസ്സ് ബ്രൌൺ, ഹോൾസ്റ്റീൻ, ഫ്രീഷ്യൻ എന്നീ ഇനങ്ങളിൽപ്പെട്ട ധാരാളം കാമധേനുക്കളേയും മുറവർഗ്ഗത്തിൽപ്പെട്ട എരുമകളേയും ഇപ്പോഴും വളർത്തിവരുന്നു.

1987ലെ കാനേഷുമാരിയുമായി താരതമ്യം നടത്തിയപ്പോഴും കന്നുകാലികളുടെ മൊത്തം സംഖ്യയിൽ 20% വർദ്ധനവുണ്ടായതായി കാണുന്നു. കോഴി വളർത്തലിൽ കൃഷിക്കാർ താൽപ്പര്യം കൂടുതൽ കാണിക്കുന്നു, അതും നല്ലയിനം വർഗ്ഗത്തിലുള്ള കോഴികളെ തെരഞ്ഞെടുത്ത് വളർത്തുന്നതിന് കൂടുതൽ താൽപര്യം കാണുന്നു. ഇറച്ചിക്കോഴി വളർത്തുന്നതിനും, പന്നി വളർത്തുന്നതിനും താൽപ്പര്യം കൂടിവരുന്നതു കാണാം. ആധുനിക ചികിത്സാരീതിയും ഒരു പരിധിവരെ ശാസ്ത്രീയ പരിപാലനവും മരണനിരക്ക് വളർത്തുമൃഗങ്ങളിൽ തീരെ ഇല്ലാതാക്കി എന്ന് പറയാം. കൃത്രിമ ബീജദാനം കർഷകർക്ക് ഉപകൊള്ളുവാനും കഴിഞ്ഞിട്ടുണ്ട്. അടുത്ത കാലത്തായി ഉണ്ടായിട്ടുള്ള വർദ്ധിച്ച കാലിത്തീറ്റയുടെ വിലയും മറ്റും ക്ഷീരകർഷകരെ ഈ ഉപതൊഴിലിൽനിന്നും അകന്നുപോകുവാൻ നിർബന്ധിതരാക്കുന്നു.

ഈ പഞ്ചായത്തിൽ 1996ലെ കാനേഷുമാരി അനുസരിച്ച് 6250 കുടുംബങ്ങളിൽ 1702 കുടുംബങ്ങളും ക്ഷീരകർഷകരും, 356 കുടുംബങ്ങളും ആടു വളർത്തലിൽ താൽപര്യമുള്ളവരും, 18 കുടുംബക്കാർ പന്നി വളർത്തുന്നതിൽ താൽപര്യമുള്ളവരും, 2336 കുടുംബക്കാർ കോഴി വളർത്തുന്നവരും ആണെന്ന് കാണുന്നു. മൊത്തം കന്നുകാലി സമ്പത്ത് 1987-ൽ ഉണ്ടായിരുന്ന 1925 എണ്ണത്തിൽനിന്നും 3582 ആയി വർദ്ധിച്ചിട്ടുണ്ട്. അതിൽ നാടൻ ഉരുക്കളും നാമമാത്രമായിട്ടേയുള്ളു. കരിങ്കന്നുകളുടെയും, മൂരികളുടെയും എണ്ണത്തിൽ ഗണ്യമായ കുറവു സംഭവിച്ചു. 64 ജോഡി കന്നുകളേ ഇപ്പോഴും ഉപയോഗത്തിലുള്ളു.

മൃഗസംരക്ഷണ സ്ഥാപനങ്ങൾ

ഇപ്പോഴും വടക്കഞ്ചേരി പഞ്ചായത്തിൽ ഒരു സീനിയർ വെറ്ററിനറി സർജന്റെ നേതൃത്വത്തിൽ സർക്കാർ കെട്ടിടത്തിൽ ഒരു മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ട്. പൊത്തപ്പാറ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ കൃത്രിമ ബീജദാന കേന്ദ്രവുമുണ്ട്. 1960 വരെ കണ്ണമ്പ്ര വെറ്ററിനറി ഡിസ്പെൻസറിയിൽ നിന്നും ആഴ്ചയിൽ രണ്ടുപ്രാവശ്യം ഒരു വെറ്ററിനറി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ വന്ന് പരിശോധന നടത്തിയിരുന്നു. ഈ കേന്ദ്രം ഇപ്പോഴും ഒരു സീനിയർ വെറ്ററിനറി സർജന്റെ സേവനം ലഭിക്കുന്ന ഒരു വെറ്ററിനറി ഹോസ്പിറ്റൽ ആയി ഉയർന്നിട്ടുണ്ട്. ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടേയും, ഒരു അറ്റൻററിന്റേയും, ഒരു പാർട് ടൈം സ്വീപ്പറുടേയും തസ്തികകളും ഇപ്പോഴും നിലവിലുണ്ട്. വർഷംതോറും 5000ത്തിനും 6000ത്തിനുമിടക്ക് രോഗികൾക്ക് ചികിത്സ നടത്തുന്നതിനു പുറമെ 2500-ൽപരം കൃത്രിമ ബീജദാനവും നടത്തിവരുന്നു. ജഴ്സി, ബ്രൌൺ സ്വിസ്സ്, ഹോൾസ്റ്റീൻ ട്രീഷ്യൻ എന്നീ വിദേശവർഗ്ഗ ജനുസ്സുകളുടെ ബീജമാണ് കൃത്രിമ ബീജദാനത്തിന് ഉപയോഗിച്ചുവരുന്നത്. കുളമ്പുരോഗത്തിനെതിരെ സൌജന്യ നിരക്കിലും, മറ്റു മാരകരോഗങ്ങളായ കാലിവസന്തക്കും, കൊരലടപ്പനും, കരിങ്കാലിനും സൌജന്യമായി രോഗപ്രതിരോധ കുത്തിവെപ്പു നടത്തുന്നതിനു പുറമെ പ്രതിവർഷം 65,000ത്തിൽപരം കോഴികൾക്കും കോഴിവസന്തക്കും, കോഴിവസൂരിക്കുമെതിരെയും രോഗപ്രതിരോധ കുത്തിവെപ്പ് നടത്തുന്നുണ്ട്. നായ്ക്കളിലെ പേവിഷ ബാധക്കെതിരെ കുത്തിവെപ്പ് നടത്തിവരുന്നുണ്ടെങ്കിലും പൊതുജനങ്ങൾ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല. വർദ്ധിച്ച വിലയുള്ള വാക്സിനാണ് അതിനു ലഭിക്കുന്നത്.

കൃഷിക്കാർ അവരുടെ ഉരുക്കളെ നാഷണൽ ഹൈവേയിലൂടെയും, മാർക്കറ്റിന് അകത്തുകൂടിയും മൃഗാശുപത്രിയിൽ എത്തിക്കുവാൻ ബദ്ധപ്പെടുന്നു. 5 കി.മീ. മുതൽ 6 കി.മീ. വരെ നടത്തിക്കൊണ്ടുവരേണ്ട ഒറ്റപ്പെട്ട പ്രദേശങ്ങളും കുറവല്ല. തക്കസമയത്ത് ചികിത്സ ലഭിക്കുവാനും അവർക്കു സാധിക്കുന്നില്ല. വർദ്ധിച്ച ഉൽപ്പാദനശേഷിയുള്ള 12000 മുതൽ 15000 രൂപ വരെ വിലമതിപ്പുള്ള ഉരുക്കളെ നടത്തിക്കൊണ്ടുവരുവാനും മടികാണിക്കുന്ന ക്ഷീരകർഷകർക്ക് ഒരു പേടിസ്വപ്നമായി മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ അവരുടെ ഉരുക്കളെ തക്കസമയത്ത് ചികിത്സിക്കുവാനും, ബീജദാനം നടത്തുവാനും വാഹന

സൗകര്യത്തോടുകൂടി 2 മൃഗഡോക്ടറുടെയെങ്കിലും സേവനം ഉറപ്പാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു വെറ്ററിനറി പോളി ക്ലിനിക്കായി നിലവിലുള്ള മൃഗാശുപത്രി ഉയർത്തേണ്ടതാണ്.

ഗുണമേന്മയുള്ള ചികിത്സ നടത്തുന്നതിന് വേണ്ട ഇൻഫ്രാ സ്ട്രക്ച്ചറൽ ഫെസിലിറ്റീസ്-ഉം ഉദാഹരണത്തിന് ക്ലിനിക്കൽ ലാബോറട്ടറി വൈദ്യുതി തകരാറു വന്നാലും പ്രവർത്തിക്കുവാൻ ഉതകുന്ന വാക്സിൻ സൂക്ഷിക്കുവാൻ റഫ്രിജറേറ്റർ എന്നിവ സൗകര്യപ്പെടുത്തണം. കർഷകന് ബന്ധപ്പെടുവാൻ ടെലഫോൺ സൗകര്യം, ഗുണമേന്മയുള്ള മരുന്നുകൾ എന്നിവ മൃഗാശുപത്രിയിൽ ഒരുക്കിയിരിക്കണം. പശുക്കളിലെ വന്ധ്യതയും ക്ഷീരകർഷകന് ചികിത്സ നടത്തുന്ന ഡോക്ടർക്കും എന്നും തലവേദനയായ അകിടുവീക്കം തടയുവാൻ ഒരു പരിധിവരെ ഇത് സഹായകമാകുന്നു. ഈ സ്ഥാപനത്തിന്റെ കീഴിൽ വേറെ ഉപകേന്ദ്രങ്ങളൊന്നുമില്ല. അഞ്ചുമൂർത്തി മംഗലത്തും ഒരു മൃഗഡോക്ടറുടെ സേവനത്തോടുകൂടി ഒരു വെറ്ററിനറി ഡിസ്പെൻസറി സ്ഥാപിക്കേണ്ടതാണ്. അതുപോലെ പന്നിയങ്കരയിൽ ഒരു ബീജദാന കേന്ദ്രവും ആവശ്യമാണ്.

കഴിഞ്ഞ പഞ്ചവത്സരപദ്ധതി നടപ്പാക്കിയ സ്കീമുകൾ

1. നിലവിൽ ഒരു പാൽ വിതരണ സംഘത്തിൽ ക്കൂടി എസ്.എൽ.ബി.പി. പദ്ധതി നടപ്പിലാക്കിയിരുന്നു.
2. വന്ധ്യതാ നിവാരണ ക്യാമ്പുകളും, പേവിഷ ബാധ നിർമ്മാർജന പദ്ധതിയും ആവിഷ്ക്കരിച്ചിരുന്നു.
3. തിരഞ്ഞെടുക്കപ്പെട്ട ഹരിജൻ കോളനികളിൽ പോത്തിൻകുട്ടികൾ, പശുക്കുട്ടികൾ, ആടുകൾ എന്നിവ വിതരണം ചെയ്തിരുന്നു. അത് ഉപഭോക്താക്കൾക്ക് വേണ്ട വിധത്തിൽ ഉപകരിച്ചിട്ടുണ്ട്. എം.എൽ.പി.പി. അനുസരിച്ച് 2600 കോഴിക്കുഞ്ഞുങ്ങളേയും 8 ജോഡി പന്നിക്കുഞ്ഞുങ്ങളേയും വിതരണം ചെയ്തിട്ടുണ്ട്.


പാലുല്പാദനരംഗം

ഇപ്പോൾ 1420 ഉരുക്കൾ ഉല്പാദനക്ഷമതയിൽ ഉണ്ട്. ഇവ മാസംതോറും 21 ലക്ഷം ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുമ്പോൾ പ്രതിവർഷം ഉൽപ്പാദനമൂല്യം 2 കോടി 52 ലക്ഷത്തോളമാകുന്നു, ഇതിൽ പഞ്ചായത്തതിർത്തിയിൽപ്പെട്ട കണക്കൻതുരുത്തി, പൊത്തപ്പാറ, വടക്കഞ്ചേരി, ചെറുകണ്ണമ്പ്ര, അഞ്ചുമൂർത്തിമംഗലം എന്നീ അഞ്ചു പാൽ വിതരണ സംഘങ്ങളിൽ കൂടി വിപണനം നടത്തുന്നത് 23% മാത്രമാണ്. പതിനായിരത്തോളം കുട്ടികൾ മാത്രമുള്ള ഈ പഞ്ചായത്തിൽ ഇപ്പോൾ പാൽ സുലഭമല്ല. കർഷകന് താങ്ങുവാൻ പറ്റാത്ത കാലിത്തീറ്റയുടെ വില, ഗുണമേന്മ കുറഞ്ഞ കാലിത്തീറ്റ, അത്യുൽപാദനശേഷിയുള്ള ഉരുക്കളെ ശാസ്ത്രീയമായി വളർത്താതെയുണ്ടാകുന്ന ഉൽപ്പാദനക്കുറവ്, തന്മൂലമുണ്ടാകുന്ന അകിടുവീക്കം, വന്ധ്യത, മരുന്നുകളുടെ വർദ്ധിച്ച വില, ചികിത്സാചെലവ് തുടങ്ങി അലട്ടുന്ന പ്രശ്നങ്ങൾ പലപ്പോഴും ക്ഷീരകർഷകനെ കറവമാടു വളർത്തലിൽ നിന്നും പിന്തിരിപ്പിക്കുന്നു.

ശരാശരി ഒന്നര വയസിനും, രണ്ടു വയസ്സിനും ഇടയ്ക്ക് ഗർഭം ധരിക്കേണ്ട സങ്കരവർഗ്ഗക്കിടാരികൾ പലതും 3 വയസ്സിലാണ് ആദ്യഗർഭം ധരിക്കുന്നത്. അതിന്റെ മുഖ്യകാരണം പിറന്നുവീണ മുതലേ കന്നുകുട്ടികളെ ശരിയായ രീതിയിൽ പാലും, തീറ്റയും കൊടുത്ത് ശാസ്ത്രീയമായി സമയാസമയങ്ങളിൽ പരാദരോഗങ്ങൾക്കുള്ള വിരമരുന്നുകൾ കൊടുക്കാത്തതുകൊണ്ടും മാത്രമാണ്. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ ഈ പശുക്കുട്ടികൾ $2^1/_2$ വയസ്സിൽത്തന്നെ നല്ല കറവയുള്ള കാമധേനുക്കൾ ആകുമായിരുന്നു. രണ്ടു പ്രസവങ്ങൾ തമ്മിലുള്ള ഇപ്പോഴത്തെ കാലാവധി $1^1/_2$ വർഷം മുതൽ 2 വർഷമാണ്. കറവസമയത്ത് ഗർഭം ധരിച്ചാൽ കറവ നിന്നുപോകുന്നു എന്ന സംശയം ഇപ്പോഴും ക്ഷീരകർഷകരുടെയിടയിൽ ഉണ്ട്. ഈ കാലയളവ് ഒരു വർഷമാക്കുവാൻ ശ്രമിക്കണം. ശാസ്ത്രീയമായി കറവരീതികൾ ശീലിച്ചാൽ ഒരു പരിധിവരെ അകിടുവീക്കം തടയാവുന്നതാണ്. അത്യുല്പാദനശേഷിയുള്ള വിദേശ ജീനുകൾ നമ്മുടെ നാടൻ പശുക്കളിൽ പകർന്നുകഴിഞ്ഞ് ഈ കാലഘട്ടത്തിൽ അതോടൊപ്പം തന്നെ കർഷകന് അതിനെ എങ്ങിനെ വളർത്തിക്കൊണ്ടുവരണം എന്ന പുതിയ അറിവ് പകർന്നുകൊടുക്കുവാൻ പൂർണ്ണമായി കഴിഞ്ഞിട്ടില്ല. ക്ഷീരകർഷകന് പരിശീലനം നൽകുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ മൃഗാശുപത്രിയിൽ ഉടലെടുക്കണം.

മാംസോൽപാദന രംഗം

ഈ പഞ്ചായത്തിൽ ഒരു അറവുശാല ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ നാനാഭാഗത്തും, പൊതുസ്ഥലത്തും പരസ്യമായും, അശാസ്ത്രീയമായും



മാലിന്യം നിറഞ്ഞ അന്തരീക്ഷത്തിലുമാണ് ദിനംപ്രതി ഉരുക്കളെ കശാപ്പുചെയ്യപ്പെടുന്നത്. കശാപ്പു ചെയ്യപ്പെടുന്ന ഉരുക്കൾ രോഗമുള്ളവയാണോ, ചെനയുള്ളതാണോ എന്നുപോലും നോക്കാറില്ല. വിൽപ്പന സ്റ്റാളുകളുടെ സ്ഥിതിയും മാലിന്യം നിറഞ്ഞതാണ്.

ഓരോ വർഷവും 1100-ഓളം ഉരുക്കളെ കശാപ്പു ചെയ്യപ്പെടുമ്പോൾ 1,10,000 കിലോഗ്രാം മാട്ടിറച്ചിയും 1200 ആടിനെ കശാപ്പു ചെയ്യുമ്പോൾ 18,000 കി.ഗ്രാം ആട്ടിറച്ചിയും 24 പന്നികൾ കശാപ്പു ചെയ്യുമ്പോൾ 1440 കി.ഗ്രാം പന്നിയിറച്ചിയും ഉൽപാദിപ്പിക്കപ്പെടുന്നു. അങ്ങിനെ മാംസോൽപാദനമൂല്യം വർഷം തോറും 70 ലക്ഷം രൂപയോളം വരും. ഇതിനും പുറമെ ഹോട്ടലാവശ്യത്തിനും 1,40,000 രൂപ മൂല്യമുള്ള മാംസം പഞ്ചായത്തിനു പുറമെനിന്നും വരുന്നു.

കശാപ്പു ചെയ്യപ്പെടുന്ന ഉരുക്കൾ 90 ശതമാനം തമിഴ്നാട്ടിൽ നിന്നും വരുന്നവയാണ്. തന്മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഊഹിക്കാവുന്നതേയുള്ളൂ. ഈ രംഗത്ത് വമ്പിച്ച വികസന സാദ്ധ്യതയുണ്ട്. ശാസ്ത്രീയമായ ഒരു അറവുശാല ഈ പഞ്ചായത്തിന് അത്യന്താപേക്ഷിതമാണ്. കർഷകർ ആരും തന്നെ മൂരിക്കുട്ടികളെ കാര്യമായി ശ്രദ്ധിച്ച് വളർത്തിക്കാണുന്നില്ല. കർഷകന്റെ അവഗണനമൂലം 10 മുതൽ 30 ശതമാനം വരെ ചത്തുപോവുകയാണ്. അതിന്റെ മുഖ്യകാരണം മൂരിക്കുട്ടികളെ വളർത്തിയെടുക്കുവാനുള്ള സാമ്പത്തിക ചെലവു മാത്രമാണ്. ഇറച്ചിക്കുവേണ്ടി മൂരിക്കുട്ടികളെ വളർത്തിയെടുക്കുന്ന ശീലം കർഷകനെ സംബന്ധിച്ചിടത്തോളം പുതിയ അറിവാണ്. 356 കുടുംബക്കാർ 1100 ആടുകളെയാണ് വളർത്തി വരുന്നത്. മേച്ചിൽ സ്ഥലങ്ങളുടെ ദൗർലഭ്യം ആടുവളർത്തലിനെ തളർത്തിയിരിക്കുന്നു. മികച്ചതരം ആടുകളെ ശാസ്ത്രീയമായി വളർത്തുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കുകയായിരിക്കും ഇതിനു പരിഹാരം.

പന്നി വളർത്തൽ

18 കുടുംബക്കാർ 80-ഓളം പന്നി വളർത്തുന്നു. സാമൂഹ്യവിലക്കുകൾ ഇല്ലാത്ത പ്രദേശങ്ങളായ കണക്കൻതുരുത്തി, പല്ലാറോഡ്, അഞ്ചുമൂർത്തിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ ഈതൊഴിൽ താൽപര്യമുള്ളവർ ഉണ്ട്. ഹോട്ടൽ വെയ്സ്റ്റ്, അറവുശാലയിലെ വെയ് സ്റ്റ് എന്നിവ ധാരാളം ലഭ്യതയുള്ള പ്രദേശമാണ് വടക്കഞ്ചേരി. വളരെ ലാഭകരമായ രീതിയിൽ നടത്തുവാൻ അനുയോജ്യമായ മേഖലയാണ് പന്നി വളർത്തൽ. ശാസ്ത്രീയ അറവുശാല ആവശ്യകതയും ഉണ്ടായിരിക്കണം.

മൂരി, പോത്തിൻ കുട്ടികളെ വളർത്തൽ

സാധാരണ പഞ്ചായത്തിലുണ്ടാകുന്ന മൂരിക്കുട്ടികളും, പോത്തിൻകുട്ടികളും 70 മുതൽ 90 ശതമാനം വരെ ചത്തുപോവുകയോ ഉപയോഗശൂന്യമാവുകയോ ചെയ്യുന്നു.

അശാസ്ത്രീയ സമീപനവും, വളർത്തുവാനുള്ള സാമ്പത്തിക ചെലവും, വളർത്തിയാൽ തന്നെ ലാഭകരമാകുമോ എന്ന കർഷകരുടെ ഭീതിയും ഈ മേഖലക്ക് വലിയ പ്രാധാന്യം കൊടുക്കുന്നില്ല. മാംസോൽപാദനത്തിനു വേണ്ടി മൂരിക്കുട്ടികളേയും, പോത്തിൻ കുട്ടികളേയും വളർത്തുന്നതിനുവേണ്ട സഹായം സർക്കാർ തലത്തിൽ തന്നെ ഉണ്ടായിരിക്കണം. ഇവിടെയും ശാസ്ത്രീയ അറവുശാലയുടെ പ്രാധാന്യം ഉണ്ട്.


മുയൽ, കാട, ടർക്കി, താറാവു വളർത്തൽ

മുയൽ വളർത്തലിൽ താൽപര്യമുള്ളവർ ഉണ്ടെങ്കിലും ശരിയായ മാർക്കറ്റ് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. കാട, ടർക്കി, താറാവ് എന്നിവയുടെ വളർത്തലും കുറവാണ്. കുഞ്ഞുങ്ങളെ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടാണ് പ്രധാന കാരണം.

മാംസോൽപാദന സഹ. സംഘങ്ങളുടെ രൂപീകരണവും, ശാസ്ത്രീയ അറവുശാലയുടെ ആവശ്യകതയും നിറവേറ്റിയാൽ അനുബന്ധ ഉപോൽപ്പന്ന സംസ്ക്കരണശാലയും ബന്ധപ്പെട്ട തൊഴിലവസരങ്ങളും വളരെയേറെ വർദ്ധിപ്പിക്കാൻ സാദ്ധ്യതയുള്ള മേഖലയാണ് മാംസോൽപാദന മേഖല. കർഷകർക്ക് മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാനും, പ്രാധാന്യം നൽകുവാനും സാധിക്കുന്നതാണ്. അതിനുവേണ്ട പരിജ്ഞാനവും, പരിശീലനവും നൽകുന്നത് നന്നായിരിക്കും.

കാലിത്തീറ്റ ഉൽപ്പാദനരംഗം

തീറ്റപ്പുൽ കൃഷി തീരെ പ്രചാരത്തിലായിട്ടില്ല. കാരണം, വൈക്കോൽ സുലഭമാണ്. ഒഴിഞ്ഞുകിടക്കുന്ന തരിശുഭൂമികൾ, കനാൽവരമ്പുകൾ, പാടവരമ്പുകൾ എന്നിവ ഉപയോഗപ്രദവുമാണ്. പാൽ സൊസൈറ്റികൾ സ്ഥലം പാട്ടത്തിനെടുത്തോ, ദത്തെടുത്തോ ക്ഷീര കർഷകനുവേണ്ട തീറ്റപ്പുൽ സൗജന്യ നിരക്കിൽ നൽകാവുന്നതാണ്.



വിവിധ കാലിത്തീറ്റ കമ്പനികളുടെ മിശ്രിത തീറ്റ വടക്കഞ്ചേരി മാർക്കറ്റിൽ ലഭ്യമാണ്. ഉദ്ദേശം 60 ലക്ഷം രൂപയോളം വരുന്ന 1000 മെട്രിക് ടൺ തീറ്റ പ്രതിവർഷം ചെലവാകുന്നുണ്ട്. ഇതിനു പുറമെ പ്രതിവർഷം 600 മെട്രിക് ടൺ കടലപ്പിണ്ണാക്ക്, അത്രതന്നെ തേങ്ങാപ്പിണ്ണാക്കും, 1320 മെട്രിക് ടൺ അരിതവിടും ഉപയോഗിച്ചു വരുന്നു. ഒരു കാലിത്തീറ്റ മിശ്രിതത്തിനു വേണ്ടുന്ന ചേരുവകൾ ആയ വിഭവങ്ങൾ ആയ അരി, കപ്പ, പുളിങ്കുരു, പിണ്ണാക്ക്, തവിട് എന്നിവ സുലഭമായ സ്ഥിതിക്ക് മേഖലാ തലത്തിൽ ഒരു കാലിത്തീറ്റ മിശ്രിത യൂണിറ്റിന് ധാരാളം സാദ്ധ്യതയുണ്ട്.

വൈക്കോലിന്റെ ഉൽപ്പാദനരംഗത്ത് വളരെയേറെ മുന്നിലാണ് ഈ പഞ്ചായത്ത്. 4100 മെട്രിക് ടൺ വൈക്കോൽ വർഷംതോറും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇതിൽ 50% അന്യദേശങ്ങളിലേക്ക് കയറ്റി അയക്കപ്പെടുന്നു. ഈ മേഖലയിൽ വൈക്കോൽ സംസ്ക്കരണ യൂണിറ്റ് തുടങ്ങി വൈക്കോലിനെ വീണ്ടും പോഷകദായകമാക്കിയും (യൂറിയ, മൊളാസ്സസ്സ്) ചേർത്ത് യന്ത്രങ്ങൾ ഉപയോഗിച്ച് പ്രസ്സ് ചെയ്ത് കേക്ക് രൂപത്തിലാക്കി കയറ്റി അയക്കുകയാണെങ്കിൽ വലിയ വിപണന മേഖലയാക്കി മാറ്റുവാൻ സാധിക്കുന്നതാണ്. ഗുണനിലവാരമുള്ള തീറ്റയുണ്ടോ എന്ന് പരിശോധിക്കുവാൻ ഫീഡ് ടെസ്റ്റിന് യൂണിറ്റുകളും, പരിശീലനവും കർഷകർക്ക് നൽകാവുന്നതാണ്.

ബ്രോയ്ലർ കോഴിവളർത്തൽ

പ്രതിവർഷം 7200 ബ്രോയ്ലർ കോഴികൾ വിതരണം നടത്തുന്ന ഒരു സ്വകാര്യ ഫാം മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. ഇറച്ചിക്കോഴി വിൽപ്പന നടത്തുന്ന 4 സ്റ്റാളുകൾ ഉണ്ട്. അവർ വർഷംതോറും 11 ലക്ഷത്തോളം രൂപ മൂല്യമുള്ള 16000 ഇറച്ചിക്കോഴികളേയും 4000 നാടൻ കോഴികളേയും വിൽക്കുന്നു അവർക്ക് നാടൻകോഴികൾ പഞ്ചായത്തതിർത്തിയിൽ നിന്നും ലഭിക്കുന്നു. ഇറച്ചിക്കോഴികൾ നൂറു ശതമാനവും പുറമെനിന്നും കൊണ്ടുവരുന്നു. അതായത് പഞ്ചായത്തിനകത്തെ ഉൽപാദനം വെറും 20 ശതമാനമെയുള്ളൂ. വനിതാ മേഖലയിലോ, കോഴി വളർത്തൽ സഹ.സംഘങ്ങൾ രൂപീകരിച്ചോ ഇറച്ചിക്കോഴി വളർത്തലിൽ വേണ്ട പുരോഗതിയുണ്ടാക്കുവാൻ സാധിക്കും.

മുട്ടയുൽപാദനരംഗം

പ്രതിവർഷം 4,25,000 കോഴിമുട്ടയാണ് ആഭ്യന്തര ഉൽപ്പാദനം. അതേസമയം തമിഴ്നാട്ടിൽ നിന്നും 10 കോടിയോളം മുട്ട പ്രതിവർഷം ഇറക്കുമതി ചെയ്യുന്നു. അങ്ങിനെ 10 കോടി രൂപയോളം ഈ പഞ്ചായത്തിൽ നിന്നും അന്യനാട്ടുകാർ കൊണ്ടുപോകുന്നു. സ്വയം പര്യാപ്തതയുടെ അനിവാര്യത ഇതിൽ നിന്നും ഊഹിക്കാവുന്നതേയുള്ളൂ. വർദ്ധിച്ച കോഴിത്തീറ്റയുടെ വർദ്ധിച്ച വില, കൂടുണ്ടാക്കുവാൻ വേണ്ടി വരുന്ന പ്രാരംഭചിലവുകൾ, കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുവാനുള്ള പ്രയാസം എന്നിവ കർഷകരെ ഈ തൊഴിലിൽ നിന്നും പിന്തിരിപ്പിക്കുന്നു. സഹകരണ മേഖലയിൽ കോഴി വളർത്തുകേന്ദ്രങ്ങൾ തുടങ്ങിയാൽ ഒരു പരിധിവരെ ഇത് പരിഹരിക്കാവുന്നതാണ്. താറാവുമുട്ട യുടേയും, കാടമുട്ടയുടെയും ഉൽപാദനം ഇവിടെയില്ല. ആകെ വിൽക്കപ്പെടുന്ന താറാവുമുട്ടയുടെ എണ്ണം പ്രതിവർഷം 2000-ത്തിൽ താഴെയാണ്. ഗിനി, ടർക്കി കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുള്ള സാദ്ധ്യത യില്ലാത്തതിനാൽ ഈ മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.

അലങ്കാരപ്പക്ഷികൾ

ചെറിയയിനം അലങ്കാരപ്പക്ഷികൾ പല വീടുകളിലും കണ്ടുതുടങ്ങിയിരിക്കുന്നു. ഈ മേഖലയും പരിപോഷിപ്പിച്ച് എടുക്കാവുന്നതാണ്.

തുകൽ സംസ്ക്കരണം

ഇന്നത്തെ പരിതസ്ഥിതിയിൽ പ്രതിവർഷം 67 ലക്ഷം രൂപയോളം മൂല്യമുള്ള തുകൽ ഇവിടെനിന്ന് കയറ്റി അയയ്ക്കുന്നു. തുകൽ വ്യവസായത്തിന്റെ പ്രാരംഭ നടപടിയായി ഒരു Tannery Unit-നുള്ള സാദ്ധ്യത കാണുന്നുണ്ട്. ഈ പദ്ധതിയും ആധുനിക കശാപ്പുശാലയുടെ അനുബന്ധമായി നടപ്പിലാക്കാവുന്നതാണ്. അതുപോലെ $6^{1}/_{2}$ ലക്ഷം രൂപയോളം വിലമതിക്കുന്ന എല്ല് ഇവിടെനിന്നും പുറത്തേക്ക് പോകുന്നുണ്ട്. എല്ലുപൊടി വ്യവസായ യൂണിറ്റിന് സാദ്ധ്യതയുള്ള മേഖലയാണ്.

ജൈവവളം

ഈ പഞ്ചായത്തിൽ പ്രതിവർഷം 3 കോടി രൂപയോളം മൂല്യമുള്ള 15000 മെട്രിക് ടൺ ജൈവവളം 8000 ഉരുക്കളിൽ നിന്നും ലഭിക്കുന്നു. ഇത്രയും ചാണകം ഇവിടെത്തന്നെ ഉപയോഗിച്ചുവരുന്നു.

ഊർജ്ജം (ബയോഗ്യാസ്)

ഇപ്പോൾ 50 ഓളം ബയോഗ്യാസ് നിലവിലുണ്ട്. 15000 മെട്രിക് ടൺ പ്രതിവർഷം ലഭിക്കുന്ന ഈ പഞ്ചായത്തിൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുവാൻ ധാരാളം സാദ്ധ്യതയുണ്ട്. പാചകാവശ്യത്തിനുവേണ്ട വിറകിൻെറ വർദ്ധിച്ച വിലയും, ക്ഷാമവും എൽ.പി.ജി. ഗ്യാസ് സിലിണ്ടറുകളുടെ ക്ഷാമവും പരിഹരിക്കുവാൻ ബയോഗ്യാസ് പ്ലാൻറുകൾക്ക് ഒരു പരിധി വരെ സാധിക്കും.

മൃഗശക്തി

64 ജോഡി പോത്ത്, കാളകളിൽ നിന്നായി ഭാരം വലിച്ചും, പാടം ഉഴുതും പ്രതിവർഷം ഏകദേശം 35 ലക്ഷം രൂപയോളം വിലമതിപ്പുള്ള മൃഗശക്തി ആഭ്യന്തര ഉപയോഗത്തിന് ലഭിക്കുന്നു. 64 കുടുംബക്കാരുടെയും മുഖ്യതൊഴിൽ ഇതു തന്നെയാണ്.

വന്ധ്യത നിവാരണം

കറവു മാടുകളുടെ വന്ധ്യതയും പശുക്കിടാരികളുടെ വന്ധ്യതയും ഒരു പ്രശ്നമായി ഇപ്പോഴും നിലവിലുണ്ട്. അതിനുവേണ്ടി ബ്ലോക്കു തലത്തിൽ പ്രത്യേക പദ്ധതി ആരംഭിക്കുകയും പഠനം നടത്തി പരിഹാര മാർഗ്ഗങ്ങൾ തേടി കർഷകനെ സഹായിക്കേണ്ടതാണ്.

പേവിഷബാധ നിർമ്മാർജ്ജനം

ചികിത്സയില്ലാത്ത മാരകരോഗമായ പേവിഷബാധയേറ്റ് മനുഷ്യരിലും, മൃഗങ്ങളിലും മരണം സംഭവിച്ചുവരുന്നു. ഇപ്പോൾ പഞ്ചായത്തിൽ 1322 പട്ടി/നായകൾ നിയന്ത്രണത്തിലുള്ളവയും 280 നായ്ക്കൾ അലഞ്ഞുതിരിഞ്ഞു നടക്കുന്നവയുമാണ്. പേവിഷബാധയ്ക്കെതിരെ നിർബന്ധമായും രോഗപ്രതിരോധകുത്തിവെപ്പ് നടത്തേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ കർശനമായി ലൈസൻസ് നിർബന്ധമാക്കിയും, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിച്ചും പരിഹാരം തേടാവുന്നതാണ്.

അറവുശാല മാംസപരിശോധന

അറവുശാലകൾ ശാസ്ത്രീയമായി സ്ഥാപിക്കുന്നതിൻെറ പ്രാധാന്യം വളരെയാണ്. ശുദ്ധമായ മാംസോൽപ്പാദനം ഉറപ്പു വരുത്തണം. കേന്ദ്രീകൃതമായി ഉപോൽപ്പന്നങ്ങൾ ഉപയോഗപ്പെടുത്തുവാനും മൃഗങ്ങളിൽ നിന്നും മനുഷ്യനു പകരുന്ന ബ്രുസല്ലോസ്സിൽ തുടങ്ങിയ രോഗഗ്രസ്തയായ ഉരുക്കളെ മാറ്റിനിർത്തുവാനും, ചെനയുള്ള ഉരുക്കളെ രക്ഷിക്കുവാനും വെറ്ററിനറി പരിശോധനാ സൗകര്യം ഉപയോഗപ്പെടുത്തുവാൻ സാധിക്കണം. തന്നെയുമല്ല രക്തം, ഹോർമോൺ, ഒസ്സീൽ, കൊഴുപ്പ് എന്നിവ നൽകിമരുന്നു കമ്പനിക്കാരിൽ നിന്നും വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും.

കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്നും കർഷകർക്ക് പരിരക്ഷ (ഇൻഷുറൻസ്) നൽകണം. ഒരു സമഗ്ര ഇൻഷുറൻസ് സംവിധാനം. ഇപ്പോൾ നിലവിലുള്ള വർദ്ധിച്ച ഇൻഷുറൻസ് പ്രീമിയം കർഷകന് താങ്ങാവുന്നതല്ല. പാൽ സൊസൈറ്റിയിലെ മെമ്പർമാരുടെ ഉരുക്കളേയോ പഞ്ചായത്ത് തലത്തിലോ സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇപ്പോൾ മൃഗസംരക്ഷണ മേഖലയിലെ കർഷകരെ പ്രത്യേകം ആദരിക്കുന്ന പതിവില്ല. ആയത് നടപ്പിലാക്കിയാൽ കർഷകന് വലിയ പ്രോത്സാഹനമായിരിക്കും.

പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയുടെ വികസനത്തിന് പൊതുവായ നിർദ്ദേശങ്ങൾ

1. 24 മണിക്കൂറും പ്രവർത്തിക്കുന്നതും, കർഷകൻെറ വീട്ടിൽ പോയി ചികിത്സ നടത്തുന്നതിനും ആധുനിക സൗകര്യത്തോടും സജ്ജീകരണത്തോടും കൂടി ഇപ്പോഴത്തെ മൃഗാശുപത്രിയെ വികസിപ്പിക്കുക.
2. അഞ്ചുമൂർത്തി മംഗലത്തും പൊത്തപ്പാറയിലും വെറ്ററിനറി ഡിസ്പെൻസറി തുടങ്ങുക.
3. പന്നിയങ്കരയിൽ ബീജസങ്കലന ഉപകേന്ദ്രം ആരംഭിക്കുക.
4. കഴിഞ്ഞ പഞ്ചവത്സര പദ്ധതികൾ തുടരുന്നതോടൊപ്പം എല്ലാ ദുർബല വിഭാഗത്തിൽപ്പെട്ട കർഷകർക്കും പട്ടിക വിഭാഗത്തിൽപ്പെട്ടവർക്കും ആനുകൂല്യം ലഭിക്കുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കുക.
5. വാർഡ്തോറും പാൽ വിതരണ സംഘങ്ങൾ ആരംഭിക്കുക.
6. ക്ഷീരകർഷകർക്കും, കന്നുകാലികൾക്കും സമഗ്ര ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുക.
7. നിലവിലുള്ള കറവപ്പശുക്കളുടെ ശരിയായ ഉൽപ്പാദനശേഷി മുതലെടുത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുവാൻ സൗജന്യ നിരക്കിൽ കാലിത്തീറ്റ നൽകുക.

8. ഗുണമേന്മ നിറഞ്ഞ കാലിത്തീറ്റ ഉറപ്പു വരുത്തുന്നതിന് മേഖല ഫീഡ് ടെസ്റ്റിങ്ങ് ലബോറട്ടറികൾ തുടങ്ങുക.

9. ശാസ്ത്രീയമായി മൃഗസംരക്ഷണ മേഖലയുടെ എല്ലാ പ്രവർത്തനങ്ങളിലും കർഷകന് പരിശീലനം നൽകുക.

10. ശാസ്ത്രീയമായ മോഡേൺ അറവുശാലകൾ നിർമ്മിക്കുക. അതിനോടനുബന്ധിച്ച് തുകൽ, എല്ല് സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുക.

11. സഹകരണ മേഖലകൾ വഴി മാംസോൽപാദനവും മുട്ടക്കോഴി ഇറച്ചിക്കോഴി ഉൽപ്പാദനവും, പന്നി വളർത്തൽ, കാട വളർത്തൽ മുതലായവയും രൂപീകരിക്കുക. പ്രത്യേകിച്ച് DWCRA യൂണിറ്റുകൾ രൂപീകരിക്കുക.

12. മൂരി/പോത്തിൻകുട്ടികൾക്ക് സൗജന്യ നിരക്കിൽ തീറ്റ നൽകുക.

13. മേഖലാടിസ്ഥാനത്തിൽ കാലിത്തീറ്റ മിശ്രിത യൂണിറ്റ് ആരംഭിക്കുക.

14. വൈക്കോൽ സംസ്ക്കരണശാല യൂണിറ്റ് ആരംഭിക്കുക.

15. ബയോഗ്യാസ് പ്ലാൻറുകൾ കൂടുതൽ സൗജന്യ നിരക്കിൽ നൽകുക.

16. വളർത്തുനായ്ക്കൾക്ക് കർശനമായി ലൈസൻസ് ഏർപ്പെടുത്തുക.

17. അകിടുവീക്കം തടയുന്നതിനായി കറവക്കാർക്ക് ശാസ്ത്രീയമായ രീതിയിൽ കറവ പരിശീലിപ്പിക്കുക. Mastrotis Kit വിതരണം ചെയ്യുക.


18. വീടുകളിൽ കോഴി വളർത്തുന്നതിനു വേണ്ട കോഴികളെ വിതരണം ചെയ്യുക.

19. മൃഗസംരക്ഷണ മേഖലയിൽ 60% അദ്ധ്വാനവും സ്ത്രീകൾ നിർവഹിക്കുന്നതിനാൽ എല്ലാ പരിശീലനപരിപാടികളിലും വനിതകൾക്ക് പ്രാധാന്യവും, മുൻഗണനയും നൽകുക.

20. ആട്, പന്നി, മുയൽ എന്നിവയുടെ സംരക്ഷണത്തിന് പദ്ധതികൾ നടപ്പിലാക്കുക. അതുവഴി പഞ്ചായത്തിൽ ഒരു പരിധി വരെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സമ്പദ് വ്യവസ്ഥ ഉയർത്തുന്നതിനും വഴിയൊരുക്കുക.

വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
I	43	93	38	01	Nil	ടർക്കി 01
II	57	28	04	Nil	Nil	Nil
III	141	77	07	04	08	ടർക്കി 01
IV	444	558	679	02	27	01
V	211	250	65	Nil	Nil	Nil
VI	417	477	236	01	01	Nil
VII	116	152	157	Nil	Nil	Nil
VIII	70	341	129	Nil	Nil	Nil
IX	184	1483	848	01	03	ടർക്കി 04
X	211	640	Nil	01	03	Nil
XI	229	696	447	01	04	ഗിനി 04
XII	343	715	551	04	01	ഗിനി 15



വളർത്തുമൃഗ സംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശ വർദ്ധ	മറ്റു ള്ളവ	വംശ വർദ്ധ	മറ്റു ള്ളവ	കറവ യുള്ള	കറവ ഇല്ലാത്ത	കറവ യുള്ള	കറവ ഇല്ലാത്ത	കറവ യുള്ള	കറവ ഇല്ലാത്ത				
1	2	3	4	5	6	7	8	9	10	11	12	13	14	15
I	01	01	Nil	Nil	15	02	16	05	Nil	04	02	38	51	Nil
II	02	02	01	03	06	02	12	07	01	01	12	26	22	"
III	Nil	Nil	Nil	Nil	Nil	01	71	19	Nil	Nil	Nil	21	55	"
IV	"	02	"	03	27	12	97	13	02	02	09	65	118	"
V	"	02	"	Nil	56	19	01	01	02	Nil	06	36	85	"
VI	"	06	"	"	97	Nil	Nil	Nil	01	02	16	21	76	"
VII	"	Nil	"	"	03	"	131	04	03	02	02	70	67	"
VIII	"	02	03	10	54	24	27	10	18	03	02	143	70	"
IX	"	Nil	06	Nil	Nil	Nil	168	77	03	01	02	322	371	"
X	"	"	01	"	13	02	338	01	08	02	04	70	259	"
XI	"	02	Nil	02	Nil	01	101	24	03	02	08	83	229	"
XII	Nil	Nil	Nil	Nil	24	13	120	28	02	Nil	02	210	199	"

രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റു ള്ളവ
1	2	3	4	5	6	7	8	9	10	11	12
1	ദഹനസംബന്ധമായവ Digestive disorders	565	41	46							
2	ശ്വാസകോശ സംബന്ധം Respiratory diseases	212	75								
3	ഉപാപചയസംബന്ധം Metabolic diseases	57									
4	ത്വക് രോഗങ്ങൾ Skin disease	16									
5	ധാതുലവണങ്ങളുടെ അഭാവം Deficiency diseases	31									
6	പരാദരോഗങ്ങൾ Parasitic diseases	707				88					
7	പ്രത്യുൽപാദനവുമായി ബന്ധപ്പെട്ടവ Gynacological disorders	542	11								
8	വന്ധ്യത Infertility										
9	അകിടുവീക്കം Mastitis	137									
10	മുടന്തൻപനി Ephemeral Fever	180	02								
11	പകർച്ചവ്യാധികൾ Contagion diseases										

പേവിഷബാധ - പ്രതിരോധവും ചികിത്സയും


വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം	Nil	Nil	Nil	100	Nil	Nil
കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം	4	-	-	-	-	-

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	2241	2241	560
കിടാരി	448	448	220
എരുമ	81	81	27

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്

നാടൻ പക്ഷികളും മൃഗങ്ങളും





മത്സ്യബന്ധനം

പഞ്ചായത്തിലെ പഴയകാല ചരിത്രമെടുത്തു നോക്കിയാൽ ജനങ്ങൾ ധാരാളം നാടൻ മത്സ്യങ്ങൾ കുളങ്ങളിൽ നിന്നും വയലുകളിൽ നിന്ന് പിടിച്ച് ഉപയോഗിച്ചിരുന്നതായി കാണാം. പുത്തൻ തലമുറക്ക് പരിചിതമല്ലാത്ത പല നാടൻ മത്സ്യങ്ങളും നാട്ടിലെ ജലാശയങ്ങളിൽ നിന്നും ഇന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞു. ആധുനിക യുഗത്തിന്റെ മുഖമുദ്രയായ കാർഷിക വിപ്ലവം മൂലം രാസവളകീടനാശിനി ഉപയോഗം കൂടിയപ്പോൾ നമ്മുടെസ്വദേശികളായ മത്സ്യസമ്പത്തിനെ ഭൂമുഖത്തു നിന്നും അപ്പാടെ ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുന്നു.

ജലാശയങ്ങളിലെ മത്സ്യം പിടിച്ചുവിറ്റ് ഉപജീവനം നയിച്ചിരുന്ന കുടുംബങ്ങൾ ഇവിടെ ധാരാളം ഉണ്ടായിരുന്നു. അന്നു മീൻ പിടിക്കാൻ വിവിധ വലിപ്പത്തിലുള്ള ഒറ്റലും വലകളും കുരുത്തിയും ഉപയോഗിച്ചിരുന്നതായി കാണാം. കുരുത്തി ഈർക്കിൽ ഉപയോഗിച്ചും ഒറ്റൽ മുള അലകുപയോഗിച്ചും നിർമ്മിച്ചിരുന്നു. വല പ്രധാനമായും കുളങ്ങളിൽ നിന്നും പുഴകളിൽ നിന്നും മീൻ പിടിക്കാനാണ് ഉപയോഗിച്ചിരുന്നത്.

നമ്മുടെ പഞ്ചായത്തിൽ ചെറുതും വലുതുമായി 103 കുളങ്ങളുണ്ട്. അതുകൊണ്ടു തന്നെ മത്സ്യകൃഷിക്ക് ഇവിടെ നല്ല സാധ്യതയുണ്ടെന്നു മനസ്സിലാക്കാം. ഈ കുളങ്ങളൊക്കെത്തന്നെ ആഴംകൂട്ടി വൃത്തിയാക്കി ജലസേചനത്തിനുപയോഗിക്കുന്നതോടൊപ്പം മത്സ്യകൃഷിയും നടത്താം.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും മത്സ്യം ഭക്ഷ്യാവശ്യത്തിന് ഉപയോഗിക്കുന്നവരാണ്. മനുഷ്യശരീരത്തിന് ഏറ്റവും പെട്ടെന്ന് മാംസ്യം ലഭ്യമാക്കാൻ മത്സ്യം ഉപകരിക്കുന്നു. ഇവിടെയുള്ളവർ പ്രധാനമായും കടൽ മത്സ്യത്തെയാണ് ആശ്രയിക്കുന്നത്.

കടൽത്തീരങ്ങളിൽ നിന്നും പിടിക്കുന്ന മത്സ്യങ്ങൾ പെട്ടെന്നു ചീഞ്ഞുപോകാതിരിക്കാൻ ഐസിനു പുറമെ ആരോഗ്യത്തിനു ഹാനികരമായ പല രാസവസ്തുക്കളും ഉപയോഗിക്കുന്നുണ്ട്. ഇത് ജനങ്ങളുടെ ആരോഗ്യസ്ഥിതി അപകടത്തിലാക്കുന്നു. അതുപോലെ തന്നെ കടൽമത്സ്യങ്ങൾ ഉപ്പിട്ടുണക്കുന്നത് കടൽ തീരത്തുതന്നെയുള്ള വൃത്തിഹീനമായ സ്ഥലങ്ങളിലാകുന്നതും പൊതുജനാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

മേൽപ്പറഞ്ഞ ആരോഗ്യപ്രശ്നങ്ങളൊന്നും തന്നെ ശുദ്ധജല മത്സ്യങ്ങളെ സംബന്ധിച്ചിടത്തോളം ഇല്ല. നമ്മുടെ പഞ്ചായത്തിലെ 103 കുളങ്ങളിൽ കുറെയെണ്ണത്തിൽ മത്സ്യകൃഷി തുടങ്ങുകയാണെങ്കിൽ അത് പഞ്ചായത്തിൽ നിന്നും മത്സ്യ ഇറക്കുമതിക്കു വേണ്ടി ചെലവഴിക്കുന്ന പണം ലാഭിക്കാൻ സഹായിക്കുമെന്നു മാത്രമല്ല ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുകയും ചെയ്യും.

വയലുകളിൽ ഉപയോഗിക്കുന്ന കീടനാശിനികളും രാസവളങ്ങളും വർദ്ധിച്ചത് സൂക്ഷ്മജീവികളുടെയും പ്ലാങ്ടൺ പോലുള്ള സസ്യജാലങ്ങളുടേയും നാശത്തിന് കളമൊരുക്കുകയും അതോടൊപ്പം മത്സ്യത്തിനു വളരാനുള്ള ചുറ്റുപാടുകൾക്ക് ഭീഷണിയാവുകയും ചെയ്തതാണ് നാടൻ മത്സ്യങ്ങൾ നാട്ടിൽ നിന്നും അപ്രത്യക്ഷമാവാനുണ്ടായ കാരണം. കീടനാശിനികൾ വയലിൽ തളിക്കുന്നത് കുറയ്ക്കുകയാണെങ്കിൽ നമുക്ക് ചൊടിയൻ, കല്ലൊട്ടി, ചീക്, പരൽ തുടങ്ങിയ നാടൻ മത്സ്യങ്ങളുടെ വംശനാശം ഒഴിവാക്കാൻ സാധിക്കും.

മത്സ്യകൃഷിക്ക് ഇന്നുപയോഗിക്കുന്നത് വളരെ പെട്ടെന്നു വളരുന്ന കട്ല, തിലോപ്പിയ, മൃഗാൽ തുടങ്ങിയ ഇനങ്ങളാണ്. എട്ടുമുതൽ പത്തുമാസം കൊണ്ട് 800 ഗ്രാം മുതൽ ഒന്നരകിലോ വരെ വളരുന്നു എന്നുള്ളതാണ് ഇവയുടെ പ്രത്യേകത

ഉൾനാടൻ ജലാശയങ്ങളുടെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഫിഷറീസ് ഡിപ്പാർ

ട്ട്മെൻറ് മലമ്പുഴയിലും മീങ്കരയിലും ഓരോ മത്സ്യക്കുഞ്ഞ് ഉൽപാദക കേന്ദ്രങ്ങൾ (ഹാച്ചറികൾ) തുടങ്ങിയിട്ട് വളരെക്കാലമായെങ്കിലും അതിൻെറ സേവനം പ്രയോജനപ്പെടുത്തുന്നവർ ഇവിടെ വിരളമാണ്.

നാടൻ മത്സ്യങ്ങൾ

1. കണ്ണൻ (ചൊടിയൻ)
2. മുഴ്സ്
3. ചീങ്ക്
4. കടുക്
5. പരൽ
6. കല്ലൊട്ടി
7. ആരൽ
8. പൂഴാൻ

വളർത്തു മത്സ്യങ്ങൾ

1. കട്ല
2. രോഹു
3. മൃഗാൽ
4. കാർപ്പ്
5. ഗ്രാസ് കാർപ്പ്
6. തിലോപ്പിയ

അലങ്കാര മത്സ്യങ്ങൾ

1. സ്വർണ്ണമത്സ്യം
2. ബ്ലാക് മോളി
3. വൈറ്റ് മോളി
4. ടെലസ്കോപ്പി
5. സീബ്ര
6. ടൈഗർ ഡോട്ട്സ്
7. ഗൗരാമി
8. ഫൈറ്റർ
9. ഏയ്ഞ്ചൽ

ഇവിടത്തെ കുളങ്ങളിലെ ഒരു പോരായ്മ വേനൽകാലങ്ങളിലുള്ള വരൾച്ചയാണ്. ഇവയുടെ ആഴം കൂട്ടുകയാണെങ്കിൽ എല്ലാ കാലത്തും വെള്ളം കിട്ടുന്ന അവസ്ഥ ഉണ്ടാവുകയും മത്സ്യകൃഷിക്ക് അവ ഉതകുകയും ചെയ്യുമെന്നത് തർക്കമറ്റ കാര്യമാണ്.

കർഷകരുടെ ഇടവേളകൾ ക്രിയാത്മകമായ രീതിയിൽ വിനിയോഗിക്കുവാൻ മത്സ്യകൃഷി സഹായകമായിരിക്കും. തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് ഒരു തൊഴിലായി ഇത് സ്വീകരിക്കാവുന്നതാണ്. പല വീട്ടുവളപ്പുകളിലും ചെറിയ കുളങ്ങൾ കണ്ടുവരുന്നുണ്ട്. അവയിൽ വീട്ടമ്മമാർക്കു തന്നെ മത്സ്യകൃഷി ചെയ്യാവുന്നതാണ്. ജനങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെടുത്താനും ഭക്ഷണത്തെ പോഷക സമ്പുഷ്ടമാക്കി ആരോഗ്യനില മെച്ചപ്പെടുത്താനും ഇത് സഹായിക്കും.


മത്സ്യങ്ങളിൽ അലങ്കാരമത്സ്യങ്ങൾക്കും പ്രാധാന്യമുണ്ട്. അകോറിയം മത്സ്യങ്ങൾ വീടുകളെ മോടിപിടിപ്പിക്കുന്നതിൽ അതിനേറെതായ പങ്കു വഹിക്കുന്നു. അലങ്കാര മത്സ്യകൃഷി വീടുകളിൽ കുടിൽ വ്യവസായമായി ആരംഭിക്കാവുന്നതാണ്. സ്വർണ്ണമത്സ്യം, ഏയ്ഞ്ചൽ ഫിഷ്, ഗൗരാമി തുടങ്ങിയ ഒട്ടേറെ ഇനങ്ങളെ നമ്മുടെ നാട്ടിൽ തന്നെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നത് നല്ല ഒരു തൊഴിൽ മേഖല സൃഷ്ടിക്കും.

പ്രശ്നങ്ങൾ

1. കുളങ്ങളിൽ വേനൽക്കാലങ്ങളിലുള്ള ജലത്തിൻെറ അപര്യാപ്തത.
2. കൃഷിയിടങ്ങളിൽ കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിതപ്രയോഗം മൂലം നാടൻ മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.
3. മത്സ്യകൃഷിയെക്കുറിച്ചുള്ള വ്യക്തമായ അറിവില്ലായ്മ.
4. യുവതലമുറക്ക് ഈ രംഗത്തേക്കു വരാനുള്ള വിമുഖത.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. നിലവിലുള്ള കുളങ്ങളുടെ ആഴം കൂട്ടി മത്സ്യകൃഷിക്ക് അനുയോജ്യമാക്കുക.
2. രാസവളം, കീടനാശിനികൾ എന്നിവയുടെ ഉപയോഗം ശാസ്ത്രീയമാക്കുക.
3. മത്സ്യകൃഷിയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ ഫിഷറീസ് ഡിപ്പാർട്ട്മെൻറിൻെറ സഹായത്തോടെ നടത്തുക.
4. യുവജനങ്ങൾക്കിടയിൽ മത്സ്യകൃഷിക്ക് തൊഴിൽ സാധ്യതയെക്കുറിച്ച് അവബോധമുണ്ടാക്കാനും അവരെ ഇതിലേക്ക് ആകർഷിക്കാനും ഉതകുന്ന ക്ലാസുകൾ പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുക.
5. അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിച്ച് തൊഴിലില്ലായ്മ ലഘൂകരിക്കാൻ തൊഴിൽ രഹിതരായ യുവജനങ്ങളെയും വീട്ടമ്മമാരെയും ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ സെമിനാറുകൾ നടത്തുക.



വ്യവസായം

കേരളത്തിന്റെ നെല്ലറയായ പാലക്കാടു ജില്ലയുടെ തെക്കുപടിഞ്ഞാറെ അറ്റത്ത് തൃശൂർ ജില്ലയോട് ചേർന്നു സ്ഥിതിചെയ്യുന്ന പഞ്ചായത്താണ് വടക്കഞ്ചേരി. ഇവിടത്തെ ജനങ്ങൾ മുഖ്യമായും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നു. കൃഷിക്കനുഭവപ്പെട്ട വമ്പിച്ച തകർച്ച ഈ മേഖലയിൽ പണിയെടുക്കുന്നവരെ മറ്റു മേഖലയിലേക്ക് എത്തിനോക്കുവാൻ പ്രേരിപ്പിച്ചു. വ്യാവസായിക പുരോഗതിയിലൂടെയേ ഇനി ഒരു രാജ്യത്തിനും വൻ പുരോഗതി കൈവരിക്കാൻ സാധിക്കൂ എന്നതുകൊണ്ട് നാം ആ വഴിക്കും ചിന്തിച്ചു തുടങ്ങി. കാർഷിക പ്രധാനങ്ങളായ വ്യവസായങ്ങളാകാം നമ്മുടെ ചിന്തക്ക് വിഷയം. പരമ്പരാഗത വ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയും ആധുനിക വ്യവസായത്തിന് തുടക്കമിടുകയും ചെയ്യണം. ഇത് സ്വകാര്യമേഖലയിലും പൊതുമേഖലയിലും സഹകരണമേഖലയിലും ആകാം. നമ്മുടെ പഞ്ചായത്തിൽ കുടിൽ വ്യവസായത്തിന് ധാരാളം സാധ്യതകൾ ഉണ്ട്.

മൺപാത്ര നിർമ്മാണം, പനമ്പ് നിർമ്മാണം, പനയോല, പുല്ല്, കൈത എന്നിവ ഉപയോഗിച്ച് കൊട്ട, വട്ടി, പായ തുടങ്ങിയവയുടെ നിർമ്മാണം, കരിമരുന്നുമായി ബന്ധപ്പെട്ട പടക്ക നിർമ്മാണം, കാർഷികോപകരണങ്ങൾ നിർമ്മിച്ചു നൽകൽ എന്നിവയെല്ലാം കുടിൽ വ്യവസായമായി ഇവിടെ നിലനിന്നിരുന്നു. ഓട്ടുപാത്ര നിർമ്മാണം, കയർ നിർമ്മാണം, ചുണ്ണാമ്പു നിർമ്മാണം എന്നിവയും വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് വിപണനം നടത്തിയിരുന്നു. ഭക്ഷണസാധനങ്ങൾ ഉണ്ടാക്കി തൊഴിലാളികൾക്ക് തൊഴിൽ സ്ഥലത്തെത്തിച്ചുകൊടുക്കലും ഒരു കുടിൽ വ്യവസായമായി കണ്ടിരുന്നു. ബീഡിക്കമ്പനികൾ കുടിൽ വ്യവസായത്തിൽ നിന്നുമുയർന്ന് ചെറുകിട വ്യവസായത്തിലേക്കു വളർന്നിരുന്നുവെങ്കിലും ഇപ്പോൾ ബീഡി വ്യവസായമേഖല തകർച്ചയിലാണ്. ഇതെല്ലാം സ്വകാര്യമേഖലയിലാണ് പ്രവർത്തിച്ചിരുന്നത്.

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ തൊഴിൽ ലഭിക്കുന്നത് റൈസ് മിൽ മേഖലയിലും തീപ്പെട്ടി നിർമ്മാണവുമായി ബന്ധപ്പെട്ട മില്ലുകളിലും ആണ്. പഞ്ചായത്തിൽ 10 മാച്ച് ഫാക്ടറികളും 25 റൈസ് മില്ലുകളും ഉണ്ട്. പട്ടിക താഴെ ചേർക്കുന്നു.

പട്ടിക - 1


തീപ്പെട്ടിക്കമ്പനികൾ

1. ശിവറാം മാച്ച് ഇൻഡസ്ട്രീസ്, മംഗലം
2. മാച്ച് ഫാക്ടറി, പന്നിയങ്കര
3. മാച്ച് ഫാക്ടറി, കണക്കൻതുരുത്തി
4. ശ്രീദേവി മാച്ച് ഇൻഡസ്ട്രീസ്, മംഗലം
5. മാച്ച് ഇൻഡസ്ട്രീസ്, കിഴക്കേത്തറ
6. സൈനബ മാച്ച് കമ്പനി, കരുവപ്പാടം
7. ഇസ്മയിൽ മാച്ച് ഫാക്ടറി, കരുവപ്പാടം
8. കെ.എ.കെ. മാച്ച് കമ്പനി, മുന്നാഴിപ്പറമ്പ്
9. മാച്ച് കമ്പനി, വടക്കൻതൊടി
10. മാച്ച് ഫാക്ടറി, നെല്ലിയമ്പാടം

പട്ടിക - 2

റൈസ് മില്ലുകൾ

1. രാജാ റൈസ് മിൽ, അണക്കപ്പാറ
2. ജയഭാരത് റൈസ് മിൽ, വടക്കഞ്ചേരി
3. റൈസ് മില്ലുകൾ, അകാംപാടം
4. ശ്രീനാരായണ റൈസ്മിൽ, പാളയം
5. റൈസ് മിൽ, മുന്നാഴിപ്പറമ്പ്, മംഗലം
6. ചെക്കിണി റൈസ്മിൽ, ചെക്കിണി
7. പി.വി.എസ്. റൈസ്മിൽ, പല്ലൂർപറമ്പ്
8. റൈസ് മിൽ, കണക്കൻതുരുത്തി
9. ധനലക്ഷ്മി റൈസ്മിൽ, വടക്കഞ്ചേരി
10. ശ്രീരാമ റൈസ്മിൽ, കൊളക്കോട്
11. അവിൽ മിൽ, കിഴക്കേത്തറ



12. റൈസ് മിൽ ആൻഡ് ഫ്ളോർ മിൽ, കിഴക്കേത്തറ
13. റൈസ് മിൽ, കമ്മാന്തറ
14. ലക്ഷ്മി റൈസ് മിൽ, മംഗലം
15. റൈസ് മിൽ, കണക്കൻതുരുത്തി
16. പത്മ റൈസ്മിൽ, പന്നിയങ്കര
17. റൈസ്മിൽ, കമ്മാന്തറ
18. റൈസ് മിൽ, വടക്കഞ്ചേരി
19. രാഘവൻ മെമ്മോറിയൽ റൈസ് മിൽ, അഞ്ചുമൂർത്തി
20. റൈസ് മിൽ, കണക്കൻതുരുത്തി
21. റൈസ് മിൽ, അടിയത്തുപ്പാടം
22. രാധാ റൈസ് മിൽ, നെല്ലിയമ്പാടം
23. റൈസ് മിൽ, നായരങ്ങാടി
24. റൈസ് മിൽ, അഞ്ചുമൂർത്തി മംഗലം
25. റൈസ് മിൽ, അമ്പലനട, മംഗലം

കൂടാതെ 17 ഓയിൽ മില്ലുകളും 6 ഫർണിച്ചർ നിർമ്മാണ ഇൻഡസ്ട്രീസും 8 വെൽഡിംഗ് യൂണിറ്റുകളും 4 ഐസ് ഫാക്ടറികളും 7 ഈർച്ചമില്ലുകളും പഞ്ചായത്തതിർത്തിയിൽ ഉണ്ട്.

പട്ടിക - 3

ഓയിൽ മില്ലുകൾ

1. ഓയിൽ മിൽ, വടക്കഞ്ചേരി
2. ഓയിൽ മിൽ, വടക്കഞ്ചേരി
3. ഓയിൽ മിൽ, ചന്തപ്പുര, വടക്കഞ്ചേരി
4. കീരിക്കാട് ഓയിൽ മിൽ, വടക്കഞ്ചേരി
5. കുളക്കരയിൽ ഓയിൽ ആൻഡ് ഫ്ളോർ മിൽ വടക്കഞ്ചേരി
6. ഓയിൽ മിൽ, കരുവപ്പാടം
7. ഓയിൽ മിൽ, ആമക്കുളം
8. ഓയിൽ മിൽ ആൻഡ് അവിൽ മിൽ, മംഗലംപാലം
9. ഓയിൽ മിൽ, വടക്കഞ്ചേരി
10. പത്മ ഓയിൽ മിൽ, പന്നിയങ്കര
11. ഓയിൽ മിൽ, മംഗലം
12. ഓയിൽ മിൽ, കിഴക്കഞ്ചേരി റോഡ്, വടക്കഞ്ചേരി
13. ഓയിൽ മിൽ, കാരയങ്കാട്
14. ഓയിൽ മിൽ, ആയക്കാട്
15. ഓയിൽ മിൽ, മാണിക്കപ്പാടം
16. ഓയിൽ മിൽ, കണക്കൻതുരുത്തി
17. കുളക്കരയിൽ ഓയിൽമിൽ, വടക്കഞ്ചേരി

പട്ടിക - 4

ഫർണിച്ചർ നിർമ്മാണം

1. ഭാഗ്യരാജ് ഫർണീച്ചർ ഇൻഡസ്ട്രീസ്, കമ്മാന്തറ
2. ഫർണിച്ചർ മാനുഫാക്ചറിംഗ്, മംഗലം
3. രാധാ സ്റ്റീൽ ഫർണീച്ചർ, കമ്മാന്തറ
4. ഫർണിച്ചർ നിർമ്മാണം സമൃദ്ധികേന്ദ്രം, മംഗലം
5. വുഡ് ക്രാഫ്റ്റ് ഇൻഡസ്ട്രീസ്, വടക്കഞ്ചേരി
6. എവർലൈറ്റ് വുഡ് ക്രാഫ്റ്റ്, വടക്കഞ്ചേരി

പട്ടിക - 5

വെൽഡിംഗ് യൂണിറ്റുകൾ

1. വെൽഡിംഗ് വർക്ക്ഷാപ്പ്, മംഗലം
2. വെൽഡിംഗ് വർക്ക്ഷാപ്പ്, മംഗലം
3. ശ്രീനാരായണ എഞ്ചി. വർക്സ്, നായർത്തറ
4. യൂണിവേഴ്സൽ ഇൻഡസ്ട്രീസ്, വടക്കഞ്ചേരി
5. വേണൂസ് ഇൻഡസ്ട്രീസ്, മംഗലംപാലം
6. പ്രകാശ് എഞ്ചിനിയറിംഗ് വർക്സ്, ടി.ബി. റോഡ്, വടക്കഞ്ചേരി
7. രഞ്ജിനി ഇൻഡസ്ട്രീസ്, കമ്മാന്തറ
8. സാലിത മോട്ടോർ ഗാരേജ്, വടക്കഞ്ചേരി

പട്ടിക - 6

ഐസ് ഫാക്ടറി


1. ഐസ് ഫാക്ടറി, കാരയങ്കാട്
2. ഐസ് ഫാക്ടറി, വടക്കഞ്ചേരി
3. റെക്സ് ഐസ് മാനുഫാക്ചറിംഗ് ആൻഡ് സെയിൽസ്, വടക്കഞ്ചേരി
4. അമൃത കൂൾ ഡ്രിംഗ്സ്, വടക്കഞ്ചേരി

പട്ടിക - 7

ഈർച്ചമില്ലുകൾ

1. മേരിമാത സോമിൽ, വടക്കഞ്ചേരി
2. സോമിൽ, കമ്മാന്തറ
3. വിൻസി സോമിൽ, കമ്മാന്തറ
4. സോമിൽ, കാരയംകാട്
5. സോമിൽ, പുഴക്കൽ പറമ്പ്
6. ശ്രീകൃഷ്ണ സോമിൽ, മംഗലം
7. സോമിൽ, നായരങ്ങാടി

ആദ്യമായി നമ്മുടെ പഞ്ചായത്തിൽ ഒരു വ്യവസായ സ്ഥാപനം തുടങ്ങിയത് തൃശൂർ സ്വദേശിയായ പെരുഞ്ചേരി ദേവസ്സി ആണ്. പോലീസ് സ്റ്റേഷനു കിഴക്കുവശം ഒരു ഓയിൽ മിൽ ആയിരുന്നു അത്.



തുടർന്ന് തെമ്മലപ്പുറം റൈസ് മില്ലും. പുഴയ്ക്കലിടം മലകളിൽ നിന്നും മരം ശേഖരിച്ച് വടക്കഞ്ചേരി മന്ദത്ത് കൊണ്ടുവരുകയും അവിടെവെച്ച് ഉരുപ്പടികളാക്കി നാടിന്റെ നാനാഭാഗങ്ങളിലേക്കും പ്രത്യേകിച്ച് കൊടുങ്ങല്ലൂർക്കും എത്തിച്ചിരുന്ന ഒരു തടിവ്യവസായം ഇവിടെ നിലവിലുണ്ടായിരുന്നു. കാടുകൾ ഇല്ലാതായതോടെ വ്യവസായവും നിലച്ചു.

ആധുനിക വ്യവസായങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ ഇല്ല. പത്തുപേർക്കെങ്കിലും ഒരുമിച്ചു തൊഴിൽ കൊടുക്കുന്ന ഒരു വ്യവസായവും സ്വകാര്യമേഖലയിലോ പൊതുമേഖലയിലോ സഹകരണ മേഖലയിലോ ഇല്ല. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ചെറു കണ്ണമ്പ്ര, ചെക്കിണി, പാളയം എന്നിവിടങ്ങളിൽ നിലനിന്നിരുന്നു.

കാർഷികമേഖലയുമായി ബന്ധപ്പെട്ട് ഇവിടെ ധാരാളം വ്യവസായങ്ങൾ ആരംഭിക്കാം. റബ്ബർ പാൽ ധാരാളമായി കിട്ടാൻ സാധ്യതയുള്ളതിനാൽ റബ്ബറിൽ നിന്നുല്പാദിപ്പിക്കാവുന്ന പല വ്യവസായങ്ങളും ചെറുകിട മേഖലയിൽ തുടങ്ങാം. റബ്ബർ തടി സംസ്ക്കരിച്ചെടുത്ത് ഫർണിച്ചർ നിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ട്. വീടു നിർമ്മാണത്തിനു വരെ ഇത് വ്യാപകമായി എടുക്കാം. ചെരുപ്പു നിർമ്മിക്കാൻ ആവശ്യമായ ഷീറ്റ് നിർമ്മാണം, റബ്ബർ ബാൻറ് നിർമ്മാണം എന്നിവയൊക്കെ സ്വകാര്യമേഖലയിലും സഹകരണ മേഖലയിലും തുടങ്ങാം.

പാൽ ഉല്പാദനവുമായി ബന്ധപ്പെട്ട് ധാരാളം ആളുകൾ പ്രവർത്തിക്കുന്നു. ആടുമാടുകൾക്കും കോഴിക്കും വേണ്ട തീറ്റ നിർമ്മിക്കാൻ ഒരു ഫാക്ടറിക്ക് സാധ്യതയുണ്ട്. അതിനുവേണ്ട അസംസ്കൃത വസ്തുക്കൾ കുറെയെല്ലാം ഇവിടെ ലഭ്യമാണ്. കൊള്ളി, തവിട്, പിണ്ണാക്ക് എന്നിവയെല്ലാം കിട്ടാൻ സാധ്യതയുണ്ട്. അതുകൊണ്ട് കാലിത്തീറ്റ നിർമ്മാണം ഈ പഞ്ചായത്തിനാവശ്യമാണ്.

സ്ത്രീകൾക്ക് ധാരാളം തൊഴിൽ നൽകുന്ന വ്യവസായങ്ങൾക്ക് ഇവിടെ സാധ്യതയേറുന്നു. അച്ചാർ, പപ്പടം, പലഹാരങ്ങൾ, കൊണ്ടാട്ടം, ചിപ്സ് എന്നിവയെല്ലാം കുടിൽ വ്യവസായമായി സ്വകാര്യമേഖലയിലും സഹകരണ മേഖലയിലും തുടങ്ങാം. ധവള വിപ്ലവത്തിനു തന്നെ തുടക്കമിട്ട സ്ഥിതിക്ക് പാലുമായി ബന്ധപ്പെട്ട് തൈര്, പാൽ, വെണ്ണ, നെയ്യ്, പീഡ, ചോക്ലറ്റ് തുടങ്ങി അനവധി സാധനങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്താൻ സാധിക്കും. നെല്ലുമായി ബന്ധപ്പെട്ട് ഇഡ്ഢലി പൊടി, പുട്ടുപൊടി, ദോശപ്പൊടി എന്നിവ ഉണ്ടാക്കി ചെറുകിട മേഖലയിൽ സ്ത്രീതൊഴിലാളികൾക്ക് ധാരാളം തൊഴിലവസരം നൽകാം.

സ്ത്രീകൾ ധാരാളമായി പണിയെടുക്കുന്ന ഒരു മേഖലയാണ് തീപ്പെട്ടി വ്യവസായം. ഇന്ന് അതിനു വേണ്ട കൊള്ളിയും പോളയും മാത്രമേ ഇവിടെ ഉണ്ടാക്കുന്നുള്ളൂ. അന്യസംസ്ഥാനങ്ങളിലെത്തിയാണ് ഇത് തീപ്പെട്ടിയായി മാറുന്നത്. അസംസ്കൃത വസ്തുക്കൾ ഉണ്ടായിരിക്കുകയും അതു സംസ്ക്കരിച്ചെടുക്കുകയും ചെയ്യാൻ കഴിയുമെങ്കിൽ എന്തുകൊണ്ട് അതുപയോഗിച്ച് പുതിയ വസ്തുക്കൾ (തീപ്പെട്ടി) ഉണ്ടാക്കിക്കൂടാ. അതുകൊണ്ട് കൊള്ളി മുക്കി പെട്ടിയിലാക്കി തീപ്പെട്ടിയാക്കുന്ന വ്യവസായ യൂണിറ്റ് തുടങ്ങി ധാരാളം സ്ത്രീതൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുക.

പാലക്കാട് ജില്ലയുടെ ഇരട്ടി ജനസാന്ദ്രതയുള്ള പഞ്ചായത്താണ് വടക്കഞ്ചേരി. സംസ്ഥാനത്തേക്കാളും ഉയർന്നതും ആണ്.

ജനസാന്ദ്രത	*ചതുരശ്രകിലോമീറ്ററിന്*
കേരളം	749
പാലക്കാട്	456
വടക്കഞ്ചേരി	831

ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലമായതുകൊണ്ട് ധാരാളം കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. ഇതിനാവശ്യമായ ഇഷ്ടിക ഇന്നും പരമ്പരാഗത രീതിയിൽ കൃഷിസ്ഥലങ്ങളിൽ നിന്ന് മണ്ണെടുത്ത് ഉണ്ടാക്കിവരികയാണ്. അത് കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഭാവിയിൽ അതിനു ചില നിയന്ത്രണങ്ങൾ വന്നേക്കാം. അപ്പോൾ നമുക്ക് മണൽ ഇഷ്ടികകളെ അന്വേഷിക്കേണ്ടിവരും. പാറ പൊടിച്ചെടുക്കാൻ ക്രഷർ സ്ഥാപിച്ച് ആ മേഖലയിലും ആ പൊടികൊണ്ട് സിമൻറിഷ്ടിക ഉണ്ടാക്കി ഈ മേഖലയിലും ധാരാളം തൊഴിൽ കൊടുക്കാം. അതുകൊണ്ട് പഞ്ചായത്തിൽ ഒരു മണൽ ഇഷ്ടിക യൂണിറ്റ് സ്ഥാപിക്കണം. ഇങ്ങനെ കാർഷിക മേഖലയേയും തൊഴിൽ മേഖലയേയും വ്യാവസായിക മേഖലയേയും രക്ഷിക്കുന്നതോടൊപ്പം പ്രകൃതിയെ സംരക്ഷിക്കുകയും ചെയ്യാം. വാതിൽ, ജനൽ എന്നിവയും കോൺക്രീറ്റിൽ ഉണ്ടാക്കുന്ന യൂണിറ്റും തുടങ്ങാം.

ശിലായുഗം പിന്നിട്ട മനുഷ്യൻ ഇന്ന് പ്ലാസ്റ്റിക് യുഗത്തിലെത്തി നിൽക്കുകയാണ്. നിത്യജീവിതത്തിൽ അവന് പ്ലാസ്റ്റിക്കിന്റെ ചൂടും ചൂരും ഏൽക്കാത്ത നിമിഷങ്ങളെത്ര? രാവിലെ ഉണർന്ന് ലൈറ്റി

ട്ടാൽ പ്ലാസ്റ്റിക് സഹിച്ചുമായി ബന്ധം തുടങ്ങുകയായി. പല്ലുതേക്കാൻ ബ്രഷ് എടുത്താൽ അതും പേസ്റ്റ് തൊട്ടാൽ ഞെങ്ങുന്ന കവറും. കുളിക്കാൻ പ്ലാസ്റ്റിക് ബക്കറ്റും കപ്പുമായി കുളിമുറിയിൽ കയറി ഇറങ്ങിയാൽ വീണ്ടും കസേര തൊട്ട് ആഹാരം കഴിക്കുന്ന പാത്രം വരെ എത്തിനിൽക്കുന്നു.

അസുഖം പ്രമാണിച്ച് മരുന്നു കഴിക്കുന്നുണ്ട്. തൊട്ടുനോക്കിയപ്പോൾ കാപ്സ്യൂൾ പൊതിഞ്ഞതും പ്ലാസ്റ്റിക് തന്നെ. അതും അകത്താക്കി പുറത്തിറങ്ങിയാലോ എങ്ങും പ്ലാസ്റ്റിക് മയം. പിക്കപ്പ് ബാഗില്ലാത്ത കൈ കാണുവാൻ വളരെ ദൂരം സഞ്ചരിക്കേണ്ടിവരും. ഫലം മറിച്ചും ആകാം. ഈ പ്ലാസ്റ്റിക്കുകൾ കേടുവന്നാൽ നാം എന്താണ് ചെയ്യുക. വലിച്ചെറിയുക തന്നെ. വർഷങ്ങൾ കഴിഞ്ഞാലും അവ നശിക്കാതെ ഭൂമിയിൽ അവശേഷിക്കും. വാരിക്കൂട്ടി കത്തിക്കാം എന്നു വെച്ചാൽ അതിന്റെ പുകയിലൂടെ ഉണ്ടാകുന്ന മാലിന്യം മാരകവിഷം തന്നെ. ഇതിൽ നിന്നു രക്ഷനേടാൻ ഇനി വഴി തേടേണ്ടിയിരിക്കുന്നു. കുപ്പയോടൊപ്പം നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക് കഷണങ്ങൾ സംഭരിച്ച് സംസ്ക്കരിച്ച് (റീ സൈക്ലിംഗ്) പ്ലാസ്റ്റിക് വയറുകളും നൂലുകളും ഷീറ്റുകളും ഒക്കെ ആക്കിമാറ്റി ഗൃഹോപകരണങ്ങൾ മെടയുവാനും കെട്ടുവാനും വിനോദസാധനങ്ങൾ ഉണ്ടാക്കുവാനും ഒക്കെ ആയി മാറ്റാം. ഇങ്ങനെ ചെയ്താൽ കുറെയേറെ ആളുകൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് തൊഴിൽ കൊടുക്കാം എന്നു മാത്രമല്ല വരാൻ പോകുന്ന ഒരു വലിയ ആപത്തിൽ നിന്നും ഭാവിതലമുറയെ രക്ഷിക്കാൻ വരെ സാധിക്കും. (പ്ലാസ്റ്റിക്, മണ്ണിൽ ലയിക്കാതെ കിടന്നാൽ മണ്ണിന്റെ ഘടനക്ക് മാറ്റമുണ്ടാകും. ചൂട് കൂടും. മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുകയും ജഡത ഉണ്ടാവുകയും ചെയ്യും.)

പട്ടുനൂൽ പുഴു വളർത്തലും തേനീച്ച വളർത്തലും പ്രോത്സാഹിപ്പിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും തൊഴിലവസരം നൽകാം.

സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ട വസ്ത്രനിർമ്മാണം ഇന്ന് വ്യാവസായികാടിസ്ഥാനത്തിൽ നടക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലും റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിന് ധാരാളം സാദ്ധ്യതയുണ്ട്. അതിനുവേണ്ട പരിശീലനം നൽകി വ്യവസായ യൂണിറ്റ് സ്ഥാപിച്ച് നിർമ്മാണം നടത്തി വിപണനമേളകൾ സംഘടിപ്പിച്ച് വിപുലമായ തോതിൽ നടത്താവുന്നതാണ്. മരപ്പണിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ ധാരാളം ആൾക്കാർ ഉപജീവനം കഴിക്കുന്നുണ്ട്. ഇവർക്ക് ആധുനിക രീതിയിൽക്കൂടി പരിശീലനം നൽകണം. കൂടാതെ സ്ത്രീകൾക്കും ഈ തൊഴിൽ അഭ്യസിക്കാൻ ഒരു പരിശീലനകേന്ദ്രം തുടങ്ങണം. ഗൃഹോപകരണങ്ങളും കളിപ്പാട്ടങ്ങളും നിർമ്മിക്കുന്ന ഒരു ടെക്നോ ക്രാഫ്റ്റ് ഇൻഡസ്ട്രിയായി ഇതിനെ വളർത്തിയെടുക്കാം.

സാങ്കേതികപരിജ്ഞാനം നൽകുന്ന കേന്ദ്രങ്ങൾ

1. **ഐ.റ്റി.സി. മംഗലം** - പ്ലംബിംഗ്, കാർപന്ററി, സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകൾ.
2. **എച്ച്.ആർ.ഡി.സി.** - ഇലക്ട്രീഷ്യൻ

നിർദ്ദേശങ്ങൾ

1. കോഴിവളർത്തൽ, മാടുവളർത്തൽ എന്നിവയിൽ പരിശീലനം നൽകുക.
2. റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിന് പരിശീലനം നൽകുന്ന ഒരു സെൻറർ സ്ഥാപിക്കണം.
3. കാലിത്തീറ്റ നിർമ്മാണയൂണിറ്റ് ആരംഭിക്കണം.
4. ഒമ്പതാം വാർഡിൽ റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങണം.
5. അഞ്ചാം വാർഡിൽ ടെയ്ലറിംഗ് സ്കൂൾ പെൺകുട്ടികൾക്ക് തുടങ്ങണം.
6. പ്ലാസ്റ്റിക് ഉപകരണങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് തുടങ്ങണം (മംഗലം ഏഴാം വാർഡിൽ).
7. ശീതീകരണയൂണിറ്റ് തുടങ്ങണം (മൂന്നാം വാർഡിൽ).
8. തീപ്പെട്ടി നിർമ്മാണം ഇന്നില്ല. അത് തുടങ്ങണം.
9. ആറാം വാർഡിൽ കറിപൗഡർ നിർമ്മാണ യൂണിറ്റ് തുടങ്ങണം.
10. സിമൻറിഷ്ടിക, ജനൽ, കട്ടിള എന്നിവ ഉണ്ടാക്കുന്ന ഒരു സ്ഥാപനം സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.
11. അച്ചാർ, പപ്പടം, പലഹാരം എന്നിവ ഉണ്ടാക്കി വിപണനം നടത്താൻ സ്ത്രീകളുടെ ഒരു സഹകരണ സംഘം ഉണ്ടാക്കുക. (എട്ടാം വാർഡിൽ)
12. പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഒരു സഹകരണ സ്ഥാപനം തുടങ്ങുക. (രണ്ടാം വാർഡിൽ)

വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് വിവിധ മേഖലകളിൽ ചെറുകിടയായും വൻകിടയായും വ്യവസായങ്ങൾ തുടങ്ങി നാടിന്റെ വികസനത്തിന് ശ്രമിക്കണം. ഇതിന് വൈദ്യുതി ഒരു പ്ര

ധാന ഘടകമാണ്. സബ് സ്റ്റേഷൻ പണിതീരുന്നതോടെ ഈ കുറവും പരിഹരിക്കാം.

പൊതുമേഖലയിൽ എല്ലാത്തരം ഉല്പന്നങ്ങളും വിപണനം ചെയ്യുന്നതിന്, തമിഴ്നാട് ചിന്നാമണി മാതൃകയിൽ ഒരു വ്യാപാരകേന്ദ്രം വടക്കഞ്ചേരിയിൽ സ്ഥാപിക്കുന്നത് മാർക്കറ്റിലെ വിലനിലവാരം ക്രമീകരിക്കാൻ സഹായിക്കും.

●

ഗതാഗതം

നാടിന്റെ പുരോഗതിയുടെ ഏറ്റവും അർത്ഥവത്തായ ഒരു ഭാഗമാണ് അവിടുത്തെ ഗതാഗതവും അതിനുവേണ്ടുന്ന സൗകര്യങ്ങളും. ഭാരതത്തിലെ പ്രധാന ദേശീയപാതകളിലൊന്നായ നാഷണൽ ഹൈവേ - 47 കടന്നുപോകുന്നത് ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടെയാണ്. അതിനാൽ തന്നെ ഏറെ വികസനസാദ്ധ്യത നിലനില്ക്കുന്നു. പ്രധാനമായും കാർഷികമേഖലയെ ആശ്രയിച്ചു നില്ക്കുന്ന സമ്പദ്ഘടന ആയതിനാൽ ഗതാഗത സൗകര്യം ഇപ്പോഴുള്ളതിനേക്കാൾ ഏറെ വർദ്ധിക്കേണ്ടിയിരിക്കുന്നു. റെയിൽവേ സൗകര്യമില്ലാത്ത ഒരു പഞ്ചായത്തായതിനാൽ റോഡുഗതാഗതത്തെയാണ് ജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്നത്.


ഈ പഞ്ചായത്തിൽ K.S.R.T.C. യുടെ ഒരു ഓപ്പറേറ്റിങ്ങ് സെൻററും, പഞ്ചായത്തുവക പ്രൈവറ്റ് ബസ്സ് സ്റ്റാൻറും ടാക്സി സ്റ്റാൻറും ഉണ്ട്. പഞ്ചായത്തിൽ വാഹന ഗതാഗതത്തിനനുയോജ്യമായ ആകെ റോഡ് 130.945 കി.മീ. ആണുള്ളത്. ഇതിൽ, ആകെ റോഡിന്റെ 1.59% കോൺക്രീറ്റ് റോഡും, 14.01% ടാർ റോഡും, 31.25% മെറ്റൽ റോഡും ബാക്കിയുള്ള 53.15% മൺ റോഡുമാണ്.

പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ നീളം, വീതി, സ്വഭാവം എന്നിവ താഴെ കാണിച്ചിരിക്കുന്ന പട്ടിക പ്രകാരമാണ്.


വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

നിലവിലുള്ള റോഡുകൾ - 1996

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	കോൺക്രീറ്റ് ചെയ്തത് കി.മീ.	ടാറിംഗ് ചെയ്തത് കി.മീ.	മെറ്റലിംഗ് ചെയ്തത് കി.മീ.	മൺ റോഡ് കി.മീ.
1	2	3	4	5	6	7	8	9
1	I	കമ്മാന്തറ റോഡ്	0.750	5.0	0.4	0.35		
2	"	ഗ്രാമം ബസാർ റോഡ്	1.0	5.0				
3	"	ഗ്രാമം - മാട്ടുപാത റോഡ്	0.300	6.0				
4	"	ഉറവൻകുളം-താണിക്കുണ്ട്	1.300	6.0				
5	"	കുരിക്കൾത്തറ റോഡ്	0.250	3.0				
6	"	കമ്മാന്തറ - കൂട്ടപ്പുര	0.300	3.0				
7	"	കമ്മാന്തറ - മന്ദം റോഡ്	0.350	3.5				
8	"	ഗണപതി അഗ്രഹാരം ലിങ്ക് റോഡ്	0.180	3.0				
9	"	പുളിമ്പറമ്പ്	0.300	3.0				
10	"	കമ്മാന്തറ - കണ്ടൻകോളനി	0.500	3.0				
1	II	ശോഭ തിയറ്റർ - കുന്നിശ്ശേരി	0.600	4.0				
2	"	നായർതറ - കുന്നിശ്ശേരി	0.500	4.0				
3	"	നായർതറ - കിഴക്കഞ്ചേരി	0.500	4.0				




ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	കോൺ ക്രീറ്റ് ചെയ്തത് കി.മീ.	ടാറിംഗ് ചെയ്തത് കി.മീ.	മെറ്റലിംഗ് ചെയ്തത് കി.മീ	മൺ റോഡ് കി.മീ.
1	2	3	4	5	6	7	8	9
4	"	പഴയ ചന്തപ്പുര റോഡ്	0.300	5.0				
5	"	പാളയം - ശ്മശാനം	0.300	4.0				
6	"	പാളയം - ചേരത്തോട്	0.400	3.0				
7	"	പൂളയ്ക്കൽപ്പറമ്പ് റോഡ്	0.250	4.0				
8	"	പഞ്ചായത്ത് കമ്പോസ്റ്റ് കോമ്പൗണ്ട് അപ്രോച്ച് റോഡ് - പഴയത്	0.075	4.0				
9	"	കുന്നിശ്ശേരി - കവറത്തറ	0.300	3.0				
10	"	പഞ്ചായത്ത് കമ്പോസ്റ്റ് കോമ്പൗണ്ട് അപ്രോച്ച് റോഡ് - പുതിയത്	0.125	4.0				
11	"	പാളയം - കൊഴുക്കുള്ളി	0.210	6.0	0.060	0.150		
12	"	വടക്കഞ്ചേരി - മണ്ണാത്തറ	0.130	3.0				
13	"	ചെട്ടിത്തറ റോഡ്	0.595	3.0	0.175		0.420	
14	"	കവറത്തറ റോഡ്	0.800	3.5	0.075		0.725	
15	"	പാളയം റോഡ്	0.800	6.0				
16	"	പാളയം - മാരിയമ്മൻ	0.600	5.0				
17	"	പാളയം - പുഴക്കടവ്	0.400	5.0				
1	III	നായർതറ - കൊടിക്കാട്ടുകാവ്	0.700	3.0				
2	"	കുന്നേങ്കാട് - ശ്മശാനം	1.000	4.0	0.100			0.900
3	"	കിഴക്കേക്കളം റോഡ്	0.600	3.5				
4	"	കൊടിക്കാട്ടുകാവ് - കിഴക്കേക്കളം	0.400	3.5				
5	"	ആമക്കുളം റോഡ്	0.300	4.0	0.100	0.200		
6	"	കറ്റുകോട് - കന്നേങ്കാട്	0.600	4.0				
7	"	മംഗലം - ശ്മശാനം	0.500	3.5				
8	"	മംഗലം - പൂക്കാട്	0.750	3.5				
9	"	പഞ്ചായത്ത് ഓഫീസ് - മുസ്ലീം പള്ളി റോഡ്	0.600	3.0				
10	"	കൊടിക്കാട്ടുകാവ് - കറ്റുകോട്	0.500	4.0			0.200	0.300
11	"	നായർതറ - കറ്റുകോട്	0.600	5.0				
12	"	കറ്റുകോട് റോഡ്	0.800	4.0				
13	"	ചെമ്പിളിയാംകുന്ന് റോഡ്	0.400	3.0				
14	"	നായർതറ റോഡ്	1.350	5.0				
1	IV	ചെക്കിണി - പള്ളിക്കാട്	0.800	8.0				
2	"	ചെക്കിണി ഹരിജൻ കോളനി	0.500	4.0				
3	"	N.H. - ചെക്കിണി പൊട്ടക്കുളംപ്പാറ	0.400	4.0				
4	"	അമ്പാട്ടുപ്പറമ്പ് റോഡ്	0.600	3.0				
5	"	ചെറുകണ്ണമ്പ്ര - പള്ളിയാർക്കാവ്	0.300	4.0				
6	"	ചുണ്ടക്കാട് - ചെറുകണ്ണമ്പ്ര	0.700	4.0				
7	"	നെല്ലിയാംപാടം - ചെറുകണ്ണമ്പ്ര	0.400	5.0				
8	"	ചെക്കിണി - പൂച്ചപ്പാറ	0.800	5.0				
9	"	ചെക്കിനിത്തറ റോഡ്	0.700	3.5				
10	"	പാലക്കുളം - കരിങ്കുന്നം	0.700	4.0			0.200	0.500



ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	കോൺ ക്രീറ്റ് ചെയ്തത് കി.മീ.	ടാറിംഗ് ചെയ്തത് കി.മീ.	മെറ്റലിംഗ് ചെയ്തത് കി.മീ.	മൺ റോഡ് കി.മീ.
1	2	3	4	5	6	7	8	9
11	"	മാണിക്കപ്പാടം - കരിങ്കുളം	0.200	3.0				
12	"	മാണിക്കപ്പാടം - കരിങ്കുന്നം	0.500	4.0				
13	"	മാണിക്കപ്പാടം - പുതുക്കുളം	0.950	8.0				
14	"	കാരയങ്കാട് - N.H.	0.150	2.8				
15	"	കുന്നുംകുഴി - ചുണ്ടക്കാട് കനാൽ ബണ്ട് റോഡ്	0.900	4.0				
16	"	വെപ്പിലവീട് റോഡ്	0.100	4.0				
17	"	കാരയങ്കാട് റോഡ്	0.600	4.0	0.300	0.300		
18	"	കാരയങ്കാട് - ആശാരിത്തറ	0.250	3.0				
19	"	പെട്രോൾ ബങ്ക് - മാണിക്കപ്പാടം	0.800	4.0				
20	"	കാരയങ്കാട് - കുതിരക്കോട്ടുകുളം	0.300	4.0				
21	"	പഞ്ചായത്ത് ബസ്സ് സ്റ്റാൻറ് - അപ്രോച്ച് റോഡ്	0.150	8.0				
22	"	തേനിടുക്ക് - നെല്ലിയാമ്പാടം	1.300	6.0				
1	V	നെല്ലിയാമ്പാടം - മുളന്ത റോഡ്	0.900	4.0				
2	"	നെല്ലിയാമ്പാടം - കുന്നുംകാട്	0.700	4.0				
3	"	ചാമപ്പറമ്പ് റോഡ്	0.700	4.0				
4	"	കൊളക്കോട്ത്തറ റോഡ്	0.800	4.0				
5	"	കൊളക്കോട് - പന്നിയങ്കര	0.900	4.0				
6	"	പരുവാശ്ശേരി ഹരിജൻ കോളനി	0.400	5.0				
7	"	ചെല്ലിപ്പറമ്പ് റോഡ്	2.500	6.0		1.600	0.900	
8	"	നെല്ലിയാമ്പാടം - വാരുകുന്ന്	1.000	8.0				
9	"	പരുവാശ്ശേരി - ചാമപ്പറമ്പ്	0.700	8.0				
1	VI	ആയക്കാട് - ഗ്രാമം	0.700	4.0				
2	"	ആയക്കാട് - ആശാരിത്തറ	0.135	3.0				
3	"	ആയക്കാട് - നടമാളിക	0.300	3.0				
4	"	അടിയത്തുപാടം - കൂമാംകോട് (കനാൽ ബണ്ട്)	0.900	6.0				
5	"	കൂമാംകോട് - വാരുകുന്ന് (കനാൽ ബണ്ട്)	0.800	6.0			0.300	0.500
6	"	അടിയത്തുപാടം - ചുണ്ടക്കാട് (കനാൽ ബണ്ട്)	1.000	5.0			0.300	0.700
7	"	ആയക്കാട് - പൊരുവായ്	0.350	4.0				
8	"	തച്ചാംകുന്ന് - ചുണ്ടക്കാട്ടുപ്പാടം	0.500	5.0				
9	"	ചെല്ലിത്തറ - നായ്ക്കത്തറ	0.200	3.0				
10	"	ചെല്ലിത്തറ റോഡ്	0.600	4.0			0.350	0.250
11	"	ആയക്കാട് - നെല്ലിയാംപാടം	1.200	6.0				
12	"	അടിയത്തുപാടം - നെല്ലിയാംപാടം	0.800	6.0				
13	"	ആയക്കാട് - അടിയത്തുപാടം	0.600	4.0				
14	"	പൊരുവായ് റോഡ്	0.500	3.0				
15	"	തച്ചാംകുന്ന് റോഡ്	0.800	4.0			0.500	0.300

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	കോൺ ക്രീറ്റ് ചെയ്തത് കി.മീ.	ടാറിംഗ് ചെയ്തത് കി.മീ.	മെറ്റലിംഗ് ചെയ്തത് കി.മീ.	മൺ റോഡ് കി.മീ.
1	2	3	4	5	6	7	8	9
1	VII	വള്ളിയോട് - കണ്ടൻകാളിപ്പൊറ്റ	4.000	8.0				
2	"	മംഗലം - ചേറുംകോട് ഹരിജൻ കോളനി റോഡ്	1.000	4.0				
3	"	കണിയാർകുന്നം - മുന്നാഴിപ്പറമ്പ്	1.000	4.0				
4	"	വള്ളിയോട് - മിച്ചാരംകോട്	0.800	4.0				
5	"	മംഗലം - കുഴൽമന്ദംതറ	0.400	4.0				
6	"	മംഗലം വില്ലേജ് ഓഫീസ് - ചേലക്കോട്	0.800	6.0				
7	"	N.H. - മംഗലം കനാൽ ബണ്ട്	0.700	5.0				
8	"	മംഗലംതറ റോഡ്	2.000	6.0				
9	"	മംഗലം - ഭജനമഠം	0.350	3.5				
10	"	കൈക്കോളത്തറ - വലിയകുളം	0.800	3.5				
11	"	കണ്ടൻകാളിപ്പൊറ്റ - വലിയകുളം	0.750	4.0				
1	VIII	ചീറമ്പക്കാവ് - ചെന്നക്കാപ്പാടം	1.000	4.0				
2	"	വേണാട്ടുകളപ്പറമ്പ് ഹരിജൻ കോളനി	1.000	6.0				
3	"	മംഗലം - മാരിയമ്മൻകോവിൽ	0.450	4.0				
4	"	കള്ളിയൻകാട് - മാരിയമ്മൻകോവിൽ	0.900	3.5				
5	"	കള്ളിയൻകാട് - ചോഴിയംകാട് ലക്ഷംവീട് കോളനി	1.200	6.0				
6	"	മംഗലം - തെക്കേ ഗ്രാമം	0.200	4.0				
7	"	പൂക്കോട് - N.H. കനാൽ ബണ്ട്	0.800	5.0				
8	"	പൂക്കോട് - ചെന്നക്കാപ്പാടം കനാൽ ബണ്ട്	0.900	5.0				
9	"	മംഗലം - മൂച്ചിത്തൊടി കോളനി	1.600	6.0				
10	"	മംഗലം - വടക്കേത്തറ	1.500	4.0				
11	"	മംഗലം - പുഴയ്ക്കൽപ്പറമ്പ്	1.500	6.0				
12	"	മംഗലം - കുണ്ടിലത്തൊടി ഹരിജൻ കോളനി	0.350	4.0				
1	IX	ചക്കുണ്ട് - താമരപ്പള്ളി	2.500	6.0				
2	"	പൊത്തപ്പാറ - ചക്കുണ്ട്	1.250	5.0				
3	"	ചുവട്ടുപാടം - പൊത്തപ്പാറ	2.500	8.0				
4	"	മൂച്ചിക്കൽകുളമ്പ് - വിലങ്ങൂർ	1.250	8.0				
5	"	വിലങ്ങൂർ - കോമുട്ടികുളമ്പ്	1.500	8.0				
6	"	വിലങ്ങൂർ - ഒറവത്തൂർ	1.500	6.0				
7	"	കണക്കൻതുരുത്തി - ആനക്കുഴിപ്പാടം	1.200	6.0				
8	"	കാളാംകുളം - പമ്പരംകുന്ന്	0.800	4.0				
9	"	പല്ലാ റോഡ് - ചുങ്കപ്പുര	1.200	4.0				
10	"	കണക്കൻതുരുത്തി - വിലങ്ങൂർ	1.300	6.0				
11	"	പൊത്തപ്പാറ - പല്ലാ റോഡ്	1.500	6.0				
12	"	കണക്കൻതുരുത്തി - പല്ലാർ	2.500	8.0		1.000	1.500	



ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	കോൺക്രീറ്റ് ചെയ്തത് കി.മീ.	ടാറിംഗ് ചെയ്തത് കി.മീ.	മെറ്റലിംഗ് ചെയ്തത് കി.മീ.	മൺ റോഡ്
1	2	3	4	5	6	7	8	9
13	"	കാളാംകുളം - പൊത്തപ്പാറ	1.500	8.0				
14	"	പല്ലാർ റോഡ് - മൂച്ചിക്കൽകുളമ്പ്	0.800	6.0				
1	X	പയ്യക്കുണ്ട് - പേഴുംമൂടി	2.500	8.0				
2	"	തോടൻപൊറ്റ - തെക്കേക്കര	1.000	4.0				
3	"	മംഗലം - വഴുകക്കോട്	0.500	4.0				
4	"	അഞ്ചുമൂർത്തി അമ്പലം റോഡ്	0.350	3.0				
5	"	ഇയ്യാനി റോഡ്	0.600	3.0				
6	"	മംഗലം - വാവുള്ളിയൻകാട്	1.300	3.0				
7	"	ഒറക്കുന്നംകാട് കോളനി റോഡ്	1.000	4.0				
8	"	ചീക്കോട് - പയ്യക്കുണ്ട്	2.800	8.0			2.500	0.300
9	"	അണക്കപ്പാറ - വഴുതക്കോട്	1.500	4.0				
10	"	മംഗലം - കിഴക്കേത്തറ റോഡ്	1.000	5.0				
11	"	മംഗലം കിഴക്കേത്തറ ഹരിജൻ കോളനി	1.120	4.0				
1	XI	നായർകുന്ന് റോഡ്	0.600	3.0				
2	"	ഉറവൻകുളം - നായർകുന്ന് ഹരിജൻ കോളനി	0.500	3.5				
3	"	കമ്മാന്തറ - കൂട്ടക്കുഴി	1.000	3.5				
4	"	കാളാംകുളം - ആനക്കുഴിപ്പാടം	0.900	3.5				
5	"	കാളാംകുളം - മുല്ലപ്പള്ളി	1.200	3.5				
6	"	കാളാംകുളം - പമ്പരംകുന്ന് മുണ്ടോട്ട്കുളമ്പ്	1.000	3.0				
7	"	മാണിക്കപ്പാടം - മണ്ണാംപറമ്പ്	0.800	4.0			0.400	0.400
8	"	താണിക്കുണ്ട് - തിരുവറ റോഡ്	1.000	3.5				
9	"	ചീരക്കുഴി റോഡ്	0.600	3.5				
10	"	കമ്മാന്തറ - പ്രധാനി	1.250	6.0				
11	"	കാളാംകുളം - കണക്കൻതുരുത്തി	2.000	8.0				
12	"	വാക്കോട് - പ്രധാനി ഹരിജൻ കോളനി	0.700	6.0				
13	"	പ്രധാനി - മംഗലത്തുപറമ്പ്	0.700	4.0				
14	"	കമ്മാന്തറ - കിഴക്കേകളം	0.225	3.0			0.100	0.125
1	XII	പന്നിയങ്കര - കുറുവായ്	2.000	6.0			0.600	1.400
2	"	പന്നിയങ്കര - ചൂരക്കോട്ടുകുളമ്പ്	1.500	6.0				
3	"	പന്നിയങ്കര - പ്രശാന്ത് എസ്റ്റേറ്റ്	0.500	3.0				
4	"	തേനിടുക്ക് - കാളാംകുളം	1.300	8.0				
5	"	പുഷ്പച്ചാൽ - പമ്പരംകുന്ന്	0.600	6.0				
6	"	ചുവട്ടുപ്പാടം - പൊത്തപ്പാറ	0.900	8.0				
7	"	കൊളക്കോട് ചർച്ചിങ്കൽ പള്ളിയാൽ	0.800	4.0				
8	"	തേനിടുക്ക് - കൊളക്കോട്	0.600	4.0				

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്.

ഗതാഗതരംഗത്തുള്ള പഞ്ചായത്തിലെ പ്രമുഖ പൊതുമേഖല സ്ഥാപനങ്ങളിൽ ഒന്നായ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഓപ്പറേറ്റിങ്ങ് സെൻറർ തുടങ്ങിയ കാലത്ത് പതിനഞ്ചോളം സർവ്വീസുകളും 108 ജീവനക്കാരും ഉണ്ടായിരുന്നു. ഈ സ്ഥാപനം ഇടക്കാലത്ത് അടച്ചുപൂട്ടുകയുണ്ടായി. പിന്നീട് പൊതുജനാവശ്യത്തെ തുടർന്ന് ഇപ്പോഴത്തെ സർക്കാരാണ് സെൻറിന്റെ പ്രവർത്തനം പുനരാരംഭിച്ചത്. ഇപ്പോൾ '9' സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. തിരുവനന്തപുരത്തേക്ക് രണ്ട് സൂപ്പർ ഫാസ്റ്റ് സർവ്വീസുകളും മംഗലം ഡാം പാലാ റൂട്ടിൽ ഒരു ഫാസ്റ്റ് പാസഞ്ചറും, ഗോവിന്ദാപുരത്തേക്ക് ആറ് ഓർഡിനറി സർവ്വീസുകളും ആണ് നിലവിലുള്ളത്. ജീവനക്കാർ അമ്പത്തി അഞ്ചുപേരും. സ്വകാര്യ ബസ്സുകളുടെ കുത്തകയായ ഉൾപ്രദേശങ്ങളിൽ പല ഭാഗത്തേയ്ക്കും അനിയന്ത്രിതമായ തിരക്കാണ്. മുമ്പ് കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തിയിരുന്ന പട്ടാമ്പി - പല്ലാറോഡ്, പൊത്തപ്പാറ - കൊല്ലങ്കോട്, പാലക്കാട് - മണപ്പാടം മുതലായവ പുനരാരംഭിക്കുന്നതോടൊപ്പം മംഗലം ഡാം, പുതുക്കോട് മുതലായ ഉൾപ്രദേശങ്ങളിലേക്ക് പുതിയ സർവ്വീസുകൾ ആരംഭിക്കുകയും വേണം.

ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി അഞ്ചു ഏക്ര സ്ഥലവും ഒരു കെട്ടിടവും ലഭ്യമാക്കിയിട്ടുണ്ട്. സ്റ്റേഷൻ മാസ്റ്ററുടെ പ്രവർത്തനത്തിനായി വടക്കഞ്ചേരി ടൗണിൽ വെൽഫെയർ അസോസിയേഷനും ഗ്രാമപഞ്ചായത്തും സഹകരിച്ച് ഒരു കെട്ടിടം നൽകിയിട്ടുണ്ടെങ്കിലും പ്രവർത്തനത്തിന് അനുയോജ്യമായ സൗകര്യങ്ങൾ തീരെ പരിമിതമാണ്.

പഞ്ചായത്ത് വിലയ്ക്ക് വാങ്ങി കെ.എസ്.ആർ.ടി.സി. യ്ക്ക് സൗജന്യമായി നൽകിയിട്ടുള്ള സ്ഥലത്ത് ഇപ്പോൾ നിർമ്മിച്ചിട്ടുള്ള ഗാരേജിൽ സൗകര്യങ്ങൾ വളരെ കുറവാണ്. ഗാരേജ് സൗകര്യം വർദ്ധിപ്പിച്ച് വടക്കഞ്ചേരിയിൽ നിന്നും പൊള്ളാച്ചിയിലേക്കും, കോയമ്പത്തൂരിലേക്കും ഇൻറർ സ്റ്റേറ്റ് സർവ്വീസുകൾ ആരംഭിക്കുകയും കൂടാതെ ഉൾനാടൻ പ്രദേശങ്ങളായ കണ്ണമ്പ്ര വഴി പാടൂർ, മഞ്ഞപ്ര വഴി പുതുക്കോട്, പന്നിയങ്കര - പന്തലാംപാടം, കല്ലിങ്കൽ പാടം, ഇളനാട് വഴി കാളിയാർ റോഡ്, ചിറ്റിലഞ്ചേരി വഴി പുത്തൻ കുളമ്പ്, കിഴക്കഞ്ചേരി വഴി മംഗലം ഡാം എന്നിവിടങ്ങളിലേക്ക് പുതിയ സർവ്വീസുകൾ ആരംഭിച്ചാൽ ഇന്നു ജനങ്ങൾ അനുഭവിക്കുന്ന യാത്രാദുരിതം ഒരു പരിധിവരെ കുറയ്ക്കാൻ സഹായകരമാകും. കൂടാതെ ജീവനക്കാർക്ക് അടിയന്തിര ഘട്ടങ്ങളിൽ താമസിക്കുന്നതിന് ഒരു ക്വാർട്ടേഴ്സ് നിർമ്മിക്കുകയും കാലതാമസ്സം വിനാ നിലവിലുള്ള ഓപ്പറേറ്റിങ്ങ് സെൻററിനെ ഒരു സബ് ഡിപ്പോ ആയി ഉയർത്തുകയും വേണം.

യഥാസമയങ്ങളിൽ ബസ്സുകളുടെ അറ്റകുറ്റപ്പണികളും, സർവ്വീസിങ്ങും, അണുനശീകരണവും നടത്തുന്നതിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം. കോർപ്പറേഷൻ ജീവനക്കാരും ജനപ്രതിനിധികളും ഉൾപ്പെട്ട കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിക്കുന്നത് ഇതിന് പ്രയോജനകരമാകും. മുൻഭാഗത്തെന്നപോലെ പിൻഭാഗത്തും നെയിം ബോർഡുകൾ ബസ്സുകളിൽ പ്രദർശിപ്പിക്കുന്നത് സാധാരണക്കാരായ യാത്രക്കാർക്ക് പ്രയോജനകരമാകും.

1992-ൽ പ്രവർത്തനമാരംഭിച്ച പഞ്ചായത്ത് വക പ്രൈവറ്റ് ബസ്സ് സ്റ്റാൻറിൽ ഇപ്പോൾ ഏകദേശം ഇരുന്നൂറോളം ബസ്സുകൾ ദിനംപ്രതി വന്നുപോകുന്നുണ്ട്. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു ചെറുകിട പട്ടണമായി മാറിക്കൊണ്ടിരിക്കുകയാണ് വടക്കഞ്ചേരി. ടൗണിലും, സമീപപ്രദേശങ്ങളിലുമുള്ള അഴുക്കുചാലുകളിലെ മാലിന്യങ്ങൾ വർദ്ധിച്ചു വരുന്നതുമൂലം ഡ്രെയിനേജ് സൗകര്യം ഉണ്ടാക്കേണ്ടത് ഏറെ പ്രാധാന്യമുള്ള സംഗതിയാണ്.


ഈ പഞ്ചായത്തിലെ വളരെയധികം ഗതാഗത പ്രാധാന്യമുള്ള താഴെപ്പറയുന്ന പഞ്ചായത്ത് റോഡുകൾ മുൻഗണനാ ക്രമത്തിൽ ഉദ്ധാരണപ്രവർത്തി നടത്തി ഗതാഗത യോഗ്യമാക്കി മാറ്റേണ്ടതാണ്.

വാർഡ് 1

(1) കമ്മാന്തറ റോഡിലേക്ക് ബസ്സ്സ്റ്റാൻഡിൽ നിന്നും ബൈപാസ് റോഡ് നിർമ്മിക്കണം.
(2) ഗ്രാമം ബസ്സാർ റോഡ് റീടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കണം.
(3) കമ്മാന്തറ കണ്ടൻകോളനി റോഡ് പഞ്ചായത്ത് ബസ് സ്റ്റാൻറുമായി ബന്ധിപ്പിച്ച് ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കണം.
(4) ഗ്രാമം താണിക്കുണ്ട് റോഡ് ടാറിംഗ്.

വാർഡ് 2

(1) നായർത്തറ കുന്നിശ്ശേരി റോഡ് കോൺക്രീറ്റിംഗ് ചെയ്തു ഗതാഗത യോഗ്യമാക്കി മാറ്റണം.
(2) പഴയ ചന്തപ്പുര റോഡ് ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കണം.



(3) വടക്കഞ്ചേരി - കിഴക്കഞ്ചേരി റോഡിൽ നായർത്തറ വഴി ബൈപ്പാസ് നിർമ്മിച്ച് ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കണം.

(4) പുളയ്ക്കൽപറമ്പ് റോഡ് ടാറിംഗ് നടത്തണം.

വാർഡ് 3

(1) കുന്നയങ്കാട് ശ്മശാനം റോഡ് കോൺക്രീറ്റിംഗ് നടത്തി ഗതാഗതയോഗ്യമാക്കണം.

(2) മംഗലം - പൂക്കാട് റോഡ് ടാർ ചെയ്യണം.

(3) കറ്റുകോട് കവറത്തറ റോഡ് ടാറിംഗ് ചെയ്യണം.

(4) നായർത്തറ - ശോഭാ തിയേറ്റർ റോഡ് ടാറിംഗ് ചെയ്യണം.

വാർഡ് 4

(1) N.H. to പൊട്ടക്കുളംപാറ ഹരിജൻ കോളനി റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.

(2) നെല്ലിയാമ്പാടം - ചെറുകണ്ണമ്പ്ര - ചുണ്ടക്കാട് കനാൽ ബണ്ട് റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.

(3) പള്ളിക്കാട് തറ റോഡ് ടാറിംഗ് ചെയ്യണം.

(4) കുന്നുകുഴി ചുണ്ടക്കാട് കനാൽ ബണ്ട് റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.

വാർഡ് 5

(1) തേനിടുക്ക് - വാരുകുന്ന് റോഡ് വീതികൂട്ടി ടാർ ചെയ്തു ഗതാഗതയോഗ്യമാക്കണം.

(2) ചല്ലിപ്പറമ്പ് റോഡ് ടാർ ചെയ്യണം.

(3) കുന്നയങ്കാട് കവറക്കോളനിയിലേക്ക് പുതിയ റോഡ് നിർമ്മിക്കണം.

(4) കൊളക്കോട് പന്നിയങ്കര റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.

വാർഡ് 6

(1) ആയക്കാട് - കൂമാംകോട് - നെല്ലിയാമ്പാടം റോഡ് ടാർ ചെയ്യണം.

(2) ചുണ്ടക്കാട് - അടിയത്തുപാടം - വാരുകുന്ന് റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.

(3) അടിയത്തുപാടം - നെല്ലിയാമ്പാടം റോഡ് ടാർ ചെയ്യണം.

(4) ആയക്കാട് ഗ്രാമം റോഡ് ഗതാഗതയോഗ്യമാക്കുക.

വാർഡ് 7

(1) തെക്കേത്തറ - കണിയാർകുന്ന് - മുന്നാഴിപ്പറമ്പ് റോഡ് മെറ്റലിംഗും ടാറിംഗും ചെയ്യണം.

(2) മംഗലം റോഡ് ടാർ ചെയ്യണം.

(3) പാഞ്ഞാംപറമ്പ് റോഡ് മെറ്റലിംഗും ടാറിംഗും ചെയ്യണം.

(4) കവറത്തറ - കരുവപ്പാടം പുതിയ റോഡ് നിർമ്മിക്കണം.

വാർഡ് 8

(1) മൂച്ചിത്തൊടി കോളനി റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.

(2) കൊല്ലത്തറ - വടക്കേത്തറ റോഡ് ടാറിംഗ് ചെയ്യണം.

(3) കള്ളിയങ്കാട് - ചോഴിയങ്കാട് ലക്ഷംവീട് കോളനി റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.

(4) മംഗലം N.H. to പൂക്കോട് ചെന്നക്കാപ്പാടം റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.

വാർഡ് 9

(1) വടക്കഞ്ചേരി - കണക്കൻതുരുത്തി - പൊത്തപ്പാറ - ചുവട്ടുപാടം റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

(2) കണക്കൻതുരുത്തി പല്ലാ റോഡ് - പൊത്തപ്പാറ ബാക്കിഭാഗം ടാർ ചെയ്യണം.

(3) കണക്കൻതുരുത്തി ആനക്കുഴിപ്പാടം റോഡ് ടാർ ചെയ്യണം.

(4) ചക്കുണ്ട് - താമരപ്പള്ളി റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.

വാർഡ് 10

(1) ചീകോട് പയ്യക്കുണ്ട് റോഡ് ടാർ ചെയ്യണം.

(2) കിഴക്കേത്തറ ഹരിജൻ കോളനി റോഡ് ടാർ ചെയ്യണം.

(3) തോടംപൊറ്റ തെക്കേക്കര റോഡ് മുടപ്പല്ലൂരുമായി ബന്ധിപ്പിക്കണം.

(4) പേഴുംമൂടി - പയ്യക്കുണ്ട് റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.

വാർഡ് 11

(1) കമ്മാന്തറ കൂട്ടക്കുഴി റോഡ് സൈഡ് കെട്ടി മെറ്റൽ ചെയ്യണം.

(2) മാണിക്കപ്പാടം - മണ്ണാംപറമ്പ് N.H. റോഡ് ടാറിംഗ് നടത്തണം.

(3) ശ്രീരാമാ തിയ്യേറ്റർ മുതൽ ബസ്സ്റ്റാൻറ് വരെ പുതിയ റോഡ് കനാൽ ബണ്ടിലൂടെ നിർമ്മിച്ച് മെറ്റലിംഗും ടാറിംഗും ചെയ്യണം.

(4) നായർകുന്ന് റോഡ്, പ്രധാനി മംഗലത്ത് പറമ്പ് എന്നീ റോഡുകൾ മെറ്റലിംഗും ടാറിംഗും നടത്തണം.

വാർഡ് 12

(1) പന്നിയങ്കര ചൂരക്കോട്ടുകുളമ്പ് റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.

(2) തേനിടുക്ക് - കൊളക്കോട് - ചടച്ചിങ്കൽ പള്ളിയാർ റോഡ് സൈഡ് കെട്ടി മെറ്റലിംഗും ടാറിംഗും നടത്തണം.

(3) കുന്നങ്കാട് വഴി മിച്ചഭൂമിയിലേക്ക് പുതിയ റോഡ് നിർമ്മിക്കണം.

(4) പന്നിയങ്കര - കുറുവായ് റോഡ് മെറ്റലിംഗും ടാറിംഗും നടത്തണം.

തൃശൂർ കൊല്ലങ്കോട് റെയിൽപ്പാത വളരെ മുമ്പേയുള്ള ഒരു നിർദ്ദേശമാണ്. കൊല്ലംങ്കോട് വരെ എത്തിനിൽക്കുന്ന റെയിൽപ്പാത തൃശൂരുമായി ബന്ധിപ്പിച്ചാൽ പാലക്കാട് ജില്ലയുടെ തെക്ക് പടിഞ്ഞാറ് ഭാഗത്തുള്ളവർക്ക് വളരെ സൗകര്യപ്രദമായിരിക്കും. ഇപ്പോൾ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് റെയിൽ വേ സൗകര്യം ലഭിച്ചുവരുന്നത് 35 കിലോമീറ്ററിലധികം ദൂരെയുള്ള തൃശൂരിൽ നിന്നും ഒലവക്കോട്ടു നിന്നുമാണ്. ഈയൊരവസ്ഥക്ക് പരിഹാരമായി തൃശൂർ - കൊല്ലംങ്കോട്, 43 കിലോമീറ്റർ ദൂരം റെയിൽവഴി ബന്ധിപ്പിക്കുക.



ഊർജ്ജം

ഭക്ഷണം പാകം ചെയ്യാൻ മുൻകാലങ്ങളിൽ പ്രധാനമായും വിറകാണ് നാം ഉപയോഗിച്ചിരുന്നത്. ഗ്രാമങ്ങളിൽ ചാണകവരടിയും ഉപയോഗിച്ചിരുന്നു. മണ്ണെണ്ണ ഉപയോഗിച്ചുള്ള വിളക്കുകൾ സാർവ്വത്രികമാകുന്നതിന് മുമ്പ് ക്രൂഡോയിലും, സസ്യ എണ്ണകളും ഉപയോഗിച്ചാണ് വിളക്കുകൾ കത്തിച്ചിരുന്നത്. കൊട്ടെണ്ണ, നല്ലെണ്ണ, കടല എണ്ണ എന്നീ ഇന്ധനങ്ങൾ സർവ്വസാധാരണമായിരുന്നു. വീടുകളിൽ ശരറാന്തലുകൾ ഉപയോഗിച്ചിരുന്നു.

ഇന്നത്തെ വഴിവിളക്കുകൾക്ക് മുന്നോടിയായി ക്രൂഡോയിൽ ഉപയോഗിച്ചുള്ള തൂക്ക് വിളക്കുകൾ തെരുവുവിളക്കുകളായി ഉപയോഗിച്ചിരുന്നു. ഓരോ പ്രദേശത്തും പഞ്ചായത്താഫീസിൽ നിന്ന് ഇതിനുള്ള ചുമതല ഓരോരുത്തരെ ഏല്പിച്ചിരുന്നു. റോഡുകൾ മെറ്റൽ ചെയ്യുന്നതിന് വിറകുപയോഗിച്ചുള്ള റോളറുകളും മറ്റുമാണ് ഉപയോഗിച്ചിരുന്നത്. വിറക് കരി ഉപയോഗിച്ചാണ് ബസ്സുകളും ട്രക്കുകളും ആദ്യകാലത്ത് ഓടിയിരുന്നത്. തുടർന്ന് പെട്രോളും, മണ്ണെണ്ണയും ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കാനും, മോട്ടോറുകളും പമ്പുസെറ്റുകളും പ്രവർത്തിപ്പിക്കാനും തുടങ്ങി.

കാലപ്രവാഹത്തിൽ വൈദ്യുതി ഉപയോഗിച്ച് തുടങ്ങി. വിളക്കുകൾ കത്തിക്കാനും, മോട്ടോറുകൾ പ്രവർത്തിപ്പിക്കാനും, യന്ത്രങ്ങൾ ഓടിക്കാനും വൈദ്യുതി ഉപയോഗിച്ചു. വിറകിന്റെയും കരിയുടെയും സ്ഥാനം പെട്രോളും പാചക വാതകവും കയ്യടക്കി കൊണ്ടിരിക്കുന്നു.

വാണിജ്യാവശ്യങ്ങൾക്ക് പെട്രോളും ഡീസലും ഉപയോഗിച്ച് വരുന്നു. വ്യാവസായികാവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കും ഡീസലും മണ്ണെണ്ണയും ഉപയോഗിച്ചുവരുന്നു. ഗാർഹികാവശ്യങ്ങൾക്കും മണ്ണെണ്ണ കുറഞ്ഞ അളവിൽ ഉപയോഗിക്കുന്നുണ്ട്.

ഇടത്തരക്കാരുടെ അടുക്കളകൾ എൽ.പി. ഗ്യാസും, ബയോഗ്യാസും, ഗോബർഗ്യാസും കൈ അടക്കിയെങ്കിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് മണ്ണെണ്ണയും വിറകുമാണ് ആശ്രയം. ബയോഗ്യാസും ഗോബർഗ്യാസും പൂർണ്ണമായും ഗാർഹിക ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഉദ്ദേശം അമ്പതോളം വീടുകളിൽ ഗോബർഗ്യാസ് ഉപയോഗിക്കുന്നുണ്ട്. എൽ.പി. ഗ്യാസ് ഗാർഹികാവശ്യത്തിന് ഉപയോഗിക്കുന്നതോടൊപ്പം ഹോട്ടലുകൾ മുതലായ വ്യാപാര സ്ഥാപനങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തിയിട്ട് അര നൂറ്റാണ്ട് കാലമാവുന്നതേയുള്ളു. 1958-ൽ പാലക്കാട്ട് സബ്സ്റ്റേഷനിൽ നിന്ന് ആലത്തൂർ ഫീഡർ വഴിയാണ് പഞ്ചായത്തിൽ വൈദ്യുതി എത്തിയത്. പഴയ മദിരാശി സംസ്ഥാനത്തിലെ മേട്ടൂർ അണക്കെട്ടിൽ നിന്ന് വൈദ്യുതി ലഭിച്ചെങ്കിലും ഗ്രാമത്തിലെ ഉൾപ്രദേശങ്ങളിലെല്ലാം വൈദ്യുതി എത്തിയിട്ടില്ല. അതിനാൽത്തന്നെ തെരുവു വിളക്കുകൾക്കും ഗാർഹിക ആവശ്യത്തിനും, വ്യവസായിക ആവശ്യത്തിനും പൂർണ്ണമായും വിദ്യുച്ഛക്തി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ഇപ്പോൾ ഈ പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത് നെന്മാറ സബ്സ്റ്റേഷനിൽ നിന്ന് മുടപ്പല്ലൂർ, അയിലൂർ ഫീഡറുകൾ വഴിയാണ്. നമ്മുടെ പഞ്ചായത്തിൽ 3568 വീടുകളും, 650 വ്യാപാര സ്ഥാപനങ്ങളും, 168 വ്യാവസായിക യൂണിറ്റുകളും, 224 കാർഷിക യൂണിറ്റുകളും വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. വൈദ്യുതി കണക്ഷനുകൾ ഓർഡിനറി, ഡി.ടി.പി., ഒ.വൈ.ഇ.സി. എന്നീ വിഭാഗങ്ങളിൽപ്പെടുന്നു. ഓർഡിനറി വിഭാഗത്തിൽ 8-12-93 വരെ അപേക്ഷിച്ചവർക്ക് മാത്രമേ കണക്ഷൻ നൽകാനായിട്ടുള്ളൂ. 70 അപേക്ഷകൾ ഇനിയും ബാക്കിയുണ്ട്. ഒ.ടി.പി. വിഭാഗത്തിൽ 11-12-95 വരെയും ഒ.വൈ.ഇ.സി. വിഭാഗത്തിൽ 11-7-96 വരെയുമുള്ള അപേക്ഷകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഈ വിഭാഗങ്ങളിൽ യഥാക്രമം പത്തും, അറുപതും അപേക്ഷകർ ബാക്കിയുണ്ട്.

സുമാർ എണ്ണൂറോളം ബൾബുകളും, 200 ട്യൂബുകളും, 5 മെർക്കുറി ബൾബുകളും, 23 സോഡിയം വെപ്പർ ലാമ്പുകളും, 2 ഹാലോജൻ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ 65 ശതമാനം വിളക്കുകൾ മാത്രമാണ് കത്തുന്നവ. ട്യൂബ് ലൈറ്റുകളിൽ ഒരെണ്ണം പോലും കത്തുന്നില്ല. 96-97 സാമ്പത്തിക വർഷത്തിൽ മൂന്ന് ഓർഡിനറി കണക്ഷനുകളും, 12 ഒ.ടി.പി. കണക്ഷനുകളും 48 ഒ.വൈ.ഇ.സി. കണക്ഷനും നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകൾക്കുവേണ്ടി പ്രതിമാസം പഞ്ചായത്ത് ഫണ്ടിൽ നിന്നും 18,595/- രൂപ വൈദ്യുതി ബോർഡിലേക്ക് അടയ്ക്കുന്നുണ്ട്.

പ്രശ്നങ്ങൾ

വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കേണ്ടിയിരിക്കുന്നു. കുറഞ്ഞ വോൾട്ടേജാണ് വലിയ പ്രശ്നം. പഴയപ്പോഴും വൈദ്യുതി നിലച്ചുപോകുന്നത് കൂടാതെ വൈദ്യുതി ഉള്ള സമയത്ത് തന്നെ മോട്ടോറുകൾ പ്രവർത്തിപ്പിക്കാനാവശ്യമായ വോൾട്ടേജ് കിട്ടുന്നില്ല. അതിനാൽ വ്യവസായ സ്ഥാപനങ്ങളും കാർഷികമേഖലയിലെ മോട്ടോറുകളും പ്രവർത്തിപ്പിക്കാനാവുന്നില്ല. കത്താത്ത തെരുവുവിളക്കുകൾ യഥാസമയത്ത് മാറ്റി ഇടാനുള്ള നടപടി സ്വീകരിക്കണം. കുറഞ്ഞ വോൾട്ടേജും വൈദ്യുതിയുടെ അപര്യാപ്തതയും വ്യവസായിക മേഖലകളിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

ആവശ്യങ്ങൾ - പരിഹാരമാർഗ്ഗങ്ങൾ

വൈദ്യുതി എത്തിയിട്ടില്ലാത്ത 2-ാം വാർഡിലെ മേട്ടുത്തെരുവ്, 3-ാം വാർഡിലെ ചേലക്കോട്ടുക്കുന്ന് (പട്ടികജാതി കോളനി), പൂക്കാട്, കിഴക്കേക്കളം, 6-ാം വാർഡിലെ വാരുകുന്ന്, അടിയത്തുപാടം, കോലംങ്കോട്ട്, 7-ാം വാർഡിലെ കുഴൽമന്ദം തറ, കവറത്തറ, കരുവപ്പാടം, മണ്ണാന്തറ, വലിയകുളം, 8-ാം വാർഡിലെ കള്ളിയംകാട്, ചോഴിയംകാട് ലക്ഷം വീടുകൾ, പാണത്തറ കോളനിയിലെ ചീർമ്പക്കാവ്, കുന്നേകാട്, പല്ലംകാവ്, 9-ാം വാർഡിലെ വെട്ടിക്കൽകുളമ്പ് പ്രദേശങ്ങളിലും 10-ാം വാർഡിലെ ചീകോട് മുതൽ നെല്ലിപ്പറമ്പ് പയ്യക്കുണ്ട് വരെയും വാവുള്ളിയാം കാടിലും, 11-ാം വാർഡിലെ വാക്കോട് പ്രദേശത്തും, 12-ാം വാർഡിലെ മിച്ചഭൂമിയിലെ വീടുകൾ, പന്നിയങ്കര - പനംതുറവ തുടങ്ങിയ പ്രദേശങ്ങളിൽ വൈദ്യുതീകരിച്ച് വൈദ്യുതി ലഭ്യമാക്കണം. 12-ാം വാർഡിലെ പന്നിയങ്കര ഗവ. എൽ.പി. സ്കൂൾ വൈദ്യുതീകരിക്കണമെന്നും ഗ്രാമസഭകൾ ആവശ്യപ്പെട്ടു. മംഗലം എൽ.പി. സ്കൂളും കണക്കൻതുരുത്തി യു.പി. സ്കൂളും വൈദ്യുതീകരിക്കണം.

മാടക്കത്തറ 440 കെ.വി. സ്റ്റേഷന്റെ പണി പൂർത്തിയായപ്പോൾ നമ്മുടെ പഞ്ചായത്തിലെ വോൾട്ടേജ് പ്രശ്നം കുറെയെങ്കിലും പരിഹരിക്കപ്പെടും എന്ന പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ അതുണ്ടായില്ല. വടക്കഞ്ചേരി പ്രദേശത്ത് വൈദ്യുതി ലഭ്യമാക്കുക, വടക്കഞ്ചേരി 110 കെ.വി. സബ് സ്റ്റേഷൻ പണി പൂർത്തിയാക്കുക, കേടുവന്ന ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ലൈനിൽ ആവശ്യമായ അറ്റകുറ്റപ്പണികളും, പരിശോധനകളും യഥാകാലം നടത്തുക. 6-ാം വാർഡിൽ ആയക്കാട് മരുത്തുള്ള 50 കെ.വി.എ. ട്രാൻസ്ഫോർമർ മാറ്റി 100 കെ.വി.എ. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനും, $1^1/_2$ കി.മീ. ദൂരം സിംഗിൾ ഫേസ് ലൈൻ ത്രിഫേസാക്കി മാറ്റാനും നിർദ്ദേശിച്ചുകൊണ്ട് 1,35,000 ക. എസ്റ്റിമേറ്റിൽ വടക്കഞ്ചേരി കെ.എസ്.ഇ.ബി. മേജർ സെക്ഷനിൽ നിന്ന് തയ്യാറാക്കി ചിറ്റൂർ ഡിവിഷനിലേക്ക് അനുവാദത്തിനുവേണ്ടി 95 ഡിസംബറിൽ തയ്യാറാക്കി അയച്ച പദ്ധതി ഉടൻ അനുമതി നൽകി നടപ്പിലാക്കണം.


വാർഡ് 8-ൽ ചിറുമ്പക്കാവ്, പൂക്കോട്, മൂച്ചിത്തൊടി (പടിഞ്ഞാറെ കുളം) എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം, 7-ാം വാർഡിൽ കമ്മാന്തറ, 9-ാം വാർഡിൽ ആനക്കുഴിപ്പാടം, 10-ാം വാർഡിൽ അണക്കപ്പാറ എന്നിവിടങ്ങളിലെ ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി കൂട്ടണം. മറ്റു വാർഡുകളിൽ ആവശ്യമായ സ്ഥലത്ത് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

കേടുവന്ന ബൾബുകൾക്ക് പകരം പുതിയവ വാങ്ങുന്നതിനുള്ള ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കുക. തെരുവുവിളക്കുകൾ കത്തിക്കുന്നതിന്റെ ചുമതല വൈദ്യുതി ബോർഡിന്റെറയും പഞ്ചായത്തിന്റെറയും സംയുക്ത ഉത്തരവാദിത്വത്തിൽ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

തെരുവുവിളക്കുകൾ കത്തിക്കുന്ന സമയവും, കെടുത്തുന്ന സമയവും സീസൺ അനുസരിച്ച് വ്യത്യാസപ്പെടുത്തിയാൽ ലക്ഷക്കണക്കിന് യൂണിറ്റ് വൈദ്യുതി ലാഭിക്കാം.

സ്ഥിരമായി ബിസിനസ്സ് ആവശ്യങ്ങൾക്കും മറ്റുമായി ഉപയോഗിക്കുന്ന (display) അധിക വൈദ്യുതിക്ക് നിയന്ത്രണം ഏർപ്പെടുത്തുക.

വ്യാപാരസ്ഥാപനങ്ങളിൽ ജനറേറ്ററുകൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക.




വൈദ്യുതി ഉപഭോഗം കുറയ്ക്കുന്ന കോമ്പാക്ട് ഫ്ളൂറസെൻറ് ബൾബുകൾ വ്യാപകമായി ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യമെങ്കിൽ സബ്സിഡി അനുവദിക്കുക. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം പണം ഈടാക്കാനുള്ള സംവിധാനം ഉണ്ടാവണം.

എല്ലാ മേഖലകളിലും വൈദ്യുതി ഉപഭോഗം ആവശ്യവുമായി ശാസ്ത്രീയമായി ബന്ധപ്പെടുത്തി നിയന്ത്രിക്കുകയും കൂടുതൽ ഉപയോഗിക്കുന്നത് കർശനമായി തടയാനുള്ള വ്യവസ്ഥകളുണ്ടാക്കുകയും വേണം. ശുദ്ധജലം പോലെത്തന്നെ ഊർജ്ജ ഉറവിടങ്ങളും ദുർലഭമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വൈദ്യുതി ഉപയോഗം കർശനമായി നിയന്ത്രിക്കുന്നില്ലെങ്കിൽ ആവശ്യങ്ങൾ അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈയവസ്ഥയിൽ കഠിനമായ ദൗർലഭ്യം ഉണ്ടാവാനിടയുണ്ട്.

വിറകിൻെറ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് വേണ്ടി:

(1) സാമൂഹ്യവനവൽക്കരണം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കണം.
(2) താപക്ഷമതയുള്ള അടുപ്പുകൾ പ്രചരിപ്പിക്കണം.
(3) കച്ചിപ്പെട്ടിയുടെ ഉപയോഗം പ്രചരിപ്പിക്കുക.
(4) പ്രഷർ കുക്കറുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.
(5) ഗോബർഗ്യാസ്, ബയോഗ്യാസ് ഉല്പാദനം പ്രോത്സാഹിപ്പിക്കുക. നാലിലൊന്നു വീടുകളിലെങ്കിലും ഗോബർഗ്യാസ് നിർമ്മാണ സൗകര്യങ്ങളുണ്ടാക്കുക.
(6) പാരമ്പര്യേതര ഊർജ്ജത്തിൻെറ കാര്യത്തിൽ സൗരോർജ്ജത്തെ പ്രയോജനപ്പെടുത്തുക. കോളനികളെ കേന്ദ്രീകരിച്ചും, കൂടുതൽ ജനവാസമുള്ള പ്രദേശങ്ങളിലും സൗരോർജ്ജബാറ്ററികളും വിളക്കുകളും സ്ഥാപിക്കുക. സബ്സിഡി അനുവദിക്കാൻ ഏർപ്പാട് വേണം.
(7) ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും ദുരുപയോഗം തടയുന്നതിനെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന് വൈദ്യുതി ബോർഡുദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെടുന്ന സമിതികൾ നിലവിൽ വരണം. ഊർജ്ജസംരക്ഷണം ഉയർന്ന പരിഗണന നൽകുന്ന നയമായിത്തന്നെ സ്വീകരിക്കണം. പ്രസരണനഷ്ടം പരമാവധി കുറയ്ക്കുന്ന നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കണം. ●

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്



ഭവനനിർമ്മാണം

മുൻകാലങ്ങളിൽ ഭവനനിർമ്മാണത്തിന് മണ്ണും, പനയോലയും ഉപയോഗിച്ചിരുന്നു. അന്നത്തെ ഭിത്തികൾക്ക് 18 ഇഞ്ചുവരെ വണ്ണം ഉണ്ടായിരുന്നു. മേൽക്കൂര മുളകൊണ്ടാണ് നിർമ്മിച്ചിരുന്നത്. മേൽക്കൂര മേയാൻ പനയോല ഉപയോഗിച്ചിരുന്നു. പഴയ കാലങ്ങളിൽ മണ്ണുപയോഗിച്ച് നിർമ്മിച്ച ചുമരുകൾ വളരെ ബലമുള്ളവയാണ്. വേനൽക്കാലത്തെ ചൂടിനെ ചെറുക്കാൻ ഓലയ്ക്ക് കഴിവുണ്ട്. ഇപ്രകാരം വീട് നിർമ്മിക്കുന്നതിനാവശ്യമായ ഓലയും, മുളയും ധാരാളം ലഭിച്ചിരുന്നു. ഓരോ കുടുംബത്തിന്റെയും കഴിവിനനുസരിച്ച് രണ്ടു മുതൽ മൂന്നു നിലയുള്ള വീടുകൾ വരെ നിർമ്മിച്ചിരുന്നു. വർഷംതോറുമുള്ള അറ്റകുറ്റപ്പണിയും ഓല മേച്ചിലും കൃത്യസമയത്തു നടത്തേണ്ടിയിരുന്നു.

അന്ന് മണ്ണും, പൂളത്താളിയും ചേർത്ത് നല്ലപോലെ ചവിട്ടിക്കുഴച്ച് പാകപ്പെടുത്തി വെക്കുന്നു. മൂന്നുനാലു ദിവസം കഴിഞ്ഞ് ഇങ്ങിനെ പാകപ്പെടുത്തിയ മണ്ണുപയോഗിച്ച് ചുമരു കെട്ടുന്നു. മേൽക്കൂര പണിയുന്നതിനുള്ള മുള മുറിച്ചെടുക്കുന്നത് ഇളം നിലാവു കഴിഞ്ഞശേഷം മാത്രമാണ്. ശേഖരിച്ചെടുക്കുന്ന കരിങ്ങാലിയും, മുളയും ഒരാഴ്ചയോളം വെള്ളത്തിൽ മുക്കിയിടുന്നു. ഇളം നിലാവിൽ മുറിക്കുന്ന മരങ്ങൾക്കും വെള്ളത്തിലിടാതെ ഉപയോഗിക്കുന്ന മരങ്ങൾക്കും ബലക്ഷയം സംഭവിക്കുന്നു. ഇതൊഴിവാക്കുന്നതിനാണ് മേൽപ്പറഞ്ഞ രീതിയിൽ മുള സംസ്കരിക്കുന്നത്.

വർഷംതോറും അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിലേക്കായി മുളകൾക്കു പകരം മരങ്ങൾ ഉപയോഗിച്ചുതുടങ്ങി. ഓലകൾക്കു പകരം കുമ്പാരന്മാർ നിർമ്മിച്ചിരുന്ന ചില്ലോടുകൾ മേൽക്കൂര മേയാൻ ഉപയോഗിച്ചുതുടങ്ങി. പഴയ കാലത്ത് ജന്മിമാരാണ് ഇത്തരത്തിലുള്ള വീടു നിർമ്മാണത്തിന് തുടക്കം കുറിച്ചത്. വനങ്ങൾ ജന്മിമാരുടെ കൈവശമായിരുന്നതിനാൽ മരത്തിന് തീരെ ക്ഷാമമുണ്ടായിരുന്നില്ല. ഇപ്രകാരം വീട് നിർമ്മിക്കുന്നതിന് തച്ചുശാസ്ത്ര വിധി പരിഗണിച്ചിരുന്നു. വിലപിടിപ്പുള്ള വീട്ടി, തേക്ക് മുതലായ മരങ്ങളാണ് കൂടുതൽ ഉപയോഗിച്ചിരുന്നത്. മിക്കവാറും ഒന്നിൽ കൂടുതൽ നിലകളുള്ള വീടുകളാണ് നിർമ്മിച്ചിരുന്നത്. വലിയ വീടുകൾ നിർമ്മിക്കുന്നുണ്ടെങ്കിലും ചിലവ് വളരെ കുറവായിരുന്നു.


ക്രമേണ ഭേദപ്പെട്ട കർഷകരും മരവും ഓടും ഉപയോഗിച്ച് വീട് നിർമ്മിച്ചുതുടങ്ങി. ബ്രിട്ടീഷുകാർ ഫാക്ടറികളിൽ ഓടു നിർമ്മിച്ചു തുടങ്ങിയതോടുകൂടി ചില്ലോടിന്റെ ഉപയോഗം കുറഞ്ഞുതുടങ്ങി. സാമ്പത്തിക പുരോഗതിയിലുണ്ടായ മാറ്റം മൺചുമരുകൾക്കു പകരം ചെങ്കൽ (ഇഷ്ടിക) ഉപയോഗിച്ച് ചുമരു നിർമ്മിക്കാൻ പ്രേരിപ്പിച്ചു.

കാടുകൾ വെട്ടിത്തെളിയിച്ച് വാണിജ്യവിളകളും മറ്റും കൃഷിചെയ്തു തുടങ്ങിയതോടുകൂടി വീടു നിർമ്മാണത്തിനാവശ്യമായ മരങ്ങളുടെ ലഭ്യത വളരെയധികം കുറഞ്ഞു.

മേൽപ്രകാരം നിർമ്മിച്ച വീടുകൾക്ക് അഞ്ചും പത്തും വർഷം കഴിയുമ്പോൾ അറ്റകുറ്റപ്പണികൾ അത്യാവശ്യമായിത്തീരുന്നു. കേടുവന്ന മരം ഉരുപ്പടികൾ മാറ്റുന്നതിനുള്ള ചിലവും മരത്തിന്റെ ദൗർലഭ്യവും ജനങ്ങളെ ബാധിച്ചുതുടങ്ങി. അതുകാരണം ജനങ്ങളം കോൺക്രീറ്റ് ബിൽഡിംഗ് നിർമ്മിക്കാൻ പ്രേരിതരായി. പഴയ കാലത്തെ അപേക്ഷിച്ച് ഒരു കുടുംബത്തിന് ഒരു വീട് എന്ന അവസ്ഥ ഇന്ന് ജനങ്ങളിൽ സംജാതമായിട്ടുണ്ട്.

അന്നുകാലത്തെ കൂട്ടുകുടുംബജീവിതം ഇന്നത്തെ ജനങ്ങളുടെ ചുറ്റുപാടുകൾക്ക് അനുയോജ്യമല്ലാത്തതുകൊണ്ട് വെവ്വേറെ വീടുകൾ വെക്കുവാനുള്ള സാഹചര്യമുണ്ടാവുന്നു. ഇത് വീടുകളുടെ എണ്ണം കൂട്ടുന്നതിന് കാരണമായി.

കോൺക്രീറ്റ് ബിൽഡിംഗുകളുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരികയാണ്. അതുകൊണ്ട് കോൺ



ക്രീറ്റ് ബിൽഡിംഗുകളുടെ പണിക്കാവശ്യമായ സാധനസാമഗ്രികളുടെ ആവശ്യം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ചെറിയ കുടുംബത്തിന് ആവശ്യമായ ഒരു വീട് നിർമ്മിക്കുന്നതു തന്നെ വമ്പിച്ച തുക ചിലവു വരുന്നു. സാധാരണ ജനങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള ചിലവ് താങ്ങാവുന്നതിലും അധികമാണ്. വീടുകളുടെ എണ്ണത്തിൽ ഉണ്ടാവുന്ന വർദ്ധനവും, ആർഭാടപൂർവമുള്ള ഭവന നിർമ്മാണരീതിയും ജനങ്ങളുടെ സാമ്പത്തിക ഭദ്രതയെ തകർത്തുകൊണ്ടിരിക്കുന്നു.

ഭവനനിർമ്മാണത്തിൽ ആർഭാടചെലവുകൾ ഒഴിവാക്കിയും, വലുപ്പത്തിൽ കുറച്ച് പരമാവധി സൗകര്യങ്ങളോടുകൂടിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും അത്തരം വീടുകൾ നിർമ്മിക്കുന്നതിന് ജനങ്ങളെ വേണ്ടവിധത്തിൽ ബോധവൽക്കരിക്കുകയും ചെയ്യേണ്ടതാണ്.

അസ്തിവാരം നിർമ്മിക്കുന്നതിനുള്ള വിസ്തീർണ്ണം കുറയ്ക്കുക, അത്യാവശ്യങ്ങൾക്കു മാത്രമുള്ള റൂമുകൾ തിട്ടപ്പെടുത്തുക, മേൽക്കൂര ചരിച്ചു നിർമ്മിക്കുക - വീട് നിർമ്മാണത്തിന് വായ്പകൾ നൽകുമ്പോൾ മേൽപറഞ്ഞ കാര്യങ്ങൾ കർശനമാക്കേണ്ടതാണ്.

പാഴ്ചിലവുകൾ ഒഴിവാക്കിക്കൊണ്ട് ചെലവു കുറഞ്ഞ രീതിയിൽ വീടു നിർമ്മിച്ചുകൊടുക്കുന്നതിന് പല സ്ഥാപനങ്ങളും മുന്നോട്ടു വന്നിട്ടുണ്ട്.


1. നിർമിതി കേന്ദ്രം, 2. കോസ്റ്റ് ഫോഡ്, 3. ഐ.ആർ.ടി.സി. മുതലായ സ്ഥാപനങ്ങൾ ഇതിൽ പ്രധാന പങ്കു വഹിക്കുന്നു.

ചെലവു കുറഞ്ഞ വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതു കൂടാതെ തൊഴിൽ പരിശീലനങ്ങളും, പരിശീലനം നേടിയവർക്ക് തൊഴിലവസരങ്ങളും ഈ സ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട്. ഭവന നിർമ്മാണത്തിനു വരുന്ന ചെലവിൽ 30 ശതമാനം കുറവുവരുത്താൻ വേണ്ട മാതൃകയാണ് ഈ വക സ്ഥാപനങ്ങൾ സ്വീകരിച്ചുവന്നിട്ടുള്ളത്.

ഈ പഞ്ചായത്തിൽ ഭൂരിഭാഗവും നാമമാത്ര കർഷകരും കർഷകതൊഴിലാളികളുമാണ്. അന്നന്നാൾ കിട്ടുന്ന വേതനം ഉപജീവനത്തിനു തന്നെ മതിയാവുന്നില്ല. ജീവിതകാലം മുഴുവൻ സമ്പാദിച്ചാലും അവർക്ക് അന്തിയുറങ്ങുവാൻ സൗകര്യത്തിൽ ഒരു വീട് നിർമ്മിക്കുവാൻ സാദ്ധ്യമല്ലാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഇത്തരത്തിലുള്ള വിഭാഗക്കാർക്ക് പാർപ്പിട സൗകര്യം ഇല്ലാത്തടത്തോളം അവരുടെ സാമൂഹ്യവും സാംസ്കാരികവുമായ വളർച്ച അസ്ഥാനത്തായിരിക്കും.

ദരിദ്ര വിഭാഗത്തിൽപ്പെടുന്ന ജനങ്ങൾക്ക് വീടു നിർമ്മിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. വീടു നിർമ്മിക്കുന്നതിന് പലിശയില്ലാത്ത വായ്പ ലഘുഗഡുക്കളായി തിരിച്ചടയ്ക്കത്തക്കവിധം അനുവദിക്കേണ്ടതാണ്.
2. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീട് വെയ്ക്കുവാനുള്ള ഭൂമി വാങ്ങുവാനുള്ള തുക പലിശയില്ലാത്ത വായ്പയായി ചെറിയ ഗഡുക്കളായി തിരിച്ചടയ്ക്കത്തക്കവിധം അനുവദിക്കണം.



സാമൂഹ്യക്ഷേമം

ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനു വേണ്ടി ധാരാളം ക്ഷേമപ്രവർത്തനങ്ങൾ നാം നടത്തിയിട്ടുണ്ട്. 6 വയസിൽ താഴെയുള്ള കുട്ടികളും വൃദ്ധരും വിവിധതരം ക്ഷേമപെൻഷൻ വാങ്ങുന്നവരും പട്ടിക ജാതി പട്ടികവർഗ്ഗം വിഭാഗക്കാരും അടങ്ങിയതാണ് ദുർബല വിഭാഗങ്ങൾ. 8-ാം പഞ്ചവത്സര പദ്ധതികടന്നു പോകുമ്പോഴും ഇവരെല്ലാം ഇവരായിത്തന്നെ നിൽക്കുന്നു. ഇതിനെന്താണ് കാരണം? ചരിത്രം ഉത്തരം നൽകും.

കാർഷിക രാജ്യമായ ഇൻഡ്യയിൽ ഭൂമി ഏതാനും വ്യക്തികളുടേതു മാത്രമായിരുന്നു. അതിൽ പണിയെടുക്കാൻ ബാക്കി ജനങ്ങളും. അവരെല്ലാം ഭൂസ്വാമിമാരുടെ ദയാദാക്ഷീണ്യത്തിൽ അവരുടെ കൃഷിഭൂമിയുടെ അടുത്ത് പാർത്തിരുന്നു. അതിൽ വാഴവെച്ച് നനച്ച് വളർത്തിയ മലയപുലയനും വാഴക്കുല മൂത്തപ്പോൾ വെട്ടിക്കൊണ്ടു പോയ തമ്പുരാനും അടങ്ങിയ നാടായിരുന്നു ഇത്. ഇതിൽ നിന്നൊരു മോചനം നേടണ്ടേ? എങ്ങനെ സാദ്ധ്യമാകും? കുടിയിറക്കൽ ഭീഷണിയും കൊടിയ മർദ്ദനവും സഹിച്ച് അവർ പിടിച്ചുനിന്നു. ഇവർ ദാരിദ്ര്യരേഖയ്ക്കു താഴെയോ എന്നല്ല നോക്കുന്നത്. നിഷേധിക്കപ്പെട്ട നീതി ഇവരെ ക്ഷേമ പദ്ധതികൾക്ക് അർഹരാക്കി.

മറ്റൊരു വിഭാഗം ചെറുകിട കർഷകരായിരുന്നു. കൃഷി ഇറക്കാൻ പണം കടം വാങ്ങുക സാധാരണയായിരുന്നു. അമിത പലിശ കാരണം കടം തിരിച്ചടക്കാൻ മിക്കപ്പോഴും സാധിക്കാറില്ല. പലിശയ്ക്കു പലിശയും കൂടി ആകുമ്പോൾ അവർക്കൊരു തരത്തിലും തിരിച്ചടയ്ക്കാൻ പറ്റാത്ത രീതിയിൽ കടക്കെണിയിൽ അകപ്പെടും. കാർഷിക മേഖലയിൽ നിന്നും ഇവർ ക്രമേണ അകന്നുതുടങ്ങി. കാർഷിക മേഖലയെ രക്ഷിക്കുന്നതിനുവേണ്ടി ഒന്നാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നല്കി. കുറെയധികം വികസനം ഈ മേഖലയിൽ നടന്നു. എന്നാൽ അത് മന്തു പിടിച്ചതു പോലെയായി.

1970 ജനുവരി 1 മുതൽ നിയമപ്രാബല്യം കൊടുത്ത ഭൂനിയമം കാർഷിക മേഖലയെ ഒരു പരിധിവരെ രക്ഷിച്ചു. കൃഷിഭൂമി കർഷകനായി. കുറെയധികം കർഷക തൊഴിലാളികൾ കൃഷിക്കാരായി. അവരുടെ ജീവിത രീതിയിൽ മാറ്റം വന്നു. തങ്ങളുടെ കുട്ടികളെ സ്കൂളിലും കോളേജിലും അയയ്ക്കാൻ തയ്യാറായി. വിദ്യാസമ്പന്നരുടെ എണ്ണം പെരുകി. അങ്ങനെ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസത്തിൽ മുൻപന്തിയിലായി. വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലും ഇതിന്റെ അലയൊലികൾ ഉണ്ടായി. കുറെയധികം ആൾക്കാർ സ്വന്തം കാലിൽ നിൽക്കാൻ കഴിവുള്ളവരായി. ജനങ്ങൾ ദാരിദ്ര്യരേഖക്കു മുകളിലേക്കും വളരാൻ തുടങ്ങി. തൊഴിൽരഹിതരുടെ എണ്ണം പെരുകിത്തുടങ്ങി എന്നും പറയട്ടെ. കേരളം കണ്ട ഏറ്റവും വലിയ സാമൂഹ്യക്ഷേമ പരിപാടിയായിരുന്നു ഭൂനിയമ പരിഷ്ക്കരണം എന്നു കാണാം.

സമ്പാദ്യശീലം

ജനങ്ങളിൽ സമ്പാദ്യശീലം വളർത്താൻ ശ്രമിക്കണം. മദ്യപാനം, പുകവലി തുടങ്ങിയ ദുശ്ശീലങ്ങൾ ഒഴിവാക്കിയും ആവശ്യങ്ങളിൽ അല്പം കുറവു വരുത്തിയും സമ്പാദ്യശീലം വളർത്തിയെടുക്കണം. മഹിളാ പ്രധാൻ ഏജൻറുമാർ ശുഷ്ക്കാന്തിയോടെ ജോലി ചെയ്താൽ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും അംഗങ്ങളാക്കി ഇതൊരു ബചത് പഞ്ചായത്താക്കി ഉയർത്താം. സമ്പാദ്യശീലം ഉണ്ടാക്കാനും കൂടുതലായി പേർക്ക് ജോലിസാധ്യതയും ആയി. സ്കൂളുകളിൽ സഞ്ചയിക പദ്ധതികളും ഈ ശീലത്തെ ഉണ്ടാക്കുന്നു. ചെറുപ്പത്തിൽ തന്നെ ദുർവ്യയം ഒഴിവാക്കാൻ സാധിച്ചാൽ മുതിർന്നാലും അവ തുടരാൻ ശ്രമിക്കും.

പഞ്ചായത്തിലെ മുഴുവൻ ആൾക്കാരേയും ഗ്രൂപ്പ് ഇൻഷുറൻസിൽ അംഗങ്ങളാക്കി അവരുടെ ഭാവിജീവിതാശങ്ക ഒഴിവാക്കണം.

ഉത്സവങ്ങളോടനുബന്ധിച്ച് നടത്തുന്ന വെടിക്കെട്ടിനുവേണ്ടി പാഴായിപോകുന്ന സമ്പാദ്യത്തെപ്പറ്റി ഒരു പുനരാലോചന നടത്താവുന്നതാണ്. കഴിയുമെങ്കിൽ ഉല്പാദനപരമായ മേഖലയിലേക്ക് ഈ പണം തിരിച്ചു വിടുക.

വിവാഹങ്ങളോടനുബന്ധിച്ചു നടത്തുന്ന ധൂർത്ത് തീർത്തും ഒഴിവാക്കണം. ഇത് മറ്റുള്ളവരുടെ ക്ഷേമത്തിനും ഉപകരിക്കും.

പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഉണ്ടാക്കണം. ഇപ്പോഴുള്ളത് ചില പ്രത്യേക വിഭാഗങ്ങളുടേതാണ്. കൂടാതെ ഒരു ആമ്പുലൻസും വാങ്ങി ജനങ്ങൾക്ക് ആവശ്യാനുസരണം സൗകര്യം ചെയ്തു കൊടുക്കണം.

വിദ്യാഭ്യാസത്തിന് ഇന്നു മുടക്കുന്ന തുക വേണ്ട മേഖലയിൽ ആണോ എന്നു പരിശോധിക്കണം. പ്രൈമറിതലത്തെ പ്രോത്സാഹിപ്പിക്കാൻ ധാരാളം പണം ചെലവഴിക്കണം.

പാൽ, മുട്ട, ഇറച്ചി എന്നിവ കഴിച്ചാലെ ആരോഗ്യം ഉണ്ടാകൂ എന്ന തെറ്റായ ധാരണ തിരുത്താൻ ആവശ്യമായ പ്രചാരണപ്രവർത്തനങ്ങൾ കൊടുക്കണം. അത് നിരാശരായ ഒരു വിഭാഗത്തിന് ആശ്വാസവും ആണ്.

ഭൂമിയുടെ വിസ്തൃതി ആളോഹരി കുറയുന്നതിനാൽ ആടുമാടു വളർത്തൽ കുറയുന്നു. ഇത് പാലിനും പാലുല്പന്നങ്ങൾക്കും അന്യസ്ഥലങ്ങളെ ആശ്രയിക്കേണ്ട ഗതികേട് വരുത്തുന്നു.

ചെറിയ കുടുംബം എന്ന ആശയം പ്രചരിപ്പിച്ച് പ്രാവർത്തികമാക്കിയാൽ അവരുടെ ജീവിതനിലവാരം ഉയർത്താനും സമൂഹത്തിന് അവനോടുള്ള ബാദ്ധ്യതയ്ക്ക് കുറവു വരുത്താനും കഴിയും.

സാമൂഹ്യക്ഷേമത്തിനുവേണ്ടി പഞ്ചായത്തിൽ 16 അംഗനവാടികൾ 6 വയസിൽ താഴെയുള്ള കുട്ടികൾക്ക് പരിരക്ഷ ചെയ്യുന്നു.

പട്ടിക - 1

ക്രമ നമ്പർ	അംഗനവാടികൾ	വാർഡ്	ക്ഷേമപരിപാടികൾക്ക് അർഹരായ കുട്ടികളുടെ എണ്ണം
1	കിഴക്കേപാളയം	II	
2	കാരയങ്കാട്	IV	
3	ചെക്കിണി	IV	ശേഖരിച്ചിട്ടില്ല
4	നെല്ലിയമ്പാടം	V	
5	പരുവാശ്ശേരി	V	
6	കൊളക്കോട്	V	
7	ആയക്കാട്	VI	
8	അടിയത്തപ്പാടം	VI	
9	ചേറുങ്കോട്	VII	
10	മിച്ചാരംകോട്	VII	
11	ചീറമ്പക്കാവ്	VIII	ശേഖരിച്ചിട്ടില്ല
12	ചോഴിയങ്കാട്	VIII	
13	കുറുവായ്	IX	
14	പയ്യക്കുണ്ട്	X	
15	പ്രധാനി	XI	
16	പന്നിയങ്കര	XII	
	ആകെ	16	

വിവിധയിനം ക്ഷേമപെൻഷനുകൾ

ജീവിതവസന്തം മുഴുവൻ പണിയെടുത്തിട്ടും സായാഹ്നത്തിനുവേണ്ടി യാതൊന്നും തേടിവെക്കാൻ കഴിയാത്ത ആലംബഹീനരായ അടിസ്ഥാനവർഗ്ഗങ്ങൾക്ക് ചെറിയൊരാശ്വാസമായി വിവിധയിനം പെൻഷനുകൾ നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്യുന്നുണ്ട്. 11 തരം പെൻഷനുകളുണ്ട്. അവയുടെ എല്ലാം പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക - 2

ക്രമ നമ്പർ	വിവിധയിനം പെൻഷനുകൾ	പെൻഷൻ അനുവദിച്ചവരുടെ എണ്ണം
1	അഗതിപെൻഷൻ	ലഭ്യമല്ല
2	വിധവാപെൻഷൻ	268
3	വികലാംഗപെൻഷൻ	ലഭ്യമല്ല
4	വാർധക്യകാല പെൻഷൻ	82
5	അവശകലാകാല പെൻഷൻ	ഇല്ല
6	അവശകായികതാര പെൻഷൻ	"
7	ക്ഷയരോഗി പെൻഷൻ	"
8	കുഷ്ഠരോഗി പെൻഷൻ	"
9	കാൻസർ രോഗി പെൻഷൻ	"
10	കർഷകത്തൊഴിലാളി പെൻഷൻ	710
11	തൊഴിലില്ലായ്മാ വേതനം	160

ദരിദ്ര ജനവിഭാഗത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ജവഹർ റോസ്ഗാർ യോജന (J.R.Y.) പദ്ധതി ആരംഭിച്ചു. ഇതിന്റെ നടത്തിപ്പിൽ ചില ന്യൂനതകൾ ഉണ്ടായി.

ന്യൂനതകൾ

1. പദ്ധതി നടത്തിപ്പ് കരാറുകാരെയാണ് ഏല്പിച്ചിരുന്നത്. ആത്മാർത്ഥത വേണ്ടത്ര ഉണ്ടായില്ല.
2. പാവപ്പെട്ടവർക്ക് ഗുണം ചെയ്തില്ല. മേലേക്കിടയിലുള്ളവർക്ക് ഗുണം ലഭിച്ചു.
3. വികസനം എന്നാൽ റോഡുനിർമ്മാണം മാത്രമാണെന്നു കരുതി. അതിന് അമിതപ്രാധാന്യം കൊടുത്തു.
4. അടങ്കൽ തുകയും യഥാർത്ഥ ചെലവും യോജിക്കാതെ വന്നു.
5. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ പാളിച്ച സംഭവിച്ചു.
6. വിഭവസാധ്യതയും ഗുണഭോക്താവിന്റെ അഭിരുചിയും കണക്കിലെടുക്കാതെ സ്വയം തൊഴിൽ സംരംഭങ്ങൾ നിർദ്ദേശിച്ചു നടപ്പിലാക്കി.
7. വായ്പകൾ തിരിച്ചടയ്ക്കാൻ ക്രിയാത്മക നടപടികൾ ഇല്ലാതായി.
8. ഗുണഭോക്താവിനെ തെരഞ്ഞെടുത്തതിലും പദ്ധതി നടപ്പിലാക്കിയതിലും ജനപങ്കാളിത്തം ഇല്ലാതെ പോയി.

നടപ്പിലുള്ള പദ്ധതികൾ

1. **ഗ്രാമീണ വനിതാ - ശിശു വികസന പരിപാടി.** ഗ്രാമീണ വനിതകളിൽ സ്വാശ്രയത്വം ഉണ്ടാക്കാൻ സ്ത്രീകളുടെ കൂട്ടായ്മയോടെ തൊഴിൽസംരംഭങ്ങൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം.
2. **ഐ.ആർ.ഡി.പി.** ലിസ്റ്റിൽപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകളാണ് ഗുണഭോക്താക്കൾ. ഈ പഞ്ചായത്തിൽ 2,3,5,9 വാർഡുകളിൽ 5 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 75 പേർക്ക് തൊഴിൽ നൽകുന്നു.

പട്ടിക

ക്രമനമ്പർ	വാർഡ്	തൊഴിൽ	ആരംഭവർഷം	ഗുണഭോക്താക്കൾ	പ്രവർത്തനക്ഷമത
1	II	മുളപ്പണി	87-88	20	ശരിയായി പ്രവർത്തനം ഇല്ല
2	III	പ്രസ്	92-93	10	പ്രവർത്തിക്കുന്നു
3	V	പായ നെയ്ത്ത്	86-87	20	ശരിയായി പ്രവർത്തിക്കുന്നില്ല
4	V	പശു വളർത്തൽ	94-95	15	പ്രവർത്തിക്കുന്നു
5	IX	കറിപൗഡർ നിർമ്മാണം	92-93	10	പ്രവർത്തിക്കുന്നു
		ആകെ		75	

3. **ജവഹർ തൊഴിൽദാന പദ്ധതി**

ദാരിദ്ര്യരേഖക്കു താഴെയുള്ള തൊഴിൽ രഹിതർക്ക് തൊഴിൽ ഉണ്ടാകുക എന്നതാണ് ലക്ഷ്യം. പട്ടികജാതി വർഗ്ഗവിഭാഗത്തിന് മുൻഗണന. തൊഴിൽ ദിനങ്ങളിൽ 30 ശതമാനം സ്ത്രീകൾക്കുവേണ്ടി നീക്കിവെക്കണം. 80 ശതമാനം തുക കേന്ദ്ര ഗവ. നൽകുന്നു.

എസ്.ആർ.വൈ. പദ്ധതിപ്രകാരം 18 വീടുകളും ഇന്ദിര ആവാസ് യോജനപ്രകാരം 78 വീടുകളും പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. പത്തു ലക്ഷം കിണർ പദ്ധതിയിൽ 79 കിണർ ഈ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്.

4. **സംയോജിത ഗ്രാമവികസന പദ്ധതി**

സ്വയംതൊഴിൽ സംരംഭങ്ങൾ ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യം. വാർഷികവരുമാനം 11000/- രൂപ വരെയുള്ള കുടുംബങ്ങൾ ഇതിന്റെ പരിധിയിൽ വരും. ഗ്രാമവികസന വകുപ്പ് നടത്തുന്ന സർവ്വെ ആണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. 8500 രൂപയിൽ താഴെ വരുമാനമുള്ളവരെ മുൻഗണന നൽകി ഗുണഭോക്താക്കളാക്കും.

a. ഐ.ആർ.ഡി.പി. സർവ്വെപ്രകാരം 1648 കുടുംബത്തെ കണ്ടെത്തി.
b. പട്ടികജാതി കുടുംബം 487
c. സഹായം ഇതേവരെ ലഭിച്ചവർ 146
d. " ലഭിച്ച പട്ടികജാതിക്കാർ 89
e. " ലഭിച്ചതിനാൽ ദാരിദ്ര്യരേഖ കടന്നവർ 136
f. " സഹായത്തിനുവേണ്ടി കാത്തിരിക്കുന്നവർ 1507

ട്രൈസം

ഗ്രാമീണ തൊഴിൽരഹിത യുവതീയുവാക്കൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതികവും ഭരണപരവുമായ വൈദഗ്ദ്ധ്യം വളർത്തി എടുക്കലാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഗുണഭോക്താക്കളിൽ 50 ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാരാണ്. 40 ശതമാനം വനിതകളും 10 ശതമാനം വികലാംഗരും ആണ്. ഇതനുസരിച്ച് പഞ്ചായത്തിൽ 5,6,9,10,11,12 വാർഡുകളിലായി 29 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 13 തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചതിൽ നിന്ന് 96 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം നിർമ്മാണം പൂർത്തിയായ ആസ്തികളുടെ വിവരം.

1	സ്കൂൾ കെട്ടിടങ്ങൾ	3	എണ്ണം
2	ആശുപത്രി കെട്ടിടം	2	"
3	പാലം	2	"
4	കുളം	5	"
5	കിണർ	57	"
6	ജലസേചന കിണർ	3	"
7	കോൺക്രീറ്റ് റോഡ്	2.05	കി.മീ.
8	ടാർ ചെയ്തത്	15.210	കി.മീ.
9	മെറ്റൽ റോഡ്	89.61	കി.മീ.
10	ചെക്ക് ഡാം	1	എണ്ണം

പൊതുവിതരണം

പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോറും റേഷൻ കടകളുമുണ്ട്. ഇത്തരം കേന്ദ്രങ്ങൾ എല്ലാവരുടെയും എല്ലാ ആവശ്യവും പരിഹരിക്കുന്നില്ല. പൊതു മാർക്കറ്റിൽ ഒരു ഇടപെടൽ നടത്തി വിലക്കയറ്റത്തെ പിടിച്ചു നിർത്തുന്നു.

കേന്ദ്രങ്ങളുടെ പേര്

1 മാവേലി സ്റ്റോർ, ഇന്ദിരാ പ്രിയദർശിനി ബസ് സ്റ്റാൻറ്, വടക്കഞ്ചേരി
2 നായർതറ
9 മംഗലം പാലം
10 നെല്ലിയാമ്പാടം
23 ചന്തപ്പുര
24 വടക്കഞ്ചേരി
25 മംഗലം
79 അഞ്ചുമൂർത്തി - കിഴക്കേത്തറ
90 കണക്കൻതുരുത്തി
113 ആയക്കുളം
134 കൊന്നഞ്ചേരി
140 ആയക്കാട്
141 കമ്മാന്തറ
171 വടക്കഞ്ചേരി
107 പരുവാശ്ശേരി

മഹിളാ സമൃദ്ധി യോജന

ക്രമനമ്പർ	അംഗൻവാടി കേന്ദ്രങ്ങൾ	വാർഡ്	അംഗൻവാടി വീടുകൾ	മഹിളസമൃദ്ധി യോജന അംഗങ്ങളുടെ വീടുകൾ
1	പന്നിയങ്കര	XII	160	135
2	പ്രധാനി	XI	300	250
3	പയ്യക്കുണ്ട്	X	450	385
4	കുറുവായ്	IX	300	155
5	ചോഴിയങ്കാട്	VIII	280	280
6	ചീറമ്പക്കാവ്	VIII	288	113
7	മിച്ചാരംകോട്	VII	259	109
8	ചേറുങ്കോട്	VII	285	300
9	അടിയത്തപ്പാടം	VI	280	120
10	ആയക്കാട്	VI	250	200
11	കൊളക്കോട്	V	110	110
12	പരുവാശ്ശേരി	V	150	120
13	നെല്ലിയമ്പാടം	V	170	170
14	ചെക്കിണി	IV	300	131
15	കാരയങ്കാട്	IV	340	153
16	കിഴക്കെ പാളയം	II	350	180



സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുദ്ദേശിച്ചുകൊണ്ടാണ് എല്ലാ സാമൂഹ്യക്ഷേമ പദ്ധതികളും ആസൂത്രണം ചെയ്യപ്പെടുന്നത്. എന്നാൽ പദ്ധതികൾ നടപ്പിലായി വരുമ്പോൾ, നിയമങ്ങളുടെ പഴുതിലൂടെ ആനുകൂല്യങ്ങളിൽ പലതും ചോർന്നുപോവുകയും യഥാർത്ഥ ഗുണഭോക്താവിന്റെ കൈകളിൽ എത്തിച്ചേരാതിരിക്കുകയും ചെയ്യുന്നു. ഉദാഹരണങ്ങൾ:

(1) തൊഴിലില്ലാത്ത അഭ്യസ്തവിദ്യരെ ഒരു പ്രത്യേക കാലത്തേക്ക്, കുറച്ചെങ്കിലും വരുമാനം നൽകി, ജീവിത ലക്ഷ്യത്തിലേക്ക് അടുക്കുന്നതിന് സഹായിക്കുന്ന ഈ പദ്ധതി ദുരുപയോഗം ചെയ്യുന്നത് തൊഴിലുള്ളവരാണ്. തൊഴിൽ മറച്ചുവെച്ച് തൊഴിലില്ലായ്മ വേതനം വാങ്ങാൻ പണം മുടക്കി എത്തുന്നവർ കുറവല്ല. അവിടെ തഴയപ്പെടുന്നത് യഥാർത്ഥത്തിൽ തൊഴിൽ രഹിതരാണ്.

(2) മൂന്നു വയസ്സിനും ആറു വയസ്സിനുമിടയിലുള്ള കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവുമായ വളർച്ചയാണ് അങ്കൺവാടികൾ ലക്ഷ്യമാക്കുന്നത്. എന്നാൽ മിക്ക അങ്കൺവാടികൾക്കും നല്ല കെട്ടിടമില്ല. ഉള്ള കെട്ടിടത്തിൽ സ്ഥലസൌകര്യമില്ല; മലമൂത്ര വിസർജ്ജന സൌകര്യമില്ല; കളിപ്പാട്ടങ്ങളും ഇരിപ്പിടങ്ങളുമില്ല. കളിക്കാനും കിടന്നുറങ്ങാനും സ്ഥലമില്ല. ഇതിനൊക്കെ പരിഹാരം കണ്ടാൽ മാത്രമേ, യഥാർത്ഥ ലക്ഷ്യം നേടാൻ കഴിയുകയുള്ളൂ. അമ്മമാരുടെ പോഷണവും സാമൂഹ്യ അവബോധവും കൂടി ഈ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ പെടും. അതുപോലെ തന്നെ പ്രധാനമാണ് അങ്കൺവാടികൾ യാത്രാബാഹുല്യമുള്ള റോഡുകളിൽനിന്ന് അകലെയായിരിക്കണമെന്നതും.


(3) ജോലിചെയ്യുന്ന അമ്മമാരുടെ കൊച്ചുകുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ക്രഷുകൾ തൊഴിൽമേഖലയിലെ ഒരാവശ്യമാണ്. മൂന്നുമാസം മുതൽ മൂന്നുവയസ്സ് വരെയുള്ള കുഞ്ഞുങ്ങളുടെ സംരക്ഷണമാണ് ഇവിടെ നടക്കുന്നത്. കുഞ്ഞുങ്ങൾക്ക് ശുചിത്വമായി ഭക്ഷണം നൽകാനും കിടത്തി ഉറക്കാനും മറ്റുമുള്ള സൌകര്യങ്ങൾ ക്രഷുകളിൽ ഉണ്ടായിരിക്കണം.

(4) വൃദ്ധസദനങ്ങളാണ് മറ്റൊന്ന്. ജീവിതത്തിന്റെ അന്ത്യവേളകളിൽ സ്വന്തം കുടുംബവും ബന്ധുക്കളും ഇല്ലാത്തവരോ, ഉപേക്ഷിക്കുന്നവരോ ആയ വൃദ്ധജനങ്ങളുടെ ഉത്തരവാദിത്തം സമൂഹം ഏറ്റെടുത്തേ മതിയാവൂ. ഓരോതരം വിശ്വാസം പുലർത്തുന്നവർക്കും അവരവരുടെ വിശ്വാസങ്ങൾക്കനുസരിച്ച് സന്തോഷത്തോടെ ജീവിക്കുവാനും സമാധാനത്തോടെ മരിക്കുവാനുമുള്ള അവസരം നൽകേണ്ടതുണ്ട്.

(5) വഴിതെറ്റിപ്പോകുന്ന യുവജനങ്ങൾ, മാനസികമായി സമനില തെറ്റിയവർ, അംഗഭംഗം വന്നവർ എന്തിനേറെ സമൂഹത്തിന്റെ സംരക്ഷണച്ചുമതല ആവശ്യമുള്ളവർ ഇനിയുമുണ്ട്. എല്ലാവർക്കും സന്തോഷത്തോടെ ജീവിക്കാൻ കഴിയുന്ന അവസ്ഥയാണല്ലോ സാമൂഹ്യസമത്വം. ഉള്ളവന് ഇല്ലാത്തവനോടുള്ള ചുമതലയും കൂടിയാണ് സാമൂഹ്യസമത്വം.

●

വാർഡ്	അംഗൻവാടികളുടെ എണ്ണം	ആകെ ജനസംഖ്യ	പുരുഷന്മാർ	സ്ത്രീകൾ	പട്ടികജാതി	പട്ടികവർഗ്ഗം	1 വയസ്സിനു താഴെയുള്ള കുട്ടികൾ	1-3 വയസ്സുള്ള കുട്ടികൾ	3-5 വയസ്സുള്ള കുട്ടികൾ	ആകെ ഗർഭിണികൾ	ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവർ	മുലയൂട്ടുന്ന അമ്മമാർ	35ൽ അധികം പ്രായമുള്ള	പാവപ്പെട്ട ജനസംഖ്യ	1 വയസ്സിനു താഴെ മരിച്ച കുട്ടികൾ	1-3 വയസ് മരിച്ച കുട്ടികൾ	3-6 വയസ് മരിച്ച കുട്ടികൾ	ഗർഭസംബന്ധമായ അസുഖങ്ങൾ മൂലം മരിച്ചവർ	മറ്റു മരണങ്ങൾ	അസുഖമുള്ള പോഷകാഹാരം ലഭിക്കുന്ന കുട്ടികൾ	അസുഖമുള്ള പോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ	പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ
XI	പ്രധാനി	4620	2260	2360	521	-	57	122	99	9		19	24	-	-	-	-	-	-	7	5	5
II	പാളയം	3619	1697	1922	398	-	35	125	216	11		13	10	-	-	-	-	-	-	7	5	5
III	കാരയംകോട്	2902	1376	1526	675	-	20	93	137	8		7	25	-	-	-	-	-	-	9	7	5
IV	മാണിക്കപ്പാടം	1678	836	842	225	-	23	63	81	9		14	15	-	-	-	-	-	-	2	5	5
V	കൊളക്കോട്	1008	480	528	203	-	22	48	42	5		10	18	-	-	-	-	-	-	10	5	7
V	നെല്ലിയാമ്പാടം	1367	662	705	155	-	18	32	24	58		8	10	-	-	-	-	-	-	9	8	7
VI	ആയക്കാട്	1476	693	783	24	-	16	24	46	13		8	23	-	-	-	-	-	-	5	8	4
VII	ചേരുംകോട്	1717	838	879	494	-	29	52	74	6		18	23	-	-	-	-	-	-	4	7	7
VII	മിച്ചാരംകോട്	1889	852	1037	300	-	34	40	37	9		12	14	-	-	-	-	-	-	7	5	5
VIII	ചോഴിയംകാട്	1845	906	939	385	-	29	67	78	11		11	29	1	-	-	-	-	-	11	5	4
IX	കുറുവായ്	3153	1598	1555	210	-	43	121	91	19		23	24	-	-	-	-	-	-	7	5	5
X	പയ്യക്കുണ്ട്	3297	1649	1648	933	-	36	77	118	13		13	13	-	-	-	-	-	-	7	3	3
XII	പന്നിയങ്കര	1131	518	613	64	-	21	22	27	5		9	7	-	-	-	-	-	-	7	2	6
V	പരുവാശ്ശേരി	1061	532	529	411	-	13	34	30	6		6	15	-	-	-	-	-	-	7	6	6
VI	അടിത്തപാടം	1387	652	735	265	-	61	48	33	7		14	12	-	-	-	-	-	-	15	5	5
VIII	ചീറമ്പകാവ്	1540	722	818	308	-	24	51	75	9		10	13	-	-	-	-	-	-	19	6	5



വിദ്യാഭ്യാസം

പാലക്കാട് ജില്ലയുടെ തെക്കുപടിഞ്ഞാറെ അറ്റത്ത് തൃശൂർ ജില്ലയോട് ചേർന്ന് ഏകദേശം പത്തു കിലോമീറ്റർ കിഴക്കുമാറി സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പാലക്കാടു ജില്ല മറ്റു ജില്ലകളെ അപേക്ഷിച്ച് പിന്നോക്കമാണെങ്കിലും ഈ പഞ്ചായത്തിൽ ഒരു നൂറ്റാണ്ടിനു മുമ്പുതന്നെ പുഴയ്ക്കലിടം വകയായി അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് സ്കൂളുകൾ നടത്തിയിരുന്നു. ഈ കാലഘട്ടത്തിൽ തന്നെ ഇതര സമുദായത്തിൽപ്പെട്ട ചിലരും എഴുത്തു പള്ളിക്കൂടങ്ങളിലൂടെ വിദ്യാസമ്പാദനം നടത്തിയിരുന്നതായി കാണപ്പെട്ടു. പുഴക്കൽ ഇടം കാരണവരായിരുന്ന പങ്ങി അച്ഛൻ ഇന്നത്തെ മിഡിൽ സ്കൂൾ നിൽക്കുന്ന സ്ഥലത്ത് ഒരു ഓല ഷെഡ്ഡിൽ ആദ്യമായി ഒരു സ്കൂൾ ആരംഭിച്ചു. 125 വർഷങ്ങൾക്കു മുമ്പ് തുടങ്ങിവച്ച ആ സ്ഥാപനം പിന്നീട് ആംഗ്ലോ വെർണാകുലർ എൽ.പി. സ്കൂൾ (A.V.L.P.S.) എന്ന നാമം സ്വീകരിച്ച് പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ ആയി നിലനിൽക്കുന്നു. പിന്നീട് തൊട്ടടുത്തുതന്നെ മിഡിൽ സ്കൂളും സ്ഥാപിച്ചു. അങ്ങാടിക്ക് അടുത്തുതന്നെ കമ്മാന്തറയിൽ സ്ത്രീവിദ്യാഭ്യാസത്തിനുവേണ്ടി ഒരു പെൺപള്ളിക്കൂടവും മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കാലത്ത് സ്ഥാപിച്ചു. കുറെ കഴിഞ്ഞ് അത് നിർത്തൽ ചെയ്യുകയും ബ്രഹ്മശ്രീ. പി.പി. ചാമി അയ്യർ അതേറ്റെടുത്ത് വീണ്ടും തുടങ്ങുകയും കാലക്രമത്തിൽ ആൺകുട്ടികൾക്കും പ്രവേശനം നൽകി സരസ്വതിവിലാസം യു.പി. സ്കൂൾ (S.V.U.P.S.) ആയി പരിണമിക്കുകയും ചെയ്തു.

ഈ സ്കൂളുകൾ ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രം വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റി വന്നതിനാൽ ടൗണിൽ ബാസൽ മിഷ്യൻ വകയായി 1902-ൽ ഇതര സമുദായത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഒരു എൽ.പി. സ്കൂൾ സ്ഥാപിച്ചു. അതിന്റെ തൊട്ടടുത്തുതന്നെ മറ്റൊരു മതവിഭാഗത്തിന്റെ വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി 1938-ൽ പാലക്കാട്ടുകാരനായ ഒരു ധനാഢ്യൻ ഷേക്ക് റാവുത്തർ ഐഷബി മെമ്മോറിയൽ മദ്രസ എൽ.പി. സ്കൂൾ എന്ന പേരിൽ മറ്റൊരു സ്കൂളും സ്ഥാപിച്ചു.

1900-ൽ അംഗീകാരം കിട്ടുകയും അതിനു മുമ്പുതന്നെ തുറന്ന് പ്രവർത്തിക്കുകയും ചെയ്തിരുന്ന ഗോവിന്ദവിലാസം എൽ.പി. സ്കൂളാണ് മംഗലം ഭാഗത്തെ ആദ്യസ്കൂൾ. ഇതിന്റെ സ്ഥാപകൻ ഒരംശം അധികാര ആയിരുന്നതുകൊണ്ട് എല്ലാ വിഭാഗം ആൾക്കാരുടെ വിദ്യാഭ്യാസത്തേയും പ്രോത്സാഹിപ്പിച്ചിരുന്നു. ഏതാണ്ട് ഈ കാലഘട്ടത്തിൽ തന്നെ പരുവാശ്ശേരിയിലും പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടായിരുന്നു. 5-ാം ക്ലാസ്സ് വരെ ഉള്ള ഒരു എൽ.പി. സ്കൂൾ അവിടെ ഇന്നും പ്രവർത്തിച്ചു വരുന്നു. കുട്ടികൾക്ക് വളരെ ദൂരം യാത്രചെയ്യാതെതന്നെ വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടാക്കിക്കൊടുക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് പന്നിയങ്കര മംഗലം എന്നീ സ്ഥലങ്ങളിൽ ഗവ. മേഖലയിൽ ഓരോ എൽ.പി. സ്കൂൾ തുടങ്ങുകയും മംഗലം ഭാഗത്തുതന്നെ ഗാന്ധിസ്മാരക നിധിയുടെ വകയായി ഒരു യു.പി.സ്കൂൾ കൂടി ആരംഭിക്കുകയും ചെയ്തു. കുടിയേറ്റ മേഖലയായ കണക്കൻതുരുത്തിയിൽ ഗവ. എൽ.പി. സ്കൂൾ തുടങ്ങുകയും പിന്നീടത് യു.പി. സ്കൂൾ ആയി ഉയർത്തുകയും ചെയ്തു.

പഞ്ചായത്തിലെ ആദ്യ ഹൈസ്കൂൾ സി.എ. ഹൈസ്കൂൾ ആണ്. 1941-ൽ ആയക്കാട് പ്രദേശത്ത് ഇതാരംഭിച്ചു. ഈ പ്രദേശത്തെ പല വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മാർഗ ദർശിയും പാലക്കാടു ജില്ലയിൽ പല സ്ഥലത്തും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുവാൻ കാരണക്കാരനും കമ്മാന്തറയിൽ പ്രവർത്തനം നിർത്തിവെച്ച പെൺപള്ളിക്കൂടത്തിന്റെ പുനരുദ്ധാരകനും എല്ലാം ആയ ശ്രീ. പി.പി. ചാമി അയ്യർ ആണ് ഇതിന്റെയും സ്ഥാപകൻ. ഇതിനു മുമ്പ് ഹൈ സ്കൂൾ വിദ്യാഭ്യാസത്തിന് ആലത്തൂരിൽ എത്തണമായിരുന്നു. യാത്രാക്ലേശം ഈ പ്രദേശത്തെ ഹൈസ്കൂൾ വിദ്യാഭ്യാസത്തെ പ്രതികൂലമായി അന്ന് ബാധിച്ചിരുന്നു. ഈ പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും


വിദ്യാഭ്യാസത്തിന് സി.എ. ഹൈസ്കൂൾ വളരെ സഹായിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് അവസരം നിലച്ചു എന്നു കരുതിയിരുന്ന വലിയൊരു വിഭാഗത്തി ആശ്വാസവും ആവേശവും ആയി ഈ ഹൈസ്കൂൾ അരനൂറ്റാണ്ട് പിന്നിട്ടു. 1964-ൽ വടക്കഞ്ചേരി ടൗണിൽ ചെറുപുഷ്പം മിഷ്യൻ വകയായി ഒരു ഹൈസ്കൂൾ പെൺകുട്ടികൾക്കു വേണ്ടി സ്ഥാപിച്ച് നല്ല നിലയിൽ പ്രവത്തിച്ചുവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടികയിൽ മംഗലത്ത് 1960-ൽ സ്ഥാപിതമായ I.T.C. യാണ് ആദ്യത്തേത്. SC/STക്കാർക്കു മാത്രമായി ഗവ. മേഖലയിൽ തുടങ്ങിയതാണെങ്കിലും ഇന്ന് മറ്റു വിഭാഗങ്ങളിൽ പെട്ടവർക്കും ഒരു നിശ്ചിത ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. കേന്ദ്രഗവ. സഹായത്തോടെ നടത്തുന്ന സ്വാശ്രയ കമ്പ്യൂട്ടർ കോളേജാണ് മറ്റൊരു സ്ഥാപനം. ഇപ്പോൾ അത് ടൗണിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. അധികം താമസിക്കാതെ സ്വന്തം കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റാൻ സാധിക്കും. സ്വകാര്യ മേഖലയിൽ ഒരു ടെക്നിക്കൽ സെൻറർ ആമക്കുളത്ത് എച്ച്. ആർ.ഡി.സി. (H.R.D.C.) നടത്തുന്നു. വള്ളിയോട് ആശുപത്രിയോടനുബന്ധിച്ച് സ്വകാര്യ മേഖലയിൽ ഒരു ഫാർമസി കോളേജും പ്രവർത്തിക്കുന്നുണ്ട്.

സ്വാതന്ത്ര്യസമര സേനാനിയും പൊതുപ്രവർത്തകനും എം.എൽ.എ, എം.പി, മന്ത്രി എന്നീ നിലകളിലെല്ലാം പ്രവരർത്തിച്ചിട്ടുമുള്ള ശ്രീമാൻ വെള്ള ഈച്ചരൻ ഈ പഞ്ചായത്തിലെ അണക്കപ്പാറക്കടുത്താണു താമസിച്ചിരുന്നത്. പഞ്ചായത്തിലെ ആദ്യ ബിരുദധാരിയും അഡ്വക്കേറ്റും ആയിരുന്ന മംഗലം സ്വദേശി ഇ. സുബ്രഹ്മണ്യ അയ്യർ, ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന മംഗലം കുമരം കണ്ടത്ത് സേതുമാധവ മേനോൻ, കൊച്ചിയിൽ പോലീസ് കമ്മീഷണറായിരുന്ന മങ്ങാട്ടു നാരായണ മേനോൻ, ആദ്യ പട്ടികജാതി ബിരുദധാരി കുമാങ്കോട് രാജൻ, ഡോക്ടർ രാമയ്യർ, മൃഗഡോക്ടർ രംഗസ്വാമി അയ്യർ എന്നിവരെ എല്ലാം സ്മരിക്കുന്നു. അദ്ധ്യാപകർക്കുള്ള ദേശീയ അവാർഡ് ജേതാവും വിദ്യാഭ്യാസ വിചക്ഷണനും ആയ സി. പത്മനാഭ ശർമ്മ (സി.പി. ശർമ്മാ മാസ്റ്റർ), ശ്രീ. എം. കുമാരൻ മാസ്റ്റർ, ടി.പി. മാധവ മേനോൻ, കെ.എൽ. ലാസർ മാസ്റ്റർ എന്നിവരെ ഇവിടത്തെ ജനങ്ങൾ എന്നും ഓർമ്മിക്കും.

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

വാർഡ്	എൽ.പി.	യു.പി.	ഹൈസ്ക്കൂൾ	സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ
I	1	2		
II				
III	2		1	2
IV				
V	1			
VI			1	
VII		1		1
VIII	1			
IX		1		
X	1			1
XI				
XII	1			
ആകെ.	7	4	2	4S



സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പട്ടിക 1 A


വിദ്യാർത്ഥികൾ/അദ്ധ്യാപകർ

നമ്പർ	സ്ക്കൂളിന്റെ പേര്	ഗവ.	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
		എയ്ഡഡ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	സി. എ. ഹൈസ്ക്കൂൾ ആയക്കാട്ടു U.P.	എയ്ഡ്സ്	233	216	449	7	7	14
	H.S.		540	327	867	17	19	36
2.	സി.ജി.എച്ച്.എസ്. H.S.	"	-	911	911	-	27	27
3.	എസ്. വി.യു.പി. സ്ക്കൂൾ L.P.	"	266	247	513	7	26	33
	U.P.		308	385	693			
4.	എ.യു.പി.എസ്. U.P.	"	178	142	320	7	9	16
5.	ജി.എസ്.യു.പി. മംഗലം	"	295	251	546	6	13	19
6.	എ.വി.എൽ.പി. വടക്കഞ്ചേരി	"	141	164	305	1	9	10
7.	എ.എം.എം.എൽ.പി. വടക്കഞ്ചേരി	"	98	35	133	1	4	5
8.	ബി.ഇ.എം.എൽ.പി. വടക്കഞ്ചേരി	"	120	115	235	2	6	8
9.	എ.എൽ.പി.എസ്. വരുവാശ്ശേരി L.P.	"	153	138	291	3	9	12
	U.P.(5)		49	50	99			
10.	ജി.വി.എം.എൽ.പി. സ്ക്കൂൾ മംഗലം.	"	152	151	303	2	7	9
11.	ജി.യു.പി.സ്കൂൾ കണക്കൻതുരുത്തി L.P.	ഗവ.	137	135	272	6	9	15
	U.P.		124	132	256			
12.	ഗവ.എൽ.പി. സ്കൂൾ മംഗലം	"	136	100	236	4	4	8
13.	ഗവ. എൽ.പി.സ്കൂൾ പന്നിയങ്കര	"	58	51	109	2	2	4
	ആകെ		2988	3550	6538	65	151	216

ഹൈസ്ക്കൂൾ - 2, യു.പി. സ്കൂൾ - 5, എൽ.പി. സ്കൂൾ - 6.

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്.

സ്കൂളുകളും അവ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളും



1. സി.എ.ച്ച് സ്കൂൾ. അയക്കാട്.
2. സി.ജെ.ഐ സ്കൂൾ വടക്കഞ്ചേരി.
3. എസ്.വി.യു.പി. സ്കൂൾ വടക്കഞ്ചേരി.
4. എ.യു.പി. സ്കൂൾ. വടക്കഞ്ചേരി.
5. ജി.യു.പി. സ്കൂൾ, കണക്കൻതുരുത്തി.
6. ജി.എസ്.യു.പി. സ്കൂൾ. മംഗലം.
7. ജി.വി.എം.എൽ.പി. സ്കൂൾ. മംഗലം.
8. ജി.എൽ.പി. സ്കൂൾ. മംഗലം.
9. എ.വി.എൽ.പി. സ്കൂൾ. വടക്കഞ്ചേരി.
10. എ.എം.എം.എൽ.പി. സ്കൂൾ. വടക്കഞ്ചേരി.
11. ബി.ഇ.എം.എൽ.പി. സ്കൂൾ, വടക്കഞ്ചേരി
12. എ.എൽ.പി. സ്കൂൾ, പുതുവാശ്ശേരി.
13. ജി.എൽ.പി. സ്കൂൾ. പന്നിയങ്കര.



13 വിദ്യാലയങ്ങളിലായി 6538 വിദ്യാർത്ഥികളും 216 അദ്ധ്യാപകരും പതിനായിരത്തോളം രക്ഷിതാക്കളും അടങ്ങുന്ന ബ്രഹത്തായ ഒരു പ്രസ്ഥാനമാണ് ഇത്.

പട്ടിക 1. B

അംഗീകൃത/ അനംഗീകൃത വിദ്യാലയങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	അംഗീകൃതം/ അനംഗീകൃതം	വിദ്യാർത്ഥികൾ			അധ്യാപകർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	സി.ഇ.എം.യു. പി. സ്കൂൾ വടക്കഞ്ചേരി							
	Pre. P.	അംഗീകൃതം	143	225	368	ഇല്ല	11	11
	L.P.		248	272	520	"	14	14
	U.P.		133	145	278	"	6	6
2.	എൻ.ഇ.എസ്. Pre. P.	"	44	31	75	"	3	3
	L.P.	–	73	43	116	"	6	6
	U.P.	–	17	4	21	"	4	4
3.	റോസ്സി ഇംഗ്ലീഷ് മീഡിയം സ്കൂൾ							
	Pre.P.	അംഗീകൃതം	18	11	29			
	L.P.	"	45	27	72	ഇല്ല	8	8
	U.P.	"	3	3	6	"		
4.	വിദ്യാനികേതൻ							
	Pre.P.	"	12	4	16	"		
	L.P.	–	23	11	34	"	9	9
	U.P.	–	13	4	17	"		
	H.S.	–	3	0	3	"		
5.	എസ്.എൻ.പബ്ലിക് സ്കൂൾ Pre.P.	"	64	39	103	"	6	6
	L.P.		14	13	27	"		
6.	രാജഗിരി കണക്കൻ തുരുത്തി Pre.P.	"	12	17	29	"	2	2
7.	എൻ.എസ്.എസ്. Pre.P.	,,	13	3	26	"	2	2
8.	ലൂർദ്മാത നഴ്സറിസ്കൂൾ	"	33	14	47	"	1	1
9.	സെവന്ത് ഡേ. ഇംഗ്ലീഷ് മീഡിയം സ്കൂൾ Pre.P.	,,	10	13	23	"		
	L.P.		3	2	5	,,	3	3
	ആകെ.		924	881	1805	ഇല്ല	75	75

അംഗീകൃത അനംഗീകൃത വിദ്യാലയങ്ങളിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവാണ്. അധ്യാപകർ എല്ലാവരും സ്ത്രീകളാണ്. കൊച്ചു കുട്ടികളെ നയിക്കുന്നതിൽ സ്ത്രീകൾക്ക് കഴിവു കൂടും. എന്നാൽ ഇവിടെ സ്ത്രീകൾക്കുമാത്രം ആയി ഈ മേഖല ഒഴിഞ്ഞുകൊടുത്തതായി കാണുന്നു. പട്ടിക ശ്രദ്ധിക്കുക. (I A)

പട്ടിക 2-ൽ പ്രൈമറി തലത്തിൽ പെൺകുട്ടികൾ ആൺകുട്ടികളെ അപേക്ഷിച്ച് അല്പം കുറവാണെങ്കിലും ഹൈസ്കൂൾ തലത്തിൽ അവരുടെ പെൺകുട്ടികൾക്കുമാത്രമായി ഒരു സ്ഥാപനം പഞ്ചായത്തിൽ ഉണ്ട്. സമീപപ്രദേശത്തുനിന്നും ഇവിടേക്ക് കുട്ടികൾ വരുന്നുണ്ട്. ആൺകുട്ടികളിൽ ചിലർ സമീപ പഞ്ചായത്തിലെ സ്കൂളുകളിലേക്കും പോകുന്നതായികാണുന്നു. പട്ടിക 2Aൽ ആൺകുട്ടികളാണ് പെൺകുട്ടികളേക്കാൾ അധികം. ഇത് സെക്സ് റേഷ്യോയിലുള്ള മാറ്റം ആണെന്നും വരാം. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ശതമാനം ഉയർന്ന ക്ലാസുകളിലെത്തുമ്പോൾ കുറയുന്നതായികാണുന്നു. L.P. തലത്തിൽ 18.81 ശതമാനമായിരുന്നത് U.P. തലത്തിൽ എത്തുമ്പോൾ 17.90 ശതമാനമായും ഹൈസ്കൂൾ തലത്തിൽ അത് 13.66 ശതമാനമായും കുറയുന്നു. ഇതിൽനിന്നും സ്കൂളുകളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് ഈ വിഭാഗങ്ങളുടെ ഇടയിൽ കൂടുതലാണെന്നു കാണാം. (പട്ടിക 3, 3A എന്നിവ ശ്രദ്ധിക്കുക.)

കൊഴിഞ്ഞുപോക്ക് ആൺകുട്ടികളുടെ ഇടയിലാണ് കൂടുതലായും കാണുന്നത്. ഇത് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. SC/ST വിഭാഗങ്ങളിൽ ഭീമമായ കൊഴിഞ്ഞു പോക്കാണ് കാണുന്നത്.

പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട 13 സ്കൂളുകളിൽ 3 എണ്ണമാണ് ഗവണ്മെൻറ് മേഖലയിലുള്ളത്. മൊത്തം അധ്യാപകരിൽ 12.5 ശതമാനവും വിദ്യാർത്ഥികളിൽ 13.35 ശതമാനവും മാത്രമാണ് സർക്കാർ വിദ്യാലയങ്ങളിൽ ഉള്ളത്.

പട്ടിക 2

കുട്ടികളുടെ അനുപാതം-പൊതുവിദ്യാഭ്യാസം

		സ്കൂളുകൾ	
	L.P.	U.P.	H.S.
ആകെ കുട്ടികൾ	2397	2363	1778
ആൺകുട്ടികൾ	1261-53%	1187-51%	540-31%
പെൺകുട്ടികൾ	1136-47%	1176-49%	1238-69%

പട്ടിക 2

കുട്ടികളുടെ അനുപാതം-അംഗീകൃത/അനംഗീകൃത വിദ്യാഭ്യാസം

	സ്കൂളുകൾ		
	L.P.	U.P.	H.S.
ആകെ കുട്ടികൾ	774	322	3
ആൺ കുട്ടികൾ	406-52%	166-52%	3-100
പെൺകുട്ടികൾ	368-48%	156-48%	ഇല്ല

പട്ടിക-3

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

L.P.			U.P.			H.S.		
ആകെ കുട്ടികൾ	SC/ST	ശതമാനം	ആകെ കുട്ടികൾ	SC/ST	ശതമാനം	ആകെ കുട്ടികൾ	SC/ST	ശതമാനം
2397	451	19%	2363	423	18%	1778	243	14%

പട്ടിക 3 A

95-96 വർഷം പഠനം നിർത്തിയവരുടെ കണക്ക്

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
43	25	68	72	70	142

പട്ടിക 4

ഗവ. സ്കൂളിലെ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്ക്

ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ)	3ഗവ. സ്ക്കൂളിലും കൂടി അദ്ധ്യാപകർ	ഗവ. സ്ക്കൂളിലെ അദ്ധ്യാപകരുടെ ശതമാനം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ. സ്ക്കൂളിൽ പഠിക്കുന്നവരുടെ എണ്ണം	ശതമാനം
216	27	12.5	6538	873	13.35

അധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. പുരുഷന്മാർ 65 സ്ത്രീകൾ 151 ആകെ 216 (പട്ടിക 1.A)


പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും തങ്ങളുടെ മക്കളെ പൊതു വിദ്യാലയങ്ങളിൽ ചേർക്കാൻ തയ്യാറാണ്. എങ്കിലും ഒരു ചെറിയ ശതമാനം, ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള അമിത താല്പര്യം കാരണം, അനംഗീകൃത സ്കൂളുകളിലേക്ക് ആകർഷിക്കപ്പെടുന്നു. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ പഞ്ചായത്തിൽ 5 അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ തുറന്ന് പ്രവർത്തിച്ചു വരുന്നു. ഈ വിദ്യാലയങ്ങളുടെ കടന്നുവരവ് അതിന്റെ സമീപ പ്രദേശങ്ങളിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ സാരമായി ബാധിച്ചു. ജനന നിരക്കിലുള്ള കുറവും വിദ്യാലയങ്ങളിലേക്കുള്ള കുട്ടികളുടെ വരവിനെ ബാധിച്ചു. പൊതുവിദ്യാഭ്യാസമേഖലയിൽ പെൺകുട്ടികൾ കൂടുതലും അംഗീകൃത അനംഗീകൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ആൺകുട്ടികളുടെ എണ്ണം കൂടുതലും ആയി കാണുന്നു.

വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യം തൃപ്തികരമല്ലെന്ന് കാണാം. (പട്ടിക 5, 5A നോക്കുക) ഒരു വിദ്യാലയത്തിനും ആവശ്യമുള്ളത്ര സ്ഥലം ഇല്ല. കളിസ്ഥലങ്ങൾ കുറവാണ്. കായികാധ്യാപനം അതുകൊണ്ട് തൃപ്തികരമല്ല. ക്ലാസ്സുമുറികൾ തന്നെ ആവശ്യത്തിന് പല സ്കൂളിലും ഇല്ല. ബഞ്ച്, ഡസ്ക്ക്, മേശ, കസേര എന്നിവയുടെ ആവശ്യം എല്ലാ സ്കൂളിലും ഉണ്ട്. സ്റ്റാഫ് റൂം മിക്ക സ്കൂളിലും ഇല്ല. അക്കാഡമിക് സൗകര്യങ്ങളും തൃപ്തികരമല്ലെന്ന് പട്ടിക 5A യിൽ കാണാം.

പട്ടിക 5

സ്കൂളിന്റെ ഭൗതിക സാഹചര്യം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	സ്കൂളിന്റെ ഉടമസ്ഥത	ആകെ സ്ഥലം	കളിസ്ഥലം	ആവശ്യമുള്ള ക്ലാസ്മുറികൾ	നിലവിലുള്ള ക്ലാസ്മുറികൾ	മൂത്രപ്പുര/ കക്കൂസ്	കുടിവെള്ള മാർഗം	വൈദ്യുതി	സ്റ്റാഫ് റൂം	ആവശ്യമുള്ള: ബഞ്ച്	ഡസ്ക്	മേശ	കസേര	സ്കൂൾ വളപ്പിൽ ഉണ്ടെങ്കിൽ മതിൽ കെട്ടി തിരിച്ചിട്ടുണ്ടോ?	
1	ചെറുപുഷ്പം ഹൈസ്കൂൾ വടക്കഞ്ചേരി	സ്വ കാര്യം	4.2 ഏക്ര	1 ഏക്ര	24	21	ഉണ്ട്	പൈപ്പ് ഉണ്ട്	ഉണ്ട്	ഉണ്ട്	30	30	3	3	മതിൽ ഉണ്ട്	910
2	ബി.ഇ.എം.എൻ.പി. സ്കൂൾ വടക്കഞ്ചേരി	"	50 സെൻറ്	20 സെൻറ്	9	8	കക്കൂസ് ഇല്ല	പൈപ്പ് ഉണ്ട്	ഇല്ല	ഇല്ല	10	10	3	3	വേലി കെട്ടി തിരിച്ചു	235
3	എ.എം.എം.എൽ.പി. സ്കൂൾ വടക്കഞ്ചേരി	"	48 സെൻറ്	10 സെൻറ്	5	4	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	5	10	2	2	ഉണ്ട്	133
4	ഗവ. എൽ.പി. സ്കൂൾ പന്നിയങ്കര	ഗവ.	1 ഏക്കർ	15 സെൻറ്	6	6	കക്കൂസ് ഇല്ല	കിണർ	ഇല്ല	ഇല്ല	5	10	-	-	ചുറ്റു മതിൽ അപൂർണ്ണം	109
5	ഗവ. യു.പി. സ്കൂൾ കണക്കൻതുരുത്തി	"	1 ഏക്കർ	ഇല്ല	17	17	ഉണ്ട്	കിണർ	ഇല്ല	ഉണ്ട്	10	10	4	4	മതിൽ പൂർണ്ണമല്ല	528
6	എ.വി.എൽ.പി. സ്കൂൾ വടക്കഞ്ചേരി	സ്വ കാര്യം	50 സെൻറ്	10 സെൻറ്	12	10	ഉണ്ട്	കിണർ ഉണ്ട്	ഉണ്ട്	ഇല്ല	5	10	2	2	പൂർണ്ണമല്ല	305
7	ജി.വി.എം.എൽ.പി. സ്കൂൾ മംഗലം	"	2437 Sq. ft.	25 സെൻറ്	12	12	മൂത്രപുര 2 വേണം	കിണർ ഉണ്ട്	ഇല്ല	ഇല്ല	-	-	3	3	ഇല്ല	303
8	ഗവ. എൽ.പി. സ്കൂൾ മംഗലം	ഗവ.	58 സെൻറ്	10 സെൻറ്	7	2	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	25	8	8	ഇല്ല	236
9	സി.എ. ഹൈസ്കൂൾ ആയക്കാട്	സ്വ കാര്യം	3 ഏക്കർ	1.25 ഏക്കർ	44	44	ഉണ്ട്	കിണറും പൈപ്പും	ഉണ്ട്	ഉണ്ട്	-	-	-	-	ഉണ്ട്	1316
10	ജി.എസ്.യു.പി. മംഗലം	"	3 ഏക്കർ	80 സെൻറ്	18	19	മൂത്രപുര 2 വേണം	കിണർ ഉണ്ട്	ഉണ്ട്	ഉണ്ട്	5	5	5	5	ഉണ്ട്	546
11	എ.യു.പി. സ്കൂൾ വടക്കഞ്ചേരി	"	75 സെൻറ്	15 സെൻറ്	09	11	മൂത്രപുര 2 വേണം	കിണർ ഉണ്ട്	ഉണ്ട്	ഉണ്ട്	20	20	5	5	പൂർണ്ണ മല്ല	320
12	എസ്.വി. യു.പി. സ്കൂൾ വടക്കഞ്ചേരി	"	1.50 ഏക്കർ	30 സെൻറ്	30	28	മൂത്രപുര 2 വേണം	കിണർ പൈപ്പ്	ഉണ്ട്	ഉണ്ട്	10	10	4	4	ഉണ്ട്	1206
13	എ.എൽ.പി. സ്കൂൾ പരുവാശ്ശേരി	"	1.20 ഏക്കർ	30 സെൻറ്	16	14	മൂത്രപുര 2 വേണം	കിണർ	ഉണ്ട്	ഉണ്ട്	5	15	5	5	ഇല്ല	390



പട്ടിക 5 A

9-4 അക്കാദമിക് സൗകര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല	ലബോറട്ടറി സയൻസ് കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല	പാഠ്യേതരകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) ഉണ്ട്/ഇല്ല	ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം								ബ്ലാക്ക് ബോർഡ്	
					റേഡിയോ	ടേപ്പ് റെക്കോർഡർ	ടി.വി. സെറ്റ്	വി.സി.ആർ./ വി.സി.പി.	സിനിമ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്
	1	2	3	4	5	6	7	8	9	10	11	12	13	14
1	സി.എ.എച്ച്.എസ്സ്. ആയക്കാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	44	80
2	സി.ജി.എച്ച്.എസ്. വടക്കഞ്ചേരി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	19	16
3	ബി.ഇ.എം.എൽ.പി. വടക്കഞ്ചേരി	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	7	7
4	എ.എം.എം.എൽ.പി. വടക്കഞ്ചേരി	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4
5	ജി.എൽ.പി.എസ്. പന്നിയങ്കര	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4
6	ഗവ. യു.പി.എസ്. കണക്കൻതുരുത്തി	ഉണ്ട്	പ്രവർത്തനം ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	15	10
7	എ.വി.എൽ.പി. വടക്കഞ്ചേരി	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	11	9
8	ജി.വി.എം.എൽ.പി. മംഗലം	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	9	10
9	ഗവ. എൽ.പി. മംഗലം	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	3
10	ജി.എസ്.യു.പി.എസ്. മംഗലം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	14	14
11	എ.യു.പി. സ്കൂൾ വടക്കഞ്ചേരി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	13	9
12	എസ്.വി.യു.പി.എസ്. വടക്കഞ്ചേരി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	23	30
13	എ.എൽ.പി. സ്കൂൾ പരുവാശ്ശേരി	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	11	10



അദ്ധ്യാപക രക്ഷാകർത്തൃ സമിതിയും മാതൃരക്ഷാകർത്തൃ സമിതിയും

പഞ്ചായത്തിലെ എല്ലാ സ്കൂളിലും അദ്ധ്യാപക രക്ഷാകർത്തൃ സമിതി (P.T.A.) ഉണ്ട്. പ്രവർത്തനം പലതിലും കാര്യക്ഷമമല്ല. ഉള്ളവതന്നെ സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിൽ മാത്രം ശ്രദ്ധിക്കുന്നു. സ്കൂളിലെ പഠനനിലവാരം ഉയർത്തുന്നതിനോ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനോ പാഠ്യാനുബന്ധ പ്രവർത്തനവുമായി ബന്ധപ്പെടുത്തുന്നതിനോ P.T.A. ശ്രദ്ധിക്കാറില്ല. ചെറുപുഷ്പം ഹൈസ്കൂൾ പി.ടി.എ, ഗാന്ധിസ്മാരകം സ്കൂൾ പി.ടി.എ, മംഗലം ഗവ. എൽ.പി. സ്കൂൾ സംരക്ഷണസമിതി എന്നിവ ഒരുവിധം മെച്ചമായി പ്രവർത്തിക്കുന്നു.

കുട്ടികളുടെ വളർച്ചയിൽ അച്ഛനമ്മാരേക്കാൾ കൂടുതൽ സമയം ശ്രദ്ധിക്കാൻ കഴിയുന്നത് അമ്മമാർക്കാണ്. ഭൂരിപക്ഷം അച്ഛനമ്മാരും ജോലിസംബന്ധമായി കുടുംബത്തിൽനിന്ന് വളരെ സമയം വിട്ടുനിൽക്കുന്നു. അമ്മമാർ കുടുംബസംരക്ഷണവുമായി ബന്ധപ്പെട്ട് കൂടുതൽ സമയം വീട്ടിൽ ചെലവഴിക്കുന്നു. അല്ലാത്തൊരു ചെറിയ ശതമാനത്തെയും ഈ അവസരത്തിൽ ഓർക്കുന്നു. അതുകൊണ്ട്, മറ്റു കാര്യങ്ങളിലെന്നപോലെ പഠനകാര്യത്തിലും അമ്മമാർക്ക് കൂടുതൽ സമയം ശ്രദ്ധിക്കുവാൻ കഴിയും എന്നതിനാൽ മാതൃരക്ഷാകർത്തൃ സമിതികൾ എല്ലാ വിദ്യാലയങ്ങളിലും അത്യന്താപേക്ഷിതമാണ്.

ഏതൊരു സ്കൂളിനെയും നാം വിലയിരുത്തുന്നത് അവിടുത്തെ S.S.L.C. വിജയശതമാനം നോക്കിയാണ്. പ്രൈമറി സ്കൂളുകളെ അത്തരത്തിൽ വിലയിരുത്താൻ സാധിക്കുകയില്ലല്ലോ. പാഠ്യാനുബന്ധ പ്രവർത്തനത്തിൽ ഒരു കുട്ടിയും സ്കൂളും എത്രമാത്രം പങ്കാളി ആകുന്നു എന്നുകണ്ടു വേണം ആ കുട്ടിയെയും സ്കൂളിനെയും വിലയിരുത്താൻ. ഇന്ന് കേവലം യാന്ത്രികമായ വിജയമാണ് രക്ഷിതാക്കൾ പ്രതീക്ഷിക്കുന്നത്. S.S.L.C. പരീക്ഷയിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ ശരാശരി വിജയം ചെറുപുഷ്പം സ്കൂളിലേത് 75 ശതമാനവും സി.എ. ഹൈസ്കൂളിലേത് 18 ശതമാനവുമാണ്.

സ്കൂൾ ലൈബ്രറികൾ

പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളിലും നല്ല ലൈബ്രറികൾ ഉണ്ട്. ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. കുട്ടികൾക്കാവശ്യമായ പത്രമാസികകളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും റീഡിംഗ് റൂം മുഖാന്തിരം വായിക്കാൻ അവസരം നൽകണം. റഫറൻസ് ഗ്രന്ഥങ്ങൾ സ്വയം നോക്കി സംശയ നിവാരണത്തിന് അവസരം നൽകണം. ഗുണനിലവാരമുള്ള പുസ്തകങ്ങൾ വാങ്ങി കുട്ടികൾക്കു വിതരണം ചെയ്യാൻ ശ്രദ്ധിക്കണം. പുസ്തകങ്ങളുടെ അമിത വില മറ്റു ലൈബ്രറികളെ എന്നപോലെ സ്കൂൾ ലൈബ്രറികളെയും ബാധിക്കുന്നു.

ലാബറട്ടറികൾ

എല്ലാ സ്കൂളുകളിലും അവശ്യം വേണ്ടതാണ് ലാബറട്ടറികൾ. പേരിനു മാത്രം പ്രവർത്തനവുമായി മുന്നോട്ടുപോകുന്ന ഒരത്യാവശ്യഘടകമാണ് വിദ്യാഭ്യാസത്തിൽ ലാബറട്ടറികൾ. സർക്കാർ ലാബറട്ടറികൾക്ക് ധാരാളം ഉപകരണങ്ങൾ സൗജന്യമായി കൊടുക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം ശദ്ധിക്കാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നില്ല. സാങ്കല്പിക ടെസ്റ്റ് ട്യൂബുകളും വാതകങ്ങളും ദ്രാവകങ്ങളുമേ നമ്മുടെ കുട്ടികൾക്ക് ഇന്ന് അനുഭവിക്കാൻ കഴിയുന്നുള്ളൂ.

സ്കൂൾ സഹകരണ സംഘങ്ങൾ

ഒരു വിദ്യാർത്ഥിക്ക് ആവശ്യമായതെന്തും ലഭിക്കുന്ന സ്ഥാപനമാണ് സ്കൂൾ സഹകരണ സംഘങ്ങൾ. എന്നാൽ ഇന്ന് അത് അവരുടെ ആവശ്യങ്ങൾ ഒരു തരത്തിലും നിറവേറുന്നില്ല. പാഠപുസ്തകങ്ങൾ മാത്രം വാങ്ങി വിപണനം നടത്തുന്ന ഒരു ജോലി മാത്രം ചെയ്ത് സംഘങ്ങൾ തൃപ്തിപ്പെടുന്നു. നോട്ടു ബുക്കുകൾ ഇന്ന് പല സഹകരണസംഘങ്ങളും ഉണ്ടാക്കി സ്കൂൾ സഹകരണ സംഘങ്ങളെ ഏല്പിക്കാറുണ്ട്. ത്രിവേണി, കൈരളി തുടങ്ങിയ പേരിൽ ന്യായവിലയ്ക്ക് ധാരാളം നോട്ടുപുസ്തകങ്ങൾ വിപണിയിൽ കിട്ടാനുണ്ട്. അവ വാങ്ങി ലാഭേച്ഛ കൂടാതെ സ്കൂൾ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യണം. ഇന്ന് ഈ രീതി പഞ്ചായത്തിലെ ഒരു സ്കൂളിലും നടപ്പിലുള്ളതായി കാണുന്നില്ല. ഇങ്ങനെ നടത്തിയാൽ സാധാരണക്കാരായ രക്ഷിതാക്കൾക്ക് വലിയൊരാശ്വാസമാവും. സ്കൂൾ യൂണിഫോം, സ്കൂൾ ബാഗുകൾ, കുട, പേന, പെൻസിൽ തുടങ്ങി കുട്ടികൾക്കാവശ്യമായ എല്ലാ സാധനങ്ങളും വിപണനം നടത്തുന്ന

സ്കൂൾ സഹകരണ സംഘങ്ങളും ഉണ്ട്. സഹകരണസംഘങ്ങൾ നിലവിലില്ലാത്ത സ്കൂളുകളിലും സംഘം രൂപീകരിക്കണം. എങ്കിൽ പാഠപുസ്തകങ്ങളും നോട്ടുപുസ്തകങ്ങളും സ്കൂൾ തുറക്കുന്നതിനു മുമ്പേ ക്രഡിറ്റ് സൗകര്യത്തിൽ വാങ്ങി കുട്ടികൾക്ക് സമയത്തിനു കൊടുക്കാൻ സാധിക്കും.

ഉച്ചക്കഞ്ഞി വിതരണം

ആരോഗ്യമുള്ള ഒരു ശരീരത്തിലേ ആരോഗ്യമുള്ള ഒരു മനസ് ഉണ്ടാകൂ. അതുകൊണ്ട് ഒട്ടിയ വയറുമായി ഒരു കുട്ടിയും നമ്മുടെ മുന്നിൽ വിദ്യാഭ്യാസത്തിനായി ഇരുന്നുകൂടാ. പഞ്ചായത്തിലെ എല്ലാ പ്രൈമറി സ്കൂളുകളിലും ഒരുവിധം ഭംഗിയായി ഉച്ചക്കഞ്ഞി വിതരണം നടക്കുന്നുണ്ട്. ധാരാളം പരിമിതികളുണ്ട്. എന്നാലും ജനപങ്കാളിത്തത്തോടെ നടപ്പാക്കുവാൻ തുടർന്നും ശ്രമിക്കാം. ആവശ്യമുള്ള എല്ലാവർക്കും ഉച്ചഭക്ഷണം കൊടുക്കാൻ പറ്റുന്ന ഒരു ബൃഹത്പദ്ധതിയായി ഇതിനെ വളർത്തിയെടുക്കാം.

സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഉന്നത വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ കോളേജ് ഇല്ലാത്തതിനാൽ ആ കുറവ് നികത്തുന്നത് ഇവിടുത്തെ പാരലൽ വിദ്യാലയങ്ങളാണ്. S.S.L.C. പരീക്ഷയിൽ തോറ്റ കുട്ടികൾ മുതൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ വരെ സമാന്തര വിദ്യാഭ്യാസസ്ഥാപനങ്ങളെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ

1. നവീന പാരലൽ കോളേജ്
2. കോളേജ് ഓഫ് ഇംഗ്ലീഷ്
3. ബൈസ് വിമൻസ് അക്കാഡമി
4. കോളേജ് ഓഫ് നോളഡ്ജ്

സാങ്കേതിക സ്ഥാപനങ്ങൾ

സാങ്കേതിക വിദ്യാഭ്യാസത്തിന് വേണ്ടത്ര സ്ഥാപനങ്ങൾ ഇന്ന് ഈ പഞ്ചായത്തിൽ ഇല്ല. കോളേജ് ഓഫ് അപ്ലൈഡ് സയൻസ് എന്ന സ്ഥാപനമാണ് പ്രധാനം. എന്നാൽ ഇത് സ്വാശ്രയസ്ഥാപനമായത് കൊണ്ട് സാധാരണക്കാർക്ക് അപ്രാപ്യവുമാണ്. പിന്നീടുള്ളത് മംഗലത്തു പ്രവർത്തിക്കുന്ന ഗവ. ഐ.ടി.സി. ആണ്. പട്ടികജാതി/പട്ടികവർഗത്തിനു വേണ്ടി തുറന്ന സ്ഥാപനമാണിതെങ്കിലും ഇന്ന് നിശ്ചിത ശതമാനം മറ്റു വിഭാഗങ്ങൾക്കും സംവരണം നൽകുന്നുണ്ട്.

സാങ്കേതിക സ്ഥാപനങ്ങളുടെ പേരുവിവരം

1. കോളേജ് ഓഫ് അപ്ലൈഡ് സയൻസസ്
2. ഐ.റ്റി.സി. മംഗലം
3. ഫാർമസി കോളേജ് വള്ളിയോട്
4. സ്വാശ്രയ ടെക്നിക്കൽ സ്കൂൾ (H.R.D.C)

കൊമേഴ്സ്യൽ ഇൻസ്റ്റിട്യൂട്ടുകൾ

ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാൻഡ് എന്നിവയ്ക്ക് പരിശീലനം നൽകുന്ന 4 സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. ഇന്ന് ഈ മേഖലക്ക് സാദ്ധ്യത കുറഞ്ഞുവരികയാണ്. കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് എന്നിവ ഈ മേഖലയിൽ കടന്നുകയറി. പ്രധാനപ്പെട്ട കൊമേഴ്സ്യൽ ഇൻസ്റ്റിട്യൂഷനുകൾ

1. ബാവ കൊമേഴ്സ്യൽ ഇൻസ്റ്റിട്യൂട്ട്
2. മോഡേൺ ഇൻസ്റ്റിട്യൂട്ട്
3. വൈദ്യനാഥൻസ് ഇൻസ്റ്റിട്യൂട്ട്
4. എച്ച്.ആർ.ഡി.സി.

പ്രീ-പ്രൈമറി വിദ്യാലയങ്ങൾ

പഞ്ചായത്തിലെ 9 വിദ്യാലയങ്ങളിലായി 709 കുട്ടികൾ പ്രീ-പ്രൈമറി വിദ്യാഭ്യാസം നടത്തുന്നു. പട്ടിക 1B നോക്കുക. ഇവിടെയെല്ലാം പഠനത്തിനാണ് മുൻതൂക്കം കൊടുക്കുന്നത്. ഈ കുട്ടികൾ മനസ്സു തെളിഞ്ഞ് കളിച്ചു നടക്കേണ്ടവരാണ്. ലീലാവിനോദങ്ങൾക്കു വേണ്ടിയാണ് ബാല്യത്തെ സൃഷ്ടിച്ചതെന്ന് അവരെ നിരീക്ഷിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഇന്ന് നടക്കുന്നതോ? ഈ രീതിയിൽ നിന്ന് ഒരു പരിധിവരെ കുഞ്ഞുങ്ങളെ രക്ഷിക്കുന്നത് ഇവിടുത്തെ ബാലവാടികളും അംഗനവാടികളും ആണ്. പഞ്ചായത്തിൽ 16 അങ്കൺവാടികൾ ഉണ്ട്.

അങ്കൺവാടികളും അവ പ്രവർത്തിക്കുന്ന വാർഡും

1	പ്രധാനി	XI
2	പാളയം	II
3	കാരയംകാട്	III
4	മാണിക്കപ്പാടം	IV
5	കൊളക്കോട്	V
6	നെല്ലിയാമ്പാടം	V
7	ആയക്കാട്	VI
8	ചേരുംകോട്	VII
9	മിച്ചാരംകോട്	VII
10	ചോഴിയംകാട്	VIII

11	കുറുവായ്	IX
12	പയ്യക്കുണ്ട്	X
13	പന്നിയങ്കര	XII
14	പരുവാശ്ശേരി	V
15	അടിയത്തപാടം	VI
16	ചീറമ്പകാവ്	VIII

നഷ്ടപ്പെടാവുന്ന അദ്ധ്യയനദിനങ്ങൾ

	ആകെ പ്രവൃത്തിദിനം	200
1	പരീക്ഷകൾക്ക് 3 ടേമിലും കൂടി	24
2	ഹൈസ്കൂളെങ്കിൽ S.S.L.C. പരീക്ഷയ്ക്കുവേണ്ടി	7
3	സ്കൂൾ കായികമേള, യുവജനോത്സവം, സ്കൂൾ ഡേ, സബ്ജില്ലാ മേളകൾ എന്നിവക്ക്	5
4	ബന്ദ്, മറ്റ് സമരങ്ങൾ, മറ്റു പ്രഖ്യാപിത ഒഴിവുകൾ	7
5	പ്രാദേശികമായി വരാവുന്ന ഒഴിവുകൾ	2
6	അദ്ധ്യാപകന്റെ കാഷ്വൽ അവധി	15
7	" മറ്റവധി	10
8	വിദ്യാർത്ഥി എടുക്കുന്ന ശരാശരി അവധി	5
9	വിദ്യാർത്ഥി സമരങ്ങൾ	4
10	പലവക	1
	ആകെ	80
	കിട്ടാവുന്ന പ്രവൃത്തിദിനം	120

വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയ്ക്ക് ഒരു പ്രത്യേക കാരണമുണ്ടോ എന്ന് ചിന്തിക്കണം.

അനൗപചാരിക വിദ്യാഭ്യാസം

ലൈബ്രറികളും വായനശാലകളും സാക്ഷരതാ ക്ലാസുകളും ജനവിദ്യാ കേന്ദ്രങ്ങളും എല്ലാം അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളാണ്. വയോജന വിദ്യാഭ്യാസം പണ്ട് കാര്യക്ഷമമായിരുന്നു.

വായനശാലകൾ

1 പഞ്ചായത്തു വായനശാല ആയക്കാട്
2 പഞ്ചായത്തു വായനശാല വടക്കഞ്ചേരി
3 യു വ സോഷ്യലിസ്റ്റ് വായനശാല മംഗലം
4 നവോദയ വായനശാല പന്നിയങ്കര

വിദ്യാഭ്യാസമേഖല നേരിടുന്ന പ്രശ്നങ്ങൾ

1. ഗുണനിലവാര തകർച്ച.
2. വിദ്യാഭ്യാസത്തെക്കുറിച്ച് രക്ഷിതാക്കളിൽ കടന്നുകൂടിയ തെറ്റായ ധാരണ.
3. അദ്ധ്യാപകന്റെ നിസ്സംഗത.
4. വിദ്യാർത്ഥികൾക്ക് ഭാവിയെക്കുറിച്ചുള്ള ആശങ്ക.
5. വാർത്താവിനിമയ മാദ്ധ്യമങ്ങളിലെ ആരോഗ്യകരമല്ലാത്ത കടന്നുകയറ്റം.
6. വീട്ടിലെ പഠനസാഹചര്യം.
7. പാഠ്യാനുബന്ധ പ്രവർത്തനത്തോടുള്ള അലംഭാവം.
8. തെറ്റായ പരീക്ഷാസമ്പ്രദായം.
9. സാമൂഹ്യമായ പിന്നോക്കാവസ്ഥ.
10. ജീവിതവുമായിബന്ധമില്ലാത്ത വിദ്യാഭ്യാസം.
11. പ്രാദേശിക സമൂഹത്തിന് വിദ്യാഭ്യാസത്തിൽ താല്പര്യമില്ലായ്മ.
12. പരിശോധനാ രീതിയിലെ പോരായ്മ - അധികൃതരുടെ ശ്രദ്ധക്കുറവ്.
13. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം.

സാദ്ധ്യതകൾ

1. പരീക്ഷാരീതി മാറ്റുക.
   a. ഓർമ്മശക്തി മാത്രം പരീക്ഷിക്കുന്ന, അറിവ് പരിഗണിക്കാത്ത പരീക്ഷാസമ്പ്രദായം മാറ്റുക.
   b. എന്തറിയില്ല എന്നതിനു പകരം എന്തറിയും എന്ന് അന്വേഷിക്കുക.
   c. വാചാപരീക്ഷക്കും സ്ഥാനം കൊടുക്കുക.
   d. പാഠ്യാനുബന്ധ വിഷയങ്ങളുടെ കഴിവും കൂടി പരിഗണിച്ച് ക്ലാസ് കയറ്റ് നൽകുക.
   e. പ്രൈമോഷൻ സമ്പ്രദായത്തിലെ ശതമാന നിരക്ക് കുറയ്ക്കുക.

2. നിശ്ചിത ക്ലാസ്സുകളിൽ ആർജിക്കേണ്ട അറിവ് ആഴത്തിലല്ലെങ്കിലും പരപ്പിലെങ്കിലും സമ്പാദിച്ചതിനുശേഷം മാത്രം ക്ലാസ്കയറ്റം കൊടുക്കുക.
   a. 1-ാം തരം കഴിയുമ്പോൾ എല്ലാ അക്ഷരവും ഉച്ചരിക്കാൻ പഠിച്ചിരിക്കണം.
   b. 2-ാം തരം കഴിയുമ്പോൾ എല്ലാ അക്ഷരവും 100 വരെ അക്കവും പറയാനും എഴുതാനും പഠിച്ചിരിക്കണം.
   c. 4-ാം തരം കഴിയുമ്പോൾ ചതുഷ്ക്രിയകൾ നിർബന്ധമായും കൂട്ടി പഠിച്ചിരിക്കണം.
   d. അക്ഷരം കൂട്ടിവായിക്കാനും വാക്കുകൾ സ്വന്തമായി എഴുതാനും അറിഞ്ഞിരിക്കണം.

3. സിലബസിൽ കാലികമായ മാറ്റം വരുത്തുക.

a. ജീവിതവുമായി ബന്ധമുള്ള വിദ്യാഭ്യാസം നൽകാൻ സിലബസ് പരിഷ്കരിക്കണം.

b. പഠിച്ചതൊന്നും ജീവിതത്തിനുതകാത്ത സിലബസ് മാറ്റി, ജീവിതായോധനത്തിനുപകരിക്കുന്ന രീതിയിലാക്കുക.

c. ബോധന രീതിയിലും മാറ്റം വരുത്തുക.

4. പി.ടി.എ.കൾ ശക്തമാക്കുക.

a. പി.ടി.എ.കൾ ഓരോ ടേമിലും വിളിച്ചു ചേർക്കുക.

b. ക്ലാസ് കം പി.ടി.എ.കൾ കൂടുക.

c. പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ച് പ്രത്യേക യോഗം ചേരുക.

d. പി.ടി.എ.യുടെ നേതൃത്വത്തിൽ മാതൃ പി.ടി.എ.കൾ ചേരുക.

e. പി.ടി.എ.കളെ കുറേക്കൂടി ജനകീയവൽക്കരിച്ച് വിദ്യാലയസംരക്ഷണ സമിതികൾ ആക്കുക.

f. അക്കാദമിക് പ്രവർത്തനത്തിലും അവർക്ക് ശ്രദ്ധിക്കാൻ അവസരം കൊടുക്കുക.

g. വിദ്യാലയ പരിശോധനയിൽ ഈ സംരക്ഷണ സമിതിയിലെ പ്രഗത്ഭരെക്കൂടി ഉൾപ്പെടുത്താം.

4. അദ്ധ്യാപകർക്ക് റിഫ്രഷൻ കോഴ്സുകൾ നൽകുക.


പഠനവിഷയം വിദ്യാർത്ഥികൾക്ക് ഉൾക്കൊള്ളാൻ വിഷമം ഉള്ളതുപോലെ അധ്യാപകനും പഠിപ്പിക്കേണ്ട വിഷയം ആഴത്തിൽ ഉൾക്കൊള്ളാൻ കഴിയാതെ പോകുന്നു. സിലബസിന്റെ കട്ടി തന്നെയാണിതിനു കാരണം. അതുകൊണ്ട് ഇൻ സർവീസ് കോഴ്സുകൾ നിർബന്ധമായും കൊടുക്കണം. ബോധന സഹായികൾ അധ്യാപകനു കൊടുക്കണം. കൂടാതെ സ്കൂൾ കോംപ്ലക്സുകൾ പഞ്ചായത്തടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുക.

a. സ്കൂൾ കോംപ്ലക്സുകൾ

പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലേയും അധ്യാപകരെ ഉൾപ്പെടുത്തി ഒരു ഹൈസ്കൂളിൽ കോംപ്ലക്സ് യോഗം ചേരുക. ഓരോ വിഷയത്തിലും പാടവം ഉള്ളവരെ കൊണ്ടുവന്ന് ഓരോ വിഷയത്തിലും ക്ലാസ് എടുപ്പിക്കുക. കൂടാതെ അതാതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്നവർ ഒന്നിച്ചിരുന്ന് ചർച്ച ചെയ്ത് അറിവിന്റെ മണ്ഡലം വികസിപ്പിക്കുക. ഓരോ മാസത്തിലും ഇങ്ങനെ കൂടി അവലോകനം നടത്താം. പഠനസഹായികളും ഉപകരണങ്ങളും പരസ്പരം കൈമാറാം. ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ പരസ്പരം വിനിയോഗിക്കാം. കോംപ്ലക്സുകളുടെ ആഭിമുഖ്യത്തിൽ തൊട്ടടുത്ത സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ നടത്താം. സ്കൂളുകളിൽ ഗസ്റ്റ് ലക്ചർ നടത്താം. കുട്ടികളെ തന്നെ തൊട്ടടുത്ത സ്കൂളുകളിൽ കൊണ്ടുപോയി ദൃശ്യശ്രവ്യ ഉപകരണങ്ങളുടെ സഹായത്തോടെ അധ്യയനം നടത്താം. സ്കൂളുകളിലെ പ്രവർത്തനം മോണിട്ടർ ചെയ്യാൻ അടുത്ത സ്കൂളുകളിലെ അധ്യാപകരുടെ സഹായം തേടാം. ബോധനരീതിയും നിലവാരവും ഒരേപോലെ ആയാൽ അയൽവിദ്യാലയങ്ങളിലേക്ക് കുട്ടികൾ പോകുന്നത് ഒഴിവാക്കാം.

b. അധ്യാപക പരിശീലനത്തിലെ ഗുണനിലവാരം മെച്ചപ്പെടുത്തണം. തികച്ചും യോഗ്യതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തവരും അയൽ സംസ്ഥാനങ്ങളിൽ ക്യാപ്പിറ്റേഷൻ വ്യവസ്ഥയിൽ തെരഞ്ഞെടുക്കപ്പെടുന്നവരും ഉണ്ടെന്ന സത്യം മറക്കരുത്. അവിടുത്തെ പരിശീലനരീതി വ്യാപ്തിയിൽ കുറവും ആണ്. അതുകൊണ്ട് ഇതിന് ഭാരതത്തിൽ ഒരു ഏകീകൃത സ്വഭാവം ഉണ്ടാകണം. കൂടാതെ പരിശീലനത്തിന് തെരഞ്ഞെടുക്കുമ്പോൾ പാട്ട്, ഡാൻസ്, ചിത്രരചന തുടങ്ങി ഏതെങ്കിലും ഒക്കെ കലയിൽ പ്രാവീണ്യം ഉണ്ടോ എന്നും പരിശോധിക്കണം. പ്രൈമറി തലങ്ങളിലേക്ക് തെരഞ്ഞെടുക്കുമ്പോഴാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത്. ശരിയായി ഭാഷ ഉച്ചരിക്കാൻ ബുദ്ധിമുട്ടുള്ളവരെ (കൊഞ്ഞപ്പ്, വിക്കൽ തുടങ്ങിയവ) പ്രൈമറി തലങ്ങളിൽ പരിശീലനത്തിന് തെരഞ്ഞെടുത്തുകൂടാ. അംഗവൈകല്യം ഉള്ളവരേയും ഒഴിവാക്കുന്നത് നന്ന്. കാരണം ചെറിയ കുട്ടികൾക്ക് അവന്റെ അധ്യാപകൻ ഒരു മോഡൽ ആയിരിക്കണം.

c. അധ്യാപകൻ ഒരാചാര്യനാകാൻ ശ്രമിക്കണം. സമൂഹത്തിലെ അപചയങ്ങൾ കണ്ടറിഞ്ഞ് പ്രതികരിക്കുന്ന സ്വഭാവം വേണം. സമൂഹത്തിന്റെ പീഢനങ്ങൾ സ്വയം ഏറ്റുവാങ്ങുന്നവനാകണം അധ്യാപകൻ. മദ്യപാനം ശീലമില്ലാത്തവനാവണ്ടേ മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ പഠിപ്പിക്കേണ്ടത്.



5. മാതൃഭാഷയിലൂടെ ബോധനം നടത്തുക.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് നമുക്ക് അന്ധമായ എതിർപ്പില്ല. എന്നാൽ പ്രൈമറി വിദ്യാലയങ്ങളിൽ ബോധന മാധ്യമം മാതൃഭാഷ തന്നെ ആവണം. പ്രീപ്രൈമറി ക്ലാസുകളിൽ മാതൃഭാഷ മാത്രമേ പഠിപ്പിക്കാവൂ. എല്ലാ സ്കൂളിലും പ്രീപ്രൈമറി വിദ്യാലയങ്ങൾ തുടങ്ങണം. ആ കുട്ടികൾക്ക് പോഷകാഹാരവും കളിക്കോപ്പുകളും എല്ലാം നൽകി ബാല്യം ആനന്ദകരമാക്കണം. അങ്കൺവാടികളെ ഈ വിദ്യാലയങ്ങളുമായി ബന്ധപ്പെടുത്താം.

6. കൊഴിഞ്ഞുപോക്ക് തടയണം.

ഉച്ചക്കഞ്ഞി വിതരണം ആവശ്യമുള്ളവർക്കെല്ലാം ആയി വ്യാപിപ്പിക്കുക. കുട്ടികളെക്കൊണ്ട് തൊഴിൽ എടുപ്പിക്കുന്നത് നിരുത്സാഹപ്പെടുത്തുക. മൂത്ത കുട്ടികൾ ആണെങ്കിൽ ഇളയ കുട്ടികളെ നോക്കാൻ പഠനം നിർത്താറുണ്ട്. ഇത് തൊഴിലാളികളുടെ ഇടയിൽ കാണപ്പെടുന്നു. അതിന് ക്രഷ് സൗകര്യം ഏർപ്പെടുത്തുക. വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകണം.

7. വിദ്യാലയങ്ങളിലെ ബോധനരീതി മാറ്റുക. പരിശോധിക്കാനുള്ള രീതിയും വിപുലമാക്കുക.

a. പേപ്പർ, കാർഡ്ബോർഡ്, മരം, കളിമണ്ണ് എന്നിവകൊണ്ട് ഏതു പാഠഭാഗവും മോഡലുകളായോ പ്രൊജക്ടുകളായോ രംഗങ്ങളായോ അവതരിപ്പിക്കാം. ഇത് കുട്ടികളുടെ സജീവ പങ്കാളിത്തത്തിന് വഴിവെക്കും.

b. കുട്ടികളിൽ നിന്നുതന്നെ മിടുക്കന്മാരെ തെരഞ്ഞെടുത്ത് മോണിട്ടറിംഗ് സമ്പ്രദായം സുഗമമാക്കാം. പരസ്പരം ചോദ്യം ചോദിക്കാൻ അവസരം കൊടുക്കാം. എല്ലാ കുട്ടികളെയും ചോദ്യം ഉണ്ടാക്കാൻ പഠിപ്പിക്കണം. പിന്നീട് ഉത്തരം തനിയെ വരും.

8 a. പരസ്യങ്ങളിലെ ആധുനികത ചെറിയ തലമുറയെ വഴിതെറ്റിക്കുന്നുണ്ട്. അതുകൊണ്ട് ടി.വി. പരിപാടി, സിനിമ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസ് ചർച്ച ആകാം.

b. സന്മാർഗ്ഗപാഠങ്ങൾ ക്ലാസുമുറിയിൽ ചർച്ച ചെയ്യാം.

c. യൂണിഫോം ധരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യണം.

d. ദേശീയ ദിനങ്ങൾ കൊണ്ടാടുന്നതിന്റെ പ്രാധാന്യം ചർച്ച ചെയ്യണം.

e. മഹാന്മാരുടെ ജന്മദിനങ്ങൾ ആഘോഷിക്കണം.


f. സാഹിത്യസമാജം എല്ലാ മാസവും ക്ലാസ് റൂമിൽ വെച്ച് നടത്തണം. വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം എല്ലാവരേയും പങ്കെടുപ്പിച്ചും ആകാം.

9 a. വിദ്യാഭ്യാസസമരങ്ങൾ പഠനത്തെ പ്രതികൂലമായി ബാധിച്ചോ എന്ന് പരിശോധിക്കണം.

b. വിദ്യാലയ ബാഹ്യ ഇടപെടൽ ഒഴിവാക്കണം. സ്കൂൾ പാർലമെന്റ് നല്ല രീതിയിൽ പ്രവർത്തിക്കണം. ഇത് അച്ചടക്കം ഉണ്ടാകുന്നതിന് സഹായകമാണ്. മതസൗഹാർദ്ദം നിലനിർത്തുന്നതിന് വിദ്യാർത്ഥി സംഘടനകൾ വലിയൊരളവ് സഹായമാണ്.


ആവശ്യങ്ങൾ

1. പത്താം വാർഡിലെ പയ്യക്കുണ്ടിൽ ഒരു എൽ.പി. സ്കൂൾ വേണം.
2. പരുവാശ്ശേരിയിൽ ഒരു യു.പി. സ്കൂൾ വേണം.
3. മംഗലം പ്രദേശത്തും കണക്കൻതുരുത്തിയിലും ഓരോ ഹൈസ്കൂൾ ആവശ്യമാണ്.
4. ഒരു പോളിടെക്നിക്കും ഒരു ജെ.ടി.എസും പഞ്ചായത്തിൽ സ്ഥാപിക്കണം.
5. പഞ്ചായത്തിലെ ശാസ്ത്രകുതുകികളെ കണ്ടെത്തി ഒരു സംഘടനക്ക് രൂപം നൽകി അതിന്റെ നേതൃത്വത്തിൽ ഒരു യൂത്ത് ടെക്നോളജി ഇൻസ്റ്റിട്യൂട്ടും ടെക്നോക്രാഫ്റ്റ് പ്രൊഡക്ഷൻ സെന്ററും സ്ഥാപിക്കുക. ഇതിന് ടൗണിനോടടുത്ത് കമ്മാന്തറയിൽ പഞ്ചായത്തു വക സ്ഥലം ഉപയോഗപ്പെടുത്താം.
6. പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളിലും പ്ലസ് ടു കോഴ്സുകൾ ആരംഭിക്കുക. അത് കൃഷി, ഫാർമസി, നഴ്സിങ്ങ് തുടങ്ങിയ വിഷയങ്ങളിലാകണം.
7. പഞ്ചായത്തിൽ യൂണിവേഴ്സിറ്റിയുടെ ഒരു സെൻറർ സ്ഥാപിക്കുക.
8. കമ്പ്യൂട്ടർ പരിശീലനത്തിന് സാധാരണക്കാർക്കും പ്രവേശനം കിട്ടുന്ന രീതിയിലുള്ള ഒരു സ്ഥാപനം തുടങ്ങുക.



9. സ്കൂളുകളിൽ ശുചിത്വം, പൊതുജനാരോഗ്യം, ചെലവു കുറഞ്ഞ വീട്, അടുപ്പ് തുടങ്ങി എല്ലാറ്റിനും പറ്റി പ്രഭാഷണം സംഘടിപ്പിക്കണം.

സൗകര്യങ്ങൾ പരിമിതമാണെങ്കിലും ഉള്ള സാധ്യതകൾ വെച്ചുകൊണ്ട് ജനപങ്കാളിത്തത്തോടെ ഒരു വമ്പിച്ച മുന്നേറ്റം ഈ മേഖലയിൽ നടത്താൻ സാധിക്കും എന്ന് ഗ്രാമസഭാ റിപ്പോർട്ടിൽനിന്നും വിവിധ സ്ഥലങ്ങളിൽനിന്നും സ്വരൂപിച്ച അറിവിൽ നിന്നും നമുക്ക് മനസ്സിലാകുന്നു. ഇളം തലമുറയുടെ ഭാവി ഭാസുരമാക്കുന്ന ഈ പ്രക്രിയയിൽ നമുക്കൊരുമിച്ച് കൈകോർത്ത് മുന്നേറാം.



സംസ്കാരം

വടക്കഞ്ചേരി പഞ്ചായത്ത് മുൻകാലങ്ങളിൽ പാലക്കാട് രാജാവിന്റെ ഭരണത്തിൻ കീഴിലായിരുന്നു. ആ രാജവംശത്തിലെ ഒരു വിഭാഗമാണ് പുഴക്കലിടം എന്നറിയെപ്പടുന്നത്.

പ്രധാനമായും ഹിന്ദുമതക്കാരും, മുസ്ലീം വിഭാഗക്കാരുമാണ് ഉണ്ടായിരുന്നത്. തെക്കൻ ജില്ലകളിൽ നിന്ന് പിന്നീട് കുടിയേറ്റം നടത്തിയവരാണ് ക്രിസ്തീയ വിഭാഗക്കാർ.

രാജവാഴ്ചയുടെ ആരംഭം മുതൽ തന്നെ ദേശവേല നടത്തിവന്നിരുന്നു. മീനമാസത്തിലെ കാർത്തിക നാളിൽ നടത്തിവരുന്ന ഈ ഉത്സവം കൊടുങ്ങല്ലൂർ ഭരണി വേല കഴിഞ്ഞ് തിരിച്ചു വരുന്നവരെ സ്വീകരിക്കാനെന്ന വണ്ണമായിരുന്നു.



വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം

വടക്കഞ്ചേരി വേലയോടനുബന്ധിച്ച് നടത്തിവന്നിരുന്ന മറ്റൊരുത്സവമാണ് ആയില്യം നാളിൽ നടത്തിവന്നിരുന്ന പരുവശ്ശേരി കുമ്മാട്ടി. മീനമാസത്തിലെ പൂയം നാളിൽ നടത്തിവരുന്ന ആയക്കാട് വേല അടുത്ത കാലത്തായി കരിമരുന്നു പ്രയോഗത്തിലൂടെ ശ്രദ്ധയാകർഷിച്ചു വരുന്നു. ചെറുകണ്ണമ്പ്ര പള്ളിയാർ ഭഗവതിക്ഷേത്രത്തിലെ താലപ്പൊലിയും പ്രധാനപ്പെട്ട ഉത്സവങ്ങളിലൊന്നാണ്. അഞ്ചുമൂർത്തി ക്ഷേത്രത്തിൽ ആഘോഷിച്ചുവരുന്ന ഉത്സവമാണ് മംഗലം വേല. മേടം ഒന്നാം തിയതി കൂറയിട്ട് നാല്പത്തിഒന്നാം ദിവസം വേല ആഘോഷിക്കുന്നു. ശിവൻ, വിഷ്ണു, ബ്രഹ്മാവ്, ഗണപതി, ശാസ്താവ് എന്നീ അഞ്ചു പ്രതിഷ്ഠകൾ ഈ ക്ഷേത്രത്തിൽ ഉള്ളതിനാൽ ഈ പ്രദേശത്തിന് അഞ്ചുമൂർത്തി മംഗലം എന്ന പേര് സിദ്ധിച്ചു.

ഈ ക്ഷേത്രം ഹിന്ദുമത ധർമ്മ സ്ഥാപന ബോർഡിന്റെ കീഴിലാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. വർഷംതോറും ധനുമാസത്തിൽ 7-ാം ദിവസം ശീവേലിയും അതോടനുബന്ധിച്ച് ഓട്ടംതുള്ളൽ, ചാക്യാർകൂത്ത് തുടങ്ങിയ കലാപരിപാടികളും നടത്തിവരുന്നു. ആറാട്ടാഘോഷത്തോടുകൂടി ഉത്സവം സമാപിക്കുന്നു.

വടക്കഞ്ചേരിയോടനുബന്ധിച്ചുള്ള സമീപപ്രദേശങ്ങളിൽ പ്രാചീനകലകൾ നിലവിലുണ്ടായിരുന്നു. മംഗലം ദേശത്ത് കണ്യാർകളി, മലമക്കളി, പുറാട്ടുതാടകം തുടങ്ങിയവയും, നെല്ലിയാമ്പാടം, പരുവശ്ശേരി, കൊളക്കോട്, ചൂണ്ടക്കാട് എന്നീ സ്ഥലങ്ങളിൽ ആര്യൻമാലക്കളി, പൊറാട്ടുനാടകം, പെൺകളി, വട്ടക്കളി, പറവാദ്യം, ഈഴുവവാദ്യം തുടങ്ങിയവയും നിലനിന്നിരുന്നു. ഇതിൽ പൊറാട്ടുനാടകം, വട്ടക്കളി, ആര്യൻമാലക്കളി എന്നീ കലകൾ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരാണ് അവതരിപ്പിച്ചിരുന്നത്.

അമ്പലത്തോടനുബന്ധിച്ച് നടത്തിവന്നിരുന്ന കണ്യാർകളി, മലമക്കളി എന്നിവ മുന്നോക്ക വിഭാഗക്കാർ അവതരിപ്പിച്ചിരുന്നു.



മംഗലം ദേശത്തെ പട്ടികജാതിക്കാർ ചീർമ്പ ഭഗവതി ക്ഷേത്രത്തിൽ ആളുവേല ആഘോഷിച്ചി രുന്നു. ശരീരത്തിൽ അരിമാവുകൊണ്ട് കുറിയിട്ട്, കയ്യിൽ ഓലക്കുട പിടിച്ച് ശരീരം ഒരു പ്രത്യേക രീതി യിച് ചലിപ്പിച്ച് കൂട്ടത്തോടെയുള്ള വട്ടക്കളി കാണാൻ വളരെ കൗതുകമായിരുന്നു.

ചല്ലിപ്പറമ്പ്, ചാമപ്പറമ്പ് പ്രദേശത്ത് വൃശ്ചികം ഒന്നിന് നടത്തിവരുന്ന പ്രാചീന ആഘോഷമാണ് കതിർവേല. പട്ടികജാതി-വർഗ്ഗക്കാരാണ് ഈ വേല നടത്തിവരുന്നത്.

വടക്കഞ്ചേരിവേല, പരുവാശ്ശേരി കുമ്മാട്ടി, മംഗലം വേല, ആയക്കാട് വേല എന്നീ ഉത്സവങ്ങൾ മുന്നോക്ക വിഭാഗക്കാരാണ് നടത്തിയിരുന്നത്. മുൻ കാലങ്ങളിൽ പിന്നോക്ക വിഭാഗക്കാർക്ക് അമ്പലപ്ര വേശനം നിഷേധിച്ചിരുന്നു.

പഴനി സുബ്രഹ്മണ്യനും കൊടുങ്ങല്ലൂരമ്മയും ഈ പ്രദേശത്തുള്ളവരുടെ പ്രധാന ആരാധനാ ദൈവങ്ങളാണ്. പഴനിക്കു പോകുന്ന ഭക്തന്മാർ 7 മുതൽ 21 ദിവസം വരെ ഭജന ഇരിക്കുന്ന പതിവു ണ്ടായിരുന്നു. ഭക്തന്മാർ വഴിപാടായി പാൽക്കാവടി, അന്നക്കാവടി, ചിത്രകാവടി മുതലായവ കൊണ്ടു പോയിരുന്നു. പ്രത്യേക നേർച്ചയായി കൈയും കാ ലും ചങ്ങലക്കിട്ട് പഴനിമല കയറുന്നു. മകരമാസത്തിൽ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിൽ ആഘോഷിച്ചു വരുന്ന താലപ്പൊലി കാണുവാനും ഭക്തജനങ്ങൾ പോകുക പതിവാണ്. പണ്ടു കാലങ്ങളിൽ കാൽന ടയായി ഭരണിപ്പാട്ടും കളിയുമായി ഭരണി ഉത്സവത്തിനു പോകുക പതിവായിരുന്നു.

പിന്നീട് ഗുരുവായൂരപ്പനും, ശബരിമല അയ്യ പ്പനും പ്രധാന ആരാധനാമൂർത്തികളായി തീർന്നു. മുമ്പുകാലത്ത് ശബരിമലയ്ക്കുപോകുന്ന ഭക്തന്മാർ 41 ദിവസത്തെ വ്രതം എടുക്കണം എന്നു നിർബന്ധമാ യിരുന്നു.

പഴയ കാലത്ത് പുരുഷന്മാർ മുടി വളർത്തിയി രുന്നു. അതോടൊപ്പം കുടുമ നിലനിർത്തിയിരുന്നു. ഷർട്ട് ധരിച്ചിരുന്നില്ല. സ്ത്രീകൾ മാറു മറച്ചിരുന്നില്ല. പെൺകുട്ടികൾ ഋതുമതിയാകുമ്പോൾ വിപുലമായ ചടങ്ങുകളോടെ ഋതുകല്യാണം നടത്തിയിരുന്നു. ബാല്യകാല വിവാഹം സാധാരണമായിരുന്നു. ബഹു ഭാര്യാത്വം അന്നത്തെ പതിവായിരുന്നു. ചില സമു ദായത്തിൽ കുടുംബത്തിലെ മൂത്ത മകൻ കല്യാണം കഴിച്ചാൽ താഴെയുള്ള ആൺമക്കൾ കല്യാണം കഴി ച്ചിരുന്നില്ല. ചില സമുദായത്തിൽ വരൻ താലി കെട്ടുന്ന തിനു പകരം സഹോദരി താലികെട്ടുന്ന പതിവും നിലനിന്നിരുന്നു. ഇന്ന് ഹിന്ദുവിഭാഗങ്ങളുടെ ഇട യിൽ ആചാരാനുഷ്ഠാനങ്ങളിൽ വളരെധികം വ്യത്യാസങ്ങൾ സംഭവിച്ചിട്ടുണ്ട്.

മുസ്ലീം-ക്രിസ്ത്യൻ വിഭാഗക്കാരുടെ ആചാരാ നുഷ്ഠാനങ്ങളിൽ ഐകരൂപ്യം ഉണ്ട്.

വടക്കഞ്ചേരി മാണിക്കപ്പാടത്ത് ടിപ്പു സുൽത്താന്റെ പടയോട്ടകാലത്ത് സുമാർ 550 വർഷം മുമ്പ് നിർമ്മിച്ച പടർകാവ് ശ്രീകൃഷ്ണ ക്ഷേത്രം സാം സ്കാരിക പുരോഗതിക്ക് പ്രധാന പങ്കുവഹിച്ചതായി രുന്നു. ജീർണ്ണിച്ചു കൊണ്ടിരിക്കുന്ന ഈ ക്ഷേത്ര ത്തിന്റെ അവസ്ഥ പരിഗണിച്ച് വടക്കഞ്ചേരി ശ്രീനാ രായണ എഡുക്കേഷണൽ & കൾച്ചറൽ ട്രസ്റ്റ് ക്ഷേ ത്രത്തിന്റെ ഭരണച്ചുമതല ഏറ്റെടുത്തിരിക്കുന്നു.

ക്ഷേത്രപ്രവേശന വിളംബരത്തിന്റെ ആ വേശമുൾക്കൊണ്ട് ആയിരത്തിത്തൊള്ളായിരത്തി മുപ്പതുകളിൽ മലബാറിലുണ്ടായിരുന്ന സമരാവേശം ഈ പഞ്ചായത്തിലുമുണ്ടായിരുന്നു.


സാംസ്കാരിക വളർച്ചയിൽ പങ്കുവഹിക്കുന്ന മറ്റു സ്ഥാപനങ്ങളാണ് വായനശാലകളും കലാകാ യിക സമിതികളും. വടക്കഞ്ചേരിയിൽ അഞ്ച് വായ നശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയിൽ പന്നി യങ്കര, മംഗലം, വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ലൈ ബ്രറി എന്നിവക്കു മാത്രമാണ് സ്വന്തം കെട്ടിടങ്ങളു ള്ളത്.

ഗ്രന്ഥാലയങ്ങളുടെ പട്ടിക 1-ൽ ഒന്ന്. വനിതാ സംഘടനകളും നിരവധി കലാകായിക സമിതികളും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പട്ടിക 1-ൽ രണ്ട്.

പട്ടിക 1-1

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ വിവരം	നിലവിലുള്ള മെമ്പർമാരുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ പുസ്തക വിതരണം	കീഴിൽ പ്രവർത്തിക്കുന്ന വയുടെ വിവരം	സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ?	മറ്റഭിപ്രായം
1	"നവോദയ" വായനശാല, പന്നിയങ്കര, P.O. പന്നിയങ്കര, വടക്കഞ്ചേരി	1978	സ്വന്തം	85	3200	300	ഗ്രന്ഥശാല സംഘം	ഉണ്ട്	1. ഗ്രാമീണ ജനങ്ങളിൽ വായനാശീലം വളർത്തുക. 2. ബോധവൽക്കരണം നടത്തുക. 3. ചർച്ചകൾ, സെമിനാറുകൾ സംഘടിപ്പിക്കുക.
2	വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ലൈബ്രറി, വടക്കഞ്ചേരി	1950	സ്വന്തം	312 (23 സ്ത്രീകൾ)	3849	400	ഗ്രന്ഥശാല സംഘം	ഉണ്ട്	7 ദിനപത്രം, 6 വാരിക, 7 മാസിക വരുത്തുക.
3	ഗ്രാമീണ വായനശാല ആയക്കാട്								




പട്ടിക 1-2

നിലവിലുള്ള കലാസാംസ്കാരിക കേന്ദ്രങ്ങൾ

പേരും മേൽവിലാസവും	1. ഗോൾഡൻ ആർട്സ് & സ്പോർട്സ് ക്ലബ്,	2. വിൻസ്റ്റാർ ചുവട്ടുപാടം, പന്നിയങ്ക പി.ഒ. വടക്കഞ്ചേരി പി.ഒ.	3. വി.ബി.സി. ക്ലബ് വടക്കഞ്ചേരി പി.ഒ. വടക്കഞ്ചേരി	4. ലയൺസ് ക്ലബ്ബ് വടക്കഞ്ചേരി വടക്കഞ്ചേരി പി.ഒ.	5. ക്ലാസിക് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, മുളന്ത റോഡ്, പുതുശ്ശേരി പി.ഒ.	6. ഡയനാമോസ് സ്പോർട്സ് അക്കാദമി
സ്ഥാപിച്ച വർഷം	1994	1994	1985	1983	1995	1980
അംഗസംഖ്യ	42	28	26	31	27	155
കെട്ടിടത്തിന്റെ വിവരം	വാടക	വാടക	വാടക	വാടക	വാടക	വാടക
ധനസഹായത്തിന്റെ വിവരം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ലഭിച്ചിട്ടില്ല
ഏത് സ്ഥാപനത്തിൽ അഫിലിയേറ്റ് ചെയ്തു	നെഹ്രു യുവകേന്ദ്ര	സ്പോർട്സ് കൗൺസിൽ, വോളിബോൾ അസോസിയേഷൻ	വോളിബോൾ അസോസിയേഷൻ	അന്തർ ദേശീയ ലയൺസ് ക്ലബ്	ഇല്ല	ഫുട്ബോൾ അസോസിയേഷൻ, അമേച്വർ അത്ലറ്റിക്
പ്രവർത്തനത്തിന്റെ ലഘുവിവരം	വോളിബോൾ, ക്രിക്കറ്റ്, ഫുട്ബോൾ, ഷട്ടിൽ, ചെസ്സ്	ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ	വോളിബോൾ	കണ്ണുതിമിര ഓപ്പറേഷൻ ക്യാമ്പ്, മെഡിക്കൽ ക്യാമ്പ്, നിർധനർക്ക് വീട്, വികലാംഗർക്ക് വീട്, കട, വെയിറ്റിംഗ് ഷെഡ്ഡുകൾ	ദേശീയ പോളിയോ നിർമ്മാർജ്ജന പ്രവർത്തനം, ശുചീകരണ വ്രർത്തനം, സൗജന്യ ട്യൂഷൻ	ഫുട്ബോളിലും അമേചർ അത്ലറ്റിക്സിലും ജില്ലയെ പ്രതിനിധീകരിച്ചിട്ടുണ്ട്.

മറ്റ് കലാസാംസ്കാരിക കേന്ദ്രങ്ങൾ

1. എൻ.സി. ക്ലബ്, വടക്കഞ്ചേരി
2. ഡയനാമോസ് സോക്കർ ക്ലബ്, വടക്കഞ്ചേരി
3. വൈ.എം.സി.എ. വടക്കഞ്ചേരി
4. വെൽഫെയർ അസോസിയേഷൻ, വടക്കഞ്ചേരി
5. ക്ലാസിക് ക്രിക്കറ്റ് ക്ലബ്, വടക്കഞ്ചേരി
6. സിനി ആർട്സ് & സ്പോർട്സ് ക്ലബ് ആയക്കാട്
7. ജിംനേഷ്യം ക്ലാസ്, വടക്കഞ്ചേരി
8. അർച്ചന മഹിളാസമാജം, മംഗലം
9. അഞ്ചുമൂർത്തി ആർട്സ് & സ്പോർട്സ് ക്ലബ്, മംഗലം
10. വിനോദ് ആർട്സ് & സ്പോർട്സ് ക്ലബ്, മംഗലം
11. ഗ്രാമോദയ കലാസമിതി മംഗലം
12. ദൃശ്യ ആർട്സ് & സ്പോർട്സ് ക്ലബ്, മംഗലം
13. നവഭാവന ആർട്സ് ക്ലബ്, മംഗലം
14. മഹിളാസമാജം, പരുവാശ്ശേരി
15. ഐശ്വര്യ ആർട്സ് തേനിടുക്ക്
16. ക്രൈസ്റ്റ് കിംഗ്, രാജഗിരി, കണക്കൻതുരുത്തി
17. വാക്കോട് ബ്രദേഴ്സ് ക്ലബ്, പ്രധാനി
18. ഇന്ദിരാജി ആർട്സ് & സ്പോർട്സ് ക്ലബ്, പാളയം
19. പുരോഗമന കലാസാഹിത്യസംഘം വടക്കഞ്ചേരി ഏരിയ യൂണിറ്റ്
20. ഐശ്വര്യ മഹിളാ സമാജം, ചന്തപ്പുര
21. കൈരളി മഹിളാസമാജം, നായർത്തറ
22. നവദീപ്തി മഹിളാസമാജം, പന്നിയങ്കര



വടക്കഞ്ചേരി പഞ്ചായത്തിലുള്ള L.P. U.P. സ്കൂളുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നിർദ്ധന വിദ്യാർത്ഥികൾക്ക് വടക്കഞ്ചേരി വെൽഫെയർ അസോസിയേഷൻ യൂണിഫോറം വിതരണം ചെയ്യുന്നുണ്ട്. പത്താംക്ലാസ്സിലെ കൂടുതൽ മാർക്കുവാങ്ങുന്ന കുട്ടികൾക്ക് കാഷ് അവാർഡ് നൽകിവരുന്നു. ലയൺസ് ക്ലബ് സ്കൂളിനോടനുബന്ധിച്ചുള്ള കിണറുകളും വെയിറ്റിങ്ങ് ഷെഡുകളും നിർമ്മിച്ചിട്ടുണ്ട്. മറ്റു ക്ലബുകൾ അതാതു സ്ഥാപനങ്ങളുടെ കഴിവനുസരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

നമ്മുടെ സംസ്കാരത്തിന് പ്രധാന സംഭാവന നൽകിയിട്ടുള്ളത് ഇവിടത്തെ വിദ്യാലയങ്ങളാണ്. ഇവിടത്തെ പഴയ വിദ്യാലയങ്ങൾ എ.വി.എൽ.പി. സ്കൂളും ബി.ഇ.എം.എൽ.പി. സ്കൂളും എ.എം.എം.എൽ.പി. സ്കൂളും മംഗലത്തുള്ള ജി.വി. എം. എൽ.പി. സ്കൂളും പരുവശ്ശേരിയിലുള്ള എ.എൽ.പി. സ്കൂളും ആണ്. രണ്ടു ഹൈസ്കൂളുകളുണ്ട്. സി.എ. ഹൈസ്കൂളും വടക്കഞ്ചേരിയിലുള്ള ചെറുപുഷ്പം ഗേൾസ് ഹൈസ്കൂളും. ഇന്ന് ഈ പഞ്ചായത്തിൽ നഴ്സറി തലം മുതൽ ഹൈസ്കൂൾ തലം വരെ 21 വിദ്യാലയങ്ങൾ പ്രവർത്തിച്ചുവരുന്നു.

നമ്മുടെ സാംസ്കാരിക വളർച്ചക്ക് സഹായിച്ച മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് വായനശാലകളും ഗ്രന്ഥാലയങ്ങളും. ഇവിടത്തെ ആദ്യത്തെ ഗ്രന്ഥാലയം 1955-ൽ ആയക്കാട് സ്ഥാപിക്കപ്പെട്ടു. ഇതേ കാലഘട്ടത്തിൽ തന്നെ വടക്കഞ്ചേരിയിലെ ഗ്രാമീണ വായനശാലയും സ്ഥാപിച്ചു. ഗ്രന്ഥശാലാ സംഘവുമായി അഫിലിയേറ്റു ചെയ്തിട്ടുള്ള വായനശാലകളാണ് 1970-ൽ പന്നിയങ്കരയിൽ സ്ഥാപിച്ച ഗ്രാമീണ വായനശാലയും 1972-ൽ മംഗലത്ത് സ്ഥാപിച്ചിട്ടുള്ള യുവ സോഷ്യലിസ്റ്റ് വായനശാലയും.

ഈ പ്രദേശത്തുള്ള സ്കൂളുകളിൽ കുട്ടികൾക്ക് കളിക്കുവാൻ വേണ്ടത്ര സ്ഥലം ഇല്ലാത്തതുകൊണ്ടും കായികരംഗത്തേക്ക് വരുന്ന കുട്ടികളെ വേണ്ടത്ര പ്രോത്സാഹിപ്പിക്കാത്തതുകൊണ്ടും ഈ രംഗത്ത് പറയത്തക്ക വളർച്ച കാണുന്നില്ല. അപ്രകാരം തന്നെ കുട്ടികളുടെ വായനശീലം വളർത്തുന്ന കാര്യത്തിൽ വായനശാലകളിലും വിദ്യാലയങ്ങളിലും വേണ്ടത്ര പുസ്തകങ്ങളും സൗകര്യങ്ങളും ഇല്ല.

ഈ കാര്യങ്ങളുടെ പോരായ്മ പരിഹരിക്കാൻ താഴെപ്പറയുന്ന സൌകര്യങ്ങൾ ഉണ്ടാവേണ്ടതാണ്.

കായികശേഷി വർദ്ധിപ്പിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കളിക്കളങ്ങളും ശാസ്ത്രീയ സൌകര്യങ്ങളും ഏർപ്പെടുത്തണം. എല്ലാ വിദ്യാലയങ്ങളിലും ലൈബ്രറിയും വേണ്ടത്ര പുസ്തകങ്ങളും വേണം. സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വളർച്ചക്ക്, പത്രങ്ങൾ, സാംസ്കാരിക പ്രസിദ്ധീകരണങ്ങൾ, റേഡിയോ, ടി.വി, ഓഡിയോ കാസറ്റ് എന്നിവ ഉപയോഗപ്പെടുത്തണം. കമ്പ്യൂട്ടർ പരിശീലനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.

പഞ്ചായത്തിന്റെ കീഴിൽ സാംസ്ക്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുകയും അതിന് ജനപങ്കാളിത്തം ഉറപ്പുവരുത്താൻ സാംസ്കാരിക സമിതി രൂപീകരിക്കുകയും വേണം.


മദ്ധ്യവേനലവധിക്കാലത്ത് കലാപരമായും കായികമായും മത്സരങ്ങൾ നടത്തി പ്രതിഭകളെ തെരഞ്ഞെടുത്ത് പ്രോത്സാഹനങ്ങൾ നൽകുക, കലാ കായിക രംഗങ്ങളിൽ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുക, എന്നിവയും ആവശ്യമാണ്.

കലാ കായിക രംഗങ്ങളിൽ വളരെയധികം സംഭാവനകൾ നൽകിയ വിവിധ സംഘടനകൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും മതിയായ സൗകര്യങ്ങൾ ഇല്ലാതെ മുരടിച്ചു പോകുന്ന പ്രതിഭകൾ ധാരാളം ഉണ്ട്. ജില്ലയേയും സംസ്ഥാനത്തെയും പ്രതിനിധീകരിച്ച പല കായികതാരങ്ങളും സ്വന്തം പ്രയത്നത്തിലൂടെ വളർന്നുവന്നവരാണ് 200 മീറ്റർ ട്രാക്കെങ്കിലുമുള്ള ഒരു സ്റ്റേഡിയം ഇവിടെ നിർമ്മിക്കുകയാണെങ്കിൽ വളരെയധികം കായിക പ്രതിഭകളെ നമുക്കു വളർത്തിയെടുക്കുവാൻ കഴിയും. കിഴക്കഞ്ചേരി, വണ്ടാഴി, കണ്ണമ്പ്ര, പുതുക്കോട് എന്നീ പഞ്ചായത്തുകളുടെയും, പാലക്കാട്- തൃശ്ശൂർ പട്ടണങ്ങളുടെയും കേന്ദ്രബിന്ദുവാണ് വടക്കഞ്ചേരി പഞ്ചായത്ത്. ജില്ലാ, സംസ്ഥാനതല മത്സരങ്ങൾ പലതും ഇവിടെ നടത്തുന്നതുകൊണ്ട് ഒരു സ്റ്റേഡിയം ഈ പഞ്ചായത്തിൽ അനിവാര്യമാണ്. അതിനുവേണ്ടി എന്തുവില കൊടുത്തും നമ്മുടെ പഞ്ചായത്ത് ഒരു മിനി സ്റ്റേഡിയം അത്യന്താപേക്ഷിതമായി നിർമ്മിക്കേണ്ടതാണ്.

പട്ടിക 1-3

വിവിധ തലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ

ക്രമ നമ്പർ	പേരും വിലാസവും	വിഭാഗം	തലം
1.	ഗോപികൃഷ്ണൻ, വിനായക സ്ട്രീറ്റ്	വോളിബോൾ	ദേശീയ താരം
2.	R.N. പ്രസാദ്, കൊളക്കോട്	ശരീര സൗന്ദര്യം	ദേശീയ താരം
3.	V.S. രാജശ്രീ, D/o. V.S.M. സുന്ദരം. ഗ്രാമം, വടക്കാഞ്ചേരി	ചെസ്സ്	സംസ്ഥാന താരം
4.	ലക്ഷ്മി ബാലഗോപാൽ	ബി. എസ് സി	യൂണിവേഴ്സിറ്റി റാങ്ക്
5.	മുകുന്ദൻ, ഗീതാമന്ദിരം, വടക്കഞ്ചേരി	എം. എസ്സി	യൂണിവേഴ്സിറ്റി റാങ്ക്
6.	രാജേഷ്, കുറ്റുകോട്, വടക്കാഞ്ചേരി	ഷോട്ട്പുട്ട്	ദേശീയ താരം
7.	ഡോ. ലാസർ M.Sc. PHD	റിസർച്ച് സ്കോളർ	കോഴിക്കോട് സർവ്വകലാശാല



ഈ പഞ്ചായത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചവരുടെ പേരുവിവരം പട്ടികയിൽ ചേർക്കുന്നു.

പട്ടിക ഒന്നിൽ മൂന്ന് 1-3

മുൻ കാലങ്ങളിൽ സിനിമാതാരങ്ങളും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. വടക്കഞ്ചേരി ചല്ലിപ്പറമ്പ് സ്വദേശിനിയും പരേതയുമായ ശ്രീമതി പ്രേമ നമുക്കഭിമാനിക്കാവുന്ന ഒരു കലാകാരിയാണ്. നീലക്കുയിൽ എന്ന മലയാളചിത്രത്തിലൂടെ സിനിമാരംഗത്തെത്തി. അവരുടെ മകനും കുമാരി ശോഭ ഉർവ്വശി അവാർഡ് നേടി സിനിമാലോകത്തിൽ പ്രസിദ്ധിയാർജ്ജിച്ചിരുന്നു.

കൊളക്കോട് സ്വദേശി പരേതനായ ശ്രീ. കെ. ആർ. ആറുമുഖൻ 1952-53 ൽ നിധി എന്ന മലയാള ചിത്രത്തിലൂടെ സിനിമാരംഗത്ത് രംഗപ്രവേശനം ചെയ്തു. വടക്കഞ്ചേരി ഗ്രാമത്തിലെ ശ്രീ കണ്ണൻ സിനിമാരംഗത്തെ നിർമ്മാതാവും അഭിനേതാവുമാണ്.

പരേതനായ ചല്ലിപ്പറമ്പ് ശ്രീ പള്ളി പൊറാട്ടു നാടകത്തിന്റെയും, സഹോദരൻ കറുപ്പൻ ഹരിശ്ചന്ദ്ര നാടകത്തിന്റെയും ആശാന്മാരായിരുന്നു.


ആയക്കാട് ശ്രീ. അപ്പുകുട്ടി മാസ്റ്റർ പ്രഗത്ഭനായ നാടകനടനും, സംവിധായകനും, ഗായകനുമാണ്.

പുരോഗമന കലാസാഹിത്യ സംഘം 1996 ഒക്ടോബർ 21, 22 തിയ്യതികളിൽ വടക്കഞ്ചേരി S.V.U.P. സ്കൂളിൽ വെച്ച് തിരഞ്ഞെടുക്കപ്പെട്ട 40 ചെറുകഥാകൃത്തുക്കളെ ഉൾപ്പെടുത്തികൊണ്ട് ചെറുകഥാ ക്യാമ്പ് നടത്തിയിരുന്നു.

പ്രശ്നങ്ങളും, പരിഹാരങ്ങളും


1) തൃശ്ശൂരിൽനിന്നും പാലക്കാട്ടുനിന്നും 35 കിലോ മീറ്ററോളം അകലത്തിലാണ്, ഈ ഗ്രാമപഞ്ചായത്ത്
2) ആലത്തൂർ താലൂക്ക് തലസ്ഥാനമാണെങ്കിലും, സംസ്ഥാനത്തെ തമിഴ്നാടുമായി ബന്ധിക്കുന്നു ജംഗ്ഷനായ വടക്കഞ്ചേരി അതിവേഗം വളർന്നു വരികയാണ്.
3) ഏറ്റവും അടുത്തുള്ള ടി.വി. സ്റ്റേഷൻ 35 കിലോ മീറ്റർ അകലെയാകയാൽ ടി. വി. ചിത്രങ്ങൾ വളരെ അവ്യക്തമായി മാത്രമാണ് ലഭിക്കുന്നത്.
4) ഈ കുറവ് പരിഹരക്കണം. ടി.വി. ഇന്നൊരു ആഡംബരവസ്തുവല്ല. സാധാരണക്കാരുടെ വിനോദോപാധിയും വിദ്യാഭ്യാസ ഉപാധിയുമാണ്.
5) അതിനാൽ വടക്കഞ്ചേരി പ്രദേശത്ത് ഒരു ടി.വി. റിലേ സ്റ്റേഷൻ ആരംഭിക്കണം.
6) പഞ്ചായത്ത് ഗ്രന്ഥാലയത്തിന്റെ ഒരു ബ്രാഞ്ച് മംഗലത്ത് ആരംഭിക്കണം.
7) ലളിതകലകൾ പഠിപ്പിക്കുന്നതിന് ഒരു കേന്ദ്രം ആരംഭിക്കണം
8) നശിച്ച് പോയിക്കൊണ്ടിരിക്കുന്ന നാടൻ ശീലുകൾ കാസറ്റുകളായി സംരക്ഷിക്കണം.
9) ഗ്രന്ഥാലയത്തിലെ പുസ്തകങ്ങൾ ആവശ്യക്കാർക്ക് ഭവനങ്ങളിൽ എത്തിച്ചുകൊടുക്കാൻ സംവിധാനം വേണം. ●





പൊതുജനാരോഗ്യം

ആരോഗ്യമാണ് ഒരു സമൂഹത്തിന്റെയും ജനതയുടെയും യഥാർത്ഥസമ്പത്ത്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആധുനിക വൈദ്യ സമ്പ്രദായം എത്തിച്ചേർന്നിട്ട് അര നൂറ്റാണ്ട് തികയുന്നതേയുള്ളു. ആധുനിക വൈദ്യ സമ്പ്രദായം പ്രചുര പ്രചാത്തിലെത്തുന്നതിന് മുമ്പും ജനങ്ങൾക്ക് രോഗം വരികയും ചികിത്സാ വിധികൾ തേടുകയും ചെയ്തിട്ടുണ്ടെന്ന കാര്യം അവിതർക്കിതമാണല്ലൊ. അരനൂറ്റാണ്ട് മുമ്പ് നമ്മുടെ പഞ്ചായത്തിൽ സാധാരണയായി പ്രചരിച്ചിരുന്ന വൈദ്യസഹായം, നാട്ടുചികിത്സാ രീതിയാണ്. പ്രധാനമായും ആയുർവേദചികിത്സാ രൂപമാണിത്. ചില പ്രദേശങ്ങളിൽ ആര്യവൈദ്യം എന്നും ചികിത്സകനെ ആര്യവൈദ്യൻ എന്നും വിളിച്ചിരുന്നു. ഹോമിയോപ്പതി ചികിത്സ, പ്രകൃതിചികിത്സ എന്നിവയൊന്നും അന്നിവിടെ കാര്യമായി പ്രചാരത്തിലുണ്ടായിരുന്നില്ല. എന്നാൽ നാട്ടിലെല്ലാവർക്കും എന്തെങ്കിലും തരത്തിലുള്ള സാധാരണ അറിവ്, രോഗങ്ങളെക്കുറിച്ചും രോഗചികിത്സയെക്കുറിച്ചും ഉണ്ടായിരുന്നു. ആ അറിവുകൾ ശരിയായ രീതിയിലാണെന്ന് പറയാനാവില്ല. മറ്റുള്ളവർക്ക് ചികിത്സ നിർദ്ദേശിക്കുന്നതുപോലെ, സ്വയം ചികിത്സ അത്ര പ്രചാരത്തിലുണ്ടായിരുന്നില്ല. അപൂർവ്വമായി ഒറ്റമൂലികൊണ്ട് ചികിത്സിക്കുന്നവരും ഉണ്ടായിരുന്നുവെങ്കിലും ദൈവവിശ്വാസവുമായി രോഗത്തേയും ചികിത്സയേയും ബന്ധപ്പെടുത്തുന്ന രീതി നിലവിലുണ്ടായിരുന്നു. സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളിലാണ്, ഈ രീതികൂടുതലായും ഉണ്ടായിരുന്നത്. രോഗലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ചില പ്രത്യേക രോഗങ്ങളെ പ്രേതബാധയുമായി ബന്ധപ്പെടുത്തുന്ന രീതിയുമുണ്ടായിരുന്നു. പ്രസവാനന്തര രോഗങ്ങൾ, അപസ്മാരബാധ തുടങ്ങിയ ഏതാനും രോഗങ്ങളെയാണ് പ്രധാനമായും ഇത്തരത്തിൽ കരുതിവന്നിരുന്നത്. ഗ്രാമീണ ഭവനങ്ങളിലെ ഏറ്റവും ഇരുളടഞ്ഞ മുറികളിൽ വെറും നിലത്ത് നീർത്തിയിട്ട വൃത്തികെട്ട പുൽപായയിലായിരുന്നു മിക്കവാറും പ്രസവങ്ങൾ നടന്നിരുന്നത്. പ്രസവസഹായിയായി മുതിർന്നസ്ത്രീകളോ യാതൊരു പരിശീനമോ, ശുചിത്വബോധമോ ഇല്ലാത്ത നാടൻ വയറ്റാട്ടിമാരോ ആയിരുന്നു. രംഗത്ത് പുരുഷന്മാരായ കുട്ടികളുടെ സാന്നിധ്യംപോലും അനുവദിച്ചിരുന്നില്ല. പ്രസവ സഹായിയായി വർത്തിക്കുന്ന സ്ത്രീക്ക് പലപ്പോഴും വ്യക്തിശുചിത്വത്തിന്റെയോ പരിസരശുചിത്വത്തിന്റെ രോഗസംക്രമണത്തിന്റെയോ പ്രാഥമിക പാഠങ്ങൾ പോലും അറിയുമായിരുന്നില്ല. കൈകൾ വേണ്ടപോലെ കഴുകുക, അഴുക്കും പൊടിയുമില്ലാത്ത വസ്ത്രം ധരിക്കുക, ഉപകരണങ്ങൾ, വൃത്തിയാക്കുകയും അണുനശീകരണം നടത്തുകയും ചെയ്യുക, പ്രസവമുറിയിൽ വേണ്ടത്ര കാറ്റും, വെളിച്ചവും ഉണ്ടാവുക, ഗർഭിണിയെ വൃത്തിയായ വസ്ത്രങ്ങൾ ധരിപ്പിക്കുക, വൃത്തിയുള്ള സ്ഥലത്ത് കിടത്തുക തുടങ്ങിയ അത്യാവശ്യസംവിധാനങ്ങൾ പോലും അറിഞ്ഞോ അറിയാതെയോ, അവഗണിക്കപ്പെട്ടിരുന്നതിനാൽ പ്രസവാനന്തര രോഗങ്ങൾ, മാതൃകമരണങ്ങൾ, ശിശുമരണങ്ങൾ എന്നിവ സർവ്വസാധാരണമായിരുന്നു. ടെറ്റനസ് രോഗബാധയെക്കുറിച്ച് തീർത്തും അജ്ഞാതമായിരുന്ന അക്കാലത്ത്, മരണകാരണം പ്രേതബാധയുടെ മേൽവിലാസത്തിൽ തന്നെ നിർബ്ബാധം നടക്കുമായിരുന്നു. അപസ്മാരം, ഹിസ്റ്റീരിയ തുടങ്ങി ഒട്ടേറെ രോഗബാധകൾ ഇത്തരത്തിൽ പ്രേതബാധയായി പരിഗണിക്കപ്പെട്ടിരുന്നു.




മറ്റ് ചിലരോഗങ്ങൾ ദൈവകോപയായി കരുതപ്പെട്ടു. വസൂരിരോഗവും ഇത്തരത്തിലൊന്നായിരുന്നു . വസൂരിയും അതേരോഗലക്ഷണങ്ങളുള്ള ചിക്കൻപോക്സ്, മീസിൽസ് എന്നീ രോഗങ്ങളും ദൈവകോപം കൊണ്ടുണ്ടാവുന്നതാണെന്ന ധാരണയുണ്ടായിരുന്നു. കൊടുങ്ങല്ലൂർ ഭഗവതിയുമായി ബന്ധപ്പെടുത്തിയുള്ളതാണ് ഈ വിശ്വാസം. മാരിയമ്മയുടെ അനുഗ്രഹമായും ഇത്തരം രോഗങ്ങൾ വ്യാഖ്യാനിക്കപ്പെടുകയും രോഗിയെ കുളിപ്പിച്ച് പുതുവസ്ത്രങ്ങൾ അണിയിച്ച് പൂചൂടിച്ച് തെരുവുകളിലൂടെ തെരുവുകളിലൂടെ വാദ്യഘോഷങ്ങളോടൊപ്പം ഉത്സവാന്തരീക്ഷത്തിൽ എഴുന്നള്ളിച്ചുകൊണ്ടുപോവുകയും മാരിയമ്മൻ കോവിലുകളിൽ വിശേഷാൽ പൂജകളും മറ്റും നടത്തുകയും ചെയ്തിരുന്ന പതിവുകൾ വിട്ടുപോയിട്ട് അധികകാലമൊന്നും ആയിട്ടില്ല. ഇപ്പോൾ ഉത്സവാഘോഷങ്ങൾ കുറെയൊക്കെ കുറഞ്ഞിട്ടുണ്ടെങ്കിലും വിശ്വാസ പ്രമാണങ്ങളിൽ വലിയ കുറവ് സംഭവിച്ചിട്ടില്ല. പാപപുണ്യങ്ങളുമായി ബന്ധപ്പെടുത്തി രോഗങ്ങളെയും മരണത്തെപ്പോലും വിശകലനം ചെയ്യപ്പെട്ടിരുന്നു. വൈദ്യുതാഘാതം (ഇടിമിന്നൽ) ഏറ്റ് മരിക്കുക, പാമ്പ് കടിച്ച് മരിക്കുക, ക്ഷയരോഗം, കുഷ്ഠരോഗം മുതലായ മഹാവ്യാധികൾ ബാധിച്ചു മരിക്കുക എന്നിവയൊക്കെ കഠിനമായ പാപഭാരമുള്ളവർക്ക്വേണ്ടി നീക്കിവെക്കപ്പെട്ടവയായിരുന്നു. ക്ഷയരോഗം ശരീരത്തിലേൽക്കുന്ന ആഘാതങ്ങൾ കൊണ്ടും, കുഷ്ഠരോഗം, സർപ്പകോപം കൊണ്ടും സംഭവിക്കുന്നതാണെന്ന വിശ്വാസങ്ങൾ പ്രബലങ്ങളായിരുന്നു. സർപ്പപൂജനടത്തുന്നതും സർപ്പക്കാവുകൾ, പുണ്യസ്ഥലങ്ങളായി കരുതുന്നവരും സാധാരണമായിരുന്നു.

ഇത്തരം വിശ്വാസങ്ങളൊക്കെ പതുക്കെപ്പതുക്കെ പിന്മാറിയെങ്കിലും ഇന്നും പരിപൂർണ്ണമായി എന്ന് പറയാറായിട്ടില്ല. വൈദ്യുതിയും വാഹനവും എത്തിയിട്ടില്ലാത്ത ഗ്രാമങ്ങളുടെ മുക്കിലും മൂലയിലും വിശേഷിച്ചും പഴമയിൽനിന്ന് മാറിപ്പോകാൻ മടികാണിക്കുന്ന ചില പ്രത്യേക വിഭാഗങ്ങളുടെയിടയിൽ ചെറിയതോതിലെങ്കിലും ഇന്നും നിലനിൽക്കുന്നുണ്ട്.

ആധുനികവൈദ്യശാസ്ത്രസമ്പ്രദായം പഞ്ചായത്ത് പ്രദേശത്തേക്കെത്തുന്നതിന് മുമ്പ് പാരമ്പര്യ ചികിത്സാസമ്പ്രദായമനുസരിച്ച് രോഗചികിത്സ നടത്തിയിരുന്നവരിൽ പ്രധാനികൾ മംഗലത്തെ വീരൻ വൈദ്യരും കുറുവായിലെ കുഞ്ഞുവൈദ്യരുമായിരുന്നു. പുതിയ സമ്പ്രദായം നിലവിൽ വന്നിട്ടും കുറെക്കാലം കൂടി പഴയ സമ്പ്രദായം തന്നെ നിലനിന്നുവന്നു. ആധുനിക വൈദ്യസമ്പ്രദായത്തിന്റെ പ്രചാരത്തോടെ ഒഴുക്ക് അങ്ങോട്ടായെങ്കിലും ഈയിടെയായി വീണ്ടും പഴയരീതിയിൽ ആയുർവ്വേദ വൈദ്യസമ്പ്രദായത്തേയും ഹോമിയോ, യുനാനി, പ്രകൃതി ചികിത്സാ സമ്പ്രദായങ്ങളിൽ ആഭിമുഖ്യം കൂടിവരികയും ചെയ്യുന്നു. ഇതിന് പലകാരണങ്ങളുമുണ്ട്.


1) ആധുനിക ചികത്സയുടെ ഭീമമായ പണച്ചിലവ്
2) സർക്കാർ ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ, ജീവനക്കാർ, ചികിത്സാഉപകരണങ്ങൾ, ഭൌതിക സൌകര്യങ്ങൾ, എന്നിവയുടെ അപര്യാപ്തത.
3) രോഗികളോടുകാണിക്കുന്ന അവഗണനയും അശ്രദ്ധമായ പെരുമാറ്റവും
4) രോഗികളുടെ ബാഹുല്യംമൂലമുള്ള തിരക്ക്.
5) ഔഷധങ്ങളുടെ അഭൂതപൂർവ്വമായ വിലക്കയറ്റം
6) ചിലമരുന്നുകൾ ഉപയോഗിക്കുമ്പോൾ അവിചാരിതമായി ഉണ്ടാവുന്ന അപകടം (Reaction)
7) മരുന്നുകളിലെ മായംചേർക്കലോ ഗുണനിലവാരക്കുറവോ മൂലമുണ്ടാകുന്ന ദൂഷ്യങ്ങൾ

ആയുർവ്വേദവൈദ്യസമ്പ്രദായത്തിന് മുകളിൽ പറഞ്ഞ തരത്തിൽ ദൂഷ്യങ്ങൾ അല്പം കുറവാണ്. മരുന്നുകൾക്ക് വിലകൂടി വരികയാണെങ്കിലും ചികിത്സാസമ്പ്രദായം പൊതുവിൽ വമ്പിച്ച പണച്ചിലവുള്ളതല്ല. ആധുനിക ഉപകരണങ്ങൾ കൂടുതലായി ഉപയോഗിക്കാത്തതും രോഗനിർണ്ണയരീതിക്ക് ലാബറട്ടറി പരീക്ഷണങ്ങൾ കൂടുതലായി ആധാരമാക്കാത്തതുമാണ് കാരണം. ആധുനിക ചികിത്സാസ്ഥാപനങ്ങളെപ്പോലെ പൊതുമേഖലയിൽ സാർവ്വത്രികമായിത്തീർന്നിട്ടില്ലാത്തതിനാലാവാം ആക്ഷേപങ്ങൾ അത്രയധികം വളരാത്തത്. ഈ സമ്പ്രദായത്തിനുള്ള പ്രധാനദൂഷ്യം, ചികിത്സാവിധികളുടെ ദൈർഘ്യമാണ്. കഷായം, പൊടി, എണ്ണ, നെയ്യ്, മുതലായവ ആഴ്ചകളോളമോ, മാസങ്ങളോളമോ, ചില പ്രത്യേക രോഗങ്ങളുടെ കാര്യത്തിൽ വർഷങ്ങളോളം തന്നെയോ സേവിക്കേണ്ടതായിവരും. ചികിത്സ നീണ്ട് നിൽക്കുന്നതിനാൽ രോഗശമനത്തിനുണ്ടാവുന്ന കാലതാമസം ഒരു പ്രധാനദൂഷ്യമാണ്. ഒരു ജോലിയുമില്ലാത്തവർക്കുപോലും ഏറെ തിരക്കും ആകാംക്ഷയും അനുഭവ



പ്പെടുന്നു ആധുനിക ജീവിതശൈലിയിൽ ആയുർ വ്വേദചികിത്സാരീതി സ്വീകരിക്കാൻ ആളുകളെ സഹായിക്കാത്തത് ഈ കാലദൈർഘ്യമാണ്. മരുന്നു കഴം സേവിക്കുമ്പോഴം അനുഷ്ഠിക്കേണ്ട ചില പ്രത്യേക ചിട്ടകഴം - പഥ്യങ്ങഴം - ഇന്നത്തെ നിലയിൽ ചില ബുദ്ധിമുട്ടുകഴം സൃഷ്ടിക്കുന്നവയാണ്. എത്ര കാലം നീണ്ട ചികിത്സയാണെങ്കിലും മെച്ചമായ സാമ്പത്തിക സ്ഥിതിയും ചികിത്സയ്ക്ക് ആവശ്യ മായ സമയവും ഉള്ളവർക്ക് മരുന്നുകഴം കൊണ്ടു ണ്ടാവുന്നു പ്രതിപ്രവർത്തനത്തെ ഭയപ്പെടേണ്ടതില്ല എന്നതാണ് ഈ രീതിക്ക് മുഖ്യ ആകർഷണം. സ്വയം ചികിത്സ ഈരംഗത്തേക്കും കാര്യമായി കടുന്നുവന്നി രിക്കുകയാണ്. രോഗത്തിന്റെ പേരും മരുന്നിന്റെ പേരും പത്രം, റേഡിയോ, ടിവി. പരസ്യങ്ങളിലൂടെ പ്രച രിപ്പിക്കുകയും സ്വയം ചികിത്സയ്ക്ക് പ്രേരണ നൽകു കയും ചെയ്യുന്നത് ഒരു സാധാരണകാര്യമായി മാറു കയാണ്. സൌന്ദര്യവർദ്ധകസാമഗ്രികളോടൊപ്പം രോഗചികിത്സയ്ക്കുള്ള മരുന്നുകളും ഇത്തരത്തിൽ പ്രചരിപ്പിക്കുന്നത് ആയുർവ്വേദത്തിലായാൽപ്പോലും അപകടം ചെയ്യും രോഗനിർണ്ണയത്തിലും ചികിത്സാ വിധികളിലും വൈദഗ്ദ്യം ഏറെ വേണ്ട ഒരു മേഖല യാണ് ആരോഗ്യരംഗം എന്ന കാര്യത്തിൽ യാതൊരു തർക്കവും ആർക്കും ഉണ്ടാവില്ല. ഈ യാഥാർത്ഥ്യ ത്തിന് നേരെ കണ്ണടച്ച്, കച്ചവട മനഃസ്ഥിതിയും പൊതുവ്യാപാരരീതിയും ലാഭക്കൊതിയും, കമ്പോള വ്യവസ്ഥയും രോഗചികിത്സാരംഗത്തേക്ക് സംക്ര മിക്കുന്നത് അറിയുന്നില്ലെന്ന് നടിക്കാനാണ് ബന്ധ പ്പെട്ട സർക്കാർ അധികൃതർക്കും ഇഷ്ടം. സോപ്പുകഴം, ടൂത്ത്പേസ്റ്റുകഴം, വസ്ത്രങ്ങഴം, മുതലായ നിര വധി ഉല്പന്നങ്ങഴംപ്പോലെ 'കൺസ്യൂമറിസം' ലക്ഷ്യ മായി മരുന്നുകളുടെ പേരിൽ നടത്തുന്ന പരസ്യ ങ്ങഴം, ഒരു തരത്തിലും അനുവദിക്കാൻ പാടില്ല. അതിന് കർശനമായ നിരോധനം തന്നെ ഏർപ്പെ ടുത്തിയേ തീരൂ. എല്ലാ പരസ്യങ്ങളും വിവരങ്ങളും ചികിത്സകരെ ഉദ്ദേശിച്ചുമാത്രവും അവർക്ക്മാത്രം ലഭ്യമാക്കാവുന്ന തരത്തിലും ബോധനം നടത്തുന്ന രീതിയിലുള്ളതുമായിരിക്കണം. ആയുർവ്വേദ സമ്പ്ര ദായത്തിൽ ചികിത്സിക്കുന്ന നാടൻ വൈദ്യന്മാർ പഞ്ചായത്ത് പ്രദേശത്ത് നാല്പതിൽ അധികമുണ്ട്. സഹകാര്യമേഖലയിൽ പ്രമുഖമായത് കോട്ടക്കൽ ആര്യവൈദ്യശാലയുടെ ബ്രാഞ്ചും കോയമ്പത്തൂർ ആര്യവൈദ്യഫാർമസിയുടെ ബ്രാഞ്ചുമാണ്. പൊതു മേഖലാസ്ഥാപനമായ ഔഷധിയുടെ ബ്രാഞ്ചും പഞ്ചായത്തിലുണ്ട്. സർക്കാർ സ്ഥാപനമായി ഒരു ആയുർവേദ ഡിസ്പെൻസറി മാത്രമേയുള്ളൂ. അതിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സൌകര്യ മില്ല, വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എല്ലാ തരത്തിലും പരിമിതികഴംക്കുള്ളിൽ നിന്നാ ണെങ്കിലും, എത്തിച്ചേരുന്ന രോഗികഴംക്ക് പരമാവധി സഹായം നൽകാൻ ഈ സ്ഥാപനം ശ്രമിക്കുന്നു. ആയുർവ്വേദമരുന്നുകളും അലോപ്പതിമരുന്നുകളെ പ്പോലെതന്നെ 'ക്യാപ്സൂഴരൂപവും' 'ടിംക്ചർരൂപവും' സ്വീകരിച്ചിരിക്കയാൽ ഇംഗ്ലീഷ് മരുന്നുകടകളിലും വില്പന നടത്തുന്നുണ്ട്. ചിലപ്രത്യേക മരുന്നുകമ്പനി ക്കാരുടേത് മാത്രമേ അങ്ങനെ ലഭിക്കുകയുള്ളൂ. അലോപ്പതി ഡോക്ടർമാർ ചില പ്രത്യേകതരം ഹെർ ബൽ മെഡിസിൻസ് രോഗികഴംക്ക് ശുപാർശചെയ്യു ന്നുമുണ്ട്. വിശേഷിച്ചും, ആധുനികചികിത്സാരീതി യിൽ, ഫലപ്രദമായ ചികിത്സ ഇനിയും എത്തിയിട്ടി ല്ലെന്ന് പൊതുവെ ജനങ്ങഴം വിശ്വസിക്കുന്നു ചില രോഗങ്ങളുടെ കാരകൃത്തിലാണ്. ഈ സമവായം സ്വീകരിക്കുന്നത്. ചികിത്സാരീതികഴം തമ്മിൽ അടി സ്ഥാനപരമായ വ്യത്യാസങ്ങഴം ഉണ്ടെങ്കിലും ചികി ത്സകഴം തമ്മിലുള്ള മത്സരം ഒട്ടും ആശാസ്യമല്ല. ഇഷ്ടമുള്ളത് സ്വീകരിക്കാൻ രോഗികഴംക്കുള്ള സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ടുതന്നെ, ചികിത്സാ സമ്പ്രദായങ്ങളെക്കുറിച്ച് ശരിയായ അറിവു നൽകുന്ന രൂപത്തിലുള്ള പ്രവർത്തനങ്ങഴം മാത്രമേ, ഈ രംഗത്ത് അനുവദനീയമായിട്ടുള്ളൂ.

ആയൂർവ്വേദവിധിയെപ്പോലെ പഴക്കമില്ലെ ങ്കിലും ജനപ്രീതിനേടിയ ചികിത്സാസമ്പ്രദായമാണ് ഹോമിയോപ്പതി. സമ്പ്രദായം വിദേശിതന്നെ. മരുന്നു കളുടെ ലാളിത്യം അപകടരാഹിത്യം, വിലക്കുറവ് എന്നിങ്ങനെയുള്ള ഗുണങ്ങളാണ് ഈ സമ്പ്രദാ യത്തെ കൂടുതൽ സ്വീകാര്യമാക്കുന്നത്. സ്വാകാര്യ ചികിത്സാസമ്പ്രദായം ഈ രംഗത്തുണ്ട്. കുറെ സ്ഥാപ നങ്ങളും, പഞ്ചായത്ത് പ്രദേശത്തുണ്ട്. എന്നാൽ, ആരംഭിച്ചിട്ട് അധികകാലമായിട്ടില്ലാത്ത സർക്കാർ ഹോമിയോ ഡിസ്പെൻസറിയാണ് ഈ രംഗത്തെ ഒരേ ഒരു പൊതുസ്ഥാപനം. ഇതും പ്രവർത്തിക്കു ന്നത് വാടകകെട്ടിടത്തിൽ തന്നെ. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൌകര്യം തീരെ യില്ല. ചെറിയ കുട്ടികളുടെ ചികിത്സക്ക് ഏറ്റവും പറ്റിയ രീതി ഹോമിയോപ്പതിയാണ് എന്ന വിശ്വാസം പൊതുവെ ജനങ്ങഴംക്കിടയിൽ പ്രബലമാണ്. ഗർഭി ണികളുടെ കാര്യത്തിലും, ചിക്കൻ പോക്സ്, മീസൽസ് മുതലായവ വൈറസ് രോഗങ്ങളിലും



കൂടുതൽ പേർ ഇഷ്ടപ്പെടുന്നത് ഹോമിയോ ചികിത്സയാണ്. രോഗനിർണ്ണയത്തിന്, മോഡേൺ മെഡിസിൻ, ആയുർവ്വേദം എന്നീ സമ്പ്രദായങ്ങളിൽ നിന്ന് തികയും വ്യത്യസ്തമായ രീതിയാണ് ഹോമിയോപ്പതി അവലംബിക്കുന്നത്.


പ്രകൃതിചികിത്സാരീതിയും, സിദ്ധായുനാനി മുതലായ മറ്റ് ചികിത്സാരീതികളും ഇവിടെ അത്ര പ്രചാരത്തിലായിട്ടില്ല. ചികിത്സാസ്ഥാപനങ്ങളും ഇല്ല. ചികിത്സ സ്വീകരിക്കുന്നവരുണ്ടെങ്കിൽ തന്നെ, അവർ വെളിയിൽനിന്നുള്ള സഹായം തേടിപ്പോവുകയാണ്. പ്രകൃതിചികിത്സാ സമ്പ്രദായം വിപുലമാക്കുന്നതുകൊണ്ട്, പ്രകൃതിയിലേക്ക് മടങ്ങാനുള്ള മനുഷ്യന്റെ ത്വര സാദ്ധ്യമാക്കാനും മറ്റ് ചികിത്സാ സമ്പ്രദായങ്ങൾ ഫലപ്രദമാവാത്ത രോഗികൾക്ക് പുതിയൊരു വഴി തുറന്ന് കിട്ടാനും സാദ്ധ്യമാവും. ചികിത്സാ സ്ഥാപനങ്ങളോടൊപ്പം തന്നെ വളർന്ന് വികസിക്കേണ്ട ഒന്നാണ് കായിക കലാകേന്ദ്രങ്ങളും കളരികൾ, ജിംനേഷ്യങ്ങൾ, സ്പോർട്ട്സ് സ്കൂളുകൾ എന്നിവയ്ക്കൊന്നും സവിശേഷ കേന്ദ്രങ്ങൾ പഞ്ചായത്ത് പ്രദേശത്തില്ല. വിദ്യാലയങ്ങളിലെ സൌകര്യം മാത്രം മുന്നിർത്തിവേണം ഇവയ്ക്ക് വളരാൻ. വിദ്യാലയങ്ങളിൽ കളിസ്ഥലം വേണ്ടത്ര വേണം എന്ന നിയമംമാത്രമേ ഇപ്പോഴുള്ളൂ. നിഷ്കർഷയില്ല. പല പരിമിതികളും ഈ രംഗത്തുണ്ട്. കളിസ്ഥലങ്ങൾ ഉണ്ടെങ്കിൽതന്നെ കളി ഒരു ചടങ്ങ് മാത്രമായിത്തീരുന്നു. കായികക്ഷമത ലക്ഷ്യം വെച്ചുകൊണ്ടുള്ള സമഗ്രമായ ഒരു രീതി ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. വിദ്യാലയത്തിലെ പൊതുസ്ഥലത്തിന്റെ കുറവ് പരിഹരിക്കാൻ പഞ്ചായത്തിലെ പൊതുസ്ഥലങ്ങൾ ഉപയോഗപ്പെടുത്തണം. വാർഡ് തലത്തിൽ തന്നെ ഈ സംവിധാനം വേണ്ടതാണ്. കളിസ്ഥലവും സ്റ്റേഡിയവും നിർമ്മിക്കുന്നതിന് വേണ്ടി നിർദേശിച്ചിട്ടുള്ള ചെക്കിണിയിലെ സ്ഥലം തെയ്യാറാക്കി ആരംഭം കുറിക്കാവുന്നതാണ്. വാഹന സൌകര്യമുള്ള പാതയും കളിസ്ഥലത്തേക്ക് നിർമ്മിക്കണം. ഈ പഞ്ചായത്തിലെ ഹൈസ്കൂൾ സ്ഥാപനങ്ങളിൽ ആൺകുട്ടികളേക്കാൾ കൂടുതൽ പെൺകുട്ടികളാണ്. കേരളത്തിൽ പൊതുവെ സ്പോർട്സ് അത്ലറ്റിക്സ് മത്സര രംഗത്ത് മുമ്പന്തിയിൽ നിൽക്കുന്നതും വനിതകളാണ്. ഇതൊരു പ്രചോദനമായി സ്വീകരിച്ച് കായികാരോഗ്യരംഗത്ത് പെൺകുട്ടികൾക്ക് പ്രത്യേകമായ സൌകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം തികച്ചും പരിഗണനാർഹമാണ്. കുടിയേറ്റ മേഖലകളിൽ നിന്നെത്തുന്ന നല്ല ആരോഗ്യമുള്ള കുട്ടികൾക്ക് സ്പോർട്ട്സ്, ഗെയിംസ്, അത്ലറ്റിക്സ് രംഗത്ത് ഏറെ സംഭാവനകൾ നൽകാനാവും. സ്വകാര്യമേഖലക്കും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന സംവിധാനം ഇവിടെ ഏർപ്പെടുത്താൻ കഴിയും. പൊതുജനരോഗ്യരംഗത്ത് രോഗികൾ കഴിഞ്ഞാൽ പിന്നെ ദുർബലർ കുഞ്ഞുങ്ങളും ഗർഭിണികളുമാണ്. ഇവരുടെ പരിരക്ഷക്ക് പ്രത്യേക സംവിധാനം തന്നെയുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും ഈ ലക്ഷ്യംവെച്ച് സ്ഥാപിച്ചിട്ടുള്ളവയാണ്. കേരളത്തിൽ എല്ലായിടത്തും പഞ്ചായത്തുതലത്തിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ബ്ലോക്ക് തലത്തിൽ കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ഉണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ രോഗചികിത്സയോടൊപ്പംതന്നെ രോഗനിവാരണ പ്രവർത്തനങ്ങൾ, രോഗം തടയന്നതിനുള്ള പ്രവർത്തനങ്ങൾ, ആരോഗ്യ രക്ഷാബോധനം, കുടുംബക്ഷേമപ്രവർത്തനം എന്നിവയ്ക്കും സ്ഥാനമുണ്ട്. ഇപ്പോൾ ഈ പ്രവർത്തനങ്ങളൊക്കെയും ഏറെ തളർന്ന മതിലായതുകൊണ്ടും ജനങ്ങൾക്ക് പൂർണ്ണമായി അനുഭവപ്പെടുന്നില്ല. രോഗം വന്നാൽ ചികിത്സിക്കാനുള്ള ആസ്പത്രികൾ മാത്രമായാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ജനങ്ങൾ കാണുന്നത്. ജനപ്രതിനിധികൾപോലും പലപ്പോഴും ആശുപത്രികളാണ് ആവശ്യപ്പെടുന്നത്. 'രോഗം വരാതെ നോക്കുന്നതാണ് രോഗചികിത്സയേക്കാൾ നല്ലത്' (Prevention is better than cure) എന്നത് വല്ലപ്പോഴും മാത്രം ഓർമ്മയിൽ വരുന്നകാര്യമാണ്. രോഗത്തിന് ചികിത്സിക്കുന്നവർക്ക് കിട്ടുന്ന പ്രാമുഖ്യം, രോഗം തടയാൻവേണ്ടി പ്രവർത്തിക്കുന്നവർക്ക് ഈ രംഗത്തില്ല. ഒരുരോഗംവന്നുപെട്ടാലുള്ള മനഃപ്രയാസം, ചികിത്സാചിലവ്, സമയനഷ്ടങ്ങൾ എന്നിവയൊക്കെ ഒറ്റയടിക്ക് ഇല്ലാതാക്കാൻ കഴിയുന്നത്, ആരോഗംതന്നെ ഇല്ലാതാവുമ്പോഴോ, ആ രോഗബാധ തടയാൻ കഴിയുന്നതുകൊണ്ടോ ആണ്. ഇക്കാര്യം വേണ്ടരീതിയിൽ പ്രാധാന്യത്തോടെ ചിന്തിക്കാൻ, ജനപ്രതിനിധികൾ അടക്കമുള്ള എല്ലാവരേയും പ്രാപ്തരാക്കാൻ ആരോഗ്യവിദ്യാഭ്യാസം കൂടിയേ കഴിയൂ. ആരോഗ്യം സേവനരംഗത്തിന്റെ ഏറ്റവും ദുർബ്ബലമായ കണ്ണി ആരോഗ്യവിദ്യാഭ്യാസരംഗം തന്നെയാണ്. ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ഏറ്റവും അവഗണിക്കപ്പെട്ടാലുണ്ടാവുന്ന ദുരവസ്ഥയാണ് ഇന്നീരംഗത്തുള്ള എല്ലാ പ്രശ്നങ്ങൾക്കുമുള്ള മുഖ്യകാരണങ്ങളിൽ ഒന്ന്. മെഡിക്കൽ ഓഫീസർമാർതൊട്ട് പാരാമെഡിക്കൽ ജീവനക്കാരടക്കം എല്ലാ ആരോഗ്യ പ്രവർത്തകരും, ആരോഗ്യ


വിദ്യാഭ്യാസ പ്രവർത്തകർകൂടി ആവണം എന്നതാണ് തത്വവും ലക്ഷ്യവും. ആരോഗ്യ ബോധനം എല്ലാ അടിസ്ഥാനരോഗ്യ പ്രവർത്തനങ്ങളുടേയും അവിഭാജ്യഘടകങ്ങളാണ്. രോഗികളും, അമ്മമാർ, കുട്ടികളും എന്നിവർക്ക് പ്രത്യേകം പ്രത്യേകം ബോധനം ആവശ്യമാണ്. രോഗമില്ലാത്തവർക്കും വേണം ബോധനം. രോഗികൾക്ക്, ചികിത്സയെക്കുറിച്ചും, രോഗംപകരുന്ന കാര്യങ്ങളെക്കുറിച്ചും പകർച്ച തടയാനുള്ള നടപടികളെക്കുറിച്ചും പ്രത്യേക ബോധനം നൽകുമ്പോൾ, അമ്മമാർക്ക് ആരോഗ്യമുള്ള കുഞ്ഞുങ്ങളെ പ്രസവിക്കാൻ, ശാരീരികമായും മാനസികമായും ആരോഗ്യമുള്ള അമ്മമാർക്കേ കഴിയൂ എന്ന് ബോദ്ധ്യപ്പെടുത്തുന്ന രീതിയിലുള്ള അറിവാണ് നൽകേണ്ടത്. പോഷകാഹാര കാര്യവും ശുചിത്വത്തിന്റെ കാര്യവും പ്രസവ-പ്രസവാനന്തര മുറകളുടെ കാര്യവും ആണ് കൂടുതൽ മുഖ്യം. കുഞ്ഞുങ്ങൾക്കുണ്ടാകാവുന്ന രോഗങ്ങളെക്കുറിച്ചും നിവാരണ നടപടികളെക്കുറിച്ചും അമ്മമാർക്ക് ബോധനം നൽകണം. അതോടൊപ്പം കുടുംബത്തിന്റെ ആരോഗ്യത്തിലും സന്തോഷത്തിലും അധിഷ്ഠിതമായ വിധത്തിൽ ജനനം നിയന്ത്രിക്കുന്നതിനെക്കുറിച്ചും അതിനുള്ള വിവിധ ഉപാധികളെക്കുറിച്ചും പൂർണ്ണമായ അറിവ് നൽകേണ്ടത് ആവശ്യമാണ്. രോഗം എന്ന അവസ്ഥ നമ്മുടെ സമൂഹത്തിന്റെ ചുറ്റുപാടുകളിൽ ഉണ്ടെങ്കിൽ, ആരും എളുപ്പത്തിൽ രോഗിയായിപ്പോകും. രോഗബാധയ്ക്കതീതരായ 'നെപ്പോളിയൻ'മാർ നമ്മുടെയിടയിൽ അധികമില്ല. ഇന്നത്തെ അരോഗ്യദൃഢഗാത്രൻ നാളത്തെ രോഗിയാണ്. അതുപോലെതന്നെ രോഗങ്ങളുടെ നടുവിലേക്ക്പിറന്ന് വീഴുന്ന ഓരോ കുഞ്ഞു കുട്ടികളും രോഗികളായി വളർന്ന് വരുമ്പോൾ, രോഗികളുടെ സമൂഹസൃഷ്ടിയാണ് നടക്കുന്നത്. ഇതാരും ആഗ്രഹിക്കുന്നതോ അഭിലഷണീയമോ അല്ല - എന്നാൽ സംഭവിക്കുന്നത് അതാണെന്ന് മാത്രം. കമ്പോള വ്യവസ്ഥയിൽ രോഗങ്ങൾ സ്വീകരിക്കപ്പെട്ടേക്കാം. അവിടെ ലാഭം മാത്രമാണ് പ്രസക്തമാവുന്നത്. സമൂഹത്തിന് ഇതൊരിക്കലും താങ്ങാനാവില്ല. വളരുന്നതലമുറയുടെ ആരോഗ്യമാണ് ഒരു രാഷ്ട്രത്തിന്റെയും പരീഷ്കൃത സമൂഹത്തിന്റെയും വലിയ സമ്പത്ത്. രോഗചികിത്സയ്ക്കു വേണ്ടിവരുന്ന സമ്പത്ത് അതിഭീമമാണ്. വളർന്ന് വരുന്നതലമുറ അരോഗദൃഢഗാത്രരും രോഗ വിമുക്തരുമായാലേ സമൂഹത്തിന്റെ ആരോഗ്യം ഉറപ്പ് വരുത്താനാവൂ. അതിന്നായി ശിശു ആരോഗ്യ പരിപാടികളും വിദ്യാലയാരോഗ്യപരിപാടികളും പൂർണ്ണമായി സംവിധാനം ചെയ്യുകയും ന്നായി നടപ്പിലാക്കുകയും വേണം. ചികിത്സാരംഗത്തേക്കുള്ള ഒഴുക്ക് തടയാൻ കഴിഞ്ഞാൽ ആ രംഗത്തെ വിഭവശേഷി രോഗപ്രതിരോധ പ്രവർത്തനങ്ങളും നിലനിർത്താനുള്ള രംഗത്തേക്ക് തിരിച്ചുവിടാനാവും. ഈ പ്രവർത്തനങ്ങളെയും ലക്ഷ്യംവെച്ചുകൊണ്ടാണ് അടിസ്ഥാനാരോഗ്യപ്രവർത്തനങ്ങളും (Basic Heatlh Care Delivery System) സംവിധാനം ചെയ്തിട്ടുള്ളത്. ഇവിടെ ഡോക്ടർമാർ മുതൽ ഏറ്റവും താഴെതട്ടിൽ ഉള്ള പ്രവർത്തകൻവരെ എല്ലാവരും ഒറ്റക്കെട്ടായി ഒരു ടീമായി പ്രവർത്തിക്കേണ്ടതുണ്ട്. സേവനങ്ങളും ഫലപ്രദവും ശ്രമങ്ങളും ആത്മാർത്ഥവും ആവാത്തേടത്തോളംകാലം ജനവിശ്വാസം ആർജ്ജിക്കാൻ പ്രയാസമുണ്ടാവും. സമൂഹത്തിൽനിന്ന് അകന്ന് നിന്നുകൊണ്ടുള്ള പ്രവർത്തനത്തിന് പകരം ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിചെന്നുകൊണ്ടുള്ള പ്രവർത്തനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ആവശ്യവും അതുതന്നെയാണ്. ആരോഗ്യപ്രവർത്തകരെ ഗുണകാംക്ഷികളായികാണാൻ ജനങ്ങൾക്ക് കഴിയുന്ന ഒരവസ്ഥയുണ്ടാക്കുകയാണ് ആദ്യമായിവേണ്ടത്. അതിനായിട്ടാണ് ഉപകേന്ദ്രങ്ങളും സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഓരോ 5000 ജനങ്ങൾക്കു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പക്ടറും വീതം വേണം എന്നതാണ് ലക്ഷ്യം. അവർ ഒരു ടീമായി പ്രവർത്തിക്കുകയും വേണം. അവർക്ക് താമസിച്ച് പ്രവർത്തിക്കാൻ ജോലി സ്ഥലത്തുതന്നെ കെട്ടിടങ്ങളും ഓഫീസും വേണം. രേഖകളും റിക്കാർഡുകളും പ്രഥമചികിത്സയ്ക്കുള്ള മരുന്നുകളും കൂടെത്തന്നെയുണ്ടാവണം. ആരോഗ്യബോധനത്തിനുള്ള ലഘുലേഖകളും പോസ്റ്ററുകളും നൽകണം. പ്രവർത്തനരംഗം പൂർണ്ണവും ഫലപ്രദവുമായി ക്രമീകരിക്കാൻ അവർക്ക് ഏറക്കുറെ സ്വാതന്ത്ര്യം അനുവദിക്കുകയും വേണം. ജനങ്ങളുടെ സൌകര്യമനുസരിച്ച് ആരോഗ്യപ്രവർത്തകന്റെ ജോലിസമയത്തിനും മാറ്റം വേണം. ഇന്നത്തെ എട്ട് മണി മുതൽ അഞ്ചുമണിവരെ എന്ന രീതിയും ചിലപ്പോൾ മാറ്റേണ്ടി വരും.

അടിസ്ഥാന ആരോഗ്യ പ്രവർത്തകരെ സഹായിക്കാനായി പഞ്ചായത്ത് തലത്തിൽ ഹെൽത്ത് ഇൻസ്പക്ടറും ലേഡിഹെത്ത്ത് ഇൻസ്പക്ടറുമുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രമാണ് അവരുടെ ആസ്ഥാനം. സബ്സെൻറ്റുകളുടെ പ്രവർത്തനങ്ങളെ പ്രാഥമികാരോഗ്യകേന്ദ്രവുമായി വേണ്ടവിധം ബന്ധപ്പെടുത്തുന്ന കണ്ണിയായിവേണം ഹെൽത്ത് ഇൻസ്പക്ടർമാർ പ്രവർത്തിക്കാൻ. രോഗചികിത്സ ഒഴിച്ചുള്ള എല്ലാ ആരോഗ്യപ്രവർത്തനങ്ങളും കൂട്ടായ്മയിലൂടെ വേണം നടത്താൻ. ഡോക്ടർമാർ ഈ കൂട്ടായ്മയിലെ ബലമുള്ള കണ്ണികളും അറിവിന്റെ സ്രോതസ്സുമായിട്ടാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. മെഡിക്കൽ വിദ്യാ

രോഗാതുരത

നമ്പർ	സ്ഥാപനം	കൊല്ലം	ഇൻ പേഷ്യൻറ്	ഔട്ട് പേഷ്യൻറ്	ത്വക്ക്രോഗം	വാതരോഗം	പകർച്ച വ്യാധികൾ	മറ്റ് രോഗങ്ങൾ	ആകെ
1	വടക്കഞ്ചേരി പ്രാഥമികാരോഗ്യകേന്ദ്രം (സർക്കാർ സ്ഥാപനം)	1994-95	310	24904	1612	114	4540	18948	25214
		1995-96	369	28998	2216	141	4892	24118	29367
2	മെഡിക്കൽ സെൻറർ വടക്കഞ്ചേരി (സ്വകാര്യസ്ഥാപനം)	1994-95	150	20710	310	110	275	20015	20710
		1995-96	190	21815	320	140	300	21055	21815
3	ധർമ്മഗിരി സെൻറ് ജോസഫ്സ് ഹോളിസ്റ്റിക് ഹീലിംഗ് സെൻറർ (സ്വകാര്യസ്ഥാപനം)	1994-95	1320	13493	180	164	232	14237	14813
		1995-96	1444	14700	196	210	300	14438	15144






ഭ്യാസ രീതിതന്നെ ഇവിടെ വ്യത്യസ്ത കാഴ്ചപ്പാടിലാണ്. 'ഒരു ഡോക്ടർ നല്ല ചികിത്സാവിദഗ്ധനായില്ലെങ്കിൽ തന്നെ നല്ലൊരു വിദ്യാഭ്യാസ വിചക്ഷണനായിരിക്കണം' (A doctor need not be a good physician, but he must be a good teacher) എന്നതാണ് ഈ കാഴ്ചപ്പാട്. ബ്ലോക്ക് തലത്തിൽ എല്ലാ ആരോഗ്യപ്രവർത്തനങ്ങളേയും സംബന്ധിപ്പിക്കാനും അവലോകനം ചെയ്യാനും കമ്യൂണിറ്റി ഹെൽത്ത് സെൻററുകളുണ്ട്. ഇവിടെ വിദഗ്ധരായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സവേനമാണ് വിഭാവനം ചെയ്യുന്നത്. പ്രതിരോധ പ്രവർത്തനങ്ങളും സബ്ബ് സെൻററർ പഞ്ചായത്ത് തലങ്ങളുമായി ബന്ധപ്പെടുത്തുന്നത് ഹെൽത്ത് സൂപ്രവൈസർമാർ മുഖേനയാണ്. ഇനിവേണ്ടത് ചില പ്രത്യേക വിഭാഗങ്ങൾക്ക് മാത്രമായുള്ള അതിവിദഗ്ദ്ധ ചികിത്സാകേന്ദ്രങ്ങളാണ്. കാൻസർ, എയ്ഡ്സ് പോലുള്ള രോഗചികിത്സാകേന്ദ്രങ്ങൾ. എല്ലാ രോഗങ്ങളെയും തടയാനാവാത്തതിനാൽ, തടയാവുന്നവയെ തടയുകയും മറ്റുള്ളവയ്ക്ക് ലഭിക്കാവുന്ന ഏറ്റവും നല്ല വിദഗ്ദ്ധ ചികിത്സ എളുപ്പത്തിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണല്ലൊ ഏറ്റവും അഭികാമ്യം.

ആരോഗ്യ സേവനരംഗത്ത് പ്രവർത്തിക്കുന്ന അഞ്ചു ആശുപത്രികളാണ് പഞ്ചായത്തിലുള്ളത്.

1. വടക്കഞ്ചേരി പ്രാഥമിമാരോഗ്യകേന്ദ്രം.
2. വടക്കഞ്ചേരി ഗവ: ആയുർവ്വേദഡിസ്പെൻസറി.
3. വടക്കഞ്ചേരി ഗവ: ഹോമിയോപ്പതി ഡിസ്പൻസറി.
4. ദി മെഡിക്കൽ സെൻറർ, വടക്കഞ്ചേരി.
5. ധർമ്മഗിരി സെൻറ് ജോസഫ്സ് ഹോളിസ്റ്റിക് ഹീലിംഗ് സെൻറർ, വള്ളിയോട്.

ഇതിൽ ആദ്യത്തെ മൂന്നെണ്ണം സർക്കാർ സ്ഥാപനങ്ങളും ബാക്കി രണ്ടെണ്ണം സ്വകാര്യസ്ഥാപനങ്ങളുമാണ്. കൂടാതെ പഞ്ചായത്ത് പ്രദേശത്ത് എല്ലാ വിഭാഗത്തിലുമുള്ള പൈവ്രറ്റ് മെഡിക്കൽ പ്രാക്ടീഷണർമാരും ഉണ്ട്. ഇ.എൻ.ടി. വിഭാഗത്തിലും കണ്ണ് ചികിത്സയിലും ഓരോ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ പൈവ്രറ്റ് ക്ലിനിക്കുകൾ നടത്തുന്നുണ്ട്. സർക്കാർ മേഖലയിലെയും സ്വകാര്യമേഖലയിലെയും ഡോക്ടർമാരുടെ കൂട്ടായ്മയുടെ പ്രതീകമായി ഡോക്ടേഴ്സ് ക്ലബ്ബ് വടക്കഞ്ചേരിയിൽ പ്രവർത്തിക്കുന്നുണ്ട്. മാസത്തിലൊരിക്കൽ നടത്തുന്ന കുടുംബസംഗമവും തുടർവിദ്യാഭ്യാസചർച്ചകളും ഈ ക്ലബ്ബിൻെറ പ്രത്യേകതയാണ്.

പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ കീഴിൽ ആറ് ഉപകേന്ദ്രങ്ങൾ. വടക്കഞ്ചേരി 1, വടക്കഞ്ചേരി 2, മംഗലം, ആയക്കാട്, നെല്ലിയമ്പാടം, കാളാംകുളം പ്രദേശങ്ങൾ കേന്ദ്രമായി, പ്രവർത്തനം നടത്തുന്നുണ്ട്. വടക്കഞ്ചേരി 2, എന്ന ഉപകേന്ദ്രത്തിനൊഴിച്ച് ബാക്കിയെല്ലാറ്റിനും ഇന്ത്യാ പോപ്പുലേഷൻ പ്രോജക്ട് വക കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ എല്ലാ ഉപകേന്ദ്രങ്ങളിലും ഉണ്ടെങ്കിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ രണ്ടു പേർ മാത്രമേയുള്ളൂ. ഇത് താഴെ തട്ടിൽ അവശ്യം ഉണ്ടായിരിക്കേണ്ട ടീം വർക്കിന് വിഘാതമാവും. ഉപകേന്ദ്രകെട്ടിടങ്ങളുടെപ്രതിവർഷ അറ്റകുറ്റപണ്ണികളും മറ്റും കൃത്യമായി നടക്കാത്തതുകൊണ്ട് ഉപകേന്ദ്രം കെട്ടിടങ്ങളിൽ പലതും ചളിപിടിച്ച് വൃത്തികേടായി കിടക്കുകയാണ്. ആരോഗ്യകേന്ദ്രങ്ങളുടെ ഈ അനാരോഗ്യസ്ഥിതി ആശാസ്യമല്ല. ഉപകേന്ദ്രങ്ങളിൽ അത്യാവശ്യചികിത്സയ്ക്കും പ്രഥമശുശ്രൂഷകൾക്കുമായി എത്തുന്നവർക്ക്, വിശേഷിച്ച്, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കുട്ടികൾ, വൃദ്ധർ മുതലായവർക്ക് ആശ്വാസം നൽകത്തക്കവിധം മരുന്നുകളൊന്നും ലഭിക്കുന്നില്ല എന്ന് പരക്കെ ആക്ഷേപമുണ്ട്. ഇന്ത്യാ ഗവർമ്മെണ്ടും കേരള ഗവർമ്മെണ്ടും നിയോഗിച്ച വിദഗ്ധ കമ്മറ്റികളുടെ നിർദ്ദേശമനുസരിച്ച് ഏതെല്ലാം തരത്തിലുള്ള അടിയന്തര-പ്രാഥമിക ചികിത്സകൾക്ക് സബ്ബ് സെൻററുകളിൽ സൌകര്യപ്പെടുത്താമെന്നും ഏതെല്ലാം മരുന്നുകൾ നൽകാമെന്നും നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് മരുന്നുകളുടെ ലിസ്റ്റും നിർദ്ദേശങ്ങളും ആരോഗ്യവകുപ്പ് അദ്ധ്യക്ഷൻ അംഗീകരിച്ച് നൽകിയിട്ടുമുണ്ട്. അംഗീകൃത മരുന്നുകളും നിർദദേശങ്ങളുമടങ്ങിയ മെഡിസിൻ കിറ്റുകൾ വർഷത്തിൽ രണ്ട് തവണ നൽകിവന്നിരുന്നു. ഇപ്പോൾ പലയിടങ്ങളിലും ഇത് ലഭിക്കുന്നില്ല എന്ന ആക്ഷേപമുണ്ട്. ആവശ്യമായ ഫർണിച്ചറുകൾ ഉപകേന്ദ്രങ്ങളിൽ ഇല്ല. ഓരോ ഉപകേന്ദ്രത്തിലും, അതിൻെറ ചിട്ടയായ പ്രവർത്തനത്തിന് എന്തെല്ലാം സൌകര്യങ്ങൾ വേണം എത്ത് വകുപ്പ് നേരത്തെ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് ഫർണിച്ചറും ഉപകരണങ്ങളും ലഭിച്ചില്ലെങ്കിൽ, അത് ഉപകേന്ദ്രത്തിൻെറ പ്രവർത്തനത്തെ സാരമായി ബാധിക്കും. ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം അതത് പ്രദേശത്തെ സന്നദ്ധ സംഘടനാ പ്രവർത്തനങ്ങളുമായി വളരെ ബന്ധപ്പെട്ടാണ് കിടക്കുന്നത്. ആരോഗ്യബോധന പ്രവർത്തനങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്നവയാണ്. സന്നദ്ധപ്രവർത്തകരുടെ സഹായമില്ലാതെ ഈ പ്രവർത്തനം വിജയപ്രദമാവുകയില്ല. മഹിളാസമാജങ്ങളും അങ്കൻവാടി കേന്ദ്രങ്ങളുമായി കൂടുതൽ ബന്ധപ്പെട്ട പ്രവർത്തനമാണ് ആരോഗ്യ ഉപകേന്ദ്രത്തിൻെറത്. അങ്കൺവാടി കേന്ദ്രങ്ങളുടെ ഉപഭോക്താക്കൾ അമ്മമാരും മൂന്നുമുതൽ ആറ് വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങളുമാണ്. ഈ പ്രവർത്ത നങ്ങളിൽ സഹായവും മേൽനോട്ടവും ആരോഗ്യ ഉപകേന്ദ്രങ്ങൾ നൽകണം. അങ്കൺവാടികളുടെ വിവിധ



പ്രവർത്തനങ്ങളിൽ മിക്കതും ആരോഗ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടത് തന്നെയാണ്. കുഞ്ഞുങ്ങളെ പാട്ടും കളിയും പഠിപ്പിക്കുന്നതൊഴികെയുള്ള അങ്കൺവാടി പ്രവർത്തനങ്ങൾ എല്ലാംതന്നെ, ആരോഗ്യവകുപ്പും സാമൂഹ്യക്ഷേമവകുപ്പും കൈകോർത്ത് പിടിച്ചാലേ വേണ്ടപോലെ നടക്കൂ. വകുപ്പുകൾ തമ്മിലുള്ള ശീത സമരവും സഹ കരണക്കുറവും മൂലം ദുർബലജനവിഭാഗങ്ങൾക്ക് സർക്കാർ നൽകുന്ന സഹായം ലഭിക്കാത്ത അവസ്ഥ സൃഷ്ടിക്കും. ഇതിനിടയാവരുത്.

ആയുർവേദ ഡിസ്പൻസറിയ്ക്കും ഹോമിയോ ഡിസ്പൻസറിയ്ക്കും പ്രവർത്തിക്കാൻ ഭൌതിക സൌകര്യങ്ങളുള്ള കെട്ടിടങ്ങളും മറ്റ് സൌകര്യങ്ങളുമില്ല. പ്രാഥമികാരോഗ്യകേന്ദ്രം 1951ൽ ആരംഭിച്ചപ്പോഴുള്ള സൌകര്യങ്ങൾ മാത്രമേ ഇപ്പോഴും ഉള്ളൂ. ജീവനക്കാർക്കും മെഡിക്കൽ ഓഫീസർമാർക്കും താമസിക്കാൻ കുറെ ക്വാർട്ടേഴ്സുകൾ പണിതു എന്നതൊഴിച്ചാൽ മറ്റൊന്നും പുതുതായി ഉണ്ടായിട്ടില്ല. തുടങ്ങുമ്പോൾ ഒരു ഡോക്ടറെ ഉണ്ടായിരുന്നുള്ളൂ. അത് പിന്നീട് രണ്ടും ഇപ്പോൾ മൂന്നും ആയി. പുതിയ വാർഡുകളോ പുതിയ ഉപകരണങ്ങളോ ഒന്നും കാര്യമായി ലഭിച്ചിട്ടില്ല. വടക്കഞ്ചേരി ടൌൺ പ്രദേശത്തുനിന്നും ഒരു കിലോമീറ്ററോളം മാറി കിഴക്കേഞ്ചേരി റോഡിൽ സ്ഥിതിചെയ്യുന്നതിനാൽ കിഴക്കഞ്ചേരി പഞ്ചായത്തിലെ ജനങ്ങൾക്കും ആരോഗ്യകേന്ദ്രം ഉപയോഗപ്രദമാണ്. ഈ പ്രാഥമികാരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് കുഷ്ഠരോഗനിവാരണ പ്രവർത്തനങ്ങൾക്കായിഒരു എസ്.ഇ.ടി. സെൻറർ പ്രവർത്തിക്കുന്നുണ്ട്.

ഒന്നാം പഞ്ചവത്സര പദ്ധതിയോടനുബന്ധിച്ചാണ് കേരളത്തിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ആരംഭിച്ചത്. ആരംഭിച്ചവയ്ക്കുതന്നെ കെട്ടിടങ്ങളും ഉപകരണങ്ങളും ഉണ്ടാവാൻ പത്തോ പന്ത്രണ്ടോ വർഷം പിന്നെയും കഴിഞ്ഞു. മുൻ മദിരാശി മേയറായിരുന്ന പരേതനായ രാമനാഥയ്യർ, തന്റെ ഭാര്യയുടെ സ്നേഹസ്മരണ നിലനിർത്തുന്നതിന് നിർമ്മിച്ച് നൽകിയതാണ് 'ലക്ഷ്മി ഹോസ്പിറ്റൽ' എന്ന പേരിലുള്ള ഇപ്പോഴത്തെ കെട്ടിടം. അന്നദ്ദേഹം നൽകിയ ഉപകരണങ്ങളും, കട്ടിലുകൾ, കിടക്ക മുതലായവയും ഉപയോഗശൂന്യമായിക്കഴിഞ്ഞു. പുതിയ പുതിയ ആരോഗ്യരക്ഷാ പദ്ധതികൾ ആരോഗ്യ രക്ഷാപ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി തുടങ്ങിയതോടെ, കൂടുതൽ ജീവനക്കാർ നിയമിതരാവുകയും ആർക്കും ഒന്നിനും സൌകര്യമില്ലാത്ത അവസ്ഥ സംജാതമാവുകയും ചെയ്തു. ലാബറട്ടറി, ഡിസ്പൻസറി സൌകര്യങ്ങൾ തീരെ കുറവാണ്. നല്ല ജലലഭ്യതയുള്ള കിണറും ഓവർഹെഡ്ടാങ്കും ഉണ്ട്. അതെല്ലാം വെറുതെകിടന്ന് നശിക്കുകയാണ്. പഞ്ചായത്ത് വാട്ടർ സപ്ലൈ സ്കീം ആണ് ഇപ്പോൾ ഉപയോഗപ്പെടുത്തുന്നത്. ആശുപത്രി വളപ്പിനകത്തായി ഒരു കുഴൽ കിണറും നിർമ്മിച്ചിട്ടുണ്ട്. വേനൽക്കാലങ്ങളിൽ പൊതുജനങ്ങൾ ഈ കുഴൽ കിണറിൽ നിന്നും ജലം ശേഖരിക്കാറുണ്ട്.

ഈ പ്രാഥമികാരോഗ്യകേന്ദ്രം ആരംഭിച്ചതിനോടൊപ്പവും അതിനുശേഷവും തുടങ്ങിയവയൊക്കെ സാമൂഹ്യാരോഗ്യകേന്ദ്രം (കമ്യൂണിറ്റി ഹെൽത്ത് സെൻറർ) ആയി ഉയർന്ന് കഴിഞ്ഞു. ഇത്തരം കേന്ദ്രങ്ങളിൽ വിവിധ ചികിത്സാവിഭാഗങ്ങളിലായി നാലിൽ കുറയാത്ത വിദഗ്ധ ഡോക്ടർമാരുണ്ടാവും. ആശുപത്രികളിലേതിൽനിന്നും വ്യത്യസ്ഥമായി, രോഗപ്രതിരോധ നടപടികൾ, ആരോഗ്യവിദ്യാഭ്യാസം, കുടുബക്ഷേമ പ്രവർത്തനങ്ങൾ എന്നിവകൂടി നടത്താവുന്ന കമ്യൂണിറ്റി ഹെൽത്ത് സെൻറുകൾ വെറും ആശുപത്രീകളേക്കാൾ ജനങ്ങൾക്ക് ഗുണം ചെയ്യും. എക്സറേ, ദന്തചികിത്സാ, നേത്രചികിത്സ, പോസ്റ്റ മോർട്ടം സൌകര്യങ്ങളും കമ്യൂണിറ്റി ഹെൽത്ത് സെൻറുകളിൽ ഏർപ്പെടുത്താൻ കഴിയും. രോഗചികിത്സയും, രോഗപ്രതിരോധ നടപടികളും, മറ്റ് ആരോഗ്യരക്ഷാ പ്രവർത്തനങ്ങളും എല്ലാം ഒരു മേൽക്കൂരയ്ക്കുമേൽ ഒന്നിക്കുന്നതാണ് കമ്യൂണിറ്റി ഹെൽത്ത് സെൻറർ എന്ന നല്ല ആശയം.

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്

ആരോഗ്യം - സബ്സെൻറർ

ക്രമ നമ്പർ	വാർഡ്	സബ്സെൻറിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/വാടക	ജീവനക്കാരുടെ എണ്ണം	സ്ഥാപനത്തിന്റെ മുഖ്യ പ്രശ്നങ്ങൾ
1	1	വടക്കഞ്ചേരി 1	സർക്കാർ	സ്വന്തം	2	ഇല്ല.
2	2	വടക്കഞ്ചേരി 2	സർക്കാർ	ഇല്ല	2	കെട്ടിടം ഇല്ല.
3	4	നെല്ലിയാമ്പാടം	സർക്കാർ	സ്വന്തം	1	ഇല്ല.
4	6	ആയക്കാട്	സർക്കാർ	സ്വന്തം	1	ഫർണിച്ചർ ഇല്ല
5	9	കാളാംകുളം	സർക്കാർ	സ്വന്തം	1	ഇല്ല
6	10	മംഗലം	സർക്കാർ	സ്വന്തം	2	ഫർണിച്ചർ ഇല്ല.

പൊതുജനാരോഗ്യനിയമം

ഈ നിയമം ഇപ്പോഴും എല്ലാവരും മറന്നമട്ടാണ്. പഴയ ബ്രിട്ടിഷ്മലബാറിലും മദ്രാസ് സംസ്ഥാനത്തിലും ഉൾപ്പെട്ടതായിരുന്നു വടക്കഞ്ചേരി പഞ്ചായത്ത്. കേരളത്തിന് സ്വന്തമായി ഒരു പൊതു ജനാരോഗ്യനിയമം നടപ്പിൽ വരാത്ത പരിതഃസ്ഥിതിയിൽ 1939ലെ മദിരാശി പൊതുജനാരോഗ്യനിയമമാണ് ഇപ്പോഴും നിലവിലുള്ളത്. ശക്തമായ ഈ നിയമം കാലപ്പഴക്കം കൊണ്ട് കുറെയൊക്കെ ബലഹീനവും അപ്രായോഗികവുമായിട്ടുണ്ടെങ്കിലും ഇന്നും പ്രസക്തമാണ്. മനുഷ്യന്റെ ജീവിത പ്രശ്നങ്ങളിൽ ആരോഗ്യപരമായ മേഖലകളിലുണ്ടാവുന്ന ഏത് പ്രശ്നവും നിയമപരമായി പരിഹരിക്കാനുള്ള വ്യവസ്ഥകളും നടപടികളും മദിരാശി പൊതുജനാരോഗ്യനിയമത്തിലും ചട്ടങ്ങളിലുമുണ്ട്. പക്ഷെ ജനകീയ സംവിധാനത്തിൽ, പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമം ഉപയോഗപ്പെടുത്തുന്നതിന് മുൻഗണന ഇല്ലാത്തതിനാൽ, ബോധനരീതിയും ചർച്ചകളുമാണ് കൂടുതൽ അഭികാമ്യം. നിയമം അവസാന പരിഗണന മാത്രമാണ്. മാലിന്യങ്ങളുടെ സംസ്ക്കരണം, പൊതുജനശല്യം ഒഴിവാക്കൽ, വ്യവസായ തൊഴിലാളികളുടെ ആരോഗ്യം ഉറപ്പുവരുത്തൽ, ഭക്ഷണ-പാനീയ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിൽ ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തൽ എന്നിവ വളരെ മുഖ്യമാണ്. ജനസംഖ്യയോടൊപ്പം വളർന്നുവരുന്ന വ്യവസായ-വ്യാപാരമേഖലകളും അതോടൊപ്പംതന്നെ വളർന്നുകൊണ്ടിരിക്കുന്ന ആരോഗ്യപ്രശ്നങ്ങളും കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ള ഔദ്യോഗിക സംവിധാനവും വേണം.


മുൻകാലങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് താലൂക്ക് തലത്തിൽ പൊതുജനരോഗ്യ നിയമവും ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുന്ന നിയമവും നടപ്പിലാക്കുക എന്ന സമഗ്ര ഉത്തരവാദിത്തം മാത്രമായിരുന്നു. പിന്നീട് ബോക്ക് തലത്തിൽ വിവിധോദ്ദേശ ആരോഗ്യപദ്ധതി നടപ്പിലാക്കിയപ്പോൾ ഹെൽത്ത് ഇൻസ്പക്ടറുടെ ചുമതല വിവിധപദ്ധതികളുടെ നടത്തിപ്പിൽ വികേന്ദ്രീകൃതമായി. അപ്പോൾ ആരോഗ്യനിയമങ്ങളുടെ നടത്തിപ്പിനുണ്ടായിരുന്ന പ്രാധാന്യം നഷ്ടപ്പെട്ടു. പ്രശ്നങ്ങൾ കൂടുകയും പ്രവർത്തനം മരവിക്കുകയും ചെയ്ത ഒരവസ്ഥയാണിപ്പോൾ. ബ്ലോക്ക്തലത്തിൽ ഹെൽത്ത് സൂപ്രവൈസർ തസ്തികയും പഞ്ചായത്ത് തലത്തിൽ ഹെൽത്ത് ഇൻസ്പക്ടർമാരും ജൂനിയർ ഹെൽത്ത് ഇൻസ്പക്ടർമാരും ഉള്ള സംവിധാനമാണിപ്പോൾ. വില്ലേജ് ഹെൽത്ത് ഓഫീസർ എന്ന നിയമപരിവേഷം മെഡിക്കൽ ഓഫീസർമാർക്ക് കൂടി നൽകിയിട്ടുണ്ട്. അതുകൊണ്ട് പ്രയോജനമൊന്നുമില്ല. ചികിത്സാരംഗവും പൊതുജനാരോഗ്യനിയമനടപടികളും സംയോജിപ്പിച്ച് കൊണ്ടുപോവാൻ ബുദ്ധിമുണ്ടാവും.

പരിഹാരനിർദ്ദേശങ്ങൾ

1. മാലിന്യനിർമ്മാജ്ജനവും സംസ്ക്കരണവും പൂർണ്ണമായും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ആയിരിക്കണം. അതിന് സമഗ്രമായ സംവിധാനവും വേണം. ഖരമാലിന്യങ്ങൾ വളമാക്കിമാറ്റാനും ദ്രവമാലിന്യങ്ങൾ സംസ്കരിച്ച് കഴിഞ്ഞശേഷമുള്ള വെള്ളം കൃഷിയ്ക്കുപയോഗിക്കാനും കഴിയും.
2. ബ്ലോക്ക് തലത്തിൽ സീനിയർ ഹെൽത്ത് ഇൻസ്പക്ടർക്ക് ആരോഗ്യനിയമങ്ങളുടെ പൂർണ്ണചുമതലമാത്രം നൽകണം. പഞ്ചായത്ത് തലത്തിലുള്ള ഹെൽത്ത് ഇൻസ്പക്ടർമാരുമായി സഹകരിച്ച് പ്രവർത്തിക്കണം.
3. ആരോഗ്യനിയമങ്ങൾ പരിഷ്കരിച്ച് കാലാനുസൃതമായ നിയമനിർമ്മാണം നടത്തണം (നിയമനിർമ്മാണം സംസ്ഥാന ഗവർമ്മേണ്ടിന്റെ ചുമതലയാണ്)
4. തൊഴിലാളി മേഖലയിൽ ആരോഗ്യവിദ്യാഭ്യാസം വ്യാപകമാക്കുന്നതിന് തൊഴിലുടമകളുമായി സഹകരിച്ച് സംവിധാനമുണ്ടാക്കണം.
5. ആഹാരസാധനങ്ങളുടെ നിർമ്മാണവും വിതരണവുമായി ബന്ധപ്പെട്ട മേഖലയിൽ നിയമം കർശനമാക്കണം. തൊഴിലാളികൾക്ക് ബോധനം നൽകുകയും ഹെൽത്ത് കാർഡുസമ്പ്രദായം കൃത്യതയോടെ നടപ്പാക്കുകയും വേണം.

'രണ്ടായിരമാണ്ടിൽ എല്ലാവർക്കും ആരോഗ്യം' എന്ന ലക്ഷ്യം വെച്ചുകൊണ്ടാണ് ആരോഗ്യവകുപ്പ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നത്. രണ്ടായിരമാണ്ടിലേക്ക് പ്രവേശിക്കാൻ ഇനി മൂന്നു വർഷങ്ങൾമാത്രം! ഇത്തരുണത്തിൽ ആരോഗ്യവകുപ്പിന്റെ ഇന്നത്തെ നിലയെപ്പറ്റി ഒന്ന് വിലയിരുത്തുന്നത് സാന്ദർഭികമായിരിക്കും.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങളിൽ അതിരൂക്ഷമായി അനുഭവപ്പെട്ട മൂന്ന് കാര്യ



ങ്ങളിൽ ഒന്ന് ആരോഗ്യരക്ഷാ പ്രവർത്തനങ്ങളുടെ അപര്യാപ്തതയാണ്. മറ്റുള്ളവ, ജലക്ഷാമവും വൈദ്യുതിക്ഷാമവും. ജനങ്ങളുടെ ഈ വിലയിരുത്തലാവണം ഇനിയുള്ള ആസൂത്രണങ്ങളിൽ മാർഗ്ഗദർശകമാവേണ്ടത്.

മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് ഇവിടത്തെ മരണനിരക്ക് സംസ്ഥാനത്തെ നിരക്കിലും താഴെയാണ്. എന്നാൽ രോഗാതുരത വളരെ കൂടുതലുമാണ്. ജനസംഖ്യയുടെ വർദ്ധനവിനനുസരിച്ചും ജീവിതഗുണ നിലവാരത്തകർച്ചയനുസരിച്ചും രോഗികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടേ വരും എന്ന കാര്യം നിസ്സംശയമാണ്. അതനുസരിച്ച് ആരോഗ്യരക്ഷാ പ്രവർത്തനങ്ങളും അടിസ്ഥാന ജീവിതനിലവാരമുയർത്താനുള്ള സൌകര്യങ്ങളും വർദ്ധിക്കണം. ചികിത്സാ സൌകര്യങ്ങളും കൂടണം.

പ്രശ്നങ്ങൾ - പരിഹാരങ്ങൾ

(1) അലോപ്പതി ചികിത്സാരംഗത്ത് വടക്കഞ്ചേരിയിൽ ഉള്ള ഒരേയൊരു സർക്കാർ സ്ഥാപനം പ്രാഥമികാരോഗ്യകേന്ദ്രമാണ്. 1951ൽ നിലവിൽ വന്ന ഈ സ്ഥാപനം എത്രയും പെട്ടെന്ന് കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തണം. മുപ്പത് കിടക്കകളുള്ള ഒരു പുതിയ വാർഡ് കെട്ടിടം പണിയാനുള്ള നടപടികൾ ഉടൻ ആരംഭിക്കണം.

(2) എം.പി. യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നനുവദിച്ച 10 ലക്ഷം രൂപയ്ക്ക് പുറമെ ആവശ്യമായി വരുന്ന വികസന ഫണ്ട് ബ്ലോക്ക് പഞ്ചായത്തിൻെറ പദ്ധതി വിഹിതമായി അനുവദിക്കണം.

(3) എക്സ്റേ സൌകര്യം ഏർപ്പെടുത്തണം.

(4) പോസ്റ്റ്മോർട്ടം സൌകര്യം ഏർപ്പെടുത്തണം.

(5) ഡോക്ടർമാർക്കും ജീവനക്കാർക്കും താമസിക്കാൻ കൂടുതൽ ക്വാർട്ടേഴ്സുകൾ അനുവദിക്കണം.

(6) ഉപയോഗിക്കാതെ കിടക്കുന്ന കിണർ ഉപയോഗ്യമാക്കണം.

(7) പഴയ കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തി എത്രയും വേഗത്തിൽ ഉപയോഗപ്രദമാക്കണം.

(8) പഴകി ദ്രവിച്ച വൈദ്യുതി വയറിംഗ് ആകെ പുതുക്കണം.

(9) വാർഡുകളിലും പ്രസവമുറിയിലും ശുദ്ധജലം പൈപ്പ് മുഖേന എത്തിക്കണം.

(10) പ്രവർത്തനം നിലച്ച കക്കൂസുകൾ നന്നാക്കണം.

(11) ക്വാർട്ടേഴ്സുകൾ വർഷാന്ത അറ്റകുറ്റപ്പണികളും മറ്റും നടത്തി വാസയോഗ്യമാക്കണം.

(12) ശുചീകരണത്തിനായി ഒരു പാർട്ട്-ടൈം-സ്വീപ്പർ തസ്തികപോലും ഇല്ലാത്ത സ്ഥാപനമാണിത്. ഈ കുറവ് ഉടൻ പരിഹരിക്കണം.

(13) മെഡിസിൻ സ്റ്റോർ റൂം നിർമ്മിക്കണം.

(14) ഒ.പി. റജിസ്ട്രറുകളും ഒ.പി. ടിക്കറ്റുകളും നൽകണം.

(15) കിടക്കകളുടെ എണ്ണമനുസരിച്ച് സ്റ്റാഫ് നഴ്സ് തസ്തിക അനുവദിക്കണം. ഇപ്പോൾ ഒരു തസ്തിക മാത്രമാണുള്ളത്.

(16) ഇപ്പോഴുള്ള ലാബറട്ടറിയിൽ വെള്ളവും വെളിച്ചവും ഇല്ല. ഈ അത്യാവശ്യസൌകര്യങ്ങൾ എത്രയും വേഗം ഏർപ്പെടുത്തണം.

(17) ലാബറട്ടറിയിലേക്കാവശ്യമായ രാസപദാർത്ഥങ്ങൾ എത്തിക്കണം.

(18) കുടുംബക്ഷേമ വിഭാഗത്തിലെ സ്റ്റോർ റൂം റിപ്പയർ ചെയ്യണം. ഇപ്പോൾ മേൽക്കൂരയിൽ ചോർച്ചയുണ്ട്.

(19) പൊതുജനങ്ങൾക്ക് സൌകര്യപ്പെടും വിധം ആശുപത്രി പ്രവർത്തനസമയം ഭേദപ്പെടുത്തണം.

(20) ആശുപത്രിയിൽ ആംബുലൻസ് സൌകര്യം ഏർപ്പെടുത്തണം.

(21) ആശുപത്രി വികസനസമിതി പുനഃസംഘടിപ്പിക്കണം.


(22) ഉപകേന്ദ്രങ്ങൾ വൃത്തിയാക്കണം.

(23) അത്യാവശ്യമരുന്നുകളും വയറിളക്കരോഗത്തിനെതിരായി നൽകുന്ന ഒ.ആർ.എസ്. പാക്കറ്റുകൾ, ബ്ലീച്ചിംഗ് പൌഡർ മുതലായവ എപ്പോഴും സ്റ്റോക്കുണ്ടാവണം.

(24) ഡിപ്പാർട്ടുമെൻറ് തയ്യാറാക്കുന്ന ലഘുലേഖകൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്യണം.

(25) സന്നദ്ധ സംഘടനകളുമായി ബന്ധപ്പെട്ട് ആരോഗ്യബോധനക്ലാസ്സുകൾ സംഘടിപ്പിക്കണം. ഇക്കാര്യം അടിസ്ഥാനാരോഗ്യ പ്രവർത്തകരെ മാത്രം ഏല്പിക്കുന്ന പ്രവണത ശരിയല്ല. മെഡിക്കൽ ഓഫീസർമാരും സീനിയർ സൂപ്പർവൈസർമാരും ഈ പ്രക്രിയയിൽ പങ്കാളികളായിരിക്കണം.

(26) പ്രശ്നങ്ങൾ ചർച്ചയിലൂടെ അപ്പപ്പോൾ പരിഹരിക്കണം. എല്ലാ പ്രവർത്തനങ്ങളിലും കൂട്ടായ്മ ഉണ്ടായിരിക്കണം.



(27) സബ്സെന്റർ തലത്തിൽ വികസന കമ്മറ്റികൾ വേണം. അതിൽ വനിതകൾക്കും വനിതാസംഘടനകൾക്കും നല്ല പ്രാതിനിധ്യം വേണം.

(28) ഹോമിയോ ആശുപത്രിക്ക് സ്വന്തമായി സ്ഥിരം കെട്ടിടം നിർമ്മിക്കണം.

(29) സ്ഥാപനത്തിന് നെയിം ബോർഡ് വേണം.

(30) ആവശ്യമായ ഫർണീച്ചറുകൾ എങ്ങനെ സമ്പാദിക്കാം എന്ന് ആലോചിച്ച് വേഗത്തിൽ നടപടി സ്വീകരിക്കണം.

(31) വെള്ളം ശേഖരിച്ചുവെക്കാൻ സൌകര്യമേർപ്പെടുത്തണം.

(32) ആവശ്യാനുസരണം ഫാനും ലൈറ്റും വേണം.

(33) സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനോടനുബന്ധിച്ച് ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സും നിർമ്മിക്കണം.

(34) ആയുർവേദ ഡിസ്പൻസറിയിൽ ചികിത്സക്കായി എത്തുന്ന രോഗികളുടെ ആവശ്യം കണക്കിലെടുത്ത് മരുന്നുകൾ അനുവദിക്കണം.

(35) അത്യാവശ്യത്തിന് മരുന്നുകൾ വാങ്ങാനുള്ള അധികാരം മെഡിക്കൽ ഓഫീസർക്കുണ്ടാവണം.

(36) ഇന്ധനം, പാത്രങ്ങൾ എന്നിവ തീരെ അപര്യാപ്തമാണ്. ഈ വകയിലുള്ള തുകകൾ ഇരട്ടിയായി വർദ്ധിപ്പിക്കണം.

(37) പ്രഥമശുശ്രൂഷാ സംവിധാനം (Emergency Kit) ആവശ്യമാണ്.

(38) സ്റ്റോർ റൂം സൌകര്യം ഇപ്പോഴില്ല.

(39) രോഗികളെ കിടത്തി പരിശോധിക്കാനുള്ള ടേബിൾ ഇല്ല.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ സ്ഥല സൌകര്യം ആവശ്യത്തിനില്ല. കൂടുതൽ സൌകര്യമുള്ള ഒരു കെട്ടിടത്തിലേക്ക് സ്ഥാപനം മാറ്റാൻ ശ്രമിക്കുകയും എത്രയും പെട്ടെന്ന് സ്ഥലവും സ്വന്തം കെട്ടിടവും സമ്പാദിക്കാൻ ശ്രമിക്കുകയും ചെയ്യണം. പരിശോധനക്കാവശ്യമായ ടേബിൾ സംഭാവനയായിലഭിക്കാൻ കൂട്ടായ പരിശ്രമംകൊണ്ട് കഴിയും.

പൊതുനിർദ്ദേശങ്ങൾ


1. പ്രഥമികാരോഗ്യകേന്ദ്രത്തിനെന്നപോലെ, ആയുർവേദ ഹോമിയോ ഡിസ്പൻസറികൾക്കും വികസന സമിതികൾ രൂപീകരിക്കണം.
2. രക്തദാനത്തിന് തയ്യാറുള്ള യുവാക്കളുടെ ഒരു ലിസ്റ്റ് ആശുപത്രിയിലും പഞ്ചായത്തിലും സൂക്ഷിക്കണം.
3. മരണാനന്തരം കണ്ണ് ദാനം ചെയ്യുന്ന കാര്യത്തിൽ ബോധവൽക്കരണം നടത്തുകയും നേത്രദാനം മഹാദാനമാണെന്ന് അംഗീകരിക്കുന്നവരുടെ പേർവിവരം ശേഖരിച്ച് വെക്കുകയും വേണം.
4. റെഡ്ക്രോസ് സൊസൈറ്റിയുടെ ഒരു ബ്രാഞ്ച് പഞ്ചായത്തിൽ രൂപീകരിക്കണം.
5. പഞ്ചായത്തിനേറ്തായ ഒരു ആംബുലൻസ് വേണം.
6. സഹകരണാടിസ്ഥാനത്തിൽ ഒരു വിദഗ്ധ ചികിത്സാ സ്ഥാപനം വടക്കഞ്ചേരിയിൽ വേണം.
7. അലോപ്പതി - ആയുർവേദ - ഹോമിയോ ആശുപത്രികളിൽ ചികിത്സക്കെത്തുന്ന ഏറ്റവും പാവപ്പെട്ടവരെ സഹായിക്കുന്നതിന് ഒരു 'നിധി' രൂപീകരിക്കണം. അതിന്റെ ചുമതല ഒരു കമ്മറ്റിക്ക് നൽകണം.

പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ

1. പ്രാഥമിക ആരോഗ്യകേന്ദ്രം, വടക്കഞ്ചേരി.
2. ഗവർമെൻറ് ആയുർവ്വേദ ഡിസ്പെൻസറി, വടക്കഞ്ചേരി.
3. ഗവർമെൻറ് ഹോമിയോ ഡിസ്പെൻസറി, കറ്റുകോട്, വടക്കഞ്ചേരി.
4. ദി മെഡിക്കൽ സെൻറർ, വടക്കഞ്ചേരി. (ഒരു സ്വകാര്യസ്ഥാപനം).
5. ധർമ്മഗിരി സെൻറ് ജോസഫ്സ് ഹോളിസ്റ്റിക് ഹീലിംഗ് സെൻറർ, വള്ളിയോട്. (ഒരു സ്വകാര്യസ്ഥാപനം).

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്

ആരോഗ്യകേന്ദ്രങ്ങൾ





കുടിവെള്ളം

പണ്ടുകാലങ്ങളിൽ കിണറുകളിൽ നിന്നാണ് കുടിവെള്ളം ശേഖരിച്ചിരുന്നത്. കിണറുകൾ വറ്റുന്ന മാസങ്ങളിൽ പുഴ, തോട്, കുളം എന്നിവയുടെ ഉള്ളിലോ, പരിസരത്തോ ചെറു കുഴികളുണ്ടാക്കി വെള്ളം ശേഖരിച്ചിരുന്നു. ഇപ്പോഴും ചില ഭാഗങ്ങളിൽ ശ്രേണി ഉണ്ടാക്കി വെള്ളം ശേഖരിച്ചുവരുന്നുണ്ട്. പൊതുവെ ഈ തരത്തിൽ ഉപയോഗിച്ചിരുന്ന വെള്ളം ശുദ്ധമായിരുന്നില്ല. അന്നുകാലങ്ങളിൽ വെള്ളം ശുദ്ധീകരിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല.

പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ കമ്മ്യൂണിറ്റി ഡെവലപ്മെൻറ് പ്രൊജക്ട് വഴിയും, പിന്നീട് പഞ്ചായത്ത് വഴിയും കുറെ കിണറുകൾ കുഴിച്ചിരുന്നു. ആ കിണറുകൾ മിക്കതും ഏപ്രിൽ, മെയ് മാസങ്ങളിൽ വറ്റി വരണ്ടുപോവുന്നു. മറ്റു സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ജനങ്ങൾ ബുദ്ധിമുട്ടിക്കൊണ്ടിരിക്കുന്നു.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ജലസ്രോതസ്സുകൾ ഒരു നദി, ഒരു നീർച്ചാല്, 103 കുളങ്ങൾ, 1172 കിണറുകൾ, 167 കുഴൽ കിണറുകൾ എന്നിവയാണ്. അതിൽ പുഴയിലേയും, കുളങ്ങളിലേയും വെള്ളം കുടിവെള്ളമായി ഉപയോഗിക്കാൻ പറ്റിയതല്ല. അതാവട്ടെ വേനൽക്കാലങ്ങളിൽ 3-ൽ 2 ഭാഗം വറ്റുന്നവയുമാണ്.


വടക്കഞ്ചേരിയിൽ ഒരു ശുദ്ധജല വിതരണ പദ്ധതി 1980-ൽ നടപ്പാക്കി. 1.2 [illegible] ലിറ്റർ വെള്ളം ദിവസത്തിൽ വിതരണം ചെയ്യാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്.

നാലു പമ്പിംഗ് സ്റ്റേഷനുകളാണുള്ളത്. തങ്കം തിയ്യേറ്റർ, മംഗലം, വടക്കഞ്ചേരി ഗ്രാമം, പാളയം എന്നീ സ്ഥലങ്ങളിൽ

ഒന്ന്, രണ്ട്, മൂന്ന്, നാല്, ഏഴ, എട്ട്, പതിമൂന്ന്, പതിനാറാണ്

വാർഡുകളിൽ ഭാഗികമായി ജലവിതരണം നടത്താനെ ഈ പദ്ധതികൊണ്ട് കഴിയുന്നുള്ളു. തുടക്കത്തിൽ 70% ആളുകളുടെ ആവശ്യം നിർവ്വഹിക്കാൻ ലക്ഷ്യം വെച്ച ഈ പദ്ധതിക്ക് ഇപ്പോൾ 30% ആളുകളുടെ ആവശ്യം പോലും നിറവേറ്റാൻ കഴിയുന്നില്ല. വേനൽക്കാലങ്ങളിൽ പ്രശ്നം വീണ്ടും രൂക്ഷമാണ്. 154 പൊതുടാപ്പുകളും, 555 സ്വകാര്യടുപ്പുകളും നിലവിലുണ്ട്. വോൾട്ടേജ് കുറവ് പമ്പിംഗിന് പ്രതികൂലമായി ബാധിക്കുന്നുണ്ട്. പൊതുടാപ്പുകളിൽ 30 ശതമാനം പ്രവർത്തനരഹിതമാണ്. വിതരണം ദിവസവും ഭാഗികമായി മാത്രം നടക്കുന്നു. വാട്ടർ അതോറിറ്റിയാണ് ശുദ്ധജല വിതരണത്തിൻെറ ചുമതല നിർവ്വഹിക്കുന്നത്. ജലവിതരണം ലഭിക്കുന്നതിൽ ഭൂരിഭാഗവും തൊഴിലാളി വിഭാഗത്തിൽ പെടുന്നവരാണ്. വേനൽക്കാലങ്ങളിൽ രാത്രി 12 മണിക്കു ശേഷമാണ് ജലം വിതരണം നടത്തുന്നത്. പകൽ അദ്ധ്വാനിക്കുന്ന വിഭാഗത്തിന്, കുടിവെള്ളത്തിനുവേണ്ടി രാത്രി മുഴുവൻ ഉറക്കമിളച്ച് കാത്തിരിക്കേണ്ട ഗതികേടിലാണ്. ഇതിന് പരിഹാരമാർഗ്ഗം കാണേണ്ടതാണ്.

മംഗലം ജലസേചന പദ്ധതിയിലെ ജലത്തെ അടിസ്ഥാനപ്പെടുത്തി വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി എന്നീ പഞ്ചായത്തുകളിലെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജല ലഭ്യത ഉറപ്പുവരുത്താൻ ഉദ്ദേശിച്ച് ഒന്നരലക്ഷത്തോളം ജനങ്ങൾക്ക് ദിവസേന 6.25 ദശലക്ഷം ലിറ്റർ വെള്ളം വിതരണം ചെയ്യാൻ 1370 ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതി ജല അതോറിറ്റിയുടെ പരിഗണനയിൽ ഉണ്ടെങ്കിലും അതിപ്പോഴും പ്രാരംഭ റിപ്പോർട്ട് ഘട്ടത്തിൽ ഇരിക്കുന്നതേയുള്ളു. ഈ പദ്ധതിനടപ്പിലാവാൻ വലിയ മുതൽമുടക്കും കൂടുതൽ കാലതാമസവും നേരിടുന്നതിനാൽ പഞ്ചായത്തിലെ കടുത്ത ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള സ്രോതസ്സുകൾ മെച്ചപ്പെടുത്തുകയും, പുതിയ



സ്രോതസ്സുകൾ വികസിപ്പിക്കുകയും ചെയ്തുകൊണ്ട് അഞ്ചുവർഷത്തിനുള്ളിൽ നടപ്പിലാകുന്ന ഒരു പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. വേനൽക്കാലത്ത് വറ്റുന്ന കിണറുകൾ ആഴം കൂട്ടി പുനർനിർമ്മാണം നടത്തി ഉപയോഗപ്രദമാക്കുക.

പുതിയ കിണറുകൾ കുഴിക്കൽ

വാർഡ് 6 - തച്ചുംകുന്ന്, വാരുകുന്ന്, ചുണ്ടക്കാട്, അടിയത്തുപാടം
" 5 - പരുവശ്ശേരി, നെല്ലിയാംമ്പാട്, മുളന്തനോട്
" 9 - പൊത്തപ്പാറ, മുണ്ടോട്ടുകുളമ്പ്
" 12 - പുന്നക്കൽക്കുണ്ട്, എരേശ്ശൻകുളം, ചടച്ചിങ്കൽ പള്ളിയാൽ, പന്നിയങ്കര.
" 11 - മോരാംകുന്ന്, നായർകുന്ന്, പമ്പരംകുന്ന്.
" 10 - മെച്ചിയോട്, നെല്ലിപ്പറമ്പ്, പയ്യക്കുണ്ട് കോളനി, വഴുകക്കോട്, വാവുള്ള്യങ്കാട്, നായ്ക്കത്തറ.
" 3 - പൂക്കോട്, കിഴക്കേകുളം
" 1 - പൂളക്കൽ പറമ്പ്

കുഴൽകിണർ കുഴിക്കേണ്ടത്

വാർഡ് 4 - പൊട്ടക്കുളംപാറ (ചെക്കിണി).
" 5 - കൂമാങ്കോട്, കുന്നംകാട്, കൊളക്കോട്, അടിയത്തപ്പാടം
" 6 - ആയക്കാട് പനക്കപ്പറമ്പ്.
" 7 - കണ്ടംകാളിപ്പൊറ്റ.
" 8 - വടക്കേത്തറ (ചീറമ്പക്കാവ്).
" 10 - നെല്ലിപ്പറമ്പ്, പയ്യക്കുണ്ട് കോളനി, വലിയകുളം, വാവുള്ളിയങ്കാട്, വഴുകക്കോട്, നായ്ക്കത്തറ
" 11 - മുല്ലപ്പള്ളി, ശ്രീരാമ തീയേറ്ററിനു സമീപം, പ്രധാനി, ഹരിജൻ കോളനി.
" 9 - കണക്കൻ തുരുത്തി.
" 12 - ചുവട്ടുംപാടം മിച്ചഭൂമി, തേനിടുക്ക്.
" 7 - കണ്ടംകാളിപ്പൊറ്റ.

നിലവിലുള്ള പൈപ്പ് ലൈൻ ചെറിയ ദൂരത്തിലേക്ക് നീട്ടാനുള്ള സംവിധാനം.

7-ാം വാർഡിൽ കണ്ടംകാളിപ്പൊറ്റ പമ്പ് ഹൗസിൽനിന്ന് തുടങ്ങി വള്ളിയോട് വരെ ഉദ്ദേശം 400 മീറ്റർ.

6-ാം വാർഡിൽ വാരുകുന്നിൽ നിലവിലുള്ള വാട്ടർടാങ്കിനു സമീപമുള്ള ടാപ്പിൽനിന്നും വടക്കഞ്ചേരി പഞ്ചായത്തിലേക്ക് 400 മീറ്റർ വാരുകുന്നു പ്രദേശത്ത് സൗകര്യപ്പെടുത്തണം. ആയക്കാട് മന്ദത്തുനിന്നും ഗ്രാമത്തിലെക്ക് 800 മീറ്റർ നീട്ടിക്കിട്ടണം.

11-ാം വാർഡിൽ എടത്തിലെ പമ്പ് ഹൗസിൽ നിന്ന് നായർകുന്നിലേക്ക് 600 മീറ്റർ പൈപ്പ് ലൈൻ നീട്ടണം. ശാസ്താ സോമില്ലിനു മുന്നിലുള്ള ടാപ്പിൽ നിന്നും വാക്കോട്ടുകുളം ഭാഗത്തേക്ക് 200 മീറ്റർ പൈപ്പ് ലൈൻ നീട്ടണം. വാക്കോട് നിലവിലുള്ള ടാപ്പിൽ നിന്നും മംഗലത്തുപറമ്പ് ഭാഗത്തേക്ക് 200 മീറ്റർ പൈപ്പ് ലൈൻ നീട്ടണം. പ്രധാനി കോളനി ടാപ്പിൽനിന്നും കനാൽ ബണ്ട് റോഡ് 200 മീറ്റർ നീട്ടണം. പാളയം ക്രിസ്ത്യൻ പള്ളിയിലൂടെ ഇരട്ട തെരുവിലേക്ക് ഏകദേശം 132 മീറ്റർ.

അഞ്ചാം വാർഡിൽ വടക്കുപടിഞ്ഞാറെ അതിർത്തിയിൽ നിലവിലുള്ള പൈപ്പ് ലൈൻ ചാമപ്പറമ്പിലേക്ക് നീട്ടിയാൽ ഏതാണ്ട് അമ്പതോളം കുടുംബങ്ങൾക്ക് (ഭൂരിപക്ഷം ഹരിജനങ്ങൾ) കുടിവെള്ളം സുഗമമായി വിതരണം ചെയ്യാൻ കഴിയുന്നതാണ്. 3-ാം വാർഡിൽ കുന്നേങ്കാട് കിഴക്കേക്കളം 250 മീറ്റർ പൈപ്പ് ലൈൻ നീട്ടണം.

നിരുറവകൾ സംരക്ഷിക്കൽ

12-ാം വാർഡിലുള്ള പുഷ്പച്ചാൽ നീരുറവ ശേഖരിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം.

വടക്കഞ്ചേരി പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ മംഗലം പുഴയിൽ തടയണ കെട്ടി ആ ജലം ഉപയോഗിച്ച് പഞ്ചായത്തിലെ അഞ്ച്, ആറ് വാർഡികളിൽ മുഴുവനായും ശുദ്ധജല വിതരണം ഏർപ്പെടുത്തണം.

പ്രശ്നങ്ങൾ

1. വേനൽക്കാലത്ത് കിണറുകൾ മിക്കതും വറ്റിപ്പോകുന്നു.
2. കുഴൽകിണറുകളിൽ വെള്ളം കുറയുന്നു.
3. ചില കുഴൽ കിണറുകളിലെ വെള്ളത്തിന് നിറവ്യത്യാസവും, രുചിവ്യത്യാസവും കാണുന്നു.
4. വോൾട്ടേജിന്റെ കുറവുമൂലം തുടർച്ചയായ പമ്പിംഗ് തടസ്സപ്പെടുന്നു.
5. ജലത്തിന്റെ ദുരുപയോഗം - കുടിവെള്ളം ജലസേചനത്തിനും, വാഹനം കഴുകുന്നതിനും മറ്റും ഉപയോഗിക്കുന്നു.

കേടുവന്ന ടാപ്പുകൾ തക്കസമയത്ത് റിപ്പയർ ചെയ്യാത്തതുകാരണം ധാരാളം ജലം നഷ്ടപ്പെട്ടുപോകുന്നു.

പൈപ്പുകൾ പൊട്ടി ജലത്തിൽ മാലിന്യങ്ങൾ കലരുന്നു.

പരിഹാരം


1. പൊതുകിണറുകൾ മുഴുവൻ ഉപയോഗയോഗ്യമാക്കുക, അത്യാവശ്യസ്ഥലങ്ങളിൽ പുതിയ കിണറുകൾ കുഴിക്കുക.
2. നിറവ്യത്യാസവും, രുചിവ്യത്യാസവും വരുന്ന വെള്ളത്തെ രാസപരിശോധന നടത്തി പരിഹാരമാർഗ്ഗം കണ്ടെത്തുക.
3. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വടക്കഞ്ചേരി 110 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.
4. വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധമാണെന്ന് ഉറപ്പുവരുത്തുക.
5. കേടുവന്ന ടാപ്പുകളും, പൈപ്പുകളും കാലതാമസം കൂടാതെ നേരെയാക്കുക.
6. അത്യാവശ്യസ്ഥലങ്ങളിൽ പുതിയ ടാപ്പുകൾ നിർമ്മിക്കുക.
7. പഞ്ചായത്ത് തലത്തിൽ ജലസംരക്ഷണം ഏറ്റെടുക്കുക.
8. ജലസംരക്ഷണത്തെക്കുറിച്ചും, ജലജന്യരോഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുക. ഇതിനായി വാർഡുതലത്തിലും, പഞ്ചായത്ത് തലത്തിലും ജലസംരക്ഷണ സമിതികൾ രൂപീകരിക്കുക.
9. പൊത്തപ്പാറ വാട്ടർ സപ്ലൈ സ്കീം എത്രയും വേഗം പൂർത്തീകരിക്കണം.
10. മൂച്ചിത്തോടി കോളനിക്ക് N.H. റോഡിന്റെ കൽവർട്ടിന്നടിയിലൂടെ പൈപ്പുലൈൻ എത്തിക്കണം.
11. മംഗലം കമ്മാന്തറയിൽ നിന്ന് മണ്ണാത്തറയിലേക്ക് പൈപ്പുലൈൻ നീട്ടണം.
12. ചെട്ടിത്തറയിൽ നിന്ന് വലിയകുളത്തിലേക്ക് ഒരു പൈപ്പുലൈൻ നീട്ടണം.
13. മംഗലം മിച്ചാരം കോട്ടിലേക്ക് പൈപ്പുലൈൻ നീട്ടണം.

കുടിവെള്ളം

	കിണർ			ടാപ്പ്		
വാർഡ് നമ്പർ	ആഴം കൂട്ടേണ്ടവ	റിപ്പയർ ചെയ്യേണ്ടവ	പുതിയത് നിർമ്മിക്കേണ്ടത്	നീളം കൂട്ടേണ്ടവ		റിപ്പയർ ചെയ്യേണ്ടവ
				ദൂരം	എണ്ണം	
I	17	3	-	300 മീ.	4	7
II	1	1	1	350	4	3
III	1	1	2	300	2	5
IV	3	1	5	400	3	5
V	6	1	5	-	-	-
VI	6	3	6	800	5	-
VII	5	5	10	500	3	3
VIII	5	6	5	500	3	6
IX	4	4	5	-	-	-
X	4	3	9	500	3	5
XI	5	2	5	800	4	7
XII	3	2	5	-	-	-

	കുഴൽ കിണർ		കുളം	തോട്
	ആവശ്യമുള്ളവ	നന്നാക്കേണ്ടവ	നന്നാക്കൽ	നന്നാക്കൽ
I	-	1	3	-
II	-	1	1	400 m
III	-	-	-	-
IV	-	2	5	1 km
V	3	2	5	-
VI	4	-	8	1 km
VII	3	1	13	-
VIII	2	-	7	-
IX	3	-	3	2.5 km
X	2	3	7	3 "
XI	2	-	1	2.5 "
XII	3	-	2	0.5 "

ജലസ്രോതസ്സുകൾ					ടാപ്പുകൾ	
നദി	നീർച്ചാലുകൾ	കുളങ്ങൾ	കിണറുകൾ	കുഴൽകിണറുകൾ	പൊതുടാപ്പുകൾ	സ്വകാര്യടാപ്പുകൾ
1	2	103	1172	167	154	555



ശുചിത്വം

ശുചിത്വത്തിന്റെ കാര്യത്തിൽ പൊതുവെ പ്രസിദ്ധിയുള്ളവരാണ് മലയാളികൾ. വിദ്യാഭ്യാസ കാര്യത്തിലുള്ള മുന്നോക്കാവസ്ഥയാണ് ഇതിനുള്ള പ്രധാന കാരണം. ആരോഗ്യകാര്യങ്ങളിൽ കേരളീയർ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിലാണ്. കുറഞ്ഞ ജനനനിരക്ക്, മരണനിരക്ക്, ശിശുമരണനിരക്ക്, ഉയർന്ന ജീവിത ദൈർഘ്യം എന്നീ കാര്യങ്ങളിലൊക്കെ വികസിത രാജ്യങ്ങളോടു കിടപിടിക്കത്തക്ക നിലയിലേക്ക് നാം വളർന്നുകഴിഞ്ഞിട്ടുണ്ട്. എന്നാൽ രോഗാതുരതയിൽ കേരളീയർ ഭാരതത്തിലെ വിദ്യാഭ്യാസപരമായി വളർച്ചയെത്താത്ത സംസ്ഥാനങ്ങളെക്കാൾ പുറകിലാണ്. ജീവിതഗുണനിലവാരത്തിലും പ്രതിശീർഷ വരുമാനത്തിലും നാം പുറകിലാണ്. രോഗാണുക്കൾക്ക് വളരാനും മറ്റുള്ളവരിൽ രോഗബാധയേല്പിക്കാനും ഉതകുന്ന സാഹചര്യം ഇല്ലായ്മ ചെയ്യുന്ന അവസ്ഥയെ ആണ് പൊതുവിൽ ശുചിത്വം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് രണ്ടുതരത്തിലാണ്. ഒന്ന്, വ്യക്തിശുചിത്വം (Personal Hygiene) രണ്ട്, പരിസര ശുചിത്വം (Environmental Sanitation). ഇതിൽ വ്യക്തിശുചിത്വത്തിന്റെ കാര്യത്തിൽ മലയാളികൾ വളരെ മുൻപന്തിയിലാണ്. കാലത്തെഴുന്നേറ്റ് പല്ലു വൃത്തിയാക്കുക, ശൗചം ചെയ്യുക, കുളിക്കുക, അലക്കിയ വസ്ത്രങ്ങൾ ധരിക്കുക, എന്നിവ മലയാളിയുടെ ജീവിത ദിനചര്യയാണ്. അതുപോലെ കാലത്തും വൈകീട്ടും കുളിച്ചു വൃത്തിയായി ആരാധനാലയങ്ങളിൽ പോവുക. അല്ലെങ്കിൽ കാലും മുഖവും കഴുകി വിളക്കുവെച്ച് സന്ധ്യാനാമം ജപിക്കുക തുടങ്ങിയവയും മലയാളികളുടെ ശുചിത്വബോധം എടുത്തുപറയുന്ന മതാചാരങ്ങളിൽപ്പെടുന്നു. ആർത്തവകാലത്ത് സ്ത്രീകളെ വീടിന് പുറമെ താമസിപ്പിക്കുന്നതും മുടിവെട്ടിച്ചതിനുശേഷവും മരണവീട് സന്ദർശിച്ചതിനുശേഷവും കുളിച്ചതിനുശേഷം മാത്രം വീട്ടിൽ കയറുന്ന ആചാരവും ശുചിത്വത്തിന്റെ ഭാഗമായി ഇപ്പോഴും നിലനിൽക്കുന്നു.

വ്യക്തിശുചിത്വത്തിൽ ഏറെ മുന്നിലാണെങ്കിലും പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ മലയാളികൾ വേണ്ടത്ര ശ്രദ്ധ കാണിക്കാത്ത അവസ്ഥ ഇന്നുണ്ട്. കർഷക ഭവനങ്ങളിൽ കൊയ്ത്തുകാലത്ത് മുറ്റം ചാണകം മെഴുകി വൃത്തിയാക്കുക, മൺപണി ചെയ്യുക, വീട് വെള്ളപൂശി വൃത്തിയാക്കുക തുടങ്ങിയ ആചാരങ്ങൾ പരിസര ശുചീകരണ പ്രക്രിയയുമായി ബന്ധപ്പെട്ട്ഇന്നും ആചരിച്ചുവരുന്നു. കാലവർഷത്തിന്റെ തീവ്രത ആരംഭിക്കുന്ന കർക്കിടക മാസത്തിന്റെ തുടക്കത്തിൽ തന്നെ കർക്കിടക സംക്രമവുമായി ബന്ധപ്പെട്ട വീട് വൃത്തിയാക്കുന്ന ചടങ്ങ് കർഷക ഭവനങ്ങളിൽ ഇന്നും തുടർന്നുവരുന്നു. വൃത്തികേടിനെയും ദാരിദ്ര്യത്തെയും നിർമ്മാർജ്ജനം ചെയ്ത് ശുചിത്വത്തെയും സൗഭാഗ്യത്തെയും വരവേൽക്കുന്ന ഒരു ചടങ്ങാണിത്. വീടിനു പരിസരത്തുള്ള ചപ്പുചവറുകൾ വേനൽക്കാലത്ത് അടിച്ചുവാരി കത്തിച്ച് ശുചിയാക്കുന്ന ചടങ്ങ് ഗ്രാമപ്രദേശങ്ങളിൽ നിലനിന്നിരുന്നു.


വ്യക്തിശുചിത്വത്തിന്റെ കാര്യത്തിൽ കാണിക്കുന്ന ശുഷ്കാന്തി, പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ കാണിക്കാത്ത ഒരവസ്ഥ ഇന്ന് സംജാതമായിരിക്കുന്നു. പട്ടണങ്ങളുടെ ആവിർഭാവത്തോടെ പരിസരങ്ങളിൽ മലിനജലവും ചപ്പുചവറുകളും അടിഞ്ഞുകൂടി മലയാളിയുടെ ശുചിത്വബോധത്തിൽ വലിയ വിള്ളലുണ്ടാക്കി. ഇന്ന്, എവിടെ നോക്കിയാലും മലിനജലവും ചപ്പുചവറുകളും കെട്ടികിടക്കുന്നത് കാണാം. ഇത് ആരുടെയും ശ്രദ്ധയിൽ പെടുന്നില്ല. തന്മൂലം കുടിക്കുന്ന വെള്ളവും ശ്വസിക്കുന്ന വായുവും കഴിക്കുന്ന ആഹാരവും വലിയൊരളവുവരെ മലിനമാവുന്നതുകൊണ്ട് പലതരത്തിലുള്ള സാംക്രമിക രോഗങ്ങൾക്കും സമൂഹം ഇരയാവുന്നു.

ഇതിൽ ഏറ്റവും പ്രധാനം ജലവുമായി ബന്ധപ്പെട്ട പകർച്ചവ്യാധികളാണ്. കോളറ, വയറിളക്കം, ടൈഫോയ്ഡ്, പോളിയോ, മഞ്ഞപ്പിത്തം മുതലായ ഒട്ടനവധി രോഗങ്ങൾ മലിനജലത്തിലൂടെയും മലിനമായ ആഹാരപാനീയങ്ങൾ വഴിയും പകരുന്നവയാണ്. മനുഷ്യന്, വിശേഷിച്ചും ചെറിയ കുട്ടികൾക്ക് ഉണ്ടാവുന്ന പകർച്ചവ്യാധികളിൽ മൂന്നിൽ രണ്ടുഭാഗവും വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും പകരുന്നവയാണ്. രോഗാണുക്കൾ കലരുന്നതുമൂലവും രാസപദാർത്ഥങ്ങൾ കലരുന്നതുമൂലവും ജലം മലിനമാകുന്നു. രോഗാണുക്കൾ കലരാനുള്ള പ്രധാന കാരണം തുറസ്സായ സ്ഥലങ്ങളിലുള്ള മലവിസർജ്ജനമാണ്. മറ്റൊന്ന് ശുദ്ധജല വിതരണത്തിലുള്ള അപാകതകളാണ്. പൊതുവിതരണത്തിനുള്ള വെള്ളം പലപ്പോഴും ശുദ്ധീകരിക്കപ്പെടുന്നില്ല. ജലവിതരണ പൈപ്പുകൾ പൊട്ടുന്നതുമൂലവും കുടിവെള്ളം മലിനമാവുന്നു. കിണറിനു പരിസരത്തുള്ള കുളിക്കൽ, വസ്ത്രം അലക്കൽ, പാത്രം കഴുകൽ, കന്നുകാലികളെ കഴുകൽ മുതലായവയും കുടിവെള്ളം മലിനമാക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കുന്നു. ഇതിനുപുറമേ, കൃഷിക്കുപയോഗിക്കുന്ന കീടനാശിനികളും രാസവളങ്ങളും കുടിവെള്ളത്തെ മലിനമാക്കുന്നുണ്ട്. ഫാക്ടറികളിൽനിന്നും പുറംതള്ളുന്ന അഴുക്കുകൾക്ക് നമ്മുടെ ജലസ്രോതസ്സുകളെ മലിനമാക്കുന്നതിൽ ഒരു സുപ്രധാന പങ്കാണ് ഉള്ളത്. കിണറുകൾക്ക് ചുറ്റുമുള്ള മരങ്ങളിലെ ഇലകൾ വീണ് ചീഞ്ഞളിഞ്ഞതും ശുദ്ധജലം മലിനമാകുന്നുണ്ട്. മഴക്കാലങ്ങളിൽ കാലിവളക്കുഴികളിൽ നിന്നും സമീപത്തെ കിണറുകളിലേക്ക് ചാണകത്തിന്റെ അംശം എത്തുകയും ജലം മലിനമാവുകയും ചെയ്യുന്നുണ്ട്. കർഷക കുടുംബങ്ങളിലാണ് ഈ അവസ്ഥ കൂടുതലുള്ളത്.

വായുമലിനീകരണം പ്രധാനമായും വാഹനങ്ങൾ പുറത്തുവിടുന്നപുക, അനാവശ്യമായ തീകത്തിക്കൽ, ഫാക്ടറികൾ പുറംതള്ളുന്ന പുക, ചപ്പുചവറുകൾ, ഭക്ഷണാവശിഷ്ടങ്ങൾ, പക്ഷിമൃഗാദികളുടെ ശരീരാവശിഷ്ടങ്ങൾ മുതലായവ ചീഞ്ഞ് ഉണ്ടാകുന്ന ദുർഗന്ധം എന്നിവയിൽ നിന്നാണ്. ഇതിനൊക്കെ പുറമെ, മാരകമായ ആരോഗ്യഹാനിക്കും പരിസര മലിനീകരണത്തിനും വലിയൊരളവിൽ കാരണമാവുന്ന ദുശ്ശീലമാണ് പുകവലി.

ഭക്ഷണം മലിനമാകുന്നത് പ്രധാനമായും ഈച്ച മുഖേനയാണ്. ഈച്ചയാവട്ടെ ചപ്പുചവറുകളിൽ നിന്നും ഉത്ഭവിക്കുന്നവയും. രോഗം പരത്തുന്ന ഈച്ചകൾ, നമ്മുടെതന്നെ സൃഷ്ടിയാണ്. നാം കൂട്ടിവെക്കുന്ന മാലിന്യങ്ങളും ചപ്പുചവറുകളുമാണ് ഈച്ചയ്ക്ക് മുട്ടയിട്ട് പെരുകാൻ സുവർണ്ണ സങ്കേതമൊരുക്കുന്നത്. മലത്തിനോടും അതിലുള്ള രോഗാണുക്കളോടും ഈച്ചകൾക്കുള്ള പ്രതിപത്തി മറ്റൊന്നിനോടുമില്ല. മനുഷ്യമലത്തിൽ കിടന്നുരുണ്ട് ശരീരാവയവങ്ങളിൽ പ്രത്യേകിച്ചും കാലുകളിൽ മാലിന്യത്തോടൊപ്പം രോഗാണുക്കളേയും വഹിച്ച് നമ്മുടെയും നമ്മുടെ കുഞ്ഞുങ്ങളുടെയും ആഹാരത്തളികകളിലും പാൽകുപ്പികളിലും ആഹ്ലാദപൂർവ്വം പറന്ന് വന്നിരിക്കുന്ന ഈച്ചകളെ ശത്രുതാപൂർവ്വം കാണുന്ന പതിവ് നമുക്കില്ല. സൂക്ഷ്മമായ ആ കാലുകളിൽ നാം കാണാതെ

രോഗസംക്രമണം



പതിയിരിക്കുന്ന അപകടം കണ്ടെത്താൻ നാം ശ്രമിക്കാറുമില്ല. ലക്ഷക്കണക്കിന് സൂക്ഷ്മരോഗാണുക്കളേയും വഹിച്ചുകൊണ്ടാണ് ഓരോ തവണയും ഈ സുഹൃത്ത് നമ്മെ സന്ദർശിക്കാനെത്തുന്നത്. പഴകിയ ഭക്ഷണം, പ്രത്യേകിച്ചും പഴവർഗ്ഗങ്ങളും, മത്സ്യങ്ങളും അഴുകാതിരിക്കാൻ വേണ്ടി ഉപയോഗിക്കുന്ന കൃത്രിമ രാസപദാർത്ഥങ്ങൾ മുഖേനയും കൈ വേണ്ടത്ര വൃത്തിയാക്കാതെ ഭക്ഷണം കഴിക്കുന്നതുമൂലവും ഭക്ഷണം മലിനമാവാനിടവരുന്നു.

ഇതിനൊക്കെ പുറമെ മണ്ണിന്റെ മലിനീകരണവും മനുഷ്യന്റെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നുണ്ട്. രാസപദാർത്ഥങ്ങൾ, കീടനാശിനികൾ, പ്ലാസ്റ്റിക് വസ്തുക്കൾ മുതലായവയുടെ അമിതമായ ഉപയോഗം മണ്ണിൽ രാസപരമായ മാറ്റത്തിനും ഘടനാവ്യത്യാസത്തിനും ഫലഭൂയിഷ്ടത കുറയാനും ജഡതയുണ്ടാകുവാനും കാരണമാകുന്നു.

പരിഹാരമാർഗ്ഗങ്ങൾ:

വായുമലിനീകരണം തടയുന്നതിനുവേണ്ടി പൊതുസ്ഥലത്ത് തീ കത്തിക്കുന്നത് പരമാവധി കുറയ്ക്കുക, വാഹനങ്ങൾ ഇന്ധനക്ഷമമാക്കുക, വാഹനങ്ങളിൽ നിന്നുള്ള പുക നിയന്ത്രിക്കുക, റബ്ബർ വസ്തുക്കളും പ്ലാസ്റ്റിക്ക് വസ്തുക്കളും കത്തിക്കാതിരിക്കുക, പുകവലി പരിപൂർണ്ണമായും നിയന്ത്രിക്കുക, ചപ്പുചവറുകളും പക്ഷിമൃഗാദികളുടെ ശവശരീരങ്ങളും മറ്റു ജലസ്രോതസ്സുകളിൽ നിന്നും കഴിയുന്നത്ര ദൂരെ മണ്ണിൽ ആഴത്തിൽ കുഴിച്ചുമൂടുക, ഫാക്ടറിയിൽ നിന്നുള്ള പുക, സംസ്ക്കരിച്ചതിനുശേഷം മാത്രം പുറത്തുവിടുക എന്നീ നടപടികൾ സഹായകമാവും.

ജലമലിനീകരണം തടയുന്നതിനായി തുറസ്സായ സ്ഥലങ്ങളിലുള്ള മലവിസർജ്ജനം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി ശുദ്ധജലസ്രോതസ്സുകളിൽനിന്നു നിർദ്ദിഷ്ട അകലത്തിൽ സാനിറ്ററി കക്കൂസുകൾ നിർമ്മിക്കേണ്ടതുണ്ട്. പഞ്ചായത്തിലുള്ള പ്രധാന ശുദ്ധജല സ്രോതസ്സ് കിണറുകൾ ആയതുകൊണ്ട് കിണറുകളുടെ പരിപാലനത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടത് ആവശ്യമാണ്. മലിനജലം കെട്ടിക്കിടക്കുന്ന സ്ഥലത്തുനിന്നും, കക്കൂസ്, കാലിവളക്കുഴി മുതലായവയിൽ നിന്നും വേണ്ടത്ര അകലം കിണറുകൾക്കുണ്ടായിരിക്കണം. കിണറുകൾക്ക് വേണ്ടത്ര ആഴവും (ചുരുങ്ങിയത് ഒരടുക്ക് പാറയെങ്കിലും വെട്ടി താഴ്ത്തിയിരിക്കണം) ആവശ്യമാണ്. എല്ലാ കിണറുകൾക്കും അരമതിലും ഇലകൾ വീഴാതിരിക്കുന്നതിനായി വലയും ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ശുദ്ധജല ആവശ്യത്തിനുള്ള കിണറുകളിൽ ഒരിക്കലും മത്സ്യം വളർത്തരുത്. കിണറിന്റെ പരിസരത്തുള്ള കുളി, വസ്ത്രം കഴുകൽ, പാത്രം കഴുകൽ, കന്നുകാലികളെ കഴുകൽ മുതലായവ നിയന്ത്രിക്കേണ്ടതുണ്ട്. രാസകീടനാശിനികൾക്കും രാസവളങ്ങൾക്കും പകരം ജൈവകീടനാശനികളും ജൈവവളങ്ങളും ഉപയോഗിക്കേണ്ടതും അത്യാവശ്യമാണ്. ഫാക്ടറികളിൽനിന്നും പുറംതള്ളുന്ന മലിനജലം ഒരിക്കലും ജലസ്രോതസ്സുകളിലേക്ക് തള്ളിവിടാൻ പാടില്ല. മലിനജലം ശരിയായി സംസ്ക്കരിക്കാനും മാലിന്യങ്ങൾ നീക്കം ചെയ്ത് കൃഷികൾക്കുപയുക്തമാക്കാനുള്ള സംവിധാനം നിർബന്ധമായും ഓരോ വ്യവസായശാലയിലും ഏർപ്പെടുത്തേണ്ടതാണ്.

മണ്ണിന്റെ മലിനീകരണം മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും പല തരുക്കുരോഗങ്ങൾക്കും കാരണമാവുന്നുണ്ട്. രാസപദാർത്ഥങ്ങളും കീടനാശിനികളും അനിയന്ത്രിതമായി മണ്ണിൽ കലർന്ന് മണ്ണിന്റെ സ്വാഭാവിക ഘടന തകിടംമറിക്കുന്നു. റബ്ബർ വസ്തുക്കളും പ്ലാസ്റ്റിക്ക് വസ്തുക്കളും മണ്ണിൽ നിക്ഷേപിക്കാതെ എല്ലാം സ്വരൂപിച്ച് പുനർനിർമ്മാണത്തിന് (റീസൈക്ലിംഗ്) ഉപയോഗപ്പെടുത്തേണ്ടത് മണ്ണിന്റെ ആരോഗ്യത്തിനും അതിലൂടെ മനുഷ്യന്റെ ആരോഗ്യത്തിനും അത്യാവശ്യമാണ്.

ഈ ഗ്രാമപഞ്ചായത്ത് കാർഷികപ്രധാനമായ ഒരു ഗ്രാമീണ മേഖലയാണ്. പ്രധാനപ്പെട്ട വ്യവസായ സംരംഭങ്ങളൊന്നുംതന്നെ ഇനിയും ആരംഭിക്കാൻ സാധിച്ചിട്ടില്ല. മംഗലം വില്ലേജിൽ വള്ളിയോട്ടുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റാണ് ഈ പഞ്ചായത്തിലെ ആകെയുള്ള വ്യവസായ ശൃംഖല. പിന്നെയുള്ളത് കുറെ റൈസ് മില്ലുകൾ, ഫ്ളോർ മില്ലുകൾ, ഈർച്ച മില്ലുകൾ, തീപ്പെട്ട കമ്പനികൾ എന്നിവ മാത്രം. അതിനാൽ വ്യാവസായിക രംഗത്ത് കൂടപ്പിറപ്പായ മലിനീകരണം ഈ പഞ്ചായത്തിൽ വളരെ കുറവാണ്. അതിവേഗതയിൽ എല്ലാ നിയന്ത്രണങ്ങൾക്കും അതീതമായി ദിവസേന വളർന്നു പെരുകുന്ന വ്യാപാരസ്ഥാപനങ്ങളും അവയിൽ നിന്നുളവാകുന്ന പരിസര പ്രശ്നങ്ങളുമാണ് പ്രധാന പ്രശ്നങ്ങൾ. ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനമാക്കിയല്ല പൊടുന്നനെയുള്ള ഈ വളർച്ച. ജനസാന്ദ്രത കുറഞ്ഞ സമീപ പഞ്ചായത്തുകളുടെ കൂടി വ്യാപാര കേന്ദ്രമായി, ജില്ലയിലെ ജനസാന്ദ്രതയുടെ ഇരട്ടി ഭാരംപേറുന്ന ഈ കൊച്ചു

പട്ടണത്തിന് വ്യാപാരരംഗത്ത് വളരേണ്ടിവന്നപ്പോഴും, ആ വളർച്ച തീരെ അശാസ്ത്രീയമായിപ്പോയി. ഇടതിങ്ങിയ വ്യാപാരസ്ഥാപനങ്ങളും, ഇടുങ്ങിയ പാതകളും, വ്യാപാരസ്ഥാപനങ്ങളോട് ചേർന്ന താമസസ്ഥലങ്ങളും, ചീറിപ്പായുന്ന വാഹനങ്ങളും, ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ബാഹുല്യം കൊണ്ട് വിങ്ങിപ്പൊട്ടുന്ന സമീപസ്ഥ വിദ്യാലയങ്ങളും എന്നിവയൊക്കെ ഈ കൊച്ചുപട്ടണത്തെ വീർപ്പുമുട്ടിക്കുന്നു. കുന്നുകൂടുന്ന ചപ്പുചവറുകളും എവിടെയും കെട്ടിനിൽക്കുന്ന ദുർഗ്ഗന്ധം പരത്തുന്ന മലിനജലവും ടൌൺ പ്രദേശത്തെ നിത്യശല്യങ്ങളാണ്. ടൌണിന്റെ വികസനവും മാലിന്യങ്ങളുടെ വളർച്ചയും അനുസരിച്ച് ശുചീകരണ സംവിധാനം മെച്ചപ്പെട്ടില്ലെന്ന് മാത്രമല്ല, തളരുകയും ചെയ്തു. പൊതുനിരത്തിനിരുവശവും വെള്ളം ഒഴുകിപ്പോകുന്നതിന് പറ്റിയ രീതിയിൽ ഓടകളും നിർമ്മിച്ചിരുന്ന രീതികളും ഇടക്കാലത്ത് നിന്നുപോയി. നിലവിലുള്ളവതന്നെ കാലാകാലങ്ങളിൽ നന്നാക്കുന്ന ജോലിയും ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. ചാലുകളും സ്ലാബിട്ട് മൂടാത്ത കാരണം വ്യാപാരസ്ഥാപനങ്ങളുടെ ചവറ്റുകൊട്ടയായി മാറുകയും, മലിനജലം നൽകുന്ന സംഭാവന കൂടിയാകുമ്പോൾ, പട്ടണത്തിന്റെ സ്വാഭവിക 'സുഗന്ധം' എല്ലാവർക്കും അനുഭവിക്കാൻ പറ്റുകയും ചെയ്യുന്നു. ഈച്ച, കൊതുക് മുതലായ ക്ഷുദ്രജീവികളുടെ വളർച്ചയ്ക്കു ആക്കം കൂട്ടുന്നു. തന്മൂലമുണ്ടാവുന്ന രോഗാതുരതയും വർദ്ധിച്ചുവരുന്നു. വടക്കഞ്ചേരി പഞ്ചായത്തതിർത്തിയിൽ രോഗചികിത്സയ്ക്ക് സൌകര്യമുള്ള അലോപ്പതി സ്ഥാപനങ്ങൾ മൂന്നെണ്ണം മാത്രമാണ്. സർക്കാർ മേഖലയിലുള്ള പ്രാഥമികാരോഗ്യകേന്ദ്രവും സ്വകാര്യമേഖലയിലുള്ള മെഡിക്കൽ സെന്ററും ധർമ്മഗിരി സെന്റർ ജോസഫ്സ് ഹോളി സ്റ്റിക്ക് ഹീലിംഗ് സെന്ററും. ഓരോ വർഷവും രോഗികളുടെ എണ്ണത്തോടൊപ്പം പകർച്ചവ്യാധികളും ബാധിച്ചവരുടെ എണ്ണവും വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. വടക്കഞ്ചേരി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 1994-95ൽ ആകെ 25214 രോഗികൾക്ക് ചികിത്സ നൽകിയപ്പോൾ 1995-96ൽ സംഖ്യ 29367 ആയി ഉയർന്നു. ആദ്യവർഷം പകർച്ചവ്യാധികൾ 4540 ആയിരുന്നത് അടുത്ത വർഷം 4892 ആയി വർദ്ധിച്ചു. ത്വക്രോഗബാധിതരുടെ സംഖ്യ 1612ൽ നിന്ന് 2216 ആയി ഉയർന്നു. ഈ വർദ്ധനവ് ഒട്ടും ആരോഗ്യകരമല്ല. ആധുനിക വൈദ്യശാസ്ത്രത്തിന്റെ കഴിവ് വർദ്ധിച്ചിരിക്കുകയും നമ്മുടെ ശുചിത്വബോധം ഉയർന്നതാണെന്ന് നാം അഭിമാനിക്കുകയും ചെയ്യുമ്പോൾ പകർച്ചവ്യാധികളുടെ ഈ വർദ്ധനവ് എങ്ങനെ ന്യായീകരിക്കാനാവും? സ്വകാര്യമേഖലയിലെ കണക്കുകളും ഇതേ രീതിയിൽ തന്നെയാണ്.

പരിഹാര മാർഗ്ഗങ്ങൾ

1. ദ്രവമാലിന്യങ്ങളിൽ നിന്ന് നഗരത്തെ രക്ഷിക്കുന്നതിന് സമ്പൂർണ്ണമായ ഡ്രെയിനേജ് സിസ്റ്റം നടപ്പിലാക്കണം.
2. ഖരമാലിന്യങ്ങൾ ഇൻസിനറേറ്റർ ഉപയോഗിച്ച് കത്തിച്ചുകളയുകയോ, വളമാക്കി മാറ്റുകയോ ചെയ്യാം. വളമാക്കി മാറ്റുന്നുവെങ്കിൽ പഞ്ചായത്തിന് വരുമാനമാർഗ്ഗവും ആവും.
3. ശുചിത്വകാര്യങ്ങളിൽ പൊതുകേന്ദ്രങ്ങളിലും വിദ്യാലയങ്ങളിലും ബോധവൽക്കരണം നടത്തണം.

പട്ടിക

			ആകെ രോഗികൾ	പകർച്ച വ്യാധി	ത്വക്ക് രോഗം
1.	വടക്കഞ്ചേരി പ്രാഥമികാരോഗ്യകേന്ദ്രം, (സർക്കാർ സ്ഥാപനം)	1994-95	25214	4540	1612
		1995-96	29367	4892	2216
2.	മെഡിക്കൽ സെന്റർ, വടക്കഞ്ചേരി (സ്വകാര്യസ്ഥാപനം)	1994-95	20710	275	310
		1995-96	21815	300	320
3.	ധർമ്മഗിരി സെന്റർ ജോസഫ്സ് ഹോളിസ്റ്റിക് ഹീലിംഗ് സെന്റർ (സ്വകാര്യസ്ഥാപനം)	1994-95	14813	232	180
		1995-96	15144	300	196

വനിത ക്ഷേമം

പുരാതനകാലം മുതൽക്കെ സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം ലഭിച്ചിരുന്ന നാടാണ് നമ്മുടേത്. നമ്മുടെ പുരാണങ്ങളിലെ പാതിവ്രത്യത്തിന്റെ പ്രതീകമായ സീതാദേവിയും, ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ ത്സാൻസിറാണിയും, വടക്കൻപാട്ടുകളിലെ ഉണ്ണിയാർച്ചയും ഇതിന് മാതൃകകളാണ്.

ദാമ്പത്യജീവിതത്തിൽ തുല്യസ്ഥാനം ഉണ്ടെന്ന് തെളിയിക്കുന്നതിന് ഒരു ഉദാഹരണമാണ് പുരാണങ്ങളിൽ പറയുന്ന അർദ്ധനാരീശ്വരൻ. പിന്നീട് പുരുഷമേധാവിത്വം വർദ്ധിക്കുകയും സമത്വത്തിൽ നിന്ന് സ്ത്രീ പിൻതള്ളപ്പെടുകയും ചെയ്തു. തന്മൂലം സ്ത്രീ സ്വാതന്ത്ര്യം തടസ്സപ്പെട്ടു.

ബാല്യവിവാഹം നടന്നിരുന്ന കാലഘട്ടങ്ങളിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രായപൂർത്തിയാകുന്നതുവരെ മാത്രമെ ഉണ്ടായിരുന്നുള്ളൂ. അതിനു ശേഷം പെൺകുട്ടികൾക്കായുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുകയും കൂടുതൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുകയും ചെയ്തു. അതിന് ഒരു ഉദാഹരണമാണ് നമ്മുടെ പഞ്ചായത്തിൽ കമ്മാന്തറയിലെ സരസ്വതിവിലാസം (S.V.U.P.) യു.പി. സ്കൂൾ. പഞ്ചായത്തിൽ പ്രൈമറി വിഭാഗത്തിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവാണ്. എന്നാൽ ഹൈസ്കൂൾ വിഭാഗത്തിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കൂടുതലാണ്. അതിനു കാരണമായി കാണുന്നത് പെൺകുട്ടികൾക്കായിട്ടുള്ള ഹൈസ്കൂൾ ഉണ്ട് എന്നുള്ളതാണ്.

മറ്റുള്ള തൊഴിൽമേഖലകളിൽ സ്ത്രീപങ്കാളിത്തം കുറവാണെങ്കിലും അദ്ധ്യാപനരംഗത്ത് പുരുഷന്മാരെക്കാൾ വനിതകൾ മുൻപന്തിയിലാണ്. ഈ പഞ്ചായത്തിൽ 75 അദ്ധ്യാപകരും 216 അദ്ധ്യാപികമാരും ഉണ്ട്.


പഞ്ചായത്തിൽ സ്ത്രീ സാക്ഷരതാ നിരക്ക് 73.89ഉം, പുരുഷന്റേത് 87.28ഉം ആണ്. സാക്ഷരതാരംഗത്ത് സ്ത്രീ, പുരുഷനോടൊപ്പം എത്തണമെങ്കിൽ അതിന് ഒരു പരിഹാരമായി നിർദ്ദേശിക്കാവുന്നത് പ്രൈമറി വിദ്യാലയങ്ങളിൽ പെൺകുട്ടികൾ കൂടുതലായി എത്തിച്ചേരുകയും കൊഴിഞ്ഞുപോക്ക് തടയുകയും ചെയ്യണം എന്നുള്ളതാണ്.

പട്ടിക 1

പ്രൈമറി വിഭാഗം				
നമ്പർ	പൊതുവിദ്യാഭ്യാസം		അനംഗീകൃത വിദ്യാലയം	
	ആൺ	പെൺ	ആൺ	പെൺ
1	2448	2312	924	881

പട്ടിക 2

ഹൈസ്കൂൾ വിഭാഗം		
നമ്പർ	ആൺ	പെൺ
2	540	1238



ജനസംഖ്യയുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം 16,127 ആയിരിക്കുമ്പോഴും പുരുഷന്മാരുടെ എണ്ണം 15,343 മാത്രമാണ്. സ്ത്രീകളുടെ എണ്ണം പുരുഷന്മാരെക്കാൾ (784) കൂടുതലാണ്. ആയിരം പുരുഷന്മാർക്ക് ആയിരത്തി അമ്പത്തി ഒന്നു വീതം സ്ത്രീകളുണ്ട്.

40 വർഷങ്ങൾക്കുമുമ്പ് കാർഷികരംഗത്ത് സ്ത്രീകൾക്കുണ്ടായിരുന്ന പങ്കാളിത്തം ഇന്നില്ല. കാർഷികരംഗത്തെ മുരടിപ്പും കൂലികുറവും കാരണം മറ്റു മേഖലകളിൽ തൊഴിൽ അന്വേഷിച്ചുപോകുന്ന പ്രവണത ഇന്ന് നിലവിലുണ്ട്. മറ്റു തൊഴിൽ മേഖലകൾക്ക് ഉദാഹരണമായി ഇഷ്ടികപണി കെട്ടിട നിർമ്മാണം കാറി പണി മുതലായവയാണ്. ഇതിനു പരിഹാര മായി ബോധവൽക്കരണം നടത്തി അവരെ കാർഷികമേഖലക്ക് തിരിച്ചുകൊണ്ടുവരികയും, തുല്യ ജോലിക്ക് തുല്യവേതനം എന്ന വ്യവസ്ഥിതി ഉണ്ടാവുകയും ചെയ്താൽ കാർഷികമേഖലയിലുള്ള അഭിവൃദ്ധി ക്കും തൊഴിലാളികളുടെ ക്ഷേമത്തിനും അനുഗുണമായിരിക്കും.

ചെറുകിട വ്യവസായ മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ 80 സ്ത്രീകൾ ജോലിചെയ്യുന്നു. D.W.C.R.A. എന്ന പദ്ധതി പ്രകാരം 5 തൊഴിൽ യൂണിറ്റുകളും W.I.P. പദ്ധതി പ്രകാരം ഒരു യൂണിറ്റും പ്രവർത്തിക്കുന്നു. രണ്ടാം വാർഡിലുള്ള മുളപ്പണി യൂണിറ്റിൽ 20 പേരും, മൂന്നാം വാർഡിലെ പ്രിൻറിംഗ് പ്രസ്സ് യൂണിറ്റിൽ 10 പേരും 5-ാം വാർഡിലെ പായ നെയ്ത്ത് യൂണിറ്റിൽ 20 പേരും പശു വളർത്തൽ യൂണിറ്റിൽ 15 പേരും 9-ാം വാർഡിലെ കറി പൗഡർ യൂണിറ്റിൽ 10 പേരും 8-ാം വാർഡിലെ W.I.P. യൂണിറ്റിൽ 5 പേരും തൊഴിൽ ചെയ്യുന്നു.

ചെറുകിട വ്യവസായ രംഗങ്ങളിൽ സ്ത്രീകളുടെ തൊഴിലുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ട്രൈസം പരിപാടി മുഖേന പരിശീലനം നൽകുകയും ചെയ്യണം. ആടുവളർത്തൽ, പശുവളർത്തൽ, മത്സ്യകൃഷി, ഔഷധ സസ്യകൃഷി, പൂന്തോട്ടകൃഷി, പച്ചക്കറി കൃഷി, കൂൺകൃഷി, തീറ്റപുൽകൃഷി, കുറ്റിമുല്ല കൃഷി, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, അച്ചാർ, പപ്പടം, കൊണ്ടാട്ടം, പലഹാരങ്ങൾ എന്നിവയുടെ നിർമ്മാണം സ്ത്രീകൾക്കു മാത്രമായി കൊണ്ടു നടത്തുന്ന കാൻറീനുകൾ, പരമ്പരാഗതമായുള്ള തൊഴിലുകൾ, കൈത്തറി വ്യവസായം, പട്ടുനൂൽകൃഷി, തേനീച്ച വളർത്തൽ, സ്വർണ്ണപണി, ആശാരിപണി തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ രൂപീകരിക്കുവാനുള്ള പരിശ്രമങ്ങൾ വേണ്ടവിധത്തിൽ നടത്തുകയും അതിനുവേണ്ടി ധനസഹായം ലഭിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുകയും വേണം. മഹിളാസമഖകരണ സംഘങ്ങൾ ഉണ്ടാക്കുകയും അതു മുഖേന വിപണന കേന്ദ്രങ്ങൾ കണ്ടെത്തുകയും ചെയ്യണം. സ്ത്രീകൾക്കുവേണ്ടി ചെയ്യുന്ന പദ്ധതികൾ മഹിളാസമാജങ്ങളെ ചുമതലപ്പെടുത്തി ചെയ്യുമ്പോൾ ഗുണഭോക്താക്കൾക്ക് ചോർച്ച ഇല്ലാത്ത രീതിയിൽ പ്രയോജനപ്പെടുത്താൻ സാധിക്കും. ഐ.ആർ.ഡി.പി. പോലുള്ള വിപണനമേളകൾ സംഘടിപ്പിക്കുകയും ജോലിചെയ്യുന്ന സ്ത്രീകളുടെ കുട്ടികളെ നോക്കുന്നതിനുവേണ്ടിയുള്ള ക്രെഷുകൾ പഞ്ചായത്തിൽ വാർഡുതലത്തിൽ ഉണ്ടാക്കുകയും ചെയ്യണം. സ്ത്രീകളുടെ പേരിൽ നിർബന്ധ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കണം.

ആരോഗ്യരംഗത്ത് പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ വളരെയധികം ദയനീയാവസ്ഥയിലാണ്. സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യസംരക്ഷണ കാര്യത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് സുപ്രധാനമായ പങ്കാണുള്ളത്. നമ്മുടെ പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും അതിൻെറ കീഴിൽ പ്രവർത്തിക്കുന്ന ആറു സബ്സെൻററുകളും ഉണ്ട്. സബ്സെൻററിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നെഴ്സ് തസ്തിക സ്ത്രീകൾക്കുവേണ്ടി മാത്രം സംവരണം ചെയ്തതാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ രണ്ടു ഡോക്ടർമാർ വനിതകളാണ്. ഫീൽഡുവിഭാഗം തസ്തികകളിൽ പ്രധാനപ്പെട്ട രണ്ടു ഹെൽത്ത് സൂപ്പവർവൈസർമാർ സ്ത്രീകളാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ കീഴിൽ ആയിരംപേർക്ക് ഒരു മഹിളാ സ്വാസ്ത് സംഘം (M.S.S.) നിലവിൽ ഉണ്ട്. ആയിരംപേർക്ക് 15 സ്ത്രീകൾ അംഗങ്ങൾ ആയിട്ടുള്ള ഒരു മഹിളാ സ്വാസ്ത് സംഘവും പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യരംഗത്ത് സബ്സെൻററുകൾ കൂടുകയാണെങ്കിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കും. ഇന്നു നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങളിലുള്ള സ്ഥിതി വളരെ ശോചനീയാവസ്ഥയിലാണ്. സ്റ്റാഫിൻെറ കുറവുകൊണ്ടും മരുന്നുകളുടെ ലഭ്യത കുറവുകൊണ്ടുമാണ് ഈ സ്ഥിതിവിശേഷം വന്നിട്ടുള്ളത്.

ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, ഫാർമസിസ്റ്റ് മുതലായ തസ്തി

കകളിലേക്കുള്ള തിരഞ്ഞെടുപ്പിൽ സ്ത്രീകൾക്കു മുൻഗണന നൽകണം. കുടുംബാസൂത്രണരംഗത്ത് പുരുഷന്മാരെക്കാൾ സ്ത്രീകളാണ് ശസ്ത്രക്രിയക്ക് വിധേയരാകുന്നത്. ആ നിലപാട് മാറി പുരുഷന്മാർ ഇതിനു മുമ്പോട്ടു വരുന്നതിനുവേണ്ടി ബോധവൽക്കരണം നടത്തണം. ഉദ്യോഗസ്ഥകളായ സ്ത്രീകൾക്ക് ആദ്യത്തെ രണ്ടു പ്രസവത്തിന്, നൽകുന്ന പ്രസവാവധി മൂന്നുമാസം എന്നത് 4 മാസമാക്കണം. ശിശുക്ഷേമത്തിനുവേണ്ടി ഇപ്പോൾ നടത്തിവരാറുള്ള പദ്ധതികൾ കൂടുതൽ വിപുലമായ രീതിയിൽ നടപ്പിലാക്കണം. ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളിലെ ഗർഭിണികൾക്ക് പോഷകാഹാരക്കുറവ് നികത്തുന്നതിനുവേണ്ടിയും, അതുപോലെതന്നെ പ്രസവശേഷം കുഞ്ഞിനും അമ്മയ്ക്കുമുള്ള മരുന്നുകൾ സൗജന്യമായി ലഭിക്കുന്നതിനു വേണ്ടിയുമുള്ള നടപടികൾ ഉണ്ടാകണം. പ്രസവശേഷം മൂന്നാഴ്ചയെങ്കിലും സൗജന്യറേഷൻ അനുവദിക്കണം. നേത്രചികിത്സാ ക്യാമ്പ്, കുടുംബാസൂത്രണ ക്യാമ്പുകൾ മുതലായവ പഞ്ചായത്തിൽ വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും സംഘടിപ്പിക്കേണ്ടതാണ്. ഇതിലേക്ക് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളേയും പങ്കെടുപ്പിക്കുന്നതിനു വേണ്ടി വിപുലമായ രീതിയിൽ പ്രചരണം നടത്തുകയും ബോധവൽക്കരണം നടത്തുകയും വേണം. സാമൂഹിക സന്നദ്ധ സംഘടനകളെല്ലാം ഇതിന് തയ്യാറായി മുന്നോട്ടുവരേണ്ടതാണ്.

പുരുഷന്മാരിലുള്ളപോലെ തന്നെ സ്ത്രീകളിലും മദ്യപാനം, പുകവലി ശീലം വെറ്റില മുറുൽ തുടങ്ങിയവ ചെറിയ തോതിൽ കണ്ടുവരുന്നുണ്ട്. ക്യാൻസർ, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, തുടങ്ങിയവ വ്യാപകമായി സ്ത്രീകളിൽ കണ്ടുവരുന്നുണ്ട്. അതു തടയുന്നതിനുവേണ്ടി സമ്പൂർണ്ണ മദ്യനിരോധനം പോലെയുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്. ഇന്നുവരെ മരുന്നു കണ്ടുപിടിക്കാത്ത മാരകരോഗമായ എയ്ഡ്സ് നമ്മുടെ കേരള സംസ്ഥാനത്തിലും കണ്ടുവരുന്നുണ്ട്. ഇത്തരം രോഗങ്ങളെക്കുറിച്ച് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും പഞ്ചായത്തുതലത്തിൽ ആരോഗ്യ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

വാർഡുതലങ്ങളിൽ മാസത്തിൽ ഒരു തവണയെങ്കിലും സ്ത്രീകളെ വൈദ്യപരിശോധനക്ക് വിധേയരാക്കേണ്ടതുണ്ട്. കാരണം, അപകടകരമായ തൊഴിലുകളിൽപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് പലതരത്തിലുള്ള രോഗങ്ങളും കണ്ടവരുന്നുണ്ട്. സാമ്പത്തിക പരിമിതികൾ കാരണം തുടക്കത്തിലെ ചികിത്സിക്കാൻ കഴിയാത്തതുമൂലം രോഗം മൂർച്ചരിക്കുകയും ആൾ നഷ്ടവും സാമ്പത്തിക നഷ്ടവും സംഭവിക്കുകയും ചെയ്യുന്നു.

മദ്യപാനം പോലെതന്നെ സമൂഹത്തിൽ ഏറ്റവും കൂടുതൽ ഭീഷണി നേരിടുന്ന ഒന്നാണ് മയക്കുമരുന്ന്. പ്രത്യേകിച്ച് സ്കൂൾ, കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്ന പെൺകുട്ടികളാണ് കൂടുതലായി ഇതിന് അടിമപ്പെട്ടുവരുന്നത്. മയക്കുമരുന്നിനെതിരെ ബോധവൽക്കരണ ക്ലാസ്സുകളും ചിത്രപ്രദർശനങ്ങളും പഞ്ചായത്തുതലത്തിൽ നടത്തി ഇതിനെതിരെ പ്രവർത്തിക്കേണ്ടതാണ്.

വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾ പുരോഗതിയുടെ പാതയിലാണെങ്കിലും സ്ത്രീധനപീഡനം, ലൈംഗീക പീഡനം, സ്റ്റൗ പൊട്ടിത്തെറിച്ചുള്ള മരണം, ആത്മഹത്യ, കൊലപാതകങ്ങൾ ഇവയെല്ലാം ദിവസംതോറും കൂടിവരികയാണ്. കൊച്ചുകുട്ടികൾക്കുപോലും ഭീഷണിയായി ലൈംഗീകാക്രമണം, നീലചിത്ര നിർമ്മാണം തുടങ്ങിയവ നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുകയാണ്. സ്ത്രീകളുടെ ശാരീരികമായ ദൗർബല്യം, സാമൂഹികമായ ശക്തികുറവ് എന്നിവ ഇത്തരം പീഡനങ്ങൾക്ക് വഴിയൊരുക്കുന്നു.

വളരെ കുട്ടിയായിരിക്കുമ്പോൾ തന്നെ ആൺകുട്ടികളിൽ നിന്നും വിഭിന്നമായി പെൺകുട്ടികളെ വേർതിരിച്ചുകാണുന്ന പ്രവണത മാതാപിതാക്കളിൽ കണ്ടുവരുന്നുണ്ട്. ഇതുമൂലം അവരുടെ കഴിവുകൾ വികസിക്കുന്നതിനു പകരം സമൂഹത്തിൽ നിന്നും വേർപെട്ട് ചിന്തിക്കുന്നതിനും വളരുംതോറും മാനസികമായി അബലയാണെന്ന് സ്വയം വിലയിരുത്തുന്നതിനും പരാശ്രയം കൂടാതെ ജീവിക്കാൻ പ്രാപ്തയല്ല എന്ന തോന്നൽ ഉണ്ടാവുന്നതിനും ഇടയാകുന്നു. ആൺകുട്ടികളെ പോലെതന്നെ പെൺകുട്ടികൾക്കും എല്ലാ കാര്യത്തിലും തുല്യമായ പ്രോത്സാഹനം കൊടുത്താൽ പുരുഷനെ പോലെതന്നെ സ്ത്രീക്കും സ്വന്തം കാലിൽ നില്ക്കുവാനുള്ള ശേഷി കൈവരുന്നു.

സ്ത്രീധന നിരോധനം നിയമംമൂലം നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും സ്ത്രീധനപീഡനവും അതുമൂലമുള്ള ആത്മഹത്യയും കൊലപാതകവും വളരെയേറെ കൂടിവരുന്നുണ്ട്. സ്ത്രീധന നിയമം കൂടുതൽ കർശനമാക്കേണ്ടതാണ്. സ്ത്രീപീഡനത്തിനെതിരെ

വിമൻസ് കമ്മീഷൻ ഉണ്ടെങ്കിലും അത് പഞ്ചായത്തു തലത്തിൽ ഉണ്ടാകുകയും മഹിളാസംഘടനകൾ, മഹിളാസമാജങ്ങൾ തുടങ്ങിയവയെ ഇതിൽ ഉൾപ്പെടുത്തുകയും വേണം.

സ്വയം സഹായ നിയമസാക്ഷരത പഞ്ചായത്തു തലത്തിൽ നടത്തണം. ഇതുമൂലം നിയമസാദ്ധ്യതകളെ കുറിച്ച് സ്ത്രീകൾക്ക് മനസ്സിലാക്കുന്നതിന് സഹായിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന അഞ്ച് മഹിളാസമാജങ്ങളുണ്ട്. മൂന്നാം വാർഡിൽ നായർ തറയിലുള്ള കൈരളി മഹിളാസമാജം, എട്ടാം വാർഡിലുള്ള അർച്ചനാ മഹിളാസമാജം, ഒമ്പതാം വാർഡിലുള്ള കീർത്തി മഹിളാസമാജം, ജോസ് ഗിരി, ജനയുഗം പൊത്തപാറ, പ്രതിഭാ മഹിളാസമാജം കണക്കൻ തുരുത്തി എന്നിവയാണവ.

ഓരോ അംങ്കൺവാടിയിലും ഓരോ മഹിളാസമാജം വീതം ഉണ്ട്. എന്നാൽ അംങ്കൺവാടിയുമായി ബന്ധപ്പെട്ട മഹിളാസമാജങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

സമൂഹത്തിലുള്ള ഒട്ടേറെ അനാചാരങ്ങൾ നിമിത്തം ദാമ്പത്യജീവിതം പരാജയപ്പെട്ടുപോകുന്ന ഒരവസ്ഥയുണ്ട്. ഉദാഹരണത്തിന് വിവാഹം, പ്രസവം തുടങ്ങിയ കാര്യങ്ങൾക്ക് സാമ്പത്തിക ബാദ്ധ്യതകൾ വരികയും അനാവശ്യചെലവുകൾ നടത്താൻ നിർബന്ധിതരാവുകയും മാനസികമായും, ശാരീരികമായും ഇതുമൂലം പീഡനം ഏല്ക്കേണ്ടിവരികയും ചെയ്യുന്നു.

നിയമപരമായി വേണ്ടത്ര വിജ്ഞാനം ഇല്ലാത്തതിനാൽ പുരുഷനോടൊപ്പം തന്നെ സ്ത്രീക്കും തുല്യാവകാശം ഉണ്ട് എന്നുള്ളത് മനസ്സിലാക്കാതിരിക്കുകയും അവർക്ക് അതിന് അർഹതയുണ്ടെങ്കിലും അത് ലഭിക്കാതിരിക്കയും ചെയ്യുന്നു. പലതരത്തിലുള്ള പീഡനങ്ങൾ ഏല്ക്കേണ്ടിവന്നാലും അത് തുറന്നു പറയാനുള്ള വേദികളോ അവസരങ്ങളോ ലഭിക്കാത്തതുമൂലവും നിയമപരമായിട്ടുള്ള ശിക്ഷാനടപടികൾ വേണ്ടത്ര കാര്യക്ഷമമല്ലാത്തതുകൊണ്ടും ഭാവിയിൽ അവൾ സമൂഹത്തിൽ നിന്നും പിന്തള്ളപ്പെടും എന്നുള്ള മാനസീകപ്രയാസം മൂലവും സ്ത്രീകൾ നേരിടുന്ന പല പീഡനങ്ങളും പുറത്തറിയാതെ വരികയും ചെയ്യുന്നു. അതുകൊണ്ട് ഈ പീഡനങ്ങൾക്ക് അറുതി വരുത്തുവാൻ സാധിക്കാതെ വരുന്നു.

കുടുംബത്തിൽ സംരക്ഷണത്തിന് ആരും ഇല്ലാതെ അവശത അനുഭവിക്കുന്നവർക്കും അനാഥരായിട്ടുള്ള വൃദ്ധസ്ത്രീകൾക്കും പഞ്ചായത്തിൽ ഒരു വൃദ്ധസദനം ആരംഭിക്കേണ്ടതാണ്.

ഊർജ്ജസംരക്ഷണത്തിനും പുകശല്യത്തിൽ നിന്നും രോഗങ്ങളിൽ നിന്നും വീട്ടമ്മമാരെ രക്ഷിക്കുന്നതിനുവേണ്ടി ചിലവുകുറഞ്ഞ പുകയില്ലാത്ത അടുപ്പ് പഞ്ചായത്തിൽ മുഴുവൻ വീടുകളിലും സ്ഥാപിക്കുന്നതിന് സംഘടിതമായ ശ്രമം വേണം. ഗ്രാമങ്ങളിൽ മിക്ക വീടുകളിലും പ്രാകൃതമായ വിറകടുപ്പുകളാണ് ഉപയോഗിക്കുന്നത്. ഇത്തരം അടുപ്പുകളിൽ കത്തിക്കുന്ന വിറകിൽ നിന്നും ലഭിക്കുന്ന ചൂടു മുഴുവനും ഉപയോഗപ്രദമാകുന്നില്ല. പുകയില്ലാത്ത അടുപ്പുമൂലം അടുപ്പിന്റെ ദക്ഷത രണ്ടോ മൂന്നോ മടങ്ങ് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞാൽ അതുകൊണ്ടുള്ള നേട്ടം വളരെയേറെയാണ്. ഊർജ്ജക്ഷാമം, സാമ്പത്തീകനേട്ടം, സ്ത്രീകളുടെ ആരോഗ്യം തുടങ്ങിയ വിഷയങ്ങൾ മുൻനിർത്തി വ്യാപകമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. അംങ്കൺവാടി തലത്തിൽ വീടുവീടാന്തരം സന്ദർശിച്ച് പ്രചരണം നടത്തണം.

സാസ്കാരിക രംഗത്ത് മഹിളാസമാജങ്ങൾ മറ്റു മഹിളാസംഘടനകൾ തുടങ്ങിയവയുടെ സംഭാവനകൾ നമ്മുടെ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. കലാകായിക രംഗങ്ങൾക്ക് വനിതകൾക്ക് മുൻതൂക്കം നൽകി പരിശീലനം കൊടുക്കുകയും നാടൻ കലകൾ മറ്റു സാസ്കാരിക പൈതൃകം നിലനിർത്തുന്ന കലകൾ തുടങ്ങിയവ നിലനിർത്തുന്നതിന് പഞ്ചായത്തു തലത്തിൽ നടപടി എടുക്കുകയും ചെയ്യണം. കേരളോത്സവം വളരെ വിപുലമായ രീതിയിൽ പ്രചരണത്തോടുകൂടി നടത്തണം. സ്ത്രീ സമൂഹത്തിൽ ദുർബല വിഭാഗത്തിൽ ഉൾപ്പെടുന്നതുകൊണ്ട് ഒരു പ്രത്യേക പരിഗണന നൽകിയാലല്ലാതെ അവരുടെ പദവി ഉയർത്താൻ കഴിയുകയില്ല. അതിനുവേണ്ടി ഇപ്പോൾ ചെയ്യാവുന്നത് വിവിധ തലത്തിലുള്ള സംവരണം നടപ്പിലാക്കലാണ്. അതിന്റെ ഭാഗമായിട്ടാണ് പഞ്ചായത്ത്രാജ് നിയമപ്രകാരമുള്ള തിരഞ്ഞെടുപ്പുകളിൽ വനിതകൾക്ക് മൂന്നിൽ ഒന്ന് സംവരണം ഏർപ്പെടുത്തിയത്.

നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള പന്ത്രണ്ടു നിയോജക മണ്ഡലങ്ങളിൽ രണ്ടെണ്ണം വനിതകൾക്ക് സംവരണം ചെയ്തിരിക്കുന്നു ഈ അനുപാതത്തിൽ സംസ്ഥാന നിയമസഭകളിലേക്കും പാർലിമെൻറിലേക്കും സംവരണം നൽകാനുള്ള ശ്രമങ്ങളും വിജയി




പ്പിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ ജനസംഖ്യയിൽ പകുതിയിൽ ഏറെ വരുന്ന വനിതകൾക്ക് ആനുപാതികമായി സംവരണം നൽകേണ്ടതുണ്ട്. ഒരു തുടക്കം എന്ന നിലയിലാണ് മൂന്നിൽ ഒന്ന് എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

സ്ത്രീവിദ്യാഭ്യാസം എല്ലാ തലത്തിലും സൗജന്യമാക്കുക, ഉദ്യോഗങ്ങളിൽ ജനസംഖ്യാനുപാതികമായ സംവരണം ഉറപ്പുവരുത്തുക എന്നീ നടപടികളും സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്നതിനു വേണ്ടി സ്വീകരിക്കാവുന്നതാണ്. സ്ത്രീകളുടെ സർവ്വതോന്മുഖമായ ഉന്നമനം ലക്ഷ്യംവെച്ച് പ്രവർത്തിക്കുന്ന ഒരു വനിതാക്ഷേമ ഉപദേശക സമിതിയും സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങളിലും പീഡനങ്ങളിലും ഉചിതമായ നിയമനടപടി സ്വീകരിക്കുവാൻ അധികാരമുള്ള കുടുംബകോടി സ്ഥാപിക്കുന്നതും സ്ത്രീകൾക്ക് ഏറെ ആത്മവിശ്വാസം നൽകാനും സമൂഹത്തിൽ പുരുഷനോടൊപ്പം സ്ത്രീകളുടെ പദവി ഉയർത്തുവാനുമുള്ള ശ്രമങ്ങൾക്കും ആക്കം കൂട്ടും.

സ്ത്രീകളെ സംബന്ധിച്ചിടത്തോളം വാസനാസമ്പത്തുള്ളവരും ഭാവനാശേഷിയുള്ളവരുമായ കുറച്ചുപേരെങ്കിലും ഈ രംഗത്തുണ്ടെന്ന് വടക്കഞ്ചേരി സരസ്വതിവിലാസം യു.പി. സ്കൂളിൽ ഇക്കഴിഞ്ഞ ഒക്ടോബർ മാസത്തിൽ നടത്തിയ ജില്ലാ ചെറുകഥാ ക്യാമ്പ് തെളിയിച്ചു. തിരഞ്ഞെടുക്കപ്പെട്ട ചെറുകഥാകൃത്തുക്കളിൽ രണ്ടുപേരെങ്കിലും സ്ത്രീകളായിരുന്നു എന്ന വസ്തുത ശുഭോദർക്കമാണ്. അവസരം വേണ്ടത്ര ലഭിച്ചാൽ അവർക്ക് ഇനിയും മുന്നേറാൻ കഴിയും.

പരിഹാരം/നിർദ്ദേശം

1. വനിതകൾക്ക് അവകാശബോധം ഉണ്ടാക്കുവാനായി സെമിനാറുകൾ നടത്തുക.
2. സ്ത്രീവിദ്യാഭ്യാസം പൂർണ്ണമായും സൗജന്യമാക്കുക.
3. സ്ത്രീകൾക്ക് സർക്കാരേ ജോലിയിൽ സംവരണം ഏർപ്പെടുത്തുക.
4. സ്ത്രീകൾക്കുവേണ്ടി അച്ചാർ, പപ്പടം, സോപ്പ്, റെഡിമെയ്ഡ് വസ്ത്രം എന്നിവ നിർമ്മിക്കാനും വിപണനം നടത്താനും സഹകരണാടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ ഉണ്ടാക്കുക.
5. അങ്കൺവാടികളില്ലാത്ത ഒന്നാം വാർഡിലും മൂന്നാം വാർഡിലും ഓരോ അങ്കൺവാടി നിർമ്മിക്കുക; 11-ാം വാർഡിലെ അങ്കൺവാടിക്കെട്ടിടപ്രശ്നം പരിഹരിക്കുക; നിലവിലുള്ള അങ്കൺവാടിക്കെട്ടിടങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. പഞ്ചായത്തുതലത്തിൽ ഒരു വനിതാ സംരക്ഷണ സമിതി രൂപീകരിക്കുക.
7. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും ദേശീയ സമ്പാദ്യപദ്ധതിയിൽ അണിനിരത്താൻ ഓരോ പ്രദേശത്തും മഹിളാപ്രധാൻ ഏജൻറുമാർക്ക് പരിശീലനം കൊടുക്കുക.
8. സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി വാർഡുതലത്തിൽ വനിതകൾക്കായി തയ്യൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
9. താൽപര്യമുള്ള വനിതകൾക്ക് പൂകൃഷി, പച്ചക്കറികൃഷി തുടങ്ങിയവക്ക് സാമ്പത്തിക സഹായവും സാങ്കേതിക സഹായവും കൊടുക്കുക.
10. സ്വർണ്ണാഭരണ നിർമ്മാണം, ഫർണീച്ചർ നിർമ്മാണം എന്നിവയിൽ സ്ത്രീകൾക്ക് പരിശീലനം കൊടുക്കുന്ന സ്ഥാപനങ്ങൾ തുടങ്ങുക.
11. പെൺകുട്ടികളുടെ കലാവാസന വളർത്തി അവർക്ക് ആത്മവിശ്വാസം ഉണ്ടാക്കുവാനായി പഞ്ചായത്തിൽ ഒരു നൃത്തവിദ്യാലയവും, ചിത്രകലാ വിദ്യാലയവും, സംഗീത വിദ്യാലയവും തുടങ്ങുക.
12. വീട്ടമ്മമാരുടെ ഒഴിവുസമയം പ്രയോജനപ്പെടുത്താനായി നഴ്സറി നിർമ്മാണം പ്രോത്സാഹിപ്പിക്കുക.
13. മംഗലത്തും പരുവാശ്ശേരിയിലും വനിതകൾക്കായി ഓരോ കൊട്ടനെയ്ത്ത്, പുൽപായ നെയ്ത്തുശാലകൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.
14. പാളയത്ത് സ്ത്രീകൾക്ക് ഒരു മൺപാത്ര വ്യവസായം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.
15. എല്ലാ വീട്ടിലും ഓരോ പുകയില്ലാത്ത അടുപ്പുകൾ നിർമ്മിച്ചുകൊടുക്കുക.
16. സബ്സെൻററുകൾ ഇല്ലാത്ത വാർഡുകളിൽ സബ്സെൻററുകൾ സ്ഥാപിക്കുക.
17. നിലവിലുള്ള സബ്സെൻററുകളിൽ പ്രവർത്തനരഹിതമായവയെ പ്രവർത്തനയോഗ്യമാക്കുക.
18. ആഴ്ചയിൽ ഒരു ദിവസമെങ്കിലും സബ്സെൻററുകളിൽ വനിതാ ഡോക്ടർമാരുടെ സേവനം ഉപയോഗപ്രദമാക്കുക.
19. അതുവഴി സ്ത്രീകളുടെ ആരോഗ്യപരിപാലനം മെച്ചപ്പെടുത്തുക.
20. പ്രാഥമിക ആരോഗ്യകേന്ദ്രം ആധുനിക സജ്ജീകരണങ്ങളോടുകൂടി ആശുപത്രിയായി ഉയർത്തുക.
21. നിർബന്ധമായും ആംബുലൻസ് ഏർപ്പെടുത്തുക.
22. സ്ത്രീകൾക്ക് യോഗാഭ്യാസത്തിലൂടെ ആരോഗ്യപരിപാലനത്തിനുള്ള സംവിധാനം ഏർപ്പെടുത്തുക. ●



പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

പണ്ടുകാലം മുതൽക്കുതന്നെ ഹരിജനങ്ങൾ ഈ പഞ്ചായത്തിൽ താമസിച്ചിരുന്നു.

വള്ളുവൻ, കണക്കൻ, പറയൻ, നായാടി, പരവൻ ചക്കീലിയൻ, മണ്ണാൻ, മലയൻ, കൂടാൻ, കവറ, പാണൻ, പുള്ളുവൻ എന്നീ വിഭാഗക്കാരാണ് ഈ പഞ്ചായത്തിൽ ഉള്ളവർ.

1991ലെ സെൻസസ് പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ടവർ 20 പേരാണ്-13 പുരുഷന്മാരും, 7 സ്ത്രീകളും പട്ടികജാതി വിഭാഗത്തിൽ 5170 പേർ ഉണ്ട്. (2491 പുരുഷന്മാരും 2482 സ്ത്രീകളും) ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിലെ ആറിലൊന്ന് (16.4% വരുന്നു.)

കണക്കൻ, ചെറുമൻ, കൂടാൻ, എന്നീ വിഭാഗക്കാരുടെ പ്രധാന ഉപജീവിതമാർഗ്ഗം കാർഷികവൃത്തിയാണ്. ഈ വിഭാഗക്കാർ കഠിനാദ്ധ്വാനികളാണ്. ഉടമ-അടിമ ബന്ധം നിലനിന്നിരുന്ന പഴയകാലങ്ങളിൽ ഇവരുടെ സേവനം ജന്മിമാർ പരമാവധി ചൂഷണം ചെയ്തിരുന്നു.

പറയർ, കവറ മുതലായവ വിഭാഗങ്ങൾ കാട്ടിൽ നിന്നും മുള, ഈറ്റ എന്നിവ ശേഖരിച്ച കർഷകർക്കാവശ്യമായ വട്ടി പരമ്പ്, കൊട്ട, മുറം, മുതലായവ നിർമ്മിച്ചിരുന്നു. പറയർ ഈര പണിയിലും ഏർപ്പെട്ടിരുന്നു.

മലയ വിഭാഗത്തിൽപ്പെട്ടവർ വനങ്ങളിൽ നിന്ന് തേൻ, മെഴുക് , ഔഷധവേരുകൾ മുതലായ വന വിഭവങ്ങൾ, ശേഖരിച്ച് ഗ്രാമപ്രദേശങ്ങളിൽ വില്പന നടത്തി ഉപജീവനം കഴിച്ചിരുന്നു.

പുള്ളുവരുടെ പ്രധാനതൊഴിൽ വീടുപണിയുമായി ബന്ധപ്പെട്ടതായിരുന്നു.

പരവിഭാഗത്തിൽപ്പെട്ടവരുടെ പ്രധാന തൊഴിൽ മരങ്ങൾ ഈർത്തുമുറിച്ചു കൊടുക്കുകയായിരുന്നു.

കൂടാൻ വിഭാഗക്കാർ കർഷകവൃത്തിയിലും അതുപോലെത്തന്നെ പനചെത്തിലും ഏർപ്പെട്ടിരുന്നു.

പാണൻമാരുടെ പ്രധാനതൊഴിൽ ക്ഷൂരകവൃത്തിയും ഓലകുടയും മാറ്റും നിർമ്മിക്കലും ആയിരുന്നു.


മണ്ണാരുടെ പ്രധാന തൊഴിൽ വസ്ത്രങ്ങൾ അലക്കി കൊടുക്കുക എന്നതായിരുന്നു.

പട്ടിക ജാതിയിൽ വളരെ കുറഞ്ഞ ജനസംഖ്യയുള്ള നായാടി ഉപജീവനമാർഗമായി സ്വീകരിച്ചിരുന്ന തൊഴിലുകൾ എലിമാളങ്ങളിലെ നെല്ല് ശേഖരിക്കലും എലികളെ കൂട്ടത്തോടെ നശിപ്പിച്ചു കളയലുമായിരുന്നു.

ചക്കിലിയ വിഭാഗത്തിൽപ്പെട്ടവരുടെ പ്രധാന ഉപജീവനമാർഗം കന്നുകാലികളുടെ തോലുപയോഗിച്ച് ചെരുപ്പ് നിർമാണമായിരുന്നു.

വിദ്യാഭ്യാസപരമായി പട്ടികജാതി/പട്ടികവർഗക്കാർ വളരെ പിന്നിലായിരുന്നു.

സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ ഇവരുടെ ജീവിതരീതിക്കുമാറ്റം വരുത്തിയതോടൊപ്പംതന്നെ പഴയ തൊഴിലുകളിൽനിന്ന് ഏറെകുറെ മാറുന്ന അവസ്ഥയും ഉണ്ടായി. തുടർന്ന് അവർ കാർഷിക മേഖലയിൽനിന്ന് നിർമ്മാണ പ്രവർത്തനങ്ങളി



ലേക്ക് മാറി. കാർഷിക പ്രവർത്തനങ്ങളിൽ സ്ത്രീകൾക്കും പുരുഷനും തുല്യപങ്കാളിത്തമുണ്ടായിരുന്നു.

ഇന്ന് സ്ത്രീതൊഴിലാളികൾക്ക് കാർഷിക രംഗത്ത് ദിവസകൂലി 40 രൂപയും പുരുഷന്മാർക്ക് 80 രൂപയും ആണ്.

നിർമ്മാണരംഗത്ത് സ്ത്രീകൾക്ക് 50 മുതൽ 60 രൂപവരെയും പുരുഷന്മാർക്ക് 90 മുതൽ 100 രൂപ വരേയും കൂലിലഭിക്കുന്നു.

മേൽപറഞ്ഞ കാരണങ്ങളാൽ സ്ത്രീകൾ കാർഷികവൃത്തിയിൽനിന്നും മാറിക്കൊണ്ടിരിക്കുന്നു.

കാർഷികമേഖലയിലാണെങ്കിൽ ഏതാനും ദിവസങ്ങളിൽ മാത്രമേ ജോലിലഭിക്കുന്നുള്ളൂ.

വ്യവസായരംഗത്തെ വളർച്ച പാരമ്പര്യതൊഴിലിൽ നിന്നും പട്ടികജാതി വിഭാഗക്കാരെ വിമുക്തരാക്കികൊണ്ടിരിക്കുന്നു.

പഴയകാലത്ത് ഈ വിഭാഗക്കാർ എഴുത്തും, വായനയും അഭ്യസിച്ചിരുന്നത് കൂടിപ്പള്ളിക്കൂടത്തിലൂടെയായിരുന്നു. വിദ്യാഭ്യാസപരമായി ഈ വിഭാഗക്കാർ വളരെ പിന്നിലായിരുന്നാൽപോലും വേണ്ടത്ര വിദ്യാഭ്യാസം സിദ്ധിച്ച 'പറയ' സമുദായത്തിൽപെട്ട ചാമി മാസ്റ്റർ പരുവശ്ശേരി എൽ.പി. സ്കൂളിലെ അദ്ധ്യാപകനായി സേവനം അനുഷിച്ചിരുന്നു.

വിദ്യഭ്യാസരംഗത്ത് സർക്കാർ ഈ വിഭാഗക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ വിദ്യാഭ്യാസപരമായി അവ മുന്നോട്ട് കൊണ്ടുവരാൻ സഹായിച്ചിട്ടുണ്ട്. ഇപ്പോൾ 156 വിദ്യാർത്ഥികൾ ഹൈസ്കൂൾ തലത്തിൽ വിദ്യാഭ്യാസം നടത്തുന്നു. സർക്കാർ വേണ്ടത്ര പ്രോത്സാഹനങ്ങൾ നൽകുന്നുണ്ടെങ്കിലും അത് വേണ്ടത്ര പ്രയോനപെടുത്തികാണുന്നില്ല. ഈ അവസ്ഥ മാറേണ്ടതുണ്ട്.

പഴയകാലങ്ങളിൽ ഉയർന്ന ജാതിക്കാർ ഇവർക്ക് കർശനമായ ഭ്രഷ്ട് കല്പിച്ചിരുന്നു. ക്ഷേത്ര പ്രവേശനം തീരെ അനുവദിച്ചിരുന്നില്ല. ഉയർന്ന സമുദായക്കാർക്ക് ഇവരെ നേരിൽ കാണുന്നതുതന്നെ വെറുപ്പായിരുന്നു. സ്ത്രീകൾ മാറുമറയ്ക്കുന്നതിലും സ്വർണ്ണാഭരണം അണിയുന്നതിലും സമൂഹ വിലക്കുണ്ടായിരുന്നു. പ്രാകൃതമായ മലയാള ഭാഷയാണ് സംസാരിച്ചിരുന്നത്.

പെൺകുട്ടികൾക്ക് വിവാഹ പ്രായമായാൽ പോലും ജന്മിമാരുടെ അനുവാദം കൂടാതെ കല്ല്യാണം കഴിച്ചുകൊടുക്കാൻ കഴിഞ്ഞിരുന്നില്ല. ആൺകുട്ടികളുടെ സ്ഥിതി ഇതിൽനിന്നും വ്യത്യസ്ഥമായിരുന്നില്ല.

ഇന്ന് അവരുടെ സാമൂഹ്യമായ പദവി ഉയർന്നിട്ടുണ്ട്. അതിനുള്ള പ്രധാന കാരണം വിദ്യാഭ്യാസം, തൊഴിൽ, സംസ്കാരം മുതലായ സർക്കാർ നൽകിവരുന്ന സംവരാണാനുകൂല്യങ്ങളാണ്.

ഈ പഞ്ചായത്തിൽ വിദ്യാർത്ഥികൾക്ക് താമസിച്ചുപഠിക്കാനുള്ള ഹോസ്റ്റലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി നടത്തിവരുന്നുണ്ട്. ആയക്കാടിലാണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്.

സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിനായി 10-ാം വാർഡിൽ ഒരു ഐ.ടി.സി. യും ഉണ്ട്.

മംഗലത്ത് ഒരു പട്ടികജാതി സഹകരണ സംഘം പ്രവർത്തിച്ചുവരുന്നുണ്ട്.

നാലാം വാർഡിൽ ഒരു കരകൗശല സഹകരണ സംഘവും പ്രവർത്തിച്ചുവരുന്നുണ്ട്.

സഹകരണാടിസ്ഥാനത്തിൽ ഒരു ഡൈക്ലീനിഗ് സൊസൈറ്റിയും പ്രവർത്തിക്കുന്നുണ്ട്.

ഈ വിഭാഗത്തിൽനിന്നും സാമൂഹ്യപ്രവർത്തനത്തിലൂടെയും സ്വാതന്ത്രസമരത്തിലൂടെയും മുന്നോട്ടുവന്ന ഒരു വ്യക്തിയാണ് പരേതനായ ശ്രീ. വെള്ള ഈച്ചരൻ, പല തവണ സംസ്ഥാനമന്ത്രിയായും പാർലിമെൻറ് അംഗമായും നിയമസഭാംഗമായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സാമൂഹ്യരംഗത്ത് എല്ലാ തുറകളിലും ഈ വിഭാഗക്കാർ ഇപ്പോൾ എത്തിയിട്ടുണ്ട്.


പഴയകാലങ്ങളിൽ ഓരോ വിഭാഗക്കാർക്കും പ്രത്യേകം പ്രത്യേകം കലയും സംസ്കാരവും ഉണ്ടായിരുന്നു.

കണക്കൻ, ചെറുമൻ, കൂടാൻ എന്നീ വിഭാഗക്കാർ പഞ്ചായത്തിലെ ഭഗവതിക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ഉത്സവങ്ങളിൽ പ്രധാനപങ്കുവഹിച്ചിരുന്നു.

കാർഷിക വ്യത്തിയുമായി ബന്ധപ്പെട്ട് വിളയിറക്കുന്നതിനുമുമ്പും വിളയെടുപ്പിന് ശേഷവും ആളുവേല, കതിരുവേല മുതലായ ഉത്സവങ്ങൾ നടത്തിയിരുന്നു.

പറയവിഭാഗക്കാർ മേൽപറഞ്ഞ ഉത്സവങ്ങളിൽ പ്രധാനപങ്കുവഹിച്ചിരുന്നു. പറയവാദ്യം പ്രധാന കലയാണ്.

പാണവിഭാഗക്കാരുടെ പ്രധാനകലയാണ് പൊറാട്ടുനാടകവും ചെണ്ടവാദ്യവും.



മണ്ണാരുടെ കലാരൂപങ്ങളാണ് കളമെഴുത്തും തോറ്റമ്പാട്ടും.

പുള്ളുവന്മാരുടെ കലയാണ് കളമെഴുത്തും പുള്ളുവൻപാട്ടും. മൺകുടമാണ് കൊട്ടാൻ ഉപയോഗിക്കുന്നത്. നാഗങ്ങളെ പ്രീതിപെടുത്താനായി കളമെഴുത്തും പാട്ടും നടത്തിവരുന്നു.

ചക്കിലിയ വിഭാഗത്തിന്റെ പ്രത്യേക കലതപ്പട്ടവാദ്യമാണ്.

ഓരോവിഭാഗക്കാർക്കും പ്രത്യേകം ആരാധനാക്രമങ്ങളും പ്രത്യേകം പ്രതിഷ്ഠകളും ഉണ്ട്. കുട്ടിച്ചാത്തൻ, കരിംകുട്ടി, മുനിയപ്പൻ, കണ്ടാകർണ്ണൻ, എന്നീ മൂർത്തികളാണ് അവ. പ്രതിഷ്ഠാദൈവങ്ങളെ പ്രതീപെടുത്താനായി അധർമ്മപൂജ നടത്തിവരുന്നു.

പണ്ട്കാലത്ത് ജന്മിമാർ അവരുടെ കൃഷിയിടങ്ങൾക്കു സമീപം ഈ വിഭാഗക്കാരെ കുടിയിരിത്തിയിരുന്നു. ഈ പ്രദേശങ്ങളിൽ ഇവർക്കൂട്ടത്തോടെ താമസിച്ച്വരുകയും പിന്നീട് ആപ്രദേശം അതാതു വിഭാഗക്കാരുടെ ചേരിആയിതീരുകയും ചെയ്തു. ഉദാഹരണമായി പറയർ താമസിച്ച് വന്നിരുന്നസ്ഥലം പറയശ്ശേരിയായും പിന്നീട് പദഭേദം പ്രാപിച്ച് പരുവാശ്ശേരിയാകുകയും ചെയ്തു.

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പ് ഈ ചേരിപ്രദേശങ്ങളിൽ യാതൊരു അടിസ്ഥാന സൗകര്യങ്ങളും ഇല്ലായിരുന്നു. പിന്നീട് ഘട്ടംഘട്ടമായിവന്ന സാമൂഹ്യ വികസന പ്രവർത്തനങ്ങൾ ഈ പ്രദേശത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. ഇതിനായി ഗവൺമെൻറ് പട്ടികജാതി വികസന കോളനികൾ സ്ഥാപിച്ചു. ഗവൺമെൻറ് നടപിലാക്കികൊണ്ടിരിക്കുന്ന ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ നിശ്ചിത ശതമാനം ഇവർക്കു നീക്കിവച്ചിട്ടുണ്ട്. ഐ.എച്ച്.ഡി.പി. പദ്ധതി പ്രകാരം സംസ്ഥാനത്തിലെ വിവിധ വകുപ്പുകളുടെ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഈ പട്ടികജാതികോളനിയിലുള്ളവർക്കു ലഭിക്കുന്നുണ്ട്.

ചെക്കിണി, പ്രധാനി, കണ്ടൻകാളിപൊറ്റ, ഒറകുന്നംകാട് എന്നി ചേരിപ്രദേശങ്ങൾ ഐ.എച്ച്.ഡി.പി. കോളനികളായി അംഗീകരിച്ചിട്ടുണ്ട്.

മറ്റു കോളനികൾ പയ്യകുണ്ട്, ചോഴിയൻകാട്, കള്ളിയാൻകാട്, മൂച്ചിത്തൊടി, ചേരുംകോട്, വേണാടുകളപറമ്പ്, കുണ്ടലതോടി, കവറത്തറ, ചേലക്കോട്ടുകുന്ന്, കൂമാൻകോട്, ചുണ്ടക്കാട്, കൊളക്കോട്, ചല്ലിപറമ്പ്, പരുവാശ്ശേരി, കവറത്തറ, മണ്ണാത്തറ, കുന്നേൻകാട്, വലിയകുളം എന്നിവയാണ്.

പ്രശ്നങ്ങൾ

1. കോളനികളിൽ പലതിലും ആവശ്യത്തിന് കുടിവെള്ളം ഇല്ല.
2. ചുരുക്കം ചിലകോളനികളിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളു.
3. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
4. കോളനികളിൽ കക്കൂസ് ഇല്ല.
5. ആരോഗ്യസംരക്ഷണത്തിന് പ്രത്യേക സൗകര്യങ്ങളൊന്നും ഇല്ല.
6. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല.
7. വിദ്യാഭ്യാസത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.
8. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപ്പോക്ക് കൂടുതലാണ്.
9. കാർഷികമേഖല ചുരുങ്ങിവരുന്നതുകൊണ്ട് ഈ രംഗത്ത് തൊഴിൽ ലഭ്യത കുറവാണ്.
10. സ്വന്തമായി വീടോ വീടുവെക്കാനുള്ള സ്ഥലമോ ഇല്ല.
11. പൊതു ശ്മശാനം ഇല്ല.
12. ഐ.ആർ.ഡി.പി. പോലുള്ള വികസന പദ്ധതികൾ വേണ്ടത്രപ്രയോജനപ്പെടുത്തുന്നില്ല.
13. പട്ടികജാതിവികസനവകുപ്പും കോർപ്പറേഷനും നടപ്പിലാക്കുന്ന പദ്ധതികൾ പലതും ലക്ഷ്യം കാണുന്നില്ല.
14. ഇവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് അറിയാത്തതുകൊണ്ട് സ്വകാര്യ മേഖലയിൽ നിന്നും സ്വകാര്യവ്യക്തികളിൽ നിന്നു കടം എടുത്ത് കടകെണിയിൽപെടുന്നു.
15. സർക്കാരിൽനിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങളും മറ്റും ദുരുപയോഗം ചെയ്യുന്ന പ്രവണത കാണുന്നുണ്ട്.


പ്രശ്നപരിഹാരങ്ങൾ

1. രണ്ടാം വാർഡിൽ ഈറ്റ, നെയ്ത്ത്, അലക്ക് എന്നീ തൊഴിലുകളിൽ ഏർപ്പെട്ടവർക്ക് വേണ്ടി സഹകരണ സംഘങ്ങൾ രൂപീകരിക്കണം.
2. രണ്ടാം വാർഡിൽ കവറത്തറ കോളനിയിൽ സാനിറ്ററി കക്കൂസ് നിർമ്മിക്കണം.
3. പൂളക്കപറമ്പ് കോളനിയിൽ പുലിക്കോട്ടുകുളം നന്നാക്കണം.
4. മൂന്നാംവാർഡിൽ: ചേലക്കോട് കോളനിയിൽ വെള്ളവും വെളിച്ചവും റോഡും വേണം.


5. മൂന്നാംവാർഡിൽ: കുന്നങ്കാട് കോളനി ഐ. എച്ച്.ഡി.പി. കോളനിയായി അംഗീകരിക്കണം.
6. നാലാംവാർഡിൽ: ഐ.എച്ച്.ഡി. കോളനിയിലെ പൊട്ടക്കുളം ഉപയോഗപ്രദമായരീതിയിൽ സംരക്ഷിക്കണം.
7. അഞ്ചാംവാർഡിൽ: ചല്ലിപറമ്പിന്റെ രണ്ട് ഭാഗത്തുമുള്ള കളതൊടി കോളനിയും വടക്കെ കോളനിയും ഐ.എച്ർ.ഡി.പി. കോളനികളായി അംഗീകരിക്കണം.
8. വടക്കേകോളനിയിലേക്ക് റോഡുവേണം.
9. കോളനികളിൽ ടി.വി. വേണം. ചല്ലിപറമ്പിൽ കേടുവന്ന ഇലട്രിക്ക്പോസ്റ്റുകൾ മാറ്റണം.
10. പട്ടികജാതി കുടുംബത്തിലെ ഓരോ കുടുബത്തിനും ഒരാൾക്ക്വീതം ജോലി കൊടുക്കണം.
11. വീടും സ്ഥലവും ഇല്ലാത്ത ഹരിജനങ്ങൾക്ക് സ്ഥലവും വീടും നൽകണം.
12. ആറാം വാർഡ്: കൂമൻകോട് കോളനി ഐ. എച്ർ. ഡി.പി. കോളനിയായി അംഗീകരിക്കണം.
13. കൂമാംകോട്ട് കോളനിയിൽനിന്ന് കോലങ്കോട് വഴി നെല്ലിയബാടം വാരുകുന്നുമായി ബന്ധിപ്പിച്ച് പുതിയ റോഡുകൾ വേണം.
14. ചുണ്ടക്കാട് കോളനി ഐ.എച്ർ.ഡി.പി. കോളനിയായി അംഗീകരിക്കണം.
    വാർഡ് എട്ട്: മംഗലം ചേറുംകോട്, മണക്കോടുപോറ്റ, ചേലക്കോട്ടുപൊറ്റ, കവറത്തറ കോളനികൾ ഐ.എച്ർ.ഡി.പി. കോളനികളായി അംഗീകരിക്കണം.
15. കോളനികളിലെ റോഡുനിർമ്മാണ പ്രവർത്തനങ്ങൾക്ക് ശ്രമദാനം ചെയ്യാൻ അതത് പ്രദേശത്തുള്ളവർ തയ്യാറാണ്.
16. വാർഡ് എട്ട്: മൂച്ചിതൊടി ഹരിജൻ കോളനിയിൽ ശുദ്ധജലം എത്തിക്കണം.
17. മൂച്ചിതൊടി കോളനി ഐ.എച്ർ.ഡി.പി. കോളനിയായി ഉയർത്തണം. വാർഡ് ഒമ്പത്: പ്രധാനി കോളനി പ്രദേശത്ത് ഒരു കുഴൽകിണർ വേണം.
18. വാർഡ് പന്ത്രണ്ട്: ചുവട്ടുപാടം കൊളക്കോട് കോളനികൾ സർക്കാർ അംഗീകരിക്കണം.
19. പഞ്ചായത്ത് പട്ടികജാതി വികസനത്തിന് മുൻതൂക്കം നൽകണം.
20. ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കണം.
21. പട്ടികജാതിക്കാർക്കുള്ള ഹോസ്റ്റലുകളിൽ പഞ്ചായത്തിലെ കുട്ടികൾക്ക് സംവരണം വേണം.

"സാദ്ധ്യതകൾ"

1. കാർഷികമേഖല മെച്ചപ്പെടുന്നതോടെ ഈ വിഭാഗക്കാരുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ കഴിയും.
2. പായ, കൊട്ട, പരമ്പ്, വട്ടി, മുതലായവയുടെപരമ്പരാഗത കുടിൽവ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ പുനസംഘടിപിച്ച് തൊഴിൽ അവസരം വർദ്ധിപ്പിക്കാം.
3. കരകൗശല നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം കൊടുക്കണം.
4. പഞ്ചായത്തടിസ്ഥാനത്തിൽ കൈതൊഴിൽ പരിശീലനം നൽകാൻ കേന്ദ്രങ്ങൾ സ്ഥാപിക്കണം.
5. കുടിവെള്ളക്ഷാമം നേരിടുന്ന കോളനികളിൽ എല്ലാം ഓരോ കിണർ കുഴിക്കണം
   പത്താംവാർഡിൽ പയ്യക്കുണ്ട് ഹരിജൻ കോളനിയിൽ 22 കുടുംബങ്ങളും വലിയകുളം ഹരിജൻ കോളനിയിൽ 13 കുടുംബങ്ങളും താമസിക്കുന്നുണ്ട്. ഈ കോളനികൾ ഐ. എച്ച്.ഡി.പി. കോളനികളായി അംഗീകരിക്കണം. വാവുള്ളിയങ്കാട്, വഴുതക്കോട്, തട്ടാരക്കോട്, പയ്യക്കുണ്ട്, വലിയകുളം നായ്ക്കത്തറ പ്രദേശങ്ങൾ കുടിവെള്ളത്തിന് ഏറ്റവുമധികം ക്ഷാമം നേരിടുന്നപ്രദേശങ്ങളാണ്. പുതിയ കിണറുകൾ കുഴിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം. റോഡുകളോ വൈദ്യുതിയോ ഈ പ്രദേശത്തേക്ക് എത്തിയിട്ടില്ല. ഈ കോളനികൾ തൊട്ടടുത്തുള്ള ഒറക്കുന്നംകാട് ഐ.എച്ർ.ഡി.പി. കോളനിയുമായി റോഡ്മൂലം ബന്ധിക്കണം. വൈദ്യുതി ലൈൻ ഇവിടത്തേക്ക് നീട്ടുകയും വേണം.
6. കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾക്ക് അവ നിർമ്മിച്ച് കൊടുക്കണം.
7. അടുത്തടുത്ത കോളനികളെ കേന്ദ്രീകരിച്ച് ആരോഗ്യം സംബന്ധിച്ച ചർച്ചാക്ലാസുകളും സിനിമാപ്രദർശനവും നടത്തണം.
8. പട്ടികജാതി സർവ്വീസ് സഹകരണസംഘം പരുവാശ്ശേരിയിൽ സ്ഥാപിക്കണം.
9. രണ്ടാം വിളയ്ക്ക്ശേഷം വെറുതെ കിടക്കുന്ന നെൽ വയലുകൾ പാട്ടത്തിനെടുത്ത് പച്ചക്കറികൃഷിചെയ്യാൻ ഉള്ള സൗകര്യങ്ങൾക്കായി ഒരു കാർഷിക, ഉല്പാദന-വിപണന കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ വടക്കഞ്ചേരിയിൽ സ്ഥാപിക്കണം.




10. പച്ചക്കറി കൃഷിയിൽ ശ്രേഷ്ഠരായ കർഷകർക്ക് പ്രോത്സാഹന സമ്മാനം നൽകണം.
11. ഭവന നിർമ്മാണത്തിനും കക്കൂസ് നിർമ്മാണത്തിനും നൽകുന്ന വായ്പകളുടെ എണ്ണവും തുകയും വർദ്ധിപ്പിക്കണം.
12. കോളനികളുടെ അറ്റകുറ്റ പണികൾ തീർക്കുന്നതിന് സർക്കാരിൽനിന്ന് പലിശ ഇല്ലാവായ്പ അനുവദിക്കേണ്ടതാണ്.
13. എല്ലാ കോളനികളിലും സാമൂഹ്യ വനവൽക്കരണം നടപ്പിലാക്കണം.
14. അഞ്ചാം വാർഡിലെ കോളനികളെ കേന്ദ്രീകരിച്ച് ഒരു വായനശാല സ്ഥാപിക്കുകയും അതിൽ റേഡിയോ, ടി. വി. എന്നിവ സ്ഥാപിക്കുകയും വേണം.
15. വിദ്യാഭ്യാസ രംഗത്തുനിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികളെ തെരഞ്ഞുപിടിച്ച്, വിദ്യാഭ്യാസം തുടരാൻ പ്രേരിപ്പിക്കണം.
16. ഈ വിഭാഗക്കാരുടെ തനതായ കലകൾ നശിച്ചു പോകാതിരിക്കാനായി ഒരു നാടൻ കലാവേദി ഉണ്ടാക്കണം.
17. നാടൻ കലാപ്രവർത്തനങ്ങൾ പൊതുജനമദ്ധ്യേ പ്രദർശിപ്പിക്കുന്നതിന് പരുവാശ്ശേരിയിൽ ഓപ്പൺ എയർ തിയറ്റർ സ്ഥാപിക്കണം.
18. സർക്കാർ നൽകുന്ന സ്കീമുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ ജനകീയ കമ്മറ്റി അത്യാവശ്യമാണ്.
19. ഓരോകോളനിയിൽനിന്നും ഒരു പുരുഷനേയും ഒരു സ്ത്രീയേയും വീതം തിരഞ്ഞെടുത്ത് പട്ടികജാതി കോളനികൾക്ക്വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു വികസനസമിതി രൂപീകരിക്കണം.




പട്ടികജാതി കോളനികൾ

വാർഡ് നമ്പർ	ക്രമ നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം
2	1	കവറത്തറ	35
2	2	പൂളക്കൽപറമ്പ്	10
2	3	മണ്ണാത്തറ	21
3	4	ചെംബ്ലിയാംകുന്ന്	18
3	5	കുന്നേങ്കാട്	20
4	6	ചെക്കിണി (IHDP)	24
4	7	പൊട്ടക്കുളംപാറ	17
5	8	കൊളക്കോട് തറ	10
5	9	പരുവാശ്ശേരിതറ	39
5	10	കുന്നങ്കാട് - നെല്ലിയാമ്പാടം	13
5	11	പരുവാശ്ശേരിതറ	12
5	12	ചാമപറമ്പ്തറ	41
5	13	ചല്ലിപ്പറമ്പ്	12
5	14	ചല്ലിപ്പറമ്പ്	10
6	15	ചുണ്ടക്കാട്	22
6	16	കൂമാങ്കോട്	42
7	17	ചേരുങ്കോട്	32
7	18	കവറത്തറ	15
7	19	ചേലക്കോട്ട്കുന്ന്	14
7	20	മണപ്പാട്ടുപൊറ്റ	19
7	21	കണ്ടങ്കാളിപ്പൊറ്റ (IHDP)	24
7	22	പാഞ്ഞാംപറമ്പ്	14
7	23	വലിയകുളം	10
7	24	രക്കൻകുളം	10
7	25	മണ്ണാത്തറ	10
8	26	ചോഴിയങ്കാട്	32
8	27	മൂച്ചിതൊടി	17
8	28	കള്ളിയങ്കാട്	11
8	29	പാണത്തറക്കുണ്ട്	25
8	30	കുണ്ടിലത്തൊടി	16
8	31	വേണാട്ട്കളപ്പറമ്പ്	21
10	32	പയ്യക്കുണ്ട്	13
10	33	ഇയ്യാനി	11
10	34	കിഴക്കേത്തറ	28
10	35	ഒറക്കുന്നംകാട് (IHDP)	103
10	36	കൊളവള്ളിത്തറ	14
11	37	പ്രധാനി (IHDP)	34
11	38	നായർകുന്ന്	35
12	39	ചുവട്ടുപാടം	20



(IRDP) സർവ്വേപ്രകാരം ആനുകൂല്യം ലഭിച്ച പട്ടികജാതി വിഭാഗക്കാർ

വാർഡ്	ആകെ കുടുംബം	ആനുകൂല്യം ലഭിച്ചവർ	ബാക്കി
1	0	0	0
2	34	6	28
3	28	3	25
4	30	9	21
5	84	23	61
6	33	2	31
7	95	3	92
8	62	3	59
9	17	8	9
10	70	20	50
11	34	2	32
12	35	10	25



സഹകരണം

പഴയകാലത്ത് ഈ പഞ്ചായത്തിലെ ജനങ്ങൾ ധനപരമായ ആവശ്യങ്ങൾക്ക് അമിതപലിശക്ക് പണം കടംകൊടുത്തിരുന്ന സ്വകാര്യവ്യക്തികളേയും ഹുണ്ടിക വ്യാപാരികളേയും, ജന്മികളെയുമാണ് ആശ്രയിച്ചിരുന്നത്. ഇവർ അമിത പലിശ ഈടാക്കുന്നതിനു പുറമെ ആവശ്യക്കാരിൽനിന്നും ഭൂസ്വത്തും പുരയിടവും പണയമായി വാങ്ങിച്ചിരുന്നു.

അന്നത്തെ ജനങ്ങളുടെ സാമ്പത്തിക ആവശ്യത്തിൽ പ്രധാനമായിരുന്നത് കൃഷിയിറക്കാനുള്ള ചെലവും, വിവാഹചെലവും മറ്റു ഉൽപാദന ക്ഷമമല്ലാത്ത ചെലവുകളുമായിരുന്നു. കൃഷി ആവശ്യത്തിനെടുത്ത കടം മഴ ചതിക്കുന്നതു കൊണ്ടോ, കാലവർഷക്കെടുതി മൂലമോ, പാട്ടം അമിതമായിക്കൊടുക്കുന്നതുകൊണ്ടോ പലപ്പോഴും കർഷകർക്ക് വീട്ടാൻ സാധിച്ചിരുന്നില്ല. ഉൽപാദന ക്ഷമമല്ലാത്ത കാര്യങ്ങൾക്കെടുക്കുന്ന കടങ്ങൾ ഒരിക്കലും കർഷകർക്ക് വീട്ടാൻ കഴിഞ്ഞിരുന്നില്ല. വർഷങ്ങൾ കടന്നു പോവുമ്പോൾ പലിശയും, പലിശക്കു പലിശയും മുതലും കൂടിചേർന്ന് ഒരു ഭീമമായതുകയായി മാറുകയും പണയമായി ഈടുവെച്ച ഭൂസ്വത്തും പുരയിടവും ഉത്തമർണ്ണന് (പണം കടംകൊടുക്കുന്നയാൾ) കൈമാറാൻ കർഷകൻ നിർബന്ധിതനാവുകയും ചെയ്യുന്നു.

സ്വകാര്യ പണമിടപാടുകാർ പലപ്പോഴും അത്യാവശ്യസന്ദർഭങ്ങളിൽ ജനങ്ങൾക്ക് ഉപകാരമുള്ളവരായി തോന്നാമെങ്കിലും അമിതപലിശക്കു പുറമെ അവർ പല അന്യായങ്ങളും അതിക്രമങ്ങളും പ്രവർത്തിച്ചിരുന്നു. അവർ പലപ്പോഴും മുദ്രപത്രത്തിൽ കരാറൊന്നുമെഴുതാതെ ആവശ്യക്കാരന്റെ കൈമുദ്രപതിപ്പിക്കുകയും, അന്യായമായി നിയമം കൈയ്യിലെടുത്ത് ആവശ്യക്കാരനെ ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. കടക്കാരനായി ജനിച്ച ഒരാൾ കടത്തിൽ ജീവിച്ച് മരിക്കേണ്ട ഒരു സ്ഥിതിവിശേഷം നിലനിന്നിരുന്നു. ഇതിനൊക്കെ പ്രധാനകാരണം ജനങ്ങളുടെ വിദ്യാഭ്യാസക്കുറവും അറിവില്ലായ്മയുമായിരുന്നു.

അന്നത്തെ ജന്മിത്വവ്യവസ്ഥയും ജനങ്ങൾക്ക് പ്രതികൂലമായിരുന്നു. കൃഷിയെമാത്രം ആശ്രയിച്ചു ജീവിച്ചിരുന്ന കർഷകരിൽ ഭൂരിഭാഗവും പാട്ടത്തിന് ഭൂമി ഏറ്റുവാങ്ങിയവരായിരുന്നു. കാലാവസ്ഥയുടെ ചതിവുമൂലം പലപ്പോഴും കൃഷയിൽനിന്നും ഉദ്ദേശിച്ച വരുമാനം കിട്ടാതെ വരുമ്പോൾ നിശ്ചയിച്ച പാട്ടം കൊടുക്കാൻ കഴിയാതെ വരികയും കുടിയാന്റെ സ്വത്തുക്കളെല്ലാം തന്നെ ജന്മി, ജപ്തിചെയ്തു കുടിയൊഴിപ്പിക്കുകയും ചെയ്യുന്നത് സർവ്വ സാധാരണമായിരുന്നു.

സ്വകാര്യവ്യക്തികളിൽനിന്നും കടംവാങ്ങിയാലും കുടിയൊഴിപ്പിക്കൽ ഭീതി ഉണ്ടായിരുന്നു. ജനങ്ങളുടെ മേൽ പറഞ്ഞ ബുദ്ധിമുട്ടുകൾ പരിഹരിച്ച് മിതമായ പലിശക്ക് പണം കടം കൊടുക്കാനായി ബാങ്കുകൾ നിലവിൽ വന്നു. എന്നിരുന്നാലും ജനങ്ങളുടെ വിദ്യാഭ്യാസക്കുറവും അറിവില്ലായ്മയും ബാങ്കുകളുമായി ബന്ധപ്പെടുന്നതിൽ അവരെ വിമുഖരാക്കി.

നിലവിൽവന്ന ബാങ്കുകൾ സാധാരണക്കാർക്ക് അപ്രാപ്യവുമായിരുന്നു. ഈ ബാങ്കുകൾ ഈടാക്കുന്ന പലിശനിരക്ക് കുറവായിരുന്നെങ്കിലും അവർ സ്വർണ്ണവും വെള്ളിയും മാത്രമെ ഈടായി സ്വീകരിച്ചിരുന്നുള്ളൂ. ഇതാവട്ടെ സാധാരണക്കാർക്ക് ഉണ്ടായിരുന്നതുമില്ല. മാത്രമല്ല സങ്കീർണ്ണമായ നടപടിക്രമങ്ങളും കാലത്താമസവും ആവശ്യമാണ്. ആവശ്യമുള്ള സന്ദർഭങ്ങളിൽ ഉപകരിക്കാതിരിക്കാൻ മാത്രമേ ഇവ സഹായിച്ചിരുന്നുള്ളൂ.

ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ജനകീയ ബാങ്കുസമ്പ്രദായം നിലവിൽവന്നു. എങ്കിലും ഔദ്യോകികത്വത്തിന്റെയും സാങ്കേതികത്വത്തിന്റെയും നൂലാമാലകൾ കാരണം ജനങ്ങൾക്ക് ശരിയായ രീതിയിൽ ഉപയോഗപ്രദമല്ലാതായിത്തീർന്നു. ജനകീയ ബാങ്കുകൾക്ക് വാണിജ്യത്തിലും വ്യവസായത്തിലുമേർപ്പെട്ടിരിക്കുന്നവർക്കു മാത്രമേ കടം കൊടുക്കാൻ താൽപര്യമുള്ളൂ. കൃഷി കാലവർഷവുമായുള്ള ഒരു ചൂതുകളിയായയതുകൊണ്ട് ബാങ്കുകൾ സാധാരണക്കാരായ കർഷർക്ക് സഹായം നൽകിയിരുന്നില്ല.

മേൽപറഞ്ഞ സ്വകാര്യ പണമിടപാടുകാരിൽ നിന്നും ബാങ്കുകളിൽനിന്നുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായിട്ടാണ് സഹകരണ സംഘങ്ങൾ രൂപികരിച്ചത്.

ബ്രിട്ടീഷ് ഭരണകാലത്ത് 1904-ൽ നടപ്പിലാക്കിയ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ടാണ് ഈ രംഗത്തുണ്ടായ ആദ്യത്തെ നിയമനിർമ്മാണം. അതനുസരിച്ച് കാർഷിക വായ്പാസംഘങ്ങളാണ് ആദ്യമായി നിലവിൽ വന്നത്.

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ രംഗത്ത് ആദ്യത്തെ കാൽവെപ്പ് 1956 ജൂലായ് 28-ന് ഒരു ക്രെഡിറ്റ് സൊസൈറ്റിയായി രൂപംകൊണ്ട വടക്കഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കാകുന്നു. വടക്കഞ്ചേരി വണ്ടാഴി മേഖലകളിൽ സേവനം നടത്തുന്ന ഈ സൊസൈറ്റിയുടെ ഓഹരിമുഖവില 5 രൂപയായിരുന്നു.

ഇന്ന് ഇതിന്റെ അംഗീകൃത മൂലധനം 25 ലക്ഷം രൂപയാണ് 15312 ഓഹരികളിൽ നിന്നായി പിരിഞ്ഞുകിട്ടിയ മൂലധനം 18,11,042 രൂപയാകുന്നു. സർക്കാർ ഓഹരി 1 ലക്ഷം രൂപയും പൊതുജനങ്ങളിൽനിന്നും സമാഹരിച്ചത് 632 ലക്ഷം രൂപയുമാണ്.

വായ്പനൽകിയിട്ടുള്ള 450 ലക്ഷം രൂപയിൽ വിള വായ്പ 62 ലക്ഷം രൂപയും സ്വർണ്ണപണയം, വസ്തു പണയം ആഭരണജാമ്യം എന്നീ ഇനത്തിൽ 301 ലക്ഷം രൂപയും പ്രത്യേകം വായ്പകളായി 87 ലക്ഷം രൂപയും ആണ്.

ഈ സ്ഥാപനത്തിൽ പരമാവധി കടം എടുക്കാവുന്ന തുക ഓഹരി മൂലധനത്തിന്റെ 40 ഇരട്ടിയാണ്. മറ്റു സ്ഥാപനങ്ങളിൽനിന്നും വായ്പയായി 154 ലക്ഷം രൂപ സ്വീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിൽ കാലാവധി കഴിഞ്ഞ് പിരിഞ്ഞുകിട്ടാനുള്ള വായ്പ തുക 29 ലക്ഷം രൂപയാകുന്നു.

നോൺ ക്രെഡിറ്റ് മേഖലയിൽ കർഷകർ ഉൽപാദിപ്പിക്കുന്ന വിളകൾക്ക് മതിയായ വില ലഭിക്കുവാനായി പാലക്കാട് ജില്ല സഹകരണ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി 1965 നവംബർ 28-ന് സ്ഥാപിതമായി. ഈ സൊസൈറ്റി റബ്ബർ കർഷകർക്ക് മിതമായ വിലയ്ക്ക് രാസവളവും, തുരിശ്, ഓയിൽ, പ്ലാസ്റ്റിക്, ചിരട്ട തുടങ്ങിയവ ലഭ്യമാക്കുന്നതോടൊപ്പം കർഷകർ ഉൽപാദിപ്പിക്കുന്ന റബ്ബർ ന്യായമായ വിലക്ക് എടുക്കുകയും ചെയ്യുന്നു.

പഞ്ചായത്തിലുള്ള പട്ടികജാതി പട്ടികവർഗ്ഗത്തിലുൾപ്പെട്ട താഴെക്കിടയിലുള്ള ജനങ്ങളുടെ പുരോഗമനം ലാക്കാക്കി 1982 ഒക്ടോബർ മാസം 15-ാം തിയ്യതി സ്ഥാപിതമായ "വടക്കഞ്ചേരി ഹരിജൻ സർവ്വീസ്- സഹകരണ സംഘം പല വിഭാഗങ്ങളിലായി മൊത്തം ഒന്നരലക്ഷത്തോളം രൂപ വായ്പ കൊടുത്തിട്ടുണ്ട്. ഇത് മംഗലത്ത് സ്ഥിതിചെയ്യുന്നു.

മറ്റു സഹകരണ സ്ഥാപനങ്ങൾ

1. വടക്കഞ്ചേരി ക്ഷീരോൽപാദക സഹകരണസംഘം

1980 ഏപ്രിൽ 12-ാംതിയ്യതി സ്ഥാപിതമായ ഈ ക്രെഡിറ്റ് സൊസൈറ്റി പഞ്ചായത്തിലെ 3,4 വാർഡുകളിൽ സേവനമനുഷ്ഠിക്കുന്നു. 306 മെമ്പർമാരുള്ള ഈ സൊസൈറ്റിയിൽ ഓഹരി വില 10 രൂപ 50 പൈസയും ഓഹരി മൂലധനം 3213 രൂപയുമാകുന്നു. ഒരു ദിവസം ഏകദേശം 450 ലിറ്റർ പാൽ ശേഖരിക്കുന്നു ഈ സംഘം 330 ലിറ്റർ പഞ്ചായത്തിൽ തന്നെ വിൽക്കുകയും 120 ലിറ്റർ പുറത്തേക്ക് അയയ്ക്കുകയും ചെയ്യുന്നു.

2. പൊത്തപ്പാറ ക്ഷീരോൽപ്പാദക സഹകരണ സംഘം

ഈ സംഘം 1992 - ഫെബ്രുവരി 25 നു സ്ഥാപിതമയി. ഇത് ഒരു ക്രെഡിറ്റ്സൊസൈറ്റിയാണ് സംഘം 254 ൽ മെമ്പർമാരിൽ നിന്നായി 2540 രൂപ മൂലധനമായി സമാഹരിച്ചിട്ടുണ്ട്.ശേഖരിക്കുന്ന 380 ലിറ്റർ പാലിൽ ദിനം പ്രതി 100 ലിറ്റർ പഞ്ചായത്തിനകത്തും ബാക്കിവരുന്നു ഏകദേശം 280 ലിറ്റർ പാൽ പഞ്ചായത്തിനു പുറത്തും വിൽക്കുന്നു.

3. കേരള ഗാന്ധിസ്മാരക നിധി ബാലൻസ്ഡ് ഫാം.

അഞ്ചുമൂർത്തി മംഗലത്ത് 1993 ൽ ജൂൺ ഒന്നിനു സ്ഥാപിതമായ ഈ സൊസൈറ്റി പഞ്ചായത്തിലെ 7, 8 വാർഡുകളിൽ സേവനം നടത്തുന്നു. ഇത് ഒരു ക്രെഡിറ്റ് സൊസൈറ്റിയാണ്. ഓഹരി മൂലധനം ഇല്ലാത്ത ഈസ്ഥാപനത്തിൽ 120 മെമ്പർമാരുണ്ട്. ഇതിന്റെ നടത്തിപ്പിനായി പൊതുജനങ്ങളിൽനിന്നും 5000 രൂപ സമാഹരിച്ചിട്ടുണ്ട്. ഈ സംഘം ദിനം പ്രതി 125 ലിറ്റർ പാൽ ശേഖരിച്ച് പഞ്ചായത്തിൽ തന്നെ വിൽക്കുന്നു.

4. അഞ്ചുമൂർത്തി ക്ഷീരോൽപാദക സഹകരണസംഘം.

1995 ജൂൺ 23നു സ്ഥാപിച്ച ഈ ക്രെഡിറ്റ് സൊസൈറ്റി പഞ്ചായത്തിലെ 8,10 വാർഡുകളിൽ സേവനം നടത്തുന്നു. 347 അംഗങ്ങളിൽനിന്നായി 3643.50 രൂപ മൂലധനമായി സമാഹരിച്ചിട്ടുണ്ട്. ദിനം പ്രതി 400 ലിറ്റർ പാൽ ശേഖരിക്കുന്ന ഈ സൊസൈറ്റി 25 ലിറ്റർ പഞ്ചായത്തിനകത്തും 375 ലിറ്ററോളം പഞ്ചായത്തിനു പുറത്തും വിൽക്കുന്നുണ്ട്.

5. പള്ളിയാർ ക്ഷീരോൽപാദക സഹകരണ സംഘം

ചെറുകണ്ണമ്പ്രയിൽ 1991-ൽ സ്ഥാപിതമായ ഈ നോൺ ക്രെഡിറ്റ് സൊസൈറ്റി പഞ്ചായത്തിലെ 4,5 വാർഡുകളിൽ സേവനം നടത്തുന്നു. 165 മെമ്പർമാരിൽനിന്നായി മൊത്തം 1650 രൂപ ഓഹരി മൂലധനമായി സമാഹരിച്ചിട്ടുണ്ട്. ദിനം പ്രതി ഏകദേശം 125 ലിറ്റർ പാൽ ശേഖരിക്കുന്ന ഈ സൊസൈറ്റി 25 ലിറ്റർ പാൽ പഞ്ചായത്തിനകത്തും ബാക്കി 100 ലിറ്റർ പാൽ പഞ്ചായത്തിനു പുറത്തും വിൽക്കുന്നു.

6. പാലക്കാടു ജില്ല സഹകരണബാങ്ക്

ജില്ലാ കോപ്പറേറ്റീവ് ബാങ്കിന്റെ ഒരു ബ്രാഞ്ച് വടക്കഞ്ചേരിയിൽ പ്രവർത്തിക്കുന്നു. സാധാരണക്കാർക്ക് വായ്പകൾ ലഭ്യമാക്കാനായി തുടങ്ങിയ ഈ ബാങ്ക് പൊതുജനങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.

ഈ സഹകരണ സംഘങ്ങൾക്കുപുറമെ 4-ാം വാർഡിൽ ഒരു കരകൗശല സഹകരണസംഘവും നിലവിലുണ്ട്.

പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

സഹകരണരംഗത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം കൂടിവരികയാണ്. കാർഷികവായ്പ നൽകേണ്ട സംഘങ്ങൾ ലക്ഷ്യത്തിൽ നിന്നകന്ന് പോവുകയും കാർഷിക വായ്പകൾ കുറഞ്ഞ് വരികയും ചെയ്യുന്നു. സഹകരണമേഖലയുടെ നിലനില്പനുതന്നെ ഭീഷണിയാണിത്. ലാഭം നേടാനും ക്രമീകരിക്കാനുമുള്ള സംവിധാനം പ്രധാനമാണ്. മാനേജ്മെൻറ് രീതിയിലും സമൂലമായ മാറ്റം വേണം. ജനങ്ങളുടെ നിക്ഷേപം കാര്യക്ഷമമായി വിനിയോഗിക്കാനും നിക്ഷേപകരിൽ സുരക്ഷാബോധം വളർത്താനും ഇതാവശ്യമാണ്. സംഘത്തിന്റെ വികസനത്തിൽ കാലാനുസൃതമായ മാറ്റത്തിന് ജീവനക്കാരെ പ്രാപ്തരാക്കുന്നതരത്തിൽ തുടർപരിശീനപരിപാടികൾ ഏർപ്പെടുത്തണം.

രാജ്യത്താകെ ശാഖകളുള്ള ദേശസാൽകൃത ബാങ്കുകളും ഗ്രാമങ്ങളിൽമാത്രം പ്രവർത്തിക്കുന്ന പ്രാഥമിക സർവ്വീസ് സഹകരണബാങ്കുകളും അനോന്യം മത്സരിക്കേണ്ടിവരുന്നു. ജനപങ്കാളിത്തം മാത്രമാണ് സഹകരണ ബാങ്കുകളുടെ അടിത്തറ. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ നാടിന്റെ പൊതുവായ വികസനത്തിൽ പങ്കാളിത്തം ഉറപ്പാക്കാനാവശ്യമായ ഒന്നിലേറെ ബാങ്കുകളുടെ കൺസോർഷ്യം രൂപികരിച്ച്, പഞ്ചായത്തുമായി സഹകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

സഹകരണ പ്രസ്ഥാനങ്ങൾ കേരളം മുഴുവൻ സജീവമായി നിലനിൽക്കുന്നുണ്ടെങ്കിലും ഈ പഞ്ചായത്തിൽ സഹകരണസംഘങ്ങളുടെ എണ്ണക്കുറവ് ജനങ്ങളുടെ സഹകരണബോധത്തിലും കൂട്ടായ്മയിലുള്ള താൽപര്യക്കുറവിനെ കാണിക്കുന്നു. ജനന്മയെ ലാക്കാക്കിയുള്ള എല്ലാ സേവനമേഖലകളിലുള്ള പ്രവർത്തനത്തിന് സഹകരണ മേഖലക്ക് അനന്തമായ സാധ്യതകളാണുള്ളത്. ഇക്കാര്യത്തിൽ ബോധപൂർവ്വമായ ഒരു ശ്രമം അനിവാര്യമാണ്. സഹകരണ ബാങ്കുകൾ വളരെ ചുരുങ്ങിയ തോതിൽ മാത്രമെ ദീർഘകാലമായ വായ്പകൾ നൽകുന്നുള്ളൂ. വായ്പ തിരിച്ചടച്ചില്ലെങ്കിൽ അതിന്റെ ജാമ്യക്കാരന് വായ്പ നിഷേധിക്കുന്ന രീതിയുണ്ട്. ഇതിനു പരിഹാരമായി മുൻ വായ്പകുടിശ്ശികകുടെ കണക്കിലെടുത്ത് പുതിയ വായ്പ അനുവദിക്കാനുള്ള നിലപാട് സഹകരണ ബാങ്കുകൾ സ്വീകരിക്കേണ്ടതാണ്. സഹകരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന അർഹരായവർ

ആവശ്യപ്പെടുമ്പോൾ അംഗത്വം നൽകാൻ നിയമനിർമ്മാണമുണ്ടാവണം.

സാധ്യതകൾ

1) കാർഷിക വിഭവങ്ങൾ ശേഖരിക്കുന്നതിനായി ശീതീകരണസൗകര്യത്തോടുകൂടിയ ഒരു കാർഷികവിഭവസംഭരണ സഹകരണസ്ഥാപനം വേണം.
2) സഹകരണ മേഖലയിൽ ഒരു സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, മെഡിക്കൽസ്റ്റോർ എന്നിവ സ്ഥാപിക്കണം.
3) പച്ചക്കറികൃഷി പ്രചരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി എല്ലാ വാർഡിലും ഓരോ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.
4) വനിതകൾക്ക് മാത്രമായി വിവിധോദ്ദേശ സഹരണസംഘങ്ങൾ സ്ഥാപിക്കണം.
   കാർഷികഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും ഇടത്തട്ടുകാരെ ഒഴിവാക്കി ഉപഭോക്താക്കൾക്ക് നേരിട്ട് മിതമായ വിലയ്ക്ക് ഉല്പന്നങ്ങൾ ലഭിക്കുന്നതിനും വേണ്ടി പഞ്ചായത്തിന്റെ മൂന്നോ നാലോ ഭാഗങ്ങളിൽ ഓരോ സഹകരണ മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കണം.
5) ജനസാന്ദ്രതയുടെ കാര്യത്തിൽ ജില്ലയുടെ ഏതാണ്ട് ഇരട്ടി വരുന്നു ഈ പഞ്ചായത്തിലെ ഗൃഹനിർമ്മാണ ആവശ്യത്തിന് ഒരു ഭവനനിർമ്മാണ സഹകരണസംഘമുണ്ടാകണം.
6) ഈറ്റനെയ്ത്തുകാർക്കുവേണ്ടി പരുവാശ്ശേരിയിലും , ചന്തപ്പുരയിലും മംഗലത്തും സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.
7) കോഴിവളർത്തൽ, ആടുവളർത്തൽ എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന ഒരു സഹകരണസംഘമുണ്ടാവണം.
8) കുടിൽ വ്യവസായമായി അംഗീകരിച്ച് നീറ്റുകക്ക നിർമ്മാണസഹകരണസംഘങ്ങൾ ചന്തപ്പുര, മലപ്പുറം എന്നീ മേഖലകളിൽ ഉണ്ടാകണം.
9) മൺപാത്രനിർമ്മാണതൊഴിലാളികളെ സഹായിക്കാൻ ചന്തപ്പുരയിലും വടക്കേത്തറയിലും സഹകരണസംഘങ്ങൾ നിർമ്മിക്കണം.
10) മംഗലം തെക്കേത്തറയിലും വടക്കഞ്ചേരിയിലും അലക്കുതൊഴിലാളി സഹകരണസംഘങ്ങൾ സ്ഥാപിക്കണം.
11) പന്നിയങ്കരയിലും മലപ്പുറത്തും, ഓരോ റബ്ബർ അധിഷ്ടിത വ്യവസായ യൂണിറ്റുകൾ സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കണം.
12) ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ നിലവില്ലാത്ത വാർഡുകളിലേക്കും വ്യാപിപ്പിക്കണം.
13) സഹകരണാടിസ്ഥാനത്തിൽ നെല്ലുസംഭരണ സംസ്കരണയൂണിറ്റ് ആയക്കാട് സ്ഥാപിക്കണം.
14) റെഡിമെയ്ഡ് വസ്ത്രങ്ങൾ, കരിമസാലപ്പൊടികൾ, അച്ചാറുകൾ, പപ്പടം, എന്നിവ നിർമ്മിക്കുന്ന വനിത വ്യവസായസഹകരണ യൂണിറ്റുകൾ മംഗലത്തും പരുവാശ്ശേരിയിലും, വടക്കഞ്ചേരിയിലും, പന്നിയങ്കരയിലും സ്ഥാപിക്കണം.
15) കയർ, സോപ്പ്, എന്നിവ നിർമ്മിക്കുന്ന ഓരോ വ്യവസായയൂണിറ്റ് സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കണം.
16) ഇപ്പോൾ നിലവിലുള്ള സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം.
17) സാദ്ധ്യതയുള്ള വിദ്യാലയങ്ങളിൽ പുതിയവ തുടങ്ങണം.
18) പഞ്ചായത്തിൽ ഒരു കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കണം.
19) ധാരാളം പാൽ സംഭരിക്കാൻ കഴിയുന്നതുകൊണ്ട് ഒരു മിൽമാ പ്ലാൻറ് സ്ഥാപിക്കണം.
20) ഗുണഭോക്താക്കൾക്ക് എളുപ്പം ഗുണം കിട്ടുന്ന തരത്തിൽ സഹകരണനിയമങ്ങളിൽ അയവു വരുത്തണം.

പട്ടിക 1

ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

പേര്	സ്ഥാപിതം	ക്രെഡിറ്റ്/ നോൺ ക്രെഡിറ്റ്	പ്രവർത്തനപരിധി (വാർഡ്)	മെമ്പർമാരുടെ എണ്ണം	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	മൊത്തം ശേഖരിക്കുന്ന പാൽ (ദിവസത്തിൽ)	പഞ്ചായത്തിൽ വിൽക്കുന്ന പാൽ (ദിവസത്തിൽ)	പുറത്തേക്ക് അയയ്ക്കുന്ന പാൽ (ദിവസത്തിൽ)
1. വടക്കഞ്ചേരി ക്ഷീരോൽപാദക സഹകരണ സംഘം	1980	ക്രെഡിറ്റ്	3,4	306	3213/-	450 ലി.	330ലി.	120ലി
2. പൊത്തപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം	1992	ക്രെഡിറ്റ്	9	254	2540/-	380ലി.	100ലി.	280ലി.
3. കേരള ഗാന്ധി സ്മാരകനിധി ബാലസ്ഡ്ഫാം മംഗലം	1993	ക്രെഡിറ്റ്	7,8	120	ഇല്ല	125ലി.	125ലി.	ഇല്ല
4. അഞ്ചുമൂർത്തി ക്ഷീരോൽപാദക സഹകരണസംഘം, അണയ്ക്കപ്പാറ	1995	നോൺ ക്രെഡിറ്റ്	8,10	347	3643/50	400ലി.	25ലി.	375ലി.
5. പള്ളിയാർ ക്ഷീരോൽ പാദക സഹകരണ സംഘം, ചെറുകണ്ണമ്പ്ര	1991	നോൺ ക്രെഡിറ്റ്	4,5	165	1650/-	125ലി.	25ലി.	100ലി.

പട്ടിക 2

മറ്റു സഹകരണ സംഘങ്ങൾ

1. വടക്കഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്
2. പാലക്കാടു ജില്ല കോ-ഓപ്പറേറ്റീവ് ബാങ്ക്, വടക്കഞ്ചേരി
3. പാലക്കാട് ജില്ല റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി, വടക്കഞ്ചേരി
4. വടക്കഞ്ചേരി ഹരിജൻ സർവ്വീസ് സഹകരണ സംഘം, മംഗലം
5. കരകൗശല സഹകരണ സംഘം, വടക്കഞ്ചേരി

വിഭവ സമാഹരണം

കാർഷിക മേഖലയിൽ ഉൗന്നിപ്പെടുന്ന വടക്കഞ്ചേരി പഞ്ചായത്തിൽ അഭിവൃദ്ധിക്ക്, കൃഷിയും അനുബന്ധവ്യവസായവും പ്രോത്സാഹിപ്പിച്ചെങ്കിൽ മാത്രമേ വിഭവ സമാഹരണത്തിനു സാധ്യതയുള്ളൂ. ഇപ്പോൾ വള്ളിയോട്ടിൽ പേരിനു മാത്രം രണ്ടുമൂന്നു ചെറുകിടവ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് കാലത്തീറ്റ നിർമ്മാണം, മാംസ സംസ്കരണം, പാൽസംസ്കരണം തുടങ്ങിയ വ്യവസായങ്ങളും കൃഷിയിലധിഷ്ഠിതമായി റബ്ബർപാൽ സംസ്കരണയൂണിറ്റ്, അതിനോടനുബന്ധിച്ച വ്യവസായങ്ങൾ, പച്ചക്കറി സംസ്കരണം പ്ലാൻറുകൾ തുടങ്ങിയ പലതും ഈ പഞ്ചായത്തിന് യോജിച്ചതാണ്.

കാർഷികരംഗം ഇന്ന് മുരടിപ്പിലാണ്. ടൗണിനോടടുത്ത കൃഷിനിലങ്ങൾ പറമ്പുകളാക്കി മാറുന്നു. കെട്ടിടങ്ങൾ ധാരാളമായി നിർമ്മിക്കുന്ന ഉയർന്ന വിലകിട്ടുമെങ്കിൽ കൃഷിഭൂമി തരിശുഭൂമിയാക്കി മാറ്റുവാനും ബോധപൂർവ്വമായ ശ്രമം നടത്തുന്നുണ്ട്. തൊഴിലാളികൾ ഉയർന്ന കൂലി അന്വേഷിച്ച് അടുത്ത പട്ടണങ്ങളിലേക്ക് കാർഷിക വൃത്തി ഉപേക്ഷിച്ച് പോകുന്നതും രാസവളങ്ങളുടേയും കീടനാശിനിയുടെയും അമിതവിലയും കൃഷി ലാഭകരമല്ലാതാക്കി തന്മൂലം ഈ മേഖല തകർച്ചയെ നേരിടുന്നു.

മേൽപറഞ്ഞ രണ്ടു മേഖലയുടെയും പ്രോത്സാഹിപ്പിക്കേണ്ട ഉത്തരവാദിത്വം ശ്രമ പഞ്ചായത്ത് ഏറ്റെടുക്കണം. ഇതിനുള്ള അധികാരം നൽകുന്നതോടൊപ്പം വേണ്ടത്ര ധനവും പഞ്ചായത്തിന് കിട്ടിയിരിക്കണം. സർക്കാർ നൽകുന്ന ധനസഹായം ഗ്രാൻറുകൾ ഉൗന്നിപ്പെട്ട യാതൊരു വിവേചനവും ഇല്ലാതെ പഞ്ചായത്തുകൾക്ക് കൈമാറണം. നികുതി പിരിക്കുന്ന മേഖലയിൽനിന്നു തന്നെ പഞ്ചായത്തുകൾക്ക് കൈമാറിയാൽ അനാവശ്യ കാലതാമസം ഒഴിവാക്കാം. ഇല്ലെങ്കിൽ രണ്ടു വർഷം മുൻപ് കിട്ടേണ്ടിയിരുന്നു തുകയാവാം ഇപ്പോൾ കിട്ടുക. ജനസംഖ്യാനുപാതികമായും അവരുടെ സാമ്പത്തിക സ്ഥിതി ആനുപാതികമായും വേണം ഗ്രാൻറുകളും മറ്റും വിതരണം ചെയ്യാൻ.

പഞ്ചായത്തിൻെറ വരുമാനം 10 വർഷത്തെ താരതമ്യം

ക്രമ നമ്പർ	ഇനം	1985-86	1995-96
1.	കെട്ടിട നികുതി	113803-38	2996690-91
2.	തൊഴിൽനികുതി	70467-00	169673-00
3.	വിനോദനികുതി	225715-38	878526-73
4.	അധികവിനോദ നികുതി	135964-82	533288-27
5.	കാഴ്ചനികുതി	2151-00	8716-00
6.	കാഴ്ച നികുതി മേൽ സർചാർജ്	538-50	2179-00
7.	മാർക്കറ്റ് ഫീസ്	43600-00	120943-00
8.	ലൈസൻസ് ഫീസ്	15093-00	57167-25
9.	സ്റ്റാമ്പ് ഡ്യൂട്ടി	156406-25	114576-00
10.	പലവക വരമ്പ്	269506-86	704837-81
11.	ഡിപ്പോസിറ്റ്	7767-25	84146-00
12.	ഗവ.ഗ്രാൻറ്	154571-00	573343-00
	ആകെ	1195585-03	3544686-90

ചെലവ് 10 വർഷതാരതമ്യം

	ഇനം	1985-86	1995-96
1	എസ്റ്റാബ്ലിഷ്മെൻറ് ചെലവ്	285220-15	929940-00
2	പൊതുമരാമത്തു പണികൾ	320422-00	1161831-00

	ഇനം	1985-86	1995-96
3	വിദ്യാഭ്യാസം	3791-00	147331-00
4	വാട്ടർ സപ്ലൈ, ഡ്രെയ്നേജ്		
	പബ്ലിക് ഹെൽത്ത്	58682-00	216361-00
5	തെരുവു വിളക്കുകൾ	151385-00	246279-00
6	പലവക	171390-60	669417-00
	ആകെ	990890-75	3371159-00

കെട്ടിടനികുതി

1972- മുതൽ പഞ്ചായത്ത് കെട്ടിട നികുതി പിരിക്കുന്നത് ശാസ്ത്രീയമായ രീതിയിലാണ്. കെട്ടിടത്തിന്റെ വിസ്തീർണത്തിനും ആഢംബരത്വത്തിനും വിലകൂടിയ സാമഗ്രികൾ ഉപയോഗിക്കുന്നതിനും ഒക്കെ പരിഗണന കൊടുത്തുകൊണ്ടാണ്. ഗവ. നിർദ്ദേശത്തിന്റെ മൂന്നിലൊന്നു മാത്രമേ ഇന്ന് ഇവിടെ നികുതിയിനത്തിൽ ഈടാക്കുന്നുള്ളൂ. നടപ്പു വർഷം 296690.84 രൂപയാണ് കെട്ടിട നികുതിയിനത്തിൽ വരവ്. ഇത് മൊത്തവരുമാനത്തിന്റെ 8.37 ശതമാനം ആണ്. നികുതി നിർദ്ദേശം ഒരിക്കലും ഒരു വ്യക്തിക്ക് ഒരു ബാധ്യതയായി തീരരുത്. എങ്കിലും ആഡംബരത്വത്തിന് ഗവ. നിർദ്ദേശിക്കുന്ന രീതിയിൽ നികുതി ചുമത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം. ഈ രീതി ജനങ്ങളെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തേണ്ട ബാദ്ധ്യത പഞ്ചായത്തിനുണ്ട്. അല്ലെങ്കിൽ നികുതി കൃത്യസമയത്തു തരാൻ വൈമനസ്യവും നികുതി കൂടി പോയെന്ന ആശങ്കയും ഉണ്ടാകാം. ഗ്രാമസഭകൾ ഇതിന് ഫലപ്രദമായി ഉപയോഗിക്കാം.

തൊഴിൽ നികുതി

തൊഴിലെടുക്കുന്നവരെ എല്ലാം ഈ നികുതിയുടെ പരിധിയിൽ കൊണ്ടുവരാം. ഇന്ന് ഗവ. ജീവനക്കാർക്കും അർദ്ധസർക്കാർ ദീവനക്കാർക്കും പ്രധാനപ്പെട്ട കൃഷിക്കാർക്കും മാത്രമെ നികുതിയുള്ളൂ. തൊഴിലാളിവർഗം ഒന്നടങ്കം ഇതിൽ പങ്കാളി ആയാൽ അവർക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പോലുള്ള സ്കീമിലൂടെ ജീവിത ഭദ്രത ഉറപ്പു വരുത്താനും അവസരം നൽകാം.

വിനോദ നികുതികൾ

പഞ്ചായത്തിൽ മൂന്നു സിനിമാ തിയറ്റർ ഉണ്ട്. ഇവിടെ വരുമാനത്തിൽ ഭൂരിഭാഗവും സിനിമാ തീയറ്ററുകളിൽ നിന്നാണ് ലഭിക്കുന്നത്. മൊത്ത വരുമാനത്തിന്റെ 40 ശതമാനമുണ്ടിത്. പഞ്ചായത്തിൽ ഒരു സ്റ്റേഡിയം നിർമ്മിച്ച് വിവിധ പരിപാടികൾ നിശ്ചിത ഫീസ് ചുമത്തി ഇവിടെ നടത്തിയാൽ ഈ ഇനത്തിൽ വരുമാനം ഇനിയും വർദ്ധിക്കും.

മറ്റു വരുമാനങ്ങൾ

മാർക്കറ്റ് ഫീസ്, ലൈസൻസ് ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടിയുടെ വിഹിതം എന്നിവയൊക്കെയാണ് മറ്റു വരുമാന മാർഗങ്ങൾ. മറ്റൊരിനമാണ് ഗവ. നൽകുന്ന ഗ്രാൻറ്. 95-96 വർഷം 573343/- രൂപയാണ് ഗ്രാൻറി നത്തിൽ കിട്ടിയത്. ഇത് വരുമാനത്തിന്റെ 16 ശതമാനം മാത്രമാണ്. ഇത് വർദ്ധിപ്പിക്കേണ്ടതാണ്.

ചെലവുകൾ

ഭരണച്ചെലവിനായി വരുമാനത്തിൽ 26 ശതമാനം ചെലവാക്കുന്നു. പൊതുമരാമത്തു പണികൾക്കായി 1161831 രൂപ ചെലവാക്കിയിട്ടുണ്ട്. (പട്ടിക 1-B) ഇത് 33 ശതമാനം വരും. തെരുവു വിളക്കുകൾ കത്തക്കാൻ 7 ശതമാനം തുക ചെലവഴിക്കുന്നു. വാട്ടർ സപ്ലൈ, പബ്ലിക് ഹെൽത്ത് എന്നിവയ്ക്കെല്ലാം കൂടി 6 ശതമാനമെ ചെലവഴിക്കുന്നുള്ളൂ. ഇതിന്റെ കുറവ് ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നുണ്ട്. കുടിവെള്ളം പഞ്ചായത്തിലേക്ക് ആവശ്യത്തിന് കിട്ടുന്നില്ലെന്നു പരാതി എവിടെയും ഉണ്ട്. വെള്ളം പാഴാകാതെ ഉപയോഗിച്ചാൽ ഇപ്പോൾ നടത്തുന്ന വിതരണം ആവശ്യത്തിനുണ്ട്. കൃഷി ആവശ്യത്തിനും ആടുമാടുകളെ കുളിപ്പിക്കുന്നതിനും എല്ലാം വ്യാപകമായി കുടിവെള്ളം ഉപയോഗിക്കുന്നു എന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഹൗസ് കണക്ഷൻ ലഭിച്ചവരാണം ഇതധികവും ചെയ്യുന്നത്. അതിന് ഒരു നിശ്ചിത അളവ് എല്ലാവർക്കും ഫ്രീ ആയിക്കൊടുക്കുകയും അതിനപ്പുറം വന്നാൽ കണക്ഷൻ ഒരു നിശ്ചിത ദിവസത്തേക്ക് നിറുത്തിവെയ്ക്കുകയും വേണം. വലിയ ടാങ്ക് കെട്ടി വെള്ളം സംഭരിക്കുന്നവർക്ക് നല്ലൊരു തുക നികുതിയായി വസൂലാക്കാം. ഇത് വരുമാനം വർദ്ധിപ്പിക്കും എന്നു മാത്രമല്ല വെള്ളം ലഭിച്ചില്ലെന്ന പരാതി ഒഴിവാക്കുകയും ചെയ്യും. വിദ്യാഭ്യാസത്തിനായി 1473331 രൂപ ചെലവാക്കിയിട്ടുണ്ട്. അനൗപചാരിക വിദ്യാഭ്യാസത്തിനാണ് ഭൂരിഭാഗവും ഇതിൽ വിനിയോഗിച്ചത്.

ആവശ്യങ്ങൾ

1. പഞ്ചായത്തിന് എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു നല്ല ഓഫീസ് കെട്ടിടം കോൺ

ഫ്രൻസ് ഹാൾ ഉൾപ്പെടെ ആവശ്യമാണ്. ഇപ്പോഴത്തെ കല്യാണമണ്ഡപം ഇരിക്കുന്ന സ്ഥലവും അതിനു പിന്നിലുള്ള സ്ഥലവും ഇതിന് ഉപയോഗിക്കാം. ബഹുനില കെട്ടിടം ആക്കി പണിതാൽ ഷോപ്പിംഗ് കോംപ്ലക്സ്, ഓഫീസ്, കോൺഫ്രൻസ് ഹാൾ എന്നിവയ്ക്കെല്ലാം സൗകര്യമുണ്ട്.

2. ടൗണിലെ മാലിന്യം നീക്കം ചെയ്യുന്നതിന് ഒരു ട്രാക്റ്റർ, ടെയ്ലർ ഉൾപ്പെടെ വാങ്ങുക.
3. ആമ്പുലൻസ് സ്വന്തമായി വാങ്ങുക.
4. വെള്ളവും വെളിച്ചവും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക.
5. വർദ്ധിച്ചുവരുന്ന വികസന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് നിലവിലുള്ള ഓവർസിയർ തസ്തികയ്ക്കു പുറമെ പുതുതായി ഒരു അസി. എഞ്ചിനീയർ തസ്തിക സൃഷ്ടിക്കുക.
6. കൂടുതൽ വകുപ്പുകൾ പഞ്ചായത്തിലേക്ക് കൈമാറിയതുകൊണ്ട് നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുതുക്കി കൂടുതൽ സ്റ്റാഫിനെ നിയമിക്കുക.

അധിക വിഭവസമാഹരണം - സാധ്യത

പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ ലോൺ ആയി തുക അനുവദിക്കുക. ഇതിന് ഗവ. ജാമ്യം കൊടുക്കേണ്ടതാണ്.

ധനകാര്യ സ്ഥാപനങ്ങൾ

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ - ട്രാവൻകൂർ ലിമിറ്റഡ്
2. ധനലക്ഷ്മി ബാങ്ക്
3. ലോഡ് കൃഷ്ണ ബാങ്ക്
4. പാലക്കാട് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റിവ് ബാങ്ക്
5. സർവീസ് ബാങ്ക്
6. ഫിനാൻഷ്യൽ എൻറർപ്രൈസസ്

(2) ഇന്ദിരാവികാസ് പത്രം പഞ്ചായത്തിൽ വ്യാപകമായി എടുപ്പിക്കുക. ഇതിലൂടെ 50 ലക്ഷം രൂപ സമാഹരിക്കാം എന്ന ലക്ഷ്യം ഇട്ട് പ്രവർത്തനം തുടങ്ങുക. സാദ്ധ്യതയുള്ള മേഖലകൾ.

a. പഞ്ചായത്തിലെ സ്കൂളുകൾ
b. എല്ലാ ഗവ. ഓഫീസുകൾ
c. തപാലാഫീസ്
d. പഞ്ചായത്ത് ഓപീസ്
e. സഹകരണ ബാങ്കുകൾ
f. സഹകരണ സംഘങ്ങൾ

(3) മനുഷ്യശേഷി ശ്രമദാനമായി ഉപയോഗിക്കാം. 1500 മനുഷ്യശേഷി ഒരു വർഷം ശ്രമദാനമായി വാങ്ങി ഒന്നര ലക്ഷം രൂപ ഈ ഇനത്തിൽ സ്വരൂപിക്കാം.

(4) വിദേശമലയാളികളുടെ പങ്കാളിത്തം എൻ.ആർ.ഐ. അക്കൗണ്ടുകൾ ഉപയോഗിച്ച് പഞ്ചായത്തടിസ്ഥനത്തിൽ പ്രവർത്തിക്കുന്ന ഒരു ധനകാര്യ സ്ഥാപനത്തിന് രൂപം നൽകുകയും വികസന രംഗത്ത് മുതൽ മുടക്കുന്ന പണത്തിനു ഗവ. ഗ്യാരണ്ടികൊടുക്കുകയും ചെയ്യുക.

(5) ഒരു ദിവസത്തെ വരുമാനം എല്ലാവരിലും നിന്നു സ്വീകരിച്ച് ഒരു വികസന ഫണ്ട് രൂപീകരിക്കുക.

(6) പോസ്റ്റോഫീസ് റിക്കറിംഗ് ഡിപ്പോസിറ്റ് സ്കീമിൽ പഞ്ചായത്തിലെ എല്ലാവരേയും ചേർത്ത് വടക്കഞ്ചേരി ബചത് പഞ്ചായത്താക്കുക.

മറ്റെന്തിനേക്കാളും മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്കു നൽകാൻ എല്ലാ ഗ്രാമസഭകളും തയ്യാറായി. ഇത് ജാതിമതാദി സങ്കുചിത ചിന്തകളെ മനുഷ്യമനസിൽ നിന്നകറ്റാൻ പ്രാപ്തവുമാണ്. കഴിയുന്നിടത്തോളം സമ്പാദിച്ച് നല്ലൊരു നാളെയെ സൃഷ്ടിക്കാൻ നമുക്ക് കൂട്ടായി യത്നിക്കാം.

Sl. No.	ധനകാര്യ സ്ഥാപനങ്ങൾ	ജീവനക്കാരുടെ എണ്ണം		
		1986	1991	1996
1	സർവീസ് കോ-ഓപ്പറേറ്റിവ് ബാങ്ക്	9	11	10
2	സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ	15	23	24
3	പാലക്കാട് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റിവ് ബാങ്ക്	5	6	6
4	ലോർഡ് കൃഷ്ണാ ബാങ്ക്	7	8	8
5	ധനലക്ഷ്മി ബാങ്ക്	13	12	9
6	കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസ്	-	2	7

വികസനരേഖകൾക്ക് രൂപം കൊടുത്ത കോർ ഗ്രൂപ്പുകൾ

I കൃഷി - ജലസേചനം

1. ആർ. സുദർശനൻ
2. കെ.ജി. തോമസ്
3. കെ.വി. വേലായുധൻ
4. സി. പൊന്നുമണി

II മൃഗസംരക്ഷണം - മത്സ്യവിഭവം

1. ഡോ. വസന്തൻ
2. സെയ്ത് മുഹമ്മദ്, കൊളക്കോട്
3. വിജയ് എൻ. മേനോൻ
4. രാമനാഥൻ വി.

III വ്യവസായം

1. കെ. കൃഷ്ണമൂർത്തി
2. എ. ശ്രീധരൻ
3. പി.എ. സെബി
4. അഡ്വ. കെ. നന്ദകുമാർ

IV ഗതാഗതം ഊർജ്ജം

1. സി. കെ. രാമകൃഷ്ണൻ
2. കെ. കുമാരൻ
3. സി.എസ്. രഘുനാഥ്
4. വി.ഇ. മൊയ്തു

V ഭവനനിർമ്മാണം

1. എ.എം. വേണു
2. പി.കെ. കൃഷ്ണൻ
3. കെ.എം. തോമസ്
4. വി.എ. മൊയ്തീൻ

VI വിദ്യാഭ്യാസം

1. പി.എം. ജയിംസ്
2. എ. ബാലൻ മാസ്റ്റർ
3. കെ.കെ. നരേന്ദ്രൻ നായർ
4. ഉണ്ണികൃഷ്ണൻ മാസ്റ്റർ

VII സംസ്കാരം - കലാകായിക രംഗം

1. കെ. കൊച്ചുഗോവിന്ദൻ മാസ്റ്റർ
2. സി. പ്രഭാകരൻ
3. കെ. ദീപ
4. കെ. ശിവദാസ്

VIII ആരോഗ്യം, കുടിവെള്ളം, ശുചിത്വം

1. എ. സത്യനാഥൻ
2. പി. മുരളീധരൻ
3. എം. സുകുമാരൻ
4. പി. ഗംഗാധരൻ

IX വനിതാക്ഷേമം

1. സരോജാ ബാലൻ
2. കെ.ഷീബ
3. കെ.ആർ. കമലാക്ഷി
4. ലളിതാ രാമകൃഷ്ണൻ

X പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

1. ചന്ദ്രൻ പാഞ്ഞാംപറമ്പ്
2. എം. വെള്ള
3. പത്മാവതി
4. കെ. പ്രഭാകരൻ

XI സഹകരണ മേഖല

1. പി. അപ്പു
2. വിപിൻ കെ.
3. പി. പ്രസാദ്
4. സി. കൃഷ്ണൻ


XII വിഭവസമാഹരണം

1. കെ. പീതാംബരൻ
2. ടി. കണ്ണൻ
3. വി.എം. സുലൈമാൻ
4. സി.കെ. വേലപ്പൻ മാസ്റ്റർ

XIII ഗ്രാമപഞ്ചായത്തിന്റെ പോയകാല ചരിത്രം

1. വി.പി. രാഘവവർമ്മ
2. വി. പ്രഭാകരൻ
3. കെ. മാധവൻ
4. വി.കെ. കൃഷ്ണൻ
5. ബി. പത്മദാസ്

കൺവീനർ & കോ-ഓർഡിനേറ്റർ
എം.വി. അപ്പുണ്ണി നായർ



കേരളസർക്കാരിനെപ്പറ്റി കേരളപത്രങ്ങൾ

അഴിമതിയില്ലാത്ത, സ്വജനപക്ഷപാതമില്ലാത്ത, അധികാര ദുർവിനിയോഗമില്ലാത്ത സദ്ഭരണം വാഗ്ദാനം ചെയ്തുകൊണ്ടാണ് എൽ.ഡി.എഫ്. അധികാരത്തിലേറുന്നത്. വിമർശിച്ചും സഹകരിച്ചും, സഹായിച്ചും ഭരണകൂടത്തെ നേർവഴിക്ക് നീക്കാൻ പ്രതിപക്ഷത്തിന് ബാദ്ധ്യതയുണ്ട്. പുതിയ ഗവൺമെൻറിനും പ്രതിപക്ഷത്തിനും ഞങ്ങൾ വിജയവും നന്മയും നേരുന്നു.

(മാതൃഭൂമി, മേയ് 10, 1996)

അഴിമതിയും അതിനേക്കാൾ അസഹ്യമായ ധാർഷ്ട്യവും കൊണ്ട് ഭരണമുന്നണിയിലെ കക്ഷികൾ ഭരണം അവരെ ഏല്പിക്കാൻ പാടില്ലാത്ത പൂമാലയാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയാണ് ചെയ്തത്.

(കേരള കൗമുദി, 1996 മേയ് 10)

ഭൂരിപക്ഷ ജനഹിതത്തിൻെറ അടിസ്ഥാനത്തിൽ നിലവിൽ വരുന്ന ഭരണകൂടം സംസ്ഥാനത്തിന് പുരോഗതിയും സമാധാനവും നൽകത്തക്കവിധം ലക്ഷ്യബോധത്തോടെ പ്രവർത്തിക്കും എന്ന് പ്രതീക്ഷിക്കാം. നിയമസഭയുടെ അന്തസ്സും അധികാരവും ഉയർത്തിക്കൊണ്ട് ഘടകകക്ഷികളെ കർമ്മനിരതരാക്കിയും പ്രതിപക്ഷങ്ങളുടെ സഹകരണം തേടിയും ഭരണം നടത്താൻ പുതിയ ഗവൺമെൻറിന് കഴിയട്ടെ എന്ന് ഞങ്ങൾ ആശംസിക്കുന്നു.

(മലയാള മനോരമ, 1996 മേയ് 10)

വികസനത്തിനും സർവ്വോപരി സമൂഹത്തിൻെറ അടിത്തട്ടിലുള്ളവരുടെ ഉന്നമനത്തിനുമായി തൊട്ടുകാണിക്കാവുന്ന ചിലത് സത്വരമായി ചെയ്യാൻ ഭരണമുന്നണിക്ക് സാധിക്കാത്തപക്ഷം, ഒരു ചുറ്റുകോണി പോലെ ചരിത്രം ഇവിടെ വീണ്ടും ആവർത്തിക്കും. കാരണം ഇത് കേരളമാണ്.

(മാധ്യമം, 1996 മേയ് 10)

പുതിയ ഭരണാധികാരികൾ മുൻഗാമികളുടെ തെറ്റുകളുടെ ചക്രച്ചാലിലൂടെ നടക്കുന്നവരാകരുത്. അപൂർണ്ണതയിൽ നിന്നും പൂർണ്ണതയിലേക്ക് നടക്കാൻ ദാഹിക്കുന്നവരായിരിക്കണം. ജനങ്ങൾക്ക് വേണ്ടി, ജനകീയ പ്രശ്നങ്ങളിൽ അവർ നടത്താൻ പോകുന്ന പോരാട്ടങ്ങൾക്ക് ഞങ്ങൾ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

(എക്സ്പ്രസ്സ്, 1996 മേയ് 10)

സംസ്ഥാനത്ത് അടിസ്ഥാനമേഖലയിൽ ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടക്കേണ്ടതായുണ്ട്. വൈദ്യുതിയാണ് ഏറ്റവും വലിയ പ്രശ്നം. ഗതാഗത സൗകര്യം വർദ്ധിപ്പിക്കൽ, ശുദ്ധജലക്ഷാമം പരിഹരിക്കൽ, വ്യവസായ വികസനം, വിലക്കയറ്റം എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

(സതേൺ സ്റ്റാർ, 1996 മേയ് 14)


വൈദ്യുതി ഉല്പാദനം, വ്യവസായ വികസനം, കുടിവെള്ള വിതരണം, കൃഷിയുടെയും കർഷകൻെറയും സംരക്ഷണം, അഴിമതി നിവാരണം, പൊതുസമാധാന പാലനം, ദുർബ്ബലജന വിഭാഗങ്ങളുടെ ക്ഷേമം എന്നിങ്ങനെ ഗർൺമെൻറിൻെറ സത്വരശ്രദ്ധ പതിയേണ്ടവയും സമയബദ്ധ പരിപാടികളിലൂടെ കൈകാര്യം ചെയ്യേണ്ടവയുമായ കർമ്മമണ്ഡലങ്ങൾ ഒട്ടേറെയുണ്ട്. സമയം കളയാതെ അവയിലേക്ക് പ്രവേശിക്കാൻ പരിചയസമ്പന്നനും പാവങ്ങളുടെ ദുഃഖങ്ങൾ അറിയുന്നവനുമായ നായനാർക്കും സഹപ്രവർത്തകർക്കും കഴിയണം. അവർക്ക് ഞങ്ങളുടെ വിജയാശംസകൾ.

(മാതൃഭൂമി, 1996 മേയ് 18)

ഭരണഭാരം ജനങ്ങളുടെ നടുവൊടിക്കുന്ന അവസ്ഥയിൽ നിന്നു കേരളത്തിനൊരു മോചനം കിട്ടാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണം വഴിതുറക്കണം.

(എക്സ്പ്രസ്സ്, 1996 മേയ് 18)

പ്രധാനമന്ത്രിയെപ്പറ്റി പോലും അഴിമതി ആരോപണങ്ങൾ ഉണ്ടാകുന്ന രാജ്യത്ത്, കേരളത്തിലെ പുതിയ മുഖ്യമന്ത്രിയെപ്പറ്റി അത്തരം ആരോപണങ്ങൾ ഒരിക്കലും ഉണ്ടാവുകയില്ലെന്ന് അദ്ദേഹത്തിൻെറ ശത്രുക്കൾ പോലും സമ്മതിക്കും. ഭരണത്തിൽ അടിഞ്ഞു



കൂടിയിട്ടുള്ള അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ അദ്ദേഹം ശ്രമിക്കുമെന്ന് വിശ്വസിക്കാവുന്നതാണ്.

(കേരള കൗമുദി, 1996 മേയ് 19)

പാഴ്ചെലവും ധൂർത്തും ഫലപ്രദമായി നിയന്ത്രിക്കണമെങ്കിൽ ഭരണ-രാഷ്ട്രീയ രംഗങ്ങളുടെ ശുദ്ധീകരണം കൂടി നടക്കണം. അഴിമതിയും സ്വജനപക്ഷപാതവും മലീമസമാക്കിയ മണ്ഡലങ്ങളെ അവയിൽ നിന്ന് മോചിപ്പിച്ചെടുക്കുക അത്ര എളുപ്പമല്ല. അത് നിറവേറ്റാൻ കഴിഞ്ഞാൽ ഈ സർക്കാർ ജനങ്ങൾക്കും ജനാധിപത്യവ്യവസ്ഥയ്ക്കും ചെയ്യുന്ന മഹത്തായ വേസനമായിരിക്കും.

(ദീപിക, 1996 മേയ് 19)

പിന്നോക്ക സമുദായക്കാർ, ദളിതർ, തീരദേശത്തെ ദരിദ്ര വിഭാഗങ്ങൾ മുതലായവർക്ക് പ്രത്യേക പരിഗണന നൽകി അവരെ അഭിവൃദ്ധിയിലേക്കു നയിക്കുന്നതിനുള്ള പദ്ധതികൾ മുൻഗണന നൽകി നടപ്പാക്കണം. പ്രതിപക്ഷവുമായി ഇണങ്ങിയും ഭിന്നാഭിപ്രായങ്ങളെ മാനിച്ചും ജനാധിപത്യത്തിന് തികച്ചും ഭൂഷണമായ പ്രവർത്തനശൈലി അംഗീകരിക്കണമെന്നതാണു സർവ്വപ്രധാനം. നല്ലത് ചെയ്യുന്നതിന് ഞങ്ങളുടെ പിന്തുണയുണ്ടാവും. തീർച്ച.

(കേരള ടൈംസ്, 1996 മേയ് 19)

പ്രതിപക്ഷ കക്ഷികൾ ഗവൺമെൻറിൻെറ നല്ല പ്രവർത്തനങ്ങൾക്ക് പിന്തുണ നല്കുമെന്ന് ഇതിനകം അറിയിച്ചിട്ടുണ്ട്. കേരളത്തിലെ പുതിയ മന്ത്രിസഭയ്ക്ക് എല്ലാ വിഭാഗം ജനങ്ങളെയും ഒത്തൊരുമിച്ചു കൊണ്ടു പോവാൻ കഴിയുമെന്ന് പ്രത്യാശിക്കട്ടെ.

(ചന്ദ്രിക, 1996 മേയ് 19)

വില നിയന്ത്രണം, ദുർബ്ബല ജനവിഭാഗങ്ങളുടെ സംരക്ഷണം ഇതെല്ലാം സർക്കാരിൻെറ സാമ്പത്തിക ഭദ്രതയെ ആശ്രയിച്ചിരിക്കുന്നു. പുതിയ സർക്കാർ പിറന്ന് വീഴുന്നത് പൂമെത്തയിലേക്കൊന്നുമല്ല. റവന്യൂചെലവ് കുറച്ചും കടബാദ്ധ്യ പരിമിതപ്പെടുത്തിയും നികുതി നിരക്കുകൾ ദുർവഹമാക്കാതെ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തിയും സംസ്ഥാനത്തിൻെറ സാമ്പത്തികാരോഗ്യം വർദ്ധിപ്പിക്കാൻ പുതിയ മന്ത്രിസഭ ജാഗ്രതയോടെ പ്രവർത്തിക്കണം.

(മലയാള മനോരമ, 1996 മേയ് 20)

മുതലാളിത്ത സംസ്കാരത്തിൻെറ അതിപ്രസരം നമ്മുടെ ജനകീയ സർക്കാരുകളെയും അവയുടെ പ്രതിനിധികളെയും വല്ലാതെ കീഴ്പ്പെടുത്തിയിരിക്കുന്നു. ഈ അവസ്ഥയ്ക്ക് ഒരു മാറ്റ് അത്യാവശ്യമാണ്. വോട്ട് ചെയ്ത് തങ്ങളെ അധികാരത്തിലെത്തിച്ച പാവപ്പെട്ട വോട്ടർമാരുടേതായിരിക്കണം ഒരു ജനാധിപത്യ ഭരണാധികാരിയുടെ മനസ്സിൽ സദാ തങ്ങിനിൽക്കുന്ന ചിത്രം.

(മാധ്യമം, 1996 മേയ് 20)

വൈദ്യുതിരംഗത്ത് കേരളം നേരിടുന്ന പ്രതിസന്ധി വളരെ വലുതാണ്. അഞ്ചുവർഷം കൊണ്ട് വിദ്യുച്ഛക്തിക്ക് ഇന്നുള്ള ദൌർലഭ്യംപൂർണ്ണമായും ഒഴിവാക്കാൻ കഴിയുംവിധം വൈദ്യുതോല്പാദന രംഗത്ത് കുതിച്ചുചാട്ടം നടത്താൻ ഇപ്പോൾ തന്നെ ആസൂത്രിത പദ്ധതി നടപ്പാക്കണം. കേരളത്തിൻെറ സമഗ്രവികസനം ലക്ഷ്യമാക്കി കാര്യക്ഷമമായി പ്രവർത്തിക്കുന്ന പുതിയൊരു ഗവൺമെൻറിനെയാണ് ജനങ്ങൾ കാത്തിരിക്കുന്നത്.

(മംഗളം, 1996 മേയ് 20)


ഭരണത്തിൽ അഴിമതിയെക്കാൾ ഹീനമാണ് കാലതാമസം. അതിനൊരു പരിഹാരമുണ്ടാക്കാൻ ഒരു ഗവർമ്മെണ്ടിൻെറ കാലത്തും ശാസ്ത്രീയമായ സമീപനം ഉണ്ടായിട്ടില്ല. പുതിയ മന്ത്രിസഭയുടെ ചക്രങ്ങൾ പഴയ ചാലുകളിലേക്ക് വീഴാതെ സൂക്ഷിക്കുകയും പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് എല്ലാറ്റിനും ഉപരിയായ മുൻഗണന നൽകുകയും വേണം. അതിശക്തമായ ബലപരീക്ഷണത്തിലൂടെ അധികാരം പിടിച്ചെടുത്ത ഇടതുമുന്നണി, ഭരണത്തിലും ആ കരുത്തും ഊർജ്ജസ്വലതയും കാണിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

(കേരളകൌമുദി, 1996 മേയ് 21)

സ്ഥാനമേറ്റ മന്ത്രിസഭയുടെ ആദ്യനടപടി റേഷൻ വില കുറയ്ക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ മന്ത്രിസഭയുടെ ഒരു ഉപസമിതിയെ നിയോഗിച്ചതാണ്. കേരളത്തിലെ ഏറ്റവും താഴെക്കിടയിലുള്ള ജനവിഭാഗത്തെ നേരിട്ട് ബാധിക്കുന്ന ഒന്നാണ് റേഷൻ സാധനങ്ങളുടെ വില. ജീവിതത്തിൻെറ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാനാവശ്യങ്ങളെങ്കിലും എല്ലാവർക്കും ലഭ്യമാക്കാൻ കഴിയുന്നില്ലെങ്കിൽ ജനാധിപത്യം തന്നെ അർത്ഥശൂന്യമാകുമെന്ന കാര്യത്തിൽ സംശയമില്ല.

(മാതൃഭൂമി, 1996 മെയ് 22)

വിമാനത്തിലും ഹെലികോപ്ടറിലും കാറിലുമായി സമയം ചെലവഴിക്കുന്ന മന്ത്രിമാരെയല്ല സംസ്ഥാനത്തിനാവശ്യം. സെക്രട്ടറിയേറ്റിൽ ഫയൽ കെട്ടിക്കിടക്കാൻ അനുവദിക്കാത്തവരും, സംസ്ഥാനത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പറ്റി കൂട്ടായ ചർച്ച നടത്തി നൂതനമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെ




ത്തുന്നവരെയുമാണാവശ്യം. സംസ്ഥാനത്തിന് വേണ്ട തൊന്നും സമയത്തുംകാലത്തും ചെയ്യാതിരിക്കുകയും പണം ചെലവഴിക്കുകയും ചെയ്യുന്ന രീതി ഈ ഗവർമ്മെണ്ടിന്റെ കാലത്ത് ഉണ്ടാവുകയില്ലെന്ന് വിശ്വസിക്കുന്നു.


(കേരള കൌമുദി, 1996 മെയ് 23)

നിരവധി ദുരവസ്ഥകൾക്കിടയിലാണ് നായനാർ മന്ത്രിസഭ അധികാരമേൽക്കുന്നത്. ജനങ്ങളിൽ ഈ അസുലഭ സന്ദർഭം നിരവധി പ്രതീക്ഷകൾ ഉയർത്തുകയാണ്. ബഹുജനസഹകരണത്തോടെ ആ പ്രതീക്ഷകൾ പൂവണിയിക്കാൻ കഴിയും.

(ദേശാഭിമാനി, 1996 മെയ് 20)



കുറിപ്പുകൾ




കുറിപ്പുകൾ


കുറിപ്പുകൾ



കുറിപ്പുകൾ



കുറിപ്പുകൾ



ഒഴിവുകഴിവുകളിൽ എനിക്ക് താല്പര്യമില്ല. കാര്യങ്ങൾ
ചെയ്തുകാണുന്നതാണ് എനിക്കിഷ്ടം



അധികാരം ജനങ്ങളിലേക്ക്

Ebenezer, Thrissur - 12. Ph: 361892, 36099